ഞാനറിയുന്ന നേതാക്കൾ

ഇ.അഹമ്മദ്

1 ഖാഇദേ മില്ലത്ത്

സംസ്ഥാന പുനർവിഭജനത്തിന് മുമ്പ് കണ്ണൂർ പട്ടണത്തിൽ നടന്ന കണ്ണൂർ താലൂക്ക് മുസ്‌ലിംലീഗ് സമ്മേളനം ഗംഭീരമായിരുന്നു. ഈ സമ്മേളനത്തിനു തൊട്ടുമുമ്പ് പാലക്കാട്ടു വച്ച ചേർന്ന മുസ്‌ലിംലീഗ് സമ്മേളനത്തിൽ പാർട്ടിയുടെ ലോക്സഭാ മെംബർ ബി. പോക്കർസാഹിബ് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ നയങ്ങളെ എതിർത്തത് പത്രങ്ങൾ വൻവിവാദമാക്കിയിരുന്നു. ഈ വാദകോലാഹങ്ങൾ മറ്റു രാഷ്ട്രീയ കക്ഷികളെ ഏറെ സ്വാധീനിച്ചിരുന്നുവെന്ന് കണ്ണൂർ സമ്മേളനത്തോടുള്ള അവരുടെ നിലപാടുകളിൽ നിന്നു വ്യക്തമായിരുന്നു.

സമ്മേളനത്തിൽ പങ്കെടുക്കുവാൻ അന്ന് എത്തേണ്ടിയിരുന്ന ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് പ്രസിഡന്റ് ഖാഇദേമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ ആഗമനം ദേശീയ പത്രപ്രതിനിധികളെ യടക്കം താൽപര്യപൂർവ്വം വീക്ഷിച്ച ഒരു സന്ദർഭമായിരുന്നുഅത്. ഇസ്മായിൽ സാഹിബിനും മറ്റ് നേതാക്കൻമാർക്കും ഉച്ചഭക്ഷണം ഏർപ്പാട് ചെയ്തിരുന്നത് കണ്ണൂർ പയ്യാമ്പലത്തുള്ള മർഹൂം പി.എം. മൂസക്കോയമ്മതങ്ങളുടെ വസതിയിൽ ആയിരുന്നു. മൂസക്കോയമ്മതങ്ങളുടെ അന്നത്തെ സന്തത സഹചാരിമാരിലൊരാളായിരുന്ന ഞാൻ റാഹത്ത് മഹലിൽ നേരത്തെത്തന്നെ എത്തിച്ചേർന്നു. പത്ര പ്രതിനിധികൾക്ക് ഇസ്മാഈൽ സാഹിബിനെ കാണാനുള്ള സൗകര്യമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതിനാൽ ആ കാര്യം എന്നെയാണ് ഏൽപ്പിച്ചിരുന്നത്. മദ്രാസിൽ നിന്നും മംഗലാപുരം മെയിലിൽ എത്തേണ്ടിയിരുന്ന നേതാക്കൻമാർ തീവണ്ടി വൈകിയതുകൊണ്ട് ഉച്ചതിരിഞ്ഞ് മൂന്ന് മണിക്കാണ് കണ്ണൂരിൽ എത്തിച്ചേർന്നത്. രണ്ടു മണിക്കൂർ വൈകി.

നേതാക്കൾ എത്തുന്നത്വരെ ഉച്ചഭക്ഷണത്തിന് ക്ഷണിക്കപ്പെട്ട മറ്റ് അതിഥികളുടെ കൂടെ കാത്തിരുന്നു. ഇസ്മാഈൽ സാഹിബുമായി അടുത്തിടപഴകാൻ എനിക്ക് കിട്ടിയ ആദ്യ അവസരമായിരുന്നു അത്. അദ്ദേഹത്തോട് ഞാൻ പറഞ്ഞു: "സാർ ലെഞ്ച്റെഡി", അദ്ദേഹം മറുപടി പറഞ്ഞതിങ്ങനെയായിരുന്നു, "ഐ ആം നോട്ട് റെഡി നൗ", "ഞാനിപ്പോ ഒരുക്കമല്ല, എനിക്ക് നമസ്ക്കരിക്കണം". ഇസ്മാഈൽ സാഹിബിന് നമസ്ക്കരിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. മറ്റുള്ളവർ ആരും ഭക്ഷണം കഴിച്ചില്ലെന്നും എല്ലാവരും താങ്കളെ കാത്തിരിക്കുകയാണെന്നും പറയണമെന്ന് തോന്നി. പക്ഷേ ഞാനത് പറഞ്ഞില്ല. അപ്പോൾ മൂസക്കോയമ്മതങ്ങൾ ഫലിതരൂപത്തിൽ എന്നോട് ചോദിച്ചു. "എന്താ മൂപ്പർക്ക് വിശപ്പൊന്നും ഉണ്ടാവില്ലേ?". അപ്പോൾ കണ്ണൂർ താലൂക്ക് മുസലിംലീഗ് സെക്രട്ടറിയും സമ്മേളനത്തിന്റെ പ്രധാന സംഘാടകനുമായ ഒ.കെ മുഹമ്മദ്കുഞ്ഞിസാഹിബ് തന്റെ സ്വതസിദ്ധമായ ഫലിതത്തിലൂടെ പറഞ്ഞു: "ഇസ്മാഈൽ സാഹിബ് നിസ്ക്കരിച്ചു കഴിയുന്നതുവരെ അല്ലാഹുവിനെ ഓർത്ത് നമുക്ക് നോമ്പെടുക്കാം".

ഏതാണ്ട് പതിനഞ്ചു മിനിട്ടുകൊണ്ട് ഇസ്മാഈൽ സാഹിബ് നമസ്കാരം പൂർത്തിയാക്കി തീൻമേശക്കരികെ എത്തി. ഒരുപാട് വിഭവങ്ങളും കുറെ അഥിതികളെയും കണ്ട് അദ്ദേഹം തെല്ലൊന്ന് അമ്പരന്നു. ഇസ്മാഈൽ സാഹിബ് ചോദിച്ചു: "എന്തേ ഇവരൊന്നും നേരത്തെ ഭക്ഷണം കഴിച്ചില്ലേ?" അപ്പോൾ ഒ,കെ തമിഴിൽ അദ്ദേഹത്തോട് പറഞ്ഞു: "നേതാവ് കഴിച്ചുകഴിഞ്ഞല്ലേ അനുയായികൾക്ക് കഴിക്കാൻ ആവൂ". "അപ്പോൾ തീവണ്ടി ഇനിയും മണിക്കൂറുകൾ വൈകിയിരുന്നെങ്കിൽ എന്തായിരുന്നു" ഇസ്മായീൽ സാഹിബിന്റെ ചോദ്യം തുടർന്ന് വലിയ പൊട്ടിച്ചിരിയായിരുന്നു അവിടെ കേട്ടത്. ഇസ്മാഈൽ സാഹിബ് ആത്മഗതമെന്നോണം പറഞ്ഞു: "അതിഥികൾക്ക് ഭക്ഷണം കൊടുത്തില്ല എന്ന് ഞാൻ മനസ്സിലാക്കിയില്ല".

അന്നത്തെ ഹിന്ദു പത്രത്തിന്റെ കണ്ണൂർ തലശ്ശേരി ലേഖകനായിരുന്ന ശ്രീ എഴുത്തച്ഛൻ അടക്കമുള്ള പത്രപ്രതിനിധികൾ ഇസ്മാഈൽ സാഹിബിനോടൊപ്പം ഒരു മണിക്കൂറോളം സമയം ചെലവഴിച്ചു.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനോടുള്ള ആദരവ് നിലനിർത്തിക്കൊണ്ട് തന്നെ പോക്കർസാഹിബിന്റെ പാലക്കാട് പരാമർശത്തെക്കുറിച്ച് ഇസ്മാഈൽ സാഹിബ് പത്രക്കാരോട് പറഞ്ഞത് ഇപ്പോഴും ഓർമ്മയിൽ വരുന്നു.. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം മതം അവന്റെ ജീവിതത്തിലെ എല്ലാ കാര്യങ്ങളുമായും ബന്ധപ്പെട്ടതാണ്. സാമൂഹ്യവും സാസ്കാരികവും സാമ്പത്തികവും മതപരവുമായ എല്ലാം തന്നെ ഒരു മുസ്ലിമിനെ സംബന്ധിച്ചിടേത്തോളം സമ്മിശ്രമാണ്. ഒരു മുസ്ലിലിമിന്റെ രാഷ്ട്രീയമെന്നത് കക്ഷിരാഷ്ട്രീയ പ്രവർത്തനം എന്നതിനേക്കാളേറെ, രാഷ്ട്രീയ തത്വശാസ്ത്രം വീക്ഷണവും കാഴ്ചപ്പാടും ആണ്. ആ അർത്ഥത്തിൽ രാഷ്ട്രീയത്തെയും മതത്തെയും ഒരു മുസ്ലിമിന് വേർപ്പെടുത്താനാവില്ല. ഈ വീക്ഷണം വെച്ചുകൊണ്ടാണ് മതത്തെപ്പറ്റി പണ്ഡിറ്റ് നെഹ്റു പറഞ്ഞത് സ്വീകാര്യമല്ലെന്ന് പോക്കർ സാഹിബ് പറഞ്ഞത്. ഇസ്മാഈൽ സാഹിബിന്റെ വിശദീകരണം മനോഹരമായിരുന്നു. പക്ഷേ, എല്ലാ പത്രങ്ങളിലും അദ്ദേഹം വിശദീകരിച്ചതുപോലെ അത് വന്നില്ല. പകരം നെഹ്റുവിനെ വിമർശിച്ച പോക്കറുടെ പ്രസ്താവനയെ ഇസ്മാഈൽ അനുകൂലിക്കുന്നു എന്ന രൂപത്തിലായിരുന്നു പത്രവാർത്തകൾ പ്രത്യക്ഷപ്പട്ടത്.

പത്രപ്രതിനിധികൾ പോയപ്പോൾ ഒരു കാര്യം ഇസ്മാഈൽ സാഹിബ് അപ്പോൾത്തന്നെ പറഞ്ഞിരുന്നു. ''പത്രപ്രതിനിധികൾ അഭിമുഖം നടത്തിയത് ഒരു മണിക്കൂറാണ്. പത്രത്തിൽ വരുന്നത് വളരെക്കുറവായിരിക്കും. റിപ്പോർട്ടർമാർ ദീർഘമായി എഴുതി അയച്ചാലും പത്രാധിപന്മാർ അത് അപ്പടി കൊടുക്കുക

യില്ല”

ചിറക്കൽ താലൂക്ക് മുസ്‌ലിംലീഗിന്റെ മഹാസമ്മേളനത്തിൽ ഖാഇദേമില്ലത്ത് നടത്തിയ പ്രഖ്യാപനം 35 വർഷങ്ങൾക്ക് ശേഷം കേരളരാഷ്ട്രീയത്തിൽ എത്രമാത്രം സത്യസന്ധമായി പുലർന്നുവെന്ന് മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ അതേ വാക്കുകൾ തന്നെ ഞാനിവിടെ പകർത്തട്ടെ.

“മുസ്‌ലിംലീഗ് സംഘടനക്ക് ഓഫീസുകളോ കേന്ദ്രങ്ങളോ ഉണ്ടായിരിക്കണമെന്നില്ല. അതെ, മുസ്‌ലിംലീഗ് സൈൻ ബാർഡുകളിലോ ഓഫീസുകളുടെ ചുവരുകൾക്കുള്ളിലോ ഒതുങ്ങിനിൽക്കുന്ന ഒരു പ്രസ്ഥാനമല്ല. ഓരോ മുസ്‌ലിമിന്റെയും (സ്ത്രീയുടെയും പുരുഷന്റെയും) ഹൃദയത്തിന്റെ അടിത്തട്ടിൽ അടിയുറച്ച് നിൽക്കുന്ന സംഘടനയാണ് മുസ്‌ലിംലീഗ്. അവിടെ നിന്നും ലീഗിനെ പിഴുതെറിയാൻ ആർക്കും സാധ്യമല്ല”

ഖാഇദേമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് പുതിയ തലമുറയോടും വളരുന്ന തലമുറയോടും കാണിച്ച പ്രതിപത്തി വിസ്മരിച്ചുകൂടാ. അന്ന് സംസ്ഥാന മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷന്റെ ജനറൽ സെക്രട്ടറിയായിരുന്ന ഞാനും പ്രസിഡന്റ് അഡ്വ.എ.കെ. കുഞ്ഞിമായനും തിരുവനന്തപുരത്ത് എത്തിയപ്പോൾ തൈക്കാട് ടി.ബി.യിൽ വിശ്രമിക്കുകയായിരുന്ന ഖാഇദേമില്ലത്തിനെ കാണാൻപോയി. അദ്ദേഹം ഞങ്ങളുമായി മണിക്കൂറുകൾ ചെലവിട്ടു. ഇസ്‌ലാമിക ഭരണചരിത്രം ഖുലഫാഉറാഷിദീങ്ങളുടെ ഭരണകാലം മുതൽ തുർക്കി ഖിലാഫത്ത് അവസാനിക്കുന്നതുവരെയും, തുടർന്ന് ഇന്ത്യയിൽ ഖിലാഫത്ത് പ്രസ്ഥാനം, അലി സഹോദരന്മാരുടെ ഗാന്ധിജിയുമായുള്ള ബന്ധവും മറ്റും വിശദീകരിച്ചു. സുദീർഘമായ ആ വിവരണം ബോറടിപ്പിക്കുമോ എന്ന് സംശയിച്ച ഇസ്മാഈൽ സാഹിബ് ഇടക്ക് ഓർമ്മിപ്പിച്ചു. “ചരിത്ര പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്ന ഒന്ന്, ലോകത്തും ഇന്ത്യയിലും മുസ്‌ലിം സമുദായത്തിനുണ്ടായ ഉയർച്ചയും താഴ്ചയുമാണ്. ഏതവസരത്തിലും ദൃഢനിശ്ചയത്തോടുകൂടി മുന്നോട്ടു പോകണം. എങ്കിൽ മാത്രമേ ലക്ഷ്യത്തിലെത്താൻ കഴിയൂ എന്ന അടിസ്ഥാന തത്വം മുസ്‌ലിം യുവജനങ്ങൾ മനസ്സിലാക്കണം- വിശിഷ്യാ മുസ്‌ലിം വിദ്യാർത്ഥികൾ”

1948-ൽ ഗാന്ധിജിയുടെ ശിഷ്യനും 1956-ൽ പാക്കിസ്ഥാൻ പ്രധാനമന്ത്രിയുമായ ഹുസൈൻ ശഹീദ് സുഹ്റവർദി വിളിച്ചുചേർത്ത യോഗത്തെക്കുറിച്ചും ഖാഇദേമില്ലത്ത് വിശദീകരിചച്ചു. “വടക്കേ ഇന്ത്യയിലെ മൗലാനാമാരും സമീന്ദാർമാരും (ഭൂവുടമകൾ) അടക്കം പത്തുമുപ്പത്തെട്ടുപേർ പങ്കെടുത്ത ആ യോഗത്തിൽ ഞാനും എന്റെ സഹപ്രവർത്തകനും (മർഹൂം കെ.എം. സീതിസാഹിബ്) മാത്രമാണ് ദക്ഷിണേന്ത്യയിൽ നിന്നുണ്ടായിരുന്നത്. ഇന്ത്യൻ മുസ്‌ലിംകൾ ഒരിക്കലും രാഷ്ട്രീയമായി സംഘടിപ്പിക്കരുതെന്ന് പ്രഖ്യാപിക്കുന്ന പ്രമേയമായിരുന്നു ചർച്ചാവിഷയം. ഞങ്ങൾ അതിനെ എതിർത്തു. “മുസ്‌ലിംകൾ രാഷ്ട്രീയമായി സംഘടിക്കാൻ ചുറ്റുപാടുകൾ അനുകൂലമല്ലെങ്കിൽ പ്രത്യേകിച്ചും വടക്കെ ഇന്ത്യയിൽ അത് വേണ്ടെന്ന് വച്ചുകൊള്ളട്ടെ. പക്ഷെ, ഭാവിയിലും മുസ്‌ലിംകൾ ഒരിക്കലും സംഘടിക്കാൻ പാടില്ലെന്ന് പറയാൻ ആ യോഗത്തിൽ പങ്കെടുത്തവർക്ക് എന്തധികാരം? അതായിരുന്നു ഞങ്ങളുടെ വാദഗതി” വടക്കെ ഇന്ത്യയിലെ മൗലാനമാർ അതിനെ അനുകൂലിച്ചു. ഖാഇദെമില്ലത്ത് ചിരിച്ചുകൊണ്ടു പറഞ്ഞു. “ഭാവി തലമുറയുടെ ബുദ്ധിക്കും യുക്തിക്കും കൂച്ചുവിലങ്ങുവെക്കാൻ ആരെയും അനുവദിക്കരുത്”

1859-60 കാലത്ത് ഞാൻ എറണാകുളം ലോ കോളേജ് വിദ്യാർത്ഥിയായിരുന്നു. കെ.എം.സീതിസാഹിബിന്റെ ഉപദേശം മാനിച്ച് 1960-61 കാലത്ത് ഞാൻ തിരുവനന്തപുരം ലോ കോളേജിൽ ചേർന്ന് പഠനം തുടർന്നു. കേരള ലെജിസ്ലേറ്റീവ് അസംബ്ലി സ്പീക്കർ ആയിരുന്ന സീതിസാഹിബ് ‘സാനഡു’ ഹൗസിൽ ആയിരുന്നു താമസിച്ചിരുന്നത്. സീതിസാഹിബ് മരിക്കുന്നതിന് ഏതാണ്ട് രണ്ടാഴ്ച മുമ്പ് ചില സുപ്രധാന ചർച്ചകൾക്കുവേണ്ടി തിരുവനന്തപുരത്തെത്തിയ ഇസ്മാഈൽ സാഹിബ് സാനഡു ഹൗസിൽ താമസിക്കുകയായിരുന്ന. എല്ലാ വൈകുന്നേരവും സാനഡു സന്ദർശകനായിരുന്ന എനിക്ക് ബി.എൽ പരീക്ഷയുടെ തയ്യാറെടുപ്പായതിനാൽ സീതിസാഹിബ് തന്നെ നിയന്ത്രണം വച്ചു. പക്ഷേ ഒരു ദിവസം വൈകുന്നേരം സീതിസാഹിബിനെ കാണാൻ എനിക്ക് നിർദ്ദേശം ലഭിച്ചു. സീതിസാഹിബിന് നല്ല സുഖമില്ലായിരുന്നു. ഇസ്മാഈൽ സാഹിബ് നാളെ മദ്രാസിലേക്ക് മടങ്ങുകയാണ്. പരീക്ഷ ആയതുകൊണ്ട് നിത്യസന്ദർശനം വേണ്ടെന്ന് വച്ചതാണെന്ന് സീതി സാഹിബിനോട് ഞാൻ പറഞ്ഞു. “മുകളിലത്തെ റൂമിൽ അദ്ദേഹമുണ്ട്. പോയി കാണുക”. സീതി സാഹിബ് എന്നോട് നിർദ്ദേശിച്ചു.

മുകളിലത്തെ മുറിയിൽ പോയപ്പോൾ ഇസ്മാഈൽ സാഹിബ് പത്രമാസികകളും പുസ്തകങ്ങളുമായി വായനയിലായിരുന്നു. എന്നെ കണ്ട ഉടൻ ആദ്യത്തെ ചോദ്യം പരീക്ഷക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് എത്രത്തോളമായി? തുടർന്ന് പരീക്ഷക്ക് എഴുതേണ്ട ഓരോ നിയമവിഷയത്തെ സംബന്ധിച്ചും ചോദിച്ചറിഞ്ഞു.

പിന്നീട് അദ്ദേഹം സീതിസാഹിബിനെ കാണാൻ തിരുവനന്തപുരം വരെ വന്നതിന്റെ കാരണത്തെപ്പറ്റി ചെറുതായൊന്ന് സൂചിപ്പിച്ചു. “സംഘടന(മുസ്‌ലിംലീഗ്)ക്കെതിരായി പ്രധാനമന്ത്രി മുതൽ കീഴറ്റം വരെ എതിർപ്പുകളുടെ വേലിയേറ്റമാണ്. എല്ലാവർക്കും എതിർപ്പ് സംഘടനയുടെ പേരിനോടാണ്. നമ്മുടെ നില

നിൽപ്പും പേരിന്റെ പേരിൽ തന്നെ" അത്രയും പറഞ്ഞൂനിർത്തി. സീതിസാഹിബുമായി സുദീർഘമായി ചർച്ച ചെയ്തെന്ന് ഖാഇദെമില്ലത്ത് പറഞ്ഞു. എന്നിട്ട് ഒരു ഉപദേശവും കൂടി. ''പഠനത്തിൽ മാത്രം ഇപ്പോൾ ശ്രദ്ധിച്ചാൽ മതി, ഈ പറഞ്ഞതൊന്നും തലയിൽ കയറേണ്ട"

ഇസ്മാഈൽ സാഹിബ് ഇന്ത്യയെ സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങളിലും സജീവ താൽപര്യം പ്രകടിപ്പിച്ചിരുന്നു. കശ്മീർ കാര്യത്തിൽ 1949 മുതൽ ഇസ്മാഈൽ സാഹിബ് സ്വീകരിച്ച നയം ഇന്നും പ്രസക്തമാണ്. കശ്മീരിനെ ഇന്ത്യൻ മണ്ണിൽ നിന്നും വെട്ടിയെടുത്ത് പാക്കിസ്താനോട് ചേർക്കണമെന്ന വാദത്തെ ആദ്യമായി അതിനിശിതമായി വിമർശിച്ചത് ഇസ്മാഈൽ സാഹിബായിരുന്നു. ഈ നയത്തിനെതിരായി ഇസ്മാഈൽ സാഹിബ് ഉയർത്തിപ്പിടിച്ച വാദം അമ്പരപ്പിക്കുന്നതായിരുന്നു.

2 കാശ്മീരും ഖാഇദെമില്ലത്തിന്റെ നിലപാടും

കാശ്മീരിനെ ഇന്ത്യൻ മണ്ണിൽനിന്നും വേർപ്പെടുത്തിയാൽ ഇന്ത്യൻ മുസ്ലിം ജനസംഖ്യയിൽ നിന്നും കശ്മീർ മുസ്ലിംകളുടെ എണ്ണം കുറഞ്ഞുപോകുമെന്നും ആ ഒറ്റകാരണം കൊണ്ടുതന്നെ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് അതു അനുവദിക്കുകയില്ലെന്നുമായിരുന്നു ഇസ്മാഈൽ സാഹിബിന്റെ വാദം. അന്നു ഐക്യരാഷ്ട്ര സെക്യൂരിറ്റി കൗൺസിലിൽ കശ്മീർ പ്രശ്നത്തിൽ ഇന്ത്യക്കുവേണ്ടി വാദിച്ച പ്രശസ്ത നിയമജ്ഞൻ ഡോ:ബി.എൻ റാവു ഇസ്മാഈൽ സാഹിബിന്റെ പ്രസ്താവനയും ഉദ്ധരിക്കുകയുണ്ടായി. ഇസ്മാഈൽ സാഹിബിന്റെ ഈ വാദം ഈ കാലഘട്ടത്തിലും എത്രമാത്രം പ്രസക്തവും പ്രധാനവുമാണെന്നതിന് എന്റെ ഒരു അനുഭവം കൂടി പറയാം

1993-ൽ ഐക്യരാഷ്ട്രസഭയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച മൂന്ന് അംഗങ്ങളെ വാഷിംഗ്ടണിലെ ഒരു സ്വതന്ത്രസംഘടനായായിരുന്നു. സ്ട്രാറ്റജിക്ക് കൗൺസിൽ ക്ഷണിച്ചു. ഇപ്പോഴത്തെ മേഘാലയ ഗവർണ്ണർ എം.എം.ജേക്കബും നിയമപണ്ഡിതനായിരുന്ന ശ്രീ ഭണ്ഡാറെയും ഞാനുമായിരുന്നു വാഷിംഗ്ടണിൽ പോയിരുന്നവർ. സ്ട്രാറ്റജിക്ക് കൗൺസിൽ യോഗത്തിൽ ഇന്ത്യയിലെ മുൻ അമേരിക്കൻ അമ്പാസഡർ മി.നോർമൻ, അമേരിക്കൻ ജനപ്രതിനിധിസഭയിലെ അംഗവും ഇന്ത്യൻ വക്താവുമായ മി.സൊറാസസ്സ്, മറ്റു ജനപ്രതിനിധികൾ, പ്രൊഫസർമാർ തുടങ്ങി ഇന്ത്യക്കാരും അമേരിക്കക്കാരുമായ ഒട്ടേറെ പേർ സംബന്ധിച്ചിരുന്നു. കശ്മീരിനെ സംബന്ധിച്ച് ഞങ്ങൾ മൂന്നുപേരോടും അവർ ചോദ്യങ്ങൾ ഉന്നയിച്ചു, എം.എം.ജേക്കബ് കശ്മീർ ഇന്ത്യയുമായുള്ള ലയനത്തെ സംബന്ധിച്ച് മഹാരാജ് കരൺസിങ്ങിന്റെ ലയനരേഖ ഇൻസ്ട്രുമെന്റ് ഓഫ് ആക്ഷൻ വിശദീകരിച്ചുകൊടുത്തു. ശ്രീ.ഭണ്ഡാറെ കശ്മീർ സംബന്ധിച്ച യു.എൻ.പ്രമേയങ്ങളിൽ പാക്കിസ്താന്റെ ഉത്തരവാദിത്തങ്ങളെപ്പറ്റി പ്രതിപാദിച്ചു സംസാരിച്ചു. എന്റെ നേരെ എറിഞ്ഞ ചോദ്യം ഇന്ത്യൻ മുസ്ലിംകൾ കശ്മീർ പ്രശ്നത്തെ എങ്ങനെ വീക്ഷിക്കുന്നു എന്നായിരുന്നു. ഞാൻ അധികമൊന്നും ആലോചിച്ചില്ല. ഇസ്മാഈൽ സാഹിബ് തന്നെ ആശ്രയം. 1949-ൽ ഇസ്മാഈൽ സാഹിബ് പറഞ്ഞ അതേ അഭിപ്രായം ഞാൻ ആവർത്തിച്ചു; "കശ്മീർ ഇന്ത്യയിൽ നിന്നു വിട്ടുപോകാനും അതുവഴി ഇപ്പോഴത്തെ ഇന്ത്യൻ മുസ്ലിം ജനസംഖ്യയിൽ 40 ലക്ഷം കുറവുവരുത്താനും ഇന്ത്യൻ മുസ്ലിംകൾ അനുവദിക്കില്ല".

എന്റെ സഹപ്രവർത്തകന്മാരും ഇന്ത്യൻ പത്രലേഖകന്മാരും ചിന്തോദ്ദീപകമായ ഈ അഭിപ്രായത്തിൽ സന്തുഷ്ടിയും സംതൃപ്തിയും പ്രകടിപ്പിച്ചു. അതിന്റെ അവകാശവും ക്രെഡിറ്റും എനിക്കു നൽകി. അന്നു വൈകുന്നേരം വാഷിംഗ്ടണിലെ ഇന്ത്യൻ എംബസിയിലെ അന്നത്തെ രണ്ടാമൻ കാൻവർ സിബാലിന്റെ (ഇപ്പോഴത്തെ വിദേശകാര്യ സെക്രട്ടറി) വീട്ടിൽ നടന്ന അത്താഴവിരുന്നിൽ ടൈംസ് ഓഫ് ഇന്ത്യയുടെ വാഷിംഗ്ടൺ ലേഖകൻ ആയിരുന്ന എം.സി. മേനോൻ എന്റെ അഭിപ്രായത്തിന് എക്സലന്റും മാർവലസ്സും പറഞ്ഞു അഭിനന്ദിച്ചപ്പോൾ ഞാനദ്ദേഹത്തോട് പറഞ്ഞു; "ഞാൻ ആവർത്തിക്കുക മാത്രമാണ് ചെയ്തത്". 1949- ൽ ഇസ്മാഈൽ സാഹിബ് പ്രകടിപ്പിച്ച അഭിപ്രായത്തിന് 1993-ൽ അമേരിക്കയിൽ ലഭിച്ച അംഗീകാരം എത്രമാത്രമായിരുന്നു എന്നു പറയാൻവേണ്ടി മാത്രമാണ് ഈ അനുഭവം ഞാൻ വിവരിച്ചത്.

ഇന്ത്യയുടെ സുരക്ഷിതത്വത്തെപ്പറ്റി ഇസ്മാഈൽ സാഹിബിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. 1959-ൽ ലഡാക്കിന്റെ സുരക്ഷിതത്വത്തെപ്പറ്റി ഉൽക്കണ്ഠ പ്രകടിപ്പിച്ചുകൊണ്ട് ഇസ്മാഈൽ സാഹിബ് പ്രധാനമന്ത്രി നെഹ്റുവിന് കത്തയച്ചതും , ഭയാശങ്കകൾ ആവശ്യമില്ലെന്നു പറഞ്ഞു നെഹ്റു അയച്ച മറുപടിയുടെ കോപ്പിയും ഇസ്മാഈൽ സാഹിബ് സീതി സാഹിബിന് അയച്ചുകൊടുത്തിരുന്നു. 1950- കളിൽ ഇന്ത്യൻ രാഷ്ട്രീയ രംഗത്ത് സുപ്രധാന ചർച്ചാവിഷയം 1955-ൽ ഡൽഹിയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം പാസാക്കിയ 'സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമൂഹം' എന്ന പ്രമേയമായിരുന്നു . 1955-ലെ

പരപ്പനങ്ങാടി മുസ്‌ലിംലീഗ് സമ്മേളനത്തിലുടെ പിന്നീട് രണ്ടുവർഷം കഴിഞ്ഞ് ആലപ്പുഴയിൽ ചേർന്ന കേരളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് സമ്മേളത്തിലും ഇസ്മായിൽ സാഹിബ് ചെയ്ത പ്രസംഗം, ഭൂപരിഷ്ക്കരണ നയമം നടപ്പിലാക്കിയാൽ മാത്രമേ സോഷ്യലിസ്റ്റ് സാമ്പത്തികനയം കൊണ്ടുദ്ദേശിക്കുന്ന ഫലം കൈവരിക്കാനാവൂ എന്ന് വ്യക്തമാക്കുന്നതായിരുന്നു.

ഭൂപരിഷ്ക്കരണം നടപ്പാക്കി മാത്യക കാണിക്കുകയാണ് കോൺഗ്രസ്സ് നയത്തിന്റെ ആദ്യപടിയായി ചെയ്യേണ്ടതെന്ന് രാജസ്ഥാനിലെ കോൺഗ്രസ്സ് മുഖമന്ത്രി മോഹൻലാൽ സുഖാദിയയും ഒറീസയിലെ കോൺഗ്രസ്സ് നേതാവ് ഹരേകൃഷ്ണ മേത്താബും വാദിക്കുകയുണ്ടായി ഖാഇദെമില്ലത്തിന്റെ ആലപ്പുഴ പത്രസമ്മേളനം ചന്ദ്രികക്കുവേണ്ടി റിപ്പോർട്ട് ചെയ്യാനെത്തിയ ലേഖകന്മാരിലൊരാളായിരുന്നു ഞാൻ. കോൺഗ്രസ്സ് നേതാക്കളുടെ ഈ അഭിപ്രായം ഖാഇദേമില്ലത്തിന്റെ നിലപാടുകളെ ശരിവെക്കുന്നതായിരുന്നുവെന്ന് പിന്നീട് ബോധ്യമാവുകയുണ്ടായി.

രാഷ്ട്രീയ സത്യസന്ധത മുസ്‌ലിംലീഗിന്റെ കൈമുതലാണന്ന് ശക്തമായ ഭാഷയിൽ പ്രഖ്യാപിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന നേതാവായിരുന്നു ഇസ്മാഈൽ സാഹിബ്. 1957-ൽ മലബാർകൂടി ഉൾപ്പെട്ട അന്നത്തെ മദ്രാസ് സംസ്ഥാന പ്രദേശ് കോൺഗ്രസ്സ് പ്രസിഡായിരുന്നു ഡോ: പി. സുബ്ബരായൻ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ മുസ്‌ലിംലീഗിന് സ്വാധീനമുള്ള മലബാർ അടക്കമുള്ള പ്രദേശങ്ങളിൽ കോൺഗ്രസ്സുമായി ലീഗ് ധാരണയിലായി. അതിനെ രാഷ്ട്രീയസഖ്യമെന്ന് വിളിക്കുന്നതിനു പകരം പരസ്പര ധാരണ എന്നാണ് പറഞ്ഞിരുന്നത്. തെരഞ്ഞെടുപ്പ് അടുക്കാറായപ്പോൾ ലീഗുമായുള്ള കോൺഗ്രസ്സ് ധാരണക്കെതിരെ അഖിലേന്ത്യാ തലത്തിൽ പ്രതിഷേധമുയർന്നു. കോൺഗ്രസ്സ് ഹൈക്കമാന്റിൽ ശക്തിയായ പ്രതിഷേധം ആളിക്കത്തുകയും ലീഗുമായുള്ള സഖ്യം വിട്ടൊഴിയാൻ പ്രദേശ് കോൺഗ്രസ്സിന്റെ നേതാവ് ഡോ: സുബ്ബരായൻ നിർബ്ബന്ധിതനാവുകയും ചെയ്തു. തെരെഞ്ഞെടുപ്പിന്റെ 11-ാം മണിക്കൂറിലാണ് മുസ്‌ലിംലീഗുമായി കോൺഗ്രസ്സിനു യാതൊരു ബന്ധവുമില്ലെന്ന് സുബ്ബരായൻ പ്രസ്താവനയിറക്കിയത്. മുസ്‌ലിംലീഗിനു മനോവിഷമമുണ്ടാക്കിയ ആ സന്ദർഭത്തിൽ ലീഗ് നേതൃത്വം തിരിച്ചടിക്കണമെന്ന് ലീഗിലെ പലരും ആവശ്യപ്പെട്ടു. എന്നാൽ ശാന്തഗംഭീരമായ സ്വരത്തിൽ ഖാഇദേമില്ലത്ത് പ്രഖ്യാപിച്ചു. ''കോൺഗ്രസ്സും ലീഗും തമ്മിൽ ധാരണയായില്ലെന്ന് സുബ്ബരായൻ പറയുന്നത് നുണയാണ്. ലീഗുമായി നടത്തിയ ചർചക്ക് ശേഷമുണ്ടാക്കിയ ധാരണയാണത്. കോൺഗ്രസ്സ് പുറകോട്ടു പോയാലും ഞങ്ങൾ ധാരണയുമായി മുന്നോട്ടുപോകും.'' ഹൈക്കമാന്റിന്റെ അഭിപ്രായത്തിനെതിരായിട്ടാണെങ്കിലും ലീഗുമായുള്ള ധാരണയുടെ ഫലമായി കോൺഗ്രസ്സിന് നേട്ടമുണ്ടായി എന്നത് മറ്റൊരു കാര്യം.

കേരളത്തിലെ മുസ്‌ലിംലീഗിന്റെ രാഷ്ട്രീയതീരുമാനങ്ങൾക്ക് അവസാന വാക്ക് ഖാഇദേമില്ലത്തായിരുന്നു. 1960-ൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിലെ കോൺഗ്രസ്സ്-പി.എസ്.പി- മുസ്‌ലിംലീഗ് സഖ്യത്തിന് പ്രവർത്തകസമിതി അംഗീകാരം കൊടുത്തു. സീതിസാഹിബിന്റെ വേർപ്പാടിനുശേഷം കേരള നിയമസഭയുടെ സ്പീക്കറായി സി.എച്ച്.മുഹമ്മദ്കോയ സാഹിബിനെ സ്വീകരിക്കണമെങ്കിൽ അദ്ദേഹം മുസ്‌ലിംലീഗ് അംഗത്വം ഒഴിയണമെന്ന് ആവശ്യമുയർന്നതും സി.എച്ച് അതിനെതിരെ ശക്തിമായ പ്രതിഷേധിച്ചതും കേരള രാഷ്ട്രീയ രേഖകളിലുള്ളതാണ്. അന്ന് ഡെപ്യൂട്ടി മുഖ്യമന്ത്രിയായിരുന്നകോൺഗ്രസ്സ് നേതാവ് ആർ.ശങ്കറും, മുഖ്യമന്ത്രിയായിരുന്ന പി.എസ്.പി നേതാവ് പട്ടം താണുപിള്ളയും കോൺഗ്രസ്സ് നയത്തെ എതിർത്തു. തുടർന്നുണ്ടായ രാഷ്ട്രീയപ്രതിസന്ധി പരിഹരിക്കുവാൻ ഖാഇദേമില്ലത്ത് തിരുവനന്തപ്പുരത്തെത്തി. സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്ന ആൾ തന്റെ രാഷ്ട്രീയ പാർട്ടിയുമായുള്ള ബന്ധം വേർപെടുത്തുന്നത് സ്വാഭാവികമാണല്ലോ. അത് സ്പീക്കർ ആവുന്നതിനു മുമ്പുതന്നെ രാജിവെക്കണമെന്ന് പറയുന്നതിലുള്ള ദൂരുദ്ദേശ്യം മുസ്‌ലിംലീഗുമായി സുഹൃദ്ബന്ധം തുടരണമെന്ന് അഭിപ്രായമുള്ള ആർ. ശങ്കറിനെ പോലുള്ള കോൺഗ്രസ്സുകാരും, പട്ടം താണുപിള്ളയെ പോലുള്ള രാഷ്ട്രീയ നേതാക്കളും മനസ്സിലാക്കി. കോൺഗ്രസ്സ്-ലീഗ്-പി.എസ്.പി ബന്ധം തകർക്കണമെന്ന് അഭിപ്രായമുള്ളവർക്കു മാത്രമേ ഈ പ്രതിസന്ധികൊണ്ട് ഗുണം ലഭിക്കുകയുള്ളൂ. അത് പരാജയപ്പെടുത്തണമെന്ന് കോൺഗ്രസിന്റെയും പി.എസ്.പിയുടെയും നിശ്ചയദാർഢ്യമുള്ള നേതാക്കൾ മനസ്സിലാക്കി. അവർ ഇസ്മാഈൽ സാഹിബിനെയും ബാഫഖി തങ്ങളെയും ചെന്നു കണ്ടു. ഇസ്മാഈൽ സാഹിബ് സി.എച്ചിനോട് പാർട്ടിസ്ഥാനം രാജിവെച്ച് സ്പീക്കർ ആവാൻ ആവശ്യപ്പെട്ടു. വിഷണ്ണനായ സി.എച്ചിനോട് അദ്ദേഹം ഒരു ഉപദേശവും നൽകി. ഒരു മുസ്‌ലിം മുഹാജിർ ആവേണ്ടിടത്ത് അതാവണം. അൻസാർ ആവേണ്ടിടത്ത് അതും ആവണം. ഇപ്പോൾ അൻസാർ ആവുക. മുഹാജിർ ആവാനുള്ള അവസരം പിന്നീട് വരും. ഇസ്മായിൽ സാഹിബിന്റെ അഭിപ്രായത്തിനെതിരെ കമ പറയാൻ അന്ന് ആരും ഒരുക്കമല്ലായിരുന്നു. അന്ന് അദ്ദേഹം എടുത്ത എല്ലാ തീരുമാനങ്ങളും ലീഗിന് ദൂരവ്യാപകമായ ഗുണങ്ങൾ പിന്നീട് ഉണ്ടാക്കിക്കൊടുത്തു. 1960-ൽ ഇസ്മാഈൽ സാഹിബിന്റെ നേതൃത്വത്തിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് പാസ്സാക്കിയ മദ്രാസ് പ്രമേയമാണ് കോൺഗ്രസിനെതിരായ പ്രതിഷേധനീക്കങ്ങൾക്ക് ആക്കം കൂട്ടിയത്. കേരളത്തിൽ അന്നത്തെ ഇടതുകമ്മ്യുണിസ്റ്റ് പാർട്ടി എന്നറിയപ്പെട്ടിരുന്ന ഇപ്പോ

ഴത്തെ സി.പി.എമ്മും സി.പി,ഐ.യും ആർ.എസ്.പി.യും എസ്.എസ്.പി.യും അടക്കം ആറു പാർട്ടികളോ ടൊപ്പം മുസ്‌ലിംലീഗും ചേർന്ന് സപ്തകക്ഷി മുന്നണിക്ക് രൂപം നൽകിയതും 1967 മാർച്ച് 6-ാം തിയ്യതി ഇ. എം.എസിന്റെ നേതൃത്വത്തിൽ മന്ത്രിസഭ രൂപവൽക്കരിക്കപ്പെട്ടതും സി.എച്ച്.മുഹമ്മദ് കോയ സാഹിബും എം.പി.എം. അഹമ്മദ്കുരിക്കൾ സാഹിബും കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി മുസ്‌ലിംലീഗ് മന്ത്രിമാ രായി സത്യപ്രതിജ്ഞ ചെയ്തതും ഇസ്മാഈൽ സാഹിബിന്റെ അനുഗ്രഹാശിസ്സുകളോടുകൂടി തന്നെയായി രുന്നു. ഇസ്മാഈൽ സാഹിബ് മമുസ്‌ലിംലീഗിന്റെ സമുന്നത നേതാവായിരുന്നുവെങ്കിലും സഹപ്രവർത്ത കരുമായുള്ള ഇടപെടലുകളിൽ അദ്ദേഹം പ്രകടിപ്പിച്ച ലാളിത്യവും വിനയവും എക്കാലത്തും സ്മരിക്കപ്പെ ടുന്നതാണ്

3 ഖാഇദേമില്ലത്തിനെ കാണാൻ കരുണാനിധി

ഇസ്മാഈൽ സാഹിബിനെ പാർലമെന്റ് മെമ്പറാക്കുവാൻ ബാഫഖി തങ്ങൾ പാടുപെട്ടത് അധിക മാരും അറിഞ്ഞിരിക്കില്ല. മദ്രാസിൽ താമസിക്കുന്ന ഇസ്മാഈൽ സാഹിബിന് കേരളത്തിലെ പാർലമെന്റ് മണ്ഡലത്തിൽ നിന്നും മത്സരിക്കാൻ പ്രയാസമാണെന്ന് അന്നത്തെ നിയമവ്യവസ്ഥയിലെ ഊരാക്കുടുക്കു കൾ ആരോ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ബാഖഫി തങ്ങൾ ഇസ്മാഈൽ സാഹിബ് പോലും അറിയാതെ അദ്ദേഹത്തിന്റെ പേരിൽ ഒരു വസ്തു വാങ്ങാൻ ഏർപ്പാടു ചെയ്തുവത്രെ. നിയോജകമണ്ഡലത്തിൽ ഭൂസ്വ ത്തുള്ള ഒരാളുടെ സ്ഥാനാർഥിത്വം തള്ളിക്കളയാനാവില്ല എന്ന് അന്ന് ചട്ടമുണ്ടായിരുന്നുവെന്ന് ബാഫഖിത ങ്ങൾ മനസ്സിലാക്കി. എന്നിട്ടും ഇസ്മാഈൽ സാഹിബ് മഞ്ചേരി മണ്ഡലത്തിൽ നിന്നുംമത്സരിക്കുവാൻ വിസമ്മതിച്ചു. ഇസ്മാഈൽ സാഹിബിനെക്കൊണ്ട് സമ്മതിപ്പിക്കുവാൻ നിയോഗിക്കപ്പെട്ട മുസ്‌ലിംലീഗ് നേതാവ് എം.കെ.ഹാജി സാഹിബിനോട് അദ്ദേഹം പറഞ്ഞുവത്രെ; "മുസ്‌ലിംലീഗിനു ആകെയുള്ളത് ഒരു പാർലമെന്റ് മണ്ഡലം. അവിടെ ഞാൻ മത്സരിച്ച് എം.പി ആയാൽ ഈ പ്രസ്ഥാനം കൊണ്ടുനടക്കുന്നത് ഇത്തരമൊരു വ്യക്തിപരമായ ഉദ്ദേശ്യം വെച്ചുകൊണ്ടാണെന്ന് പറയപ്പെടും. നാളെ പരലോകത്ത് ഞാനെന്ത് ഉത്തരം പറയും? മറ്റൊന്ന് എന്നെപ്പറ്റി വാഴ്ത്തിപ്പറഞ്ഞുകൊണ്ട് ഞാൻ തന്നെ വോട്ടു ചോദിക്കുകയോ? ഇല്ല ഞാനില്ല" ഇതായിരുന്നുവത്രേ ഇസ്മാഈൽ സാഹിബിന്റെ മറുപടി. പക്ഷേ എം.കെ.ഹാജി, ഇസ്മാഈൽ സാഹിബിനോട് കൂടുതൽ സ്വാതന്ത്ര്യമെടുക്കുന്ന ആളാണ്. തന്റെ പെട്ടികൾ പോലും മറ്റൊരാൾ ചുമക്കു ന്നത് ഇഷ്ടപ്പെടാത്ത ആളായിരുന്നു ഇസ്മാഈൽ സാഹിബ്. പക്ഷേ അതൊന്നും എം.കെ.ഹാജിയോട് നടക്കില്ല. ഇസ്മാഈൽ സാഹിബിന്റെ പെട്ടി ചുമന്ന് കാറിലും തീവണ്ടിയിലും വെക്കുന്ന ജോലി എം.കെ.ഹാ ജിക്ക് മാത്രം അവകാശപ്പെട്ടതായിരുന്നു. അങ്ങനെയുള്ള എം.കെ.ഹാജി സാഹിബ്, ഇസ്മാഈൽ സാഹി ബിനെ വിട്ടില്ല. അദ്ദേഹം അവസാനം എടുത്ത അടവ് ഉത്തരം കിട്ടാത്ത ചോദ്യമായിരുന്നു. 'ബാഖഫി തങ്ങ ളുടെ അഭ്യർത്ഥനയാണോ തലൈവർ അങ്ങ് ധിക്കരിക്കുന്നത്?' അവിടെ ഇസ്മാഈൽ സാഹിബ് നിശ്ശ ബ്ദനായി. അവസാനം ചില ഉപാധികളിന്മേൽ മഞ്ചേരിയിൽ നിന്നും ലോക്സഭയിലേക്കുള്ള സ്ഥാനാർത്ഥി യാവാൻ സമ്മതിച്ചു. ഉപാധികളിലൊന്ന്, നാമനിർദ്ദേശപത്രിക സമർപ്പിക്കുവാൻ പോലും നിയോജകമണ്ഡ ലത്തിൽ വരികയില്ല. അത് എ.കെ.എ.അബ്ദുസ്സമദ് സാഹിബിനെ ഭരമേൽപ്പിക്കും. അദ്ദേഹമായിരിക്കും നാമനിർദ്ദേശ പത്രിക സമർപ്പിക്കുക. മറ്റൊരു നിബന്ധന, തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഫലം പ്രഖ്യാപിക്കപ്പെ ടുന്നതുവരെ നിയോജകമണ്ഡലത്തിൽ വരികയില്ല. വോട്ടർമാർക്ക് തന്നിൽ വിശ്വാസമുണ്ടെങ്കിൽ വോട്ടു ചെയ്താൽ മതി. അങ്ങനെ രാഷ്ട്രീയചരിത്രത്തിൽ തന്നെ ആദ്യമായി, നിയോജകമണ്ഡലത്തിൽ കാലുകു ത്താതെ ഇസ്മാഈൽ സാഹിബ് മഞ്ചേരി പാർലമെന്റ് മണ്ഡലത്തിൽ നിന്നും ലോക്സഭയിലേക്ക് തെരെ ഞ്ഞെടുക്കപ്പെട്ടു. കേരള രാഷ്ട്രീയചരിത്രത്തിൽ ഉണ്ടായ ഇത്തരത്തിലുള്ള ഒരേയൊരു സംഭവം

1967-ലെ തെരഞ്ഞെടുപ്പിൽ ജയിച്ചു എം.എൽ.എ.മാരായ ഞങ്ങൾ, മദ്രാസിൽ ചേർന്ന മുസ്‌ലിംലീഗ് പ്രവർത്തകസമിതിയിൽ സംബന്ധിക്കുവാൻ ക്ഷണിക്കപ്പെട്ടിരുന്നു. അന്ന് വർക്കിംഗ് കമ്മിറ്റിയിൽ പങ്കെടു ക്കുവാൻ സി.എച്ചും, എം.എൽ.എ.മാരായ നഹാസാഹിബ്, പി.എം.അബൂബക്കർ, മൊയ്തീൻകുട്ടി ഹാജി, ഡോ.സിഎം,കുട്ടി തുടങ്ങിയിവരും ഞാനും വൈകുന്നേരം വിമാനത്തിൽ തിരുവനന്തപുരത്തു നിന്നു പുറ പ്പെട്ടു. അന്നത്തെ ആ മദിരാശിയിൽ എത്തുക. വിമാനത്തിലുണ്ടായിരുന്ന ഞങ്ങൾക്കിടയിലെ പ്രധാന ചർച്ചാവിഷയം ഇസ്മാഈൽ സാഹിബിനെ എപ്പോൾ ചെന്നുകാണണമെന്നായിരുന്നു. വിമാനം ഇറങ്ങിയ ശേഷം അദ്ദേഹത്തിന്റെ വീട്ടിൽ ചെല്ലുമ്പോൾ നേരം വളരെ വൈകിയിരിക്കും. അതുകൊണ്ടു പിറ്റേന്നു രാവിലെ കാണാമെന്ന് ഞങ്ങൾ തീരുമാനിച്ചു. മദ്രാസിൽ വിമാനമിറങ്ങി തമാശകൾ പൊട്ടിച്ച് ടെർമിനൽ ബിൽഡിങ്ങിലേക്ക് പോകുമ്പാൾ ദൂരെ നിന്ന് ടെർമിനൽ കവാടത്തിൽ യാത്രക്കാരെ കാത്തുനിൽക്കുന്ന ഒരാളെ ഞങ്ങൾ ശ്രദ്ധിച്ചു. ഖാഇദെമില്ലത്തിനെ പോലെ തോന്നിക്കുന്ന ഒരു രൂപമായിരുന്നു ദൂരെ നിന്നും

കണ്ടത്. ഇസ്മാഈൽസാഹിബ് ഇപ്പോൾ ഉറക്കമായിരിക്കും. അത് അദ്ദേഹമായിരിക്കില്ല. അദ്ദേഹത്തെ പിറ്റേന്ന് രാവിലെ ചെന്നുകാണേണ്ടതാണല്ലോ. ഞങ്ങൾ ഊഹിച്ചു. ടെർമിനൽ കെട്ടിടത്തിലേക്ക് അടുത്തു കൊണ്ടിരിക്കുമ്പോഴാണ് സി.എച്ച്.പറഞ്ഞത് ''എന്റെ പടച്ചവനേ, ഇതെന്തു തമാശ; മൂപ്പർ ഇവിടെ വന്നു കാത്തുനിൽക്കുകയാണല്ലോ". അതെ! ഇസ്മാഈൽ സാഹിബ് തന്നെ!! അവിതെ അദ്ദേഹം ഞങ്ങളെ കാത്തു നിൽക്കുന്നു!!! നീട്ടിപ്പിടിച്ച കൈകൾകൊണ്ട് ഞങ്ങളോരോരുത്തരേയും കെട്ടിപ്പിടിച്ചാശ്ലേഷിക്കാൻ മുന്നോട്ടടുത്ത ഖാഇദേമില്ലത്തിനോട് സി.എച്ച്. പറഞ്ഞു. ''സർ, ഇതെന്ത്, അങ്ങയെ അങ്ങോട്ടുവന്ന് കാണുവാൻ കടമയുള്ളവരാണ് ഞങ്ങൾ. എപ്പോഴാണ് വരേണ്ടതെന്ന് ഞങ്ങൾ ആലോചിക്കുകയായിരുന്നു. ഇസ്മാഈൽ സാഹിബ് പുഞ്ചിരിച്ചുകൊണ്ട് പ്രതികരിച്ചു: ''ഇത്, എന്റെയും കടമയാണ്. എന്റെ എം.എൽ.എ.മാർ എന്റെ ക്ഷണമനുസരിച്ച് ഇവിടെ വരുമ്പോൾ അവരെ സ്വീകരിക്കേണ്ടത് ഞാനല്ലാതെ മറ്റാരാണ്?"

എന്തൊരു ഊഷ്മളമായ സ്വീകരണം! എന്തൊരു ലാളിത്യം. എന്തൊരു ആത്മാർത്ഥത. ഇസ്മാഈൽ സാഹിബിന്റെ ജീവിതലാളിത്യത്തിന്റെ ഒരുദാഹരണം. തമിഴ്നാട്ടിലെ മുൻ വ്യവസായമന്ത്രിയും എന്റെ സ്നേഹിതനുമായ കെ.രാജാറാം പറഞ്ഞതിങ്ങനെ:

''അണ്ണാദുരൈയുടെ മരണത്തിനു ശേഷം എം. കരുണാനിധി മുഖ്യമന്ത്രിയായി. മുഖ്യമന്ത്രി കരുണാനിധി തന്റെ മന്ത്രിസഭയിലെ ഇൻഫോർമേഷൻ മന്ത്രിയായിരുന്ന രാജാറാം മുഖേന എല്ലാ മന്ത്രിമാർക്കും ഒരു നിർദ്ദേശം അയച്ചു. പിറ്റേ ദിവസം പുതിയ മന്ത്രിമാരെല്ലാം ആദ്യമായി ഓഫീസുകളിൽ ഹാജറാവുകയാണ്. എല്ലാ മന്ത്രിമാരും ഓഫീസുകളിൽ പോകുന്നതിനുമുമ്പ് മുഖ്യമന്ത്രിയുടെ വീട്ടിൽ എത്തിച്ചേരണം. മുഖ്യമന്ത്രിയും തന്റെ മന്ത്രിമാരും നേരെ ഖാഇദെമില്ലത്തിന്റെ വീട്ടിൽ പോയി അദ്ദേഹത്തെ കണ്ട് അനുഗ്രഹം വാങ്ങിയ ശേഷം മാത്രമേ ഓഫീസുകളിൽ പോകാവൂ" 'അണ്ണാദൂരൈ മരിച്ചു. ഇനി ഞങ്ങൾക്ക് തലൈവർ ഖാഇദേമില്ലത്ത്' ഇതായിരുന്നു നിർദ്ദേശത്തിന്റെ രത്നച്ചുരുക്കം.

മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കരുണാനിധിയുടെ വസതിയിൽ നിന്നും മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും അവരവരുടെ കാറുകളിൽ ഖാഇദേമില്ലത്തിന്റെ വീട്ടിലേക്ക് പുറപ്പെട്ടു. ഖാഇദേമില്ലത്ത് തന്റെ 'ദയാമൻസിലി'ൽ പഴയ ചാരുകസേരയിൽ നേരിയ ബനിയനും ധരിച്ച് പത്രം വായിച്ചിരിക്കുകയായിരുന്നു. തന്റെ വീട്ടിന്റെ മുന്നിൽ ഒരു കാർ വന്നുനിന്നതു കണ്ടപ്പോൾ അദ്ദേഹം നോക്കി. സ്റ്റേറ്റു കാറിൽ നിന്നും മുഖ്യമന്ത്രി കരുണാനിധി ഇറങ്ങിവരുന്നു. തുടർച്ചയായി എത്തിക്കൊണ്ടിരുന്ന കാറുകളിൽ നിന്നും മന്ത്രിമാർ ഓരോരുത്തരായി ഇറങ്ങി. കൂട്ടമായി അദ്ദേഹത്തിന്റെ മുന്നിലെത്തി. ഇത്രയധികം ആളുകളെ ഒരുമിച്ചുകണ്ടപ്പോൾ ഖാഇദേമില്ലത്ത് അമ്പരന്നു. രാജാറാം ഇസ്മാഈൽ സാഹിബിനോട് കാര്യം പറഞ്ഞു. ഉടനെ തന്റെ മുന്നിലുണ്ടായിരുന്ന ഒന്നുരണ്ടു കസേരകളിൽ കരുണാനിധിയേയും മറ്റും പിടിച്ചിരുത്തി. മന്ത്രി രാജാറാമിനെ അകത്തേക്ക് വിളിച്ചുകൊണ്ടുപോയി ഇസ്മാഈൽ സാഹിബ് തെല്ലു ദേശ്യത്തോടെ ശകാരിച്ചു. ''താൻ എന്തൊരാളാ; മുഖ്യമന്ത്രിയും മറ്റും വരുന്ന വിവരം നേരത്തെയൊന്ന് ഫോൺ ചെയ്ത് പറഞ്ഞുകൂടെ? കുറച്ചുകസേരകളെങ്കിലും അടുത്ത വീട്ടിൽ നിന്നും വാങ്ങിക്കൊണ്ട് വരാമായിരുന്നല്ലോ. ഇരിക്കാൻ കസേരകളില്ല. കൊടുക്കാൻ ചായപോലും തയ്യാറാക്കിയിട്ടില്ല" ഇതുകേട്ട് രാജറാം പൊട്ടിച്ചിരിച്ചു. രാജാറാമിന്റെ ചിരികേട്ട് പുറത്തിരുന്ന കരുണാനിധി കാര്യം തിരക്കി. രാജാറാം ഉച്ചത്തിൽ പറഞ്ഞു വത്രേ! "തലൈവർ കോപിക്കുന്നു. മുൻകൂട്ടി ഫോൺ ചെയ്യാത്തതുകൊണ്ട് ഇരിക്കാൻ കസേരയില്ല, കൊടുക്കാൻ കാപ്പിയില്ല" ഇതു കേട്ട കരുണാനിധി ഉച്ചത്തിൽ പറഞ്ഞു. ''തലൈവരേ, ഇരിക്കാനും കാപ്പികുടിക്കാനുമൊന്നും വന്നവരല്ല ഞങ്ങൾ. അനുഗ്രഹം വാങ്ങാൻ വന്നവരാണ്. ഞങ്ങൾ ഇന്ന് ആദ്യമായി ഓഫീസുകളിൽ പോവുകയാണ്. ഞങ്ങൾക്ക് അണ്ണയില്ല. തലൈവർ മാത്രം". അന്നു ഡി.എം.കെയും മുസ്ലിംലീഗും തമ്മിലുണ്ടായിരുന്ന ബന്ധം എന്തുമാത്രം അഗാധമായിരുന്നുവെന്നും തമിഴ്നാട്ടിലെ രാഷ്ട്രീയനേതാക്കൾക്കിടയിൽ ഖാഇദേമില്ലത്തിന്റെ വ്യക്തിത്വം എന്തുമാത്രം വിലമതിക്കപ്പെട്ടിരുന്നുവെന്നും ഈ ഒരു സംഭവത്തിലുടെ മനസ്സിലാക്കാം.

4 വ്യക്തിജീവിതത്തിന്റെ പ്രകാശരേഖകൾ

ഖായിദേമില്ലത്ത് ഇസ്മാഈൽ സാഹിബിനെപ്പോലെ വ്യക്തിജീവിതത്തിൽ വിശുദ്ധികാണിച്ച രാഷ്ട്രീയനേതാക്കൾ വളരെ അപൂർവ്വമാണ്. മാതൃകാപരമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ സംഭവവും. ഇന്നത്തെ സാഹചര്യത്തിൽ മറ്റൊരാൾക്ക് അത് അനുകരിക്കാനാവുമോ എന്ന് സംശയമാണ്. ഖുർആനും സുന്നത്തും മുറുകെപ്പിടിക്കുക മാത്രമല്ല, അത് ജീവിതത്തിൽ പകർത്തുകയും ചെയ്ത ഒരു മഹദ്വ്യക്തിത്വമായിരുന്നു ഖാഇദേമില്ലത്തിന്റേത്.

മദ്രാസ് ലെജിസ്ലേറ്റീവ് അംബ്ലിയിൽ പ്രതിപക്ഷ നേതാവായിരുന്ന കാലത്ത് ഇസ്മാഈൽ സാഹിബ് താമസിച്ചിരുന്നത് സാൻതോമിലെ ഒരു ചെറിയ ഗവർമെന്റ് ക്വാർട്ടേഴ്സിലായിരുന്നു. അന്ന് മണ്ണെണ്ണ ക്ഷാമം കൊടുമ്പിരിക്കൊണ്ടിരിന്നു. ഇന്നത്തെപോലെ വൈദ്യുതി സാർവ്വത്രികമായിരുന്നില്ല. മണ്ണെണ്ണ റേഷൻ നൽകുന്ന കാലം.

ഒരു ദിവസം സിറ്റി റേഷനിംഗ് ഓഫീസർക്ക് ഒരു നിർദ്ദേശം- പ്രതിപക്ഷനേതാവിനെ പോയി കാണാൻ. അപ്പോൾത്തന്നെ, റേഷനിംഗ് ഓഫീസർ മനസ്സിലാക്കി - തന്നെ വിളിക്കാറുള്ള എം.എൽ.എ മാർക്കും രാഷ്ട്രീയ നേതാക്കന്മാർക്കും ഒന്നേ ആവശ്യപ്പെടാനുണ്ടായിരുന്നുള്ളൂ. മണ്ണെണ്ണയുടെ കാട്ട വർദ്ധിപ്പിക്കാൻ. ഇസ്മാഈൽ സാഹിബിനെ ചെന്ന്കണ്ടാലും ആവശ്യം അതുതന്നെയായിരിക്കുമെന്ന് റേഷനിംഗ് ഓഫീസർ കരുതി. പ്രതിപക്ഷ നേതാവിനെ ചെന്നുകണ്ട റേഷനിംഗ് ഓഫീസർ സ്തംബ്ധനായി. അദ്ദേഹത്തിന്റെ ഔദ്യോഗികജീവിതത്തിൽ അങ്ങനെ ഒരനുഭവം ഉണ്ടായിട്ടുമില്ല.

റേഷനിംഗ് ഓഫീസർ പ്രതിപക്ഷനേതാവ് ഇസ്മാഈൽ സാഹിബിന്റെ മുമ്പിൽ വന്നു വണക്കം പറഞ്ഞപ്പോൾ ഇസ്മാഈൽ സാഹിബ് പറഞ്ഞു.

''ഞങ്ങളുടെ ജോലിക്കാരി ഇന്നലെമുതൽ രണ്ടുമാസത്തെ ലീവിൽ അവളുടെ ഗ്രാമത്തിലേക്ക് പോയിരിക്കുകയാണ്. അതുകൊണ്ട് ഞങ്ങളുടെ റേഷൻ കാർഡിൽനിന്ന് അവളുടെ മണ്ണെണ്ണ കാട്ട കുറക്കുക. അവൾ തിരിച്ചുവന്നാൽ ഞാനറിയിക്കാം"

വ്യക്തിജീവിതത്തിൽ ഇസ്മാഈൽ സാഹിന്റെ വിശുദ്ധി കുറേ കൂടിപ്പോകുന്നതായി ബന്ധുക്കൾക്കും പലപ്പോഴും അഭിപ്രായങ്ങളുണ്ടായിരുന്നു. പക്ഷേ അതൊന്നും അദ്ദേഹം കൂസിയില്ല.

മകൻ മിയാഖാന്റെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം നിർത്തേണ്ടിവന്നതും ഇതുപോലെയുള്ള കാരണംകൊണ്ടായിരുന്നു. ഒരു ആഗസ്റ്റ് 15-ന് സ്വാതന്ത്യദിനച്ചടങ്ങിൽ ഇസ്മാഈൽ സാഹിബ് പങ്കെടുക്കാനെത്തി. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവെന്ന നിലയിൽ ഇസ്മാഈൽ സാഹിബിനെ കാണുന്നതിനിടയിൽ വിദ്യാഭ്യാസമന്ത്രി ഷൺമുഖം ചെട്ടിയാർ ചോദിച്ചു: ''മകന് (മിയാഖാൻ) ക്ഷേമം തന്നെയല്ലേ?"
ഖാഇദേമില്ലത്തിന്റെ മറുചോദ്യം: ''അവനെ താങ്കൾക്കെങ്ങനെ അറിയാം?"

''അനുജൻ (ഇസ്മാഈൽ സാഹിബിന്റെ അനുജൻ കെ.ടി.എം. അഹമ്മദ് ഇബ്രാഹീം എം.എൽ.സി. യായിരുന്നു)എന്നെ വന്നുകണ്ടിരുന്നു. അണ്ണാമല യൂണിവേഴ്സിറ്റിയിൽനിന്ന് മിയാഖാനെ മദ്രാസിലേക്ക് മാറ്റാൻ. അങ്ങനെ ഞാനവനെ അറിയും."

ഇസ്മാഈൽ സാഹിബ് ഷൺമുഖം ചെട്ടിയാരോട് വിവരങ്ങൾ തിരക്കി. ഇസ്മാഈൽ സാഹിബ് തനിച്ചാണ്. മകൻ അണ്ണാമല സർവ്വകലാശാലയിലും. സർവ്വകലാശാല മാറാൻ സാധാരണ നിലക്ക് രണ്ടു വർഷമെടുക്കും. ഇതൊരു സ്പെഷ്യൽ കേസായതുകൊണ്ട് ചെയ്തുകൊടുത്തു.

തന്നെയറിയിക്കാതെയാണ് ഇതെല്ലാം നടന്നതെന്ന് അപ്പോഴാണ് ഇസ്മാഈൽ സാഹിബ് അറിയുന്നത്. ഇസ്മാഈൽ സാഹിബ് മന്ത്രി ഷൺമുഖം ചെട്ടിയാരോട് പറഞ്ഞു. ''മിസ്റ്റർ മിനിസ്റ്റർ! താങ്കൾ ചെയ്തത് തെറ്റാണ്. മറ്റൊരു വിദ്യാർത്ഥിക്ക് കിട്ടാത്ത ആനുകൂല്യത്തിന് എന്റെ മകൻ അർഹനാകുന്നില്ല"

''ഡോണ്ട് ബി സില്ലി, മി. ഇസ്മാഈൽ"(അതത്ര കാര്യമാക്കരുത്)

പക്ഷേ ഇസ്മാഈൽ സാഹിബിന് അത് ഗൗരവമുള്ള കാര്യമായിരുന്നു. തന്റെ മകൻ ആയതുകൊണ്ടുമാത്രം മിയാഖാന് പ്രത്യേക പരിഗണന. അതു പാടില്ല. അദ്ദേഹം മകനെ വിളിച്ചുവരുത്തി കാര്യങ്ങളുടെ വിശദാംശങ്ങളറിഞ്ഞു. ഷൺമുഖം ചെട്ടിയാർ പറഞ്ഞതുപോലെ മകനും പറഞ്ഞു. എന്നിട്ട് മകന് നിർദ്ദേശം നൽകി.-''നീ ഇനി ക്ലാസിൽ പോകരുത്".

മിയാഖാൻ പിറ്റേന്നുമുതൽ ക്ലാസിൽ പോയില്ല. സംഗതിയറിഞ്ഞു കോളേജിലെ ലക്ചറർമാരും ബന്ധുക്കളും വന്ന് തീരുമാനം മാറ്റാൻ പ്രേരിപ്പിച്ചു. അടുത്ത സെമസ്റ്ററിലെങ്കിലും പഠനം തുടരാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചുനോക്കി. പക്ഷേ തന്റെ തീരുമാനത്തിൽ ഇസ്മാഈൽ സാഹിബ് മാറ്റം വരുത്തിയില്ല. ''ഓരേയൊരു മറുചോദ്യം മറ്റൊരു കുട്ടിക്കും കിട്ടാത്ത ആനുകൂല്യം എന്റെ മകനായതുകൊണ്ട് കിട്ടിയാൽ നാളെ 'മഹ്ശറ'(അന്ത്യവിചാരണഘട്ടം)യിൽ ചോദ്യമുണ്ടായാൽ ഞാൻ അല്ലാഹുവിനോട് എന്തുത്തരം പറയും?" ആ ചോദ്യത്തിനു മുമ്പിൽ എല്ലാവരും നിശ്ശബ്ദരായി. മിയാഖാന്റെ പഠനവും മുടങ്ങി.

മീറത്തിൽ ഇസ്മാഈൽ സാഹിബിനെ അങ്ങേയറ്റം ആദരിക്കുന്ന ഒരു പഴയകാല മുസ്ലിംലീഗ് നേതാവുണ്ടായിരുന്നു. ഞാനൊരിക്കൽ മീറത്തിൽ ലീഗ് പ്രവർത്തകന്മാരോട് പ്രസംഗിക്കവേ ഇസ്മാഈൽ

സാഹിബിനെപ്പറ്റി, ''അദ്ദേഹം സമുദായത്തിന്റെ വലിയ്യാ''യിരുന്നു എന്ന് വിശേഷിപ്പിച്ചു. ഇസ്മാഈൽ സാഹിബിനെപ്പറ്റിയുള്ള ഈ പദപ്രയോഗത്തിൽ വളരെ സന്തുഷ്ടി പ്രകടിപ്പിച്ച അദ്ദേഹം, ഇസ്മാഈൽ സാഹിബ് മീറത്തിൽ പെരുന്നാൾ നമസ്ക്കാരത്തിനുപോയ വികാരഭരിതമായ ഒരനുഭവം വിവരിച്ചുതന്നു.

മീറത്തിലെ ലീഗ് നേതാക്കന്മാരുടെ നിർബന്ധപൂർവ്വമായ ക്ഷണം സ്വീകരിച്ച് ആ ഹജ്ജ് പെരുന്നാൾ ദിവസം സുബ്ഹി നമസ്ക്കാരം കഴിഞ്ഞു ഇസ്മാഈൽ സാഹിബും ഖാജാമുഹ്യുദ്ദീനും ശരീഫ് സാഹിബും കാറിൽ ഡൽഹിയിൽ നിന്ന് മീറത്തിലേക്ക് പുറപ്പെട്ടു. ഒന്നര മണിക്കൂറിനകം മീറത്തിലെത്തിച്ചേർന്നാൽ മീറത്തിലെ ഷാഹി മസ്ജിദിൽ പെരുന്നാൾ നമസ്ക്കാരത്തിൽ ചേരാം. പക്ഷേ വഴിയിൽ കാർ തകരാറായി. കൂടെയുള്ള മീറത്തിലെ സുഹൃത്ത് കാർ റിപ്പയർ ചെയ്യുന്ന ആളെ തിരക്കി. അല്ലെങ്കിൽ മറ്റൊരു ടാക്സി. ആ മനുഷ്യൻ പരക്കം പാഞ്ഞു. ഒന്നൊന്നര മണിക്കൂർനേരം കഴിഞ്ഞു കാർ ശരിയായി യാത്ര തുടങ്ങിയപ്പോൾ ഇസ്മാഈൽ സാഹിബ് വളരെ വേദനയോടെയും നിരാശയോടെയും പറഞ്ഞു: ''ഓർമ്മ വന്നകാലം മുതൽ ഈദ് നമസ്ക്കാരം മുടങ്ങിയിട്ടില്ല. ഇന്നത് സംഭവിക്കുന്നു....''

കാറിന് സ്പീഡ് കൂട്ടി. അര മണിക്കൂർ വൈകിപ്പോയി. മീറത്തിലെ ജുമാമസ്ജിദിലെത്തിയപ്പോൾ എല്ലാവരും പള്ളിയിൽ തന്നെയുണ്ട്. നമസ്ക്കാരവും ഖുത്തുബയും കഴിഞ്ഞിരിക്കുമെന്ന് കരുതി എത്തിയ ഇസ്മാഈൽ സാഹിബിന്നും സുഹൃത്തുകൾക്കും സംഗതി മനസ്സിലായില്ല. പള്ളിയിൽ കടന്നപ്പോൾ പെരുന്നാൾ ജുമുഅ നടന്നിട്ടില്ല. അവരെല്ലാം നമസ്ക്കാരത്തിന് ഇമാം നിൽക്കേണ്ട ആളെ കാത്തിരിക്കുകയാണ്. വിശദാംശങ്ങൾ തിരക്കിയപ്പോൾ മനസ്സിലായത്, ഇമാം പള്ളിയിൽ വന്നു. നമസ്ക്കാരം തുടങ്ങാൻ ആയപ്പോൾ അദ്ദേഹത്തിന്റെ പൃഷ്ടഭാഗത്തുള്ള ഒരു കുരു പൊട്ടി ചോരവന്നു. തന്റെ ഉടുപ്പിൽ ചോരക്കറയായതുകൊണ്ട് അത് മാറ്റിവരാൻ പള്ളിയിൽ സന്നിഹിതരായവരോട് അനുവാദം ചോദിച്ചു. ഇമാം തൊട്ടടുത്ത താമസസ്ഥലത്തേക്ക് പോയിരിക്കുന്നു. ഡിസ്പെൻസറിയിൽ കയറി മരുന്നുവച്ച് വീട്ടിൽ പോയി വസ്ത്രം മാറ്റി ഇമാം വരുമ്പോഴേക്കും ഇസ്മാഈൽ സാഹിബ് മസ്ജിദിൽ എത്തിക്കഴിഞ്ഞിരുന്നു. ഇസ്മാഈൽ സാഹിബ് അന്നു ഈദ് നമസ്ക്കാരത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം എത്രമാത്രമായിരുന്നുവെന്ന് ആ ലീഗ് സഹോദരൻ വിവരിച്ചതുകേട്ടപ്പോൾ ഞാൻ വികാരാധീനനായി.

ഇന്ത്യയുടെ പ്രധാനമന്ത്രിമാരായിരുന്ന ലാൽ ബഹദൂർ ശാസ്ത്രിയും ഇന്ദിരാഗാന്ധിയും ഇസ്മാഈൽ സാഹിബിനെ വളരെയധികം ബഹുമാനിച്ചിരുന്നു. ഇസ്മാഈൽ സാഹിബ് വിശുദ്ധഹജ്ജ് കർമ്മം നിർവ്വഹിക്കാൻ പോകാനൊരുങ്ങിയപ്പോൾ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി സൗദി അറേബ്യയിലെ ഇന്ത്യൻ അമ്പാസഡർക്ക് നൽകാൻ ഒരെഴുത്ത് ഏൽപ്പിച്ചു. കത്തിൽ ഇസ്മാഈൽ സാഹിബിനാവശ്യമായ ഒത്താശകൾ ചെയ്തുകൊടുക്കണമെന്ന് പ്രത്യേകം എഴുതിയിരുന്നു. കത്ത് ഇസ്മാഈൽ സാഹിബ് ഭദ്രമായി സൂക്ഷിച്ചുവെച്ചു. ഹജ്ജ് വേളയിൽ പലപ്പോഴും അമ്പാസഡറെ കണ്ടപ്പോൾ ഖാഇദേമില്ലത്ത് കത്ത് നൽകിയില്ല. ഹജ്ജ് കഴിഞ്ഞു തിരിച്ചുവരാനായപ്പോൾ പാർലമെന്റംഗമായ ഇസ്മാഈൽ സാഹിബിനെ യാത്രയയക്കാൻ എത്തിയ അംബാസഡറോട് പ്രധാനമന്ത്രിയുടെ ഒരു വ്യക്തിപരമായ കത്ത് തന്റെ കൈവശമുണ്ട് എന്ന് പറഞ്ഞു. അപ്പോൾ അത് അദ്ദേഹത്തിന് നൽകി. സഊദി അറേബ്യയിൽ എത്തിയ ഉടൻ നൽകേണ്ട പ്രധാനമന്ത്രിയുടെ കത്ത് ഹജ്ജ് കഴിഞ്ഞ് മടങ്ങുന്ന ദിവസം തന്നെ ഏൽപ്പിച്ച ഇസ്മാഈൽ സാഹിബിന്റെ 'പ്രത്യേകത' ഇന്ത്യൻ അംബാസഡറെ അത്ഭുതപ്പെടുത്തി.

ഹരിയാന സംസ്ഥാന രൂപീകരണം പഞ്ചാബിന്റെ തലസ്ഥാനമായ ചാണ്ഡിഗറിനെ സംബന്ധിച്ച് വലിയൊരു പ്രതിസന്ധി സൃഷ്ടിച്ചു. പഞ്ചാബും ഹരിയാനയും തമ്മിൽ അതിർത്തികളെപ്പറ്റിയും നദികളെപ്പറ്റിയും ഭക്രാനംഗൽ ജലപദ്ധതിയിൽനിന്നുള്ള ജല ഉപയോഗത്തെ സംബന്ധിച്ചുമുള്ള തർക്കങ്ങളിലേറ്റവും ഗുരുതരമായ പ്രശ്നം ചാണ്ഡിഗറിനുള്ള അവകാശവാദമായിരുന്നു. ചാണ്ഡിഗറിന്റെ കാര്യം ആലോചിക്കാൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി രാഷ്ട്രീയനേതാക്കന്മാരുടെ യോഗം വിളിച്ചുകൂട്ടി. പഞ്ചാബിന്റെയും ഹരിയാനയുടെയും തലസ്ഥാനമായ ചാണ്ഡിഗർ കേന്ദ്രഭരണപ്രദേശമായി തുടരാൻ യോഗം തീരുമാനിച്ചു. ഹരിയാന ഗവൺമെന്റ് ഒരു പുതിയ തലസ്ഥാനനഗരി നിർമ്മിക്കുമ്പോൾ അതിന്റെ ചെലവിലേക്കുള്ള സംഖ്യ പഞ്ചാബ് നൽകണമെന്ന ഇസ്മാഈൽ സാഹിബിന്റെ നിർദ്ദേശം പ്രധാനമന്ത്രിയും ബന്ധപ്പെട്ട കക്ഷികളും സ്വാഗതം ചെയ്തിരുന്നുവെന്ന വസ്തുത ഇന്നത്തെ തലമുറയിൽ അധികപേർക്കും അറിയാത്ത സത്യമാണ്.

5 അഭിമാനപൂർവ്വമായ അസ്തിത്വത്തിന് മുസ്‌ലിംലീഗ്

പാർലമെന്റിലേറ്റവും ആദരിക്കപ്പെട്ട അംഗങ്ങളിലൊരാളായിരുന്നു ഖാഇദേമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്. കേന്ദ്രഭരണഘടനാ നിർമ്മാണസഭയിലും, പിന്നീട് ലോക്സഭയിലും ഇസ്മാഈൽ സാഹിബ് ചെയ്ത പ്രസംഗങ്ങൾ കാര്യമാത്രപ്രസക്തമായിരുന്നു. നിസ്വാർത്ഥനും സത്യസന്ധനും രാജ്യ സ്നേഹിയുമായ ഒരു നേതാവായിട്ടാണ് എതിരാളികൾപോലും അദ്ദേഹത്തെ വിലയിരുത്തിയത്. തന്റെ സമുദായത്തിന്റെ മാനം കാക്കാൻ അദ്ദേഹം എന്തു ത്യാഗത്തിനും തയ്യാറായിരുന്നു. ഇന്ത്യയും ചൈനയും തമ്മിൽ യുദ്ധമുണ്ടായപ്പോൾ 'രാജ്യത്തിനുവേണ്ടി തന്റെ ഏകപുത്രനെ പ്രധാനമന്ത്രിക്ക് അർപ്പിക്കുകയാണെന്നും ഈ രാജ്യത്തിനുവേണ്ടി യുദ്ധരംഗമടക്കം ഏത് സേവനത്തിനും അവനെ ഉപയോഗിക്കാമെന്നും' പ്രധാനമന്ത്രിക്കയച്ച കത്തിൽ ഖാഇദേമില്ലത്ത് എഴുതി. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഖാഇദേമില്ലത്തിനെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് ഈ കത്തിന് മറുപടി എഴുതി. ആവശ്യമാവുന്ന സാഹചര്യത്തിൽ പരിഗണിക്കുമെന്നും കത്തിൽ പറഞ്ഞു. ഖാഇദേമില്ലത്തിന്റെ രാജ്യസ്നേഹത്തിന് തിളക്കമാർന്ന രേഖകളാണ് ഈ കത്തും മറുപടിയും.

ഖായിദേമില്ലത്തിന്റെ സ്മരണക്കായി ഒരു സ്റ്റാമ്പ് ഇറക്കണമെന്ന ആവശ്യവുമായി പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവുവിനെ ഞാൻ ഒന്നിലധികം തവണ സന്ദർശിച്ചിരുന്നു. ഇസ്മാഈൽ സാഹിബിനെ നേരിട്ടറിയാമായിരുന്ന റാവു അതിനുടൻ സമ്മതിച്ചിരുന്നുവെങ്കിലും അന്നു വാർത്താവിനിമയ മന്ത്രിയായിരുന്ന സുഖ്റാം കുറച്ചുമടികാണിച്ചു. ഞാൻ വീണ്ടും പ്രധാനമന്ത്രി റാവുവിനെ കാണുകയും മദ്രാസിൽനിന്ന് സമദ് സാഹിബ് അയച്ചുതന്ന ഇസ്മാഈൽ സാഹിബിന്റെ ചരിത്രമുൾക്കൊള്ളുന്ന ഇംഗ്ലീഷ് ലഘുലേഖ അദ്ദേഹത്തിന് നൽകുകയും ചെയ്തപ്പോൾ റാവു പറഞ്ഞു. ''അദ്ദേഹം ഒരു നേതാവ് മാത്രമല്ല, വലിയൊരു മനുഷ്യനുമായിരുന്നു.'' പ്രധാനമന്ത്രി ഉടൻ സുഖ്റാമിനെ എന്റെ സാന്നിധ്യത്തിൽ വിളിച്ചു ഇസ്മാഈൽ സാഹിബിന്റെ സ്മാരക സ്റ്റാമ്പ് പുറത്തിറക്കാൻ നിർദ്ദേശം നൽകി.

പ്രസിദ്ധ മതേതരവാദിയും ''സെക്യൂലർ ഡെമോക്രസി'' എന്ന വാരികയുടെ അധിപയും വാജ്പെയിക്കെതിരെ ആദ്യകാലങ്ങളിൽ മത്സരിച്ച കോൺഗ്രസ്സ് സ്ഥാനാർത്ഥിയുമായിരുന്ന ശ്രീമതി. സുഭദ്രാ ജോഷി ഒരു ദിവസം പറഞ്ഞു. ''ഇസ്മാഈലും കൂട്ടുകാരും കോൺഗ്രസിനെ കയ്യടക്കണം. കളങ്കമില്ലാത്ത കറകളഞ്ഞ നിസ്വാർത്ഥനായ ഇസ്മാഈലിനെ പോലുള്ളവർക്കേ കോൺഗ്രസ്സിനെ രക്ഷിക്കാനാവൂ. ഇസ്മാഈലും കൂട്ടുകാരും കോൺഗ്രസിനെ പിടിച്ചടക്കികൊടുക്കുന്നവരായിത്തീരണം. കോൺഗ്രസ്സിലുള്ളവർ 'വാങ്ങുന്നവർ' മാത്രമാണ്.''

സുഭദ്രാ ജോഷി ഒന്നുകൂടി പറഞ്ഞു: ''ഇസ്മാഈൽ സാഹിബിനോട് ഇന്ത്യയുടെ പ്രസിഡന്റാവാൻ പറഞ്ഞാൽ അദ്ദേഹം തന്റെ താടിരോമങ്ങളിൽ കൈചലിപ്പിച്ചു തിരച്ചങ്ങോട്ടു ചോദിക്കും. അപ്പോൾ ഞാൻ ഇന്ത്യുയുടെ പ്രസിഡന്റായി തീർന്നാൽ അതുകൊണ്ട് എന്റെ സമുദായത്തിനുവേണ്ടി എനിക്ക് എന്ത് ചെയ്യാൻ കഴിയും? ഇതാണ് ഇസ്മാഈൽ''

ഇസ്മാഈൽ സാഹിബിന്ന്, ഇന്ത്യൻ മുസ്‌ലിംകളുടെ ഭാവി മാത്രമായിരുന്നു ഒരേയൊരു ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്ക് വേണ്ടി മാത്രം ജീവിച്ച ത്യാഗിവര്യനു സമുദായം നൽകിയ ഓമനപ്പേരാണ് 'ഖാഇദേമില്ലത്ത്' (സമുദായ നായകൻ). അതിനദ്ദേഹം തികച്ചും അർഹനായിരുന്നുവെന്ന് അദ്ദേഹത്തിന്റെ പ്രവർത്തനം ജീവിക്കുന്ന തെളിവുകൾ നൽകുന്നു.

ഹുസൈൻ ശഹീദ് സുഹ്റവർദി സ്വാതന്ത്ര്യാനന്തരം കൽക്കത്തയിൽ ഇന്ത്യൻ മുസ്‌ലിം നേതാക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടി. ഇന്ത്യാവിഭജനത്തിനുമുമ്പ് അവിഭക്ത ബങ്കാളിലെ മുഖ്യമന്ത്രി ആയിരുന്നു എച്ച്.എസ്. സുഹ്റവർദ്ദി. മാറിയ രാഷ്ട്രീയ പരിതസ്ഥിതിയിൽ ഇന്ത്യൻ മുസ്‌ലിംകളുടെ ഭാവിയെ സംബന്ധിച്ച് ചർച്ചചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സംരംഭമായതുകൊണ്ടും, ഗാന്ധിജിയുമായി ചേർന്നു സുഹ്റവർദ്ദി നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങളും കണക്കിലെടുത്തപ്പോൾ 'കൽക്കത്ത മീറ്റ്' വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു. ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയഭാവിയെ സംബന്ധിച്ചിടത്തോളം തന്റെ വ്യക്തിപരമായ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷമകരമായ അസൗകര്യം കണക്കിലെടുക്കാതെ ആയിരുന്നു അന്നദ്ദേഹം കൽക്കത്തയിലേക്ക് പോയത്. താൻ അന്ന് കൽക്കത്തയിൽ പോയി, സമുദായത്തിന്റെ ഭാവിയെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത്, തന്റെയും താൻ പ്രതിനിധാനം ചെയ്യുന്ന ജനവിഭാഗത്തിന്റെയും ഭാവിയെ സംബന്ധിച്ച അഭിപ്രായം പ്രകടിപ്പിച്ചില്ലായിരുന്നുവെങ്കിൽ അതൊരു മഹാപാതകമായിത്തീരുമായിരുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു.

അന്ന് വൈകുന്നേരം കൽക്കത്താ മെയിലിൽ ഇസ്മാഈൽ സാഹിബിനെ സീതിസാഹിബ് കാത്തിരിക്കുകയായിരുന്നു. വണ്ടിപുറപ്പെടാറായിട്ടും ഇസ്മാഈൽ സാഹിബിനെ കാണാതിരുന്നപ്പോൾ സീതി സാഹിബ് വിഷണ്ണനായി. വണ്ടി പുറപ്പെടും മുമ്പുതന്നെ ഇസ്മാഈൽ സാഹിബ് എത്തി. സമയനിഷ്ഠക്ക് പ്രസിദ്ധനായ കെ.എം.സീതിസാഹിബിന്റെ സ്വഭാവമറിയാമായിരുന്ന ഇസ്മാഈൽ സാഹിബ് കുറ്റബോധ

ത്തോടെ ക്ഷമാപണം നടത്തി. താൻ വൈകാനുള്ള കാരണം വിവരിച്ചുകൊടുത്തു.

താൻ പുറപ്പെടാൻ സമയം വീട്ടിൽ നിർഭാഗ്യകരമായ സംഭവമുണ്ടായി. ഭാര്യ കോണിപ്പടിയിൽ നിന്ന് വീണു. തുടയെല്ല് പൊട്ടി. ഡോക്ടറെ വിളിച്ചുവരുത്താൻ നേരമില്ലായിരുന്നു. ഭാഗ്യത്തിന് തൊട്ടയൽവാസി അവിടെയുണ്ടായിരുന്നു. 'മിയാഖാനെ വീട്ടിൽ വിളിച്ചുവരുത്താനും ഡോക്ടറെ വിളിക്കാനും അയൽവാസിയെ ഏൽപ്പിച്ചിട്ടാണ് ഞാൻ ഇങ്ങോട്ട് പോന്നത്. സീതിസാഹിബ് താങ്കൾ ക്ഷമിക്കണം'. ഇസ്മാഈൽ സാഹിബിന്റെ ഈ വിവരണം സീതിസാഹിബിനെ സ്തബ്ധനാക്കി. 'താങ്കൾ എന്തിന് വന്നു' എന്ന് സീതിസാഹിബിനെ കൊണ്ട് ചോദിക്കുന്നതിനു മുമ്പ് ഇസ്മാഈൽ സാഹിബ് സ്വയം പറഞ്ഞു 'എല്ലാം അല്ലാഹുവിന്റെ കയ്യിൽ'.

കൽക്കത്തയിൽ അന്ന് എച്ച്.എസ്. സുഹ്റവർദ്ദി വിളിച്ചുക്കൂട്ടിയ ഈ യോഗത്തിൽ വെച്ചായിരുന്നു ഇന്ത്യൻ മുസ്ലിംകൾക്ക് രാഷ്ട്രീയസംഘടന വേണ്ടായെന്ന വാദത്തെ ഇസ്മാഈൽ സാഹിബും സീതി സാഹിബും ശക്തമായി എതിർക്കുകയും തൽഫലമായി സുഹ്റവർദ്ദിയെ അനുകൂലിച്ചിരുന്ന പല മൗലാനമാരും അവരുടെ അഭിപ്രായം മാറ്റി ഇസ്മാഈൽ സാഹിബിന്റെ വാദത്തെ അനുകൂലിക്കുകയും ചെയ്തത്. വിഷണ്ണനായ സുഹ്റവർദ്ദി ക്ഷീണസ്വരത്തിൽ അന്നു പറഞ്ഞുവത്രെ, തെക്കുനിന്നു വന്ന രണ്ടു ദ്രാവിഡർ (ഇസ്മാഈൽ സാഹിബിനെയും സീതി സാഹിബിനെയും ഉദ്ദേശിച്ച്) എന്റെ എല്ലാ സ്വപ്നങ്ങളെയും തകർത്തുകളഞ്ഞു. അതിന്റെ തുടർച്ചയായി സുഹ്റവർദ്ദി പാക്കിസ്താനിലേക്ക് ചേക്കേറുകയും അവിടുത്തെ പ്രധാനമന്ത്രിയായിത്തീരുകയും ചെയ്തു.

ഇസ്മാഈൽ സാഹിബ് ഇന്ത്യയിലെ ദശലക്ഷക്കണക്കായ മുസ്ലിംകളുടെ ഹൃദയത്തിന്റെ കൊട്ടാരത്തിൽ അവിസ്മരണീയനായ നേതാവായി.

സർവേന്ത്യാ മുസ്ലിംലീഗ് പാക്കിസ്ഥാൻ മുസ്ലിംലീഗായി മാറുന്നതിനുമുമ്പ് ഖാഇദേ അഅ്സം മുഹമ്മദലി ജിന്ന (പാക്കിസ്താന്റെ ഗവർണ്ണർ ജനറലായിരുന്നു) വിളിച്ചുക്കൂട്ടിയ സർവ്വേന്ത്യാ ലീഗിന്റെ അവസാനയോഗത്തിൽ അന്നത്തെ മുസ്ലിംലീഗ് ജനറൽ സെക്രട്ടറിയും പാക്കിസ്താന്റെ പ്രഥമ പ്രധാനമന്ത്രിയുമായിരുന്ന നവാബ് ലിയാഖത്തലിഖാനോട് ഖായിദേമില്ലത്ത് നടത്തിയ അപേക്ഷ കേട്ട് അന്ന് അവിടെ ഉണ്ടായിരുന്ന പലരുടെയും കണ്ണ് നനഞ്ഞി. ധീരനും ദൃഢചിത്തനുമായിരുന്ന ഇസ്മാഈൽ സാഹിബ് ലിയാഖത്തലിഖാനോട് പറഞ്ഞു:

''നവാബ് സാദാ, നമ്മൾ സഹപ്രവർത്തകന്മാരായിരുന്നു. നമ്മൾ ഒന്നിച്ചു പ്രവർത്തിച്ചു. ഒന്നിച്ചു എതിർപ്പുകൾ നേരിട്ടു. ഞാനും അങ്ങയും തമ്മിലുള്ള വ്യക്തിബന്ധം ആത്മബന്ധമായി തീർന്നു. പക്ഷേ അങ്ങ് ഇപ്പോൾ പാക്കിസ്താന്റെ പ്രധാനമന്ത്രിയാണ്. ഞാൻ ഇന്ത്യൻ മുസ്ലിംകളുടെ വിനീതനായ പ്രതിനിധി. എനിക്ക് ഒരേയൊരു അപേക്ഷ മാത്രമേ പാക്കിസ്താൻ പ്രധാനമന്ത്രിയുടെ മുമ്പിൽ വെക്കാനുള്ളൂ. നമ്മളിപ്പോൾ രണ്ടു രാഷ്ട്രങ്ങളാണ്. ഞങ്ങൾ ഇന്ത്യക്കാരും നിങ്ങൾ പാക്കിസ്താനികളും. ഇന്ത്യയിലെ മുസ്ലിംകളെപ്പറ്റി സംസാരിക്കുവാനും വാദിക്കുവാനും ഒന്നും താങ്കൾക്ക് അവകാശമില്ല. നിങ്ങൾ പാക്കിസ്താന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുക. ഞങ്ങളുടെ കാര്യം ഞങ്ങൾ നോക്കികൊള്ളാം. അല്ലാഹു വിധിച്ചത് ഞങ്ങൾ അനുഭവിച്ചുകൊള്ളാം."

ഇതിനുപുറമെ പാക്കിസ്താൻ മുസ്ലിംലീഗായി സർവ്വേന്ത്യാ ലീഗ് മാറിയപ്പോൾ അന്ന് നാല് ലക്ഷത്തിലധികം രൂപ ബാങ്കിൽ നീക്കിയിരിപ്പുണ്ടായരുന്നു. ഇന്ത്യൻ മുസ്ലിംലീഗ് ശാഖകൾക്കുണ്ടായിരുന്ന ഈ ഓഹരി ഈസ്മാഈൽ സാഹിബ് നിരസിച്ചു. ഇന്ത്യയിൽ സംഘടനാ പ്രവർത്തനം നടത്താനുള്ള ഫണ്ട് ഞങ്ങൾ സ്വരൂപിച്ചുകൊള്ളും. പഴയ ലീഗിന്റെ ഭാഗമായി തുടരാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതൊരു ഉറച്ച തീരുമാനമായിരുന്നു.

അതുകൊണ്ടുതന്നെ 1948 മാർച്ച് 10ന് ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗെന്ന പുതിയ സംഘടനക്ക് ഖാഇദേമില്ലത്ത് നൽകിയ മുദ്രാവാക്യം, 'ഇന്ത്യൻ മുസ്ലിംകളുടെ അഭിമാനപൂർവ്വമായ അസ്തിത്വം' എന്നായിരുന്നു. ആ മുദ്രാവാക്യവുമായി നിഷ്ക്കാമമായ സേവനത്തിലൂടെ സമുദായ നന്മക്കും രാജ്യക്ഷേമത്തിനും വേണ്ടി പ്രവർത്തിച്ച മുസ്ലിംലീഗ് ഒന്നുകൂടി തെളിയിച്ചു. പഴയ സർവേന്ത്യാ മുസ്ലിംലീഗ് ഇന്ത്യയുടെ വിഭജനത്തിന് വേണ്ടി നിലകൊണ്ട സംഘടനയാണ് ഖാഇദേമില്ലത്ത് രൂപം നൽകിയ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗാവട്ടെ രാജ്യത്തിന്റെ ഐക്യത്തിനും അവിച്ഛിന്നതക്കും വേണ്ടിയും.

അത്രമാത്രം അത്യഗാധമായി തന്റെ ജനങ്ങളെ സേവിക്കാനും മുസ്ലിം സമുദായത്തിന് ഇന്ത്യൻ രാഷ്ട്രീയത്തിൽ അഭിമാനപൂർവമായ അസ്തിത്വത്തിനുവേണ്ടിയും പ്രക്ഷുബ്ദമായ ഇന്ത്യൻ രാഷ്ട്രീയ കൊടുങ്കാറ്റിൽ പതറാതെ അദ്ദേഹം പ്രവർത്തിച്ചു. മേഘാവൃദമായ അന്തരീക്ഷത്തിൽ അദ്ദേഹം രജത രേഖയായിരുന്നു. എതിർപ്പിന്റെ കുന്തമുനകളും ഭീഷണിയുടെയും പ്രലോഭനത്തിന്റെയും കൈപ്പും മധുരവും അവഗണിച്ച് എല്ലാം അല്ലാഹുവിൽ അർപ്പിച്ചു. മരണാനന്തരമുള്ള ചോദ്യം ചെയ്യലിനെ ധീരമായും സത്യസന്ധമായും നേരിടാനുള്ള ഒരുക്കത്തോടെ തന്റെ സമുദായത്തിന്റെ ഭാവിയെപറ്റിമാത്രം ചിന്തിച്ചു ജീവിച്ച ഖാഇദേമില്ലത്ത് സ്വതന്ത്ര്യാനന്തര ഇന്ത്യയിലെ മുസ്ലിംകളുടെ എക്കാലത്തെയും ചേതനയാണ്.

6 ഖാഇദേമില്ലത്തിന്റെ വിയോഗം

ഖാഇദേമില്ലത്തിന്റെ ആരോഗ്യസ്ഥിതി വഷളായിക്കൊണ്ടിരിക്കുന്ന വാർത്ത മദ്രാസിൽ നിന്നും കിട്ടിക്കൊണ്ടിരിന്നു. എ.കെ.എ അബ്ദുസ്സമദ് സാഹിബിനെയും ഖാജാമുഹിയുദ്ദീൻ, എ.കെ. റിഫായി തുടങ്ങിയ നേതാക്കളെയും തുടരെത്തുടരെ വിളിച്ചു അന്വേഷിച്ചുകൊണ്ടിരിക്കുമായിരുന്നു. അന്ന് വൈകുന്നേരം ബാഖഫി തങ്ങളുടെ പരിപാടി കണ്ണൂരിലായിരുന്നു. മഗ്‌രിബിന് ശേഷം സയ്യിദ് ഉമർ ബാഖഫി തങ്ങളും ചെറിയ മമ്മുക്കേയി സാഹിബും തിരുവനന്തപുരത്തുണ്ടായിരുന്ന സി.എച്ചുമായി ഫോണിൽ ബന്ധപ്പെട്ട ശേഷം ഒരു തീരുമാനമെടുത്തു. ഇസ്മാഈൽ സാഹിബിന്റെ രോഗം മൂർച്ഛിച്ചിരിക്കുകയാണ്. ബാഫഖി തങ്ങൾ വെസ്റ്റ്കോസ്റ്റ് എക്സ്പ്രസിന് ഉടനെ മദിരാശിയിലേക്ക് പുറപ്പെടണം. ബാഖഫി തങ്ങളെ ഞാനും അനുഗമിക്കണം അന്നു രാത്രി തന്നെ വെസ്റ്റ്കോസ്റ്റ് എക്സ്പ്രസിന് ബാഫഖി തങ്ങളോടൊപ്പം ഞാനും പുറപ്പെട്ടു. പിറ്റേന്ന് ഉച്ചക്കുശേഷം മദിരാശി സെൻട്രൽ സ്റ്റേഷനിലെത്തിയ തങ്ങളെ സ്വീകരിക്കുവാൻ സമദ് സാഹിബ് അടക്കമുള്ള നേതാക്കൻമാർ എത്തിയിരുന്നു. ബാഫഖി തങ്ങൾ അവിടെ എത്തിയപ്പോൾ എല്ലാവർക്കും വലിയ ആശ്വാസം. ഞങ്ങൾ നേരെ കിൽപാക്ക് മെഡിക്കൽകോളജ് ആശുപത്രിയിലേക്ക് പോയി. ഖാഇദേമില്ലത്ത് കിടക്കുന്ന കാഴ്ച കണ്ടപ്പോൾ മനസ്സ് വല്ലാതെ വേദനിച്ചു. ബാഫഖി തങ്ങൾ ഭക്തിനിൽഭരമായി പ്രാർഥന നടത്തി.

ഖാഇദേമില്ലത്തിന്റെ ജീവിതത്തിൽ നിന്നും നമുക്ക് പഠിക്കാൻ ഒട്ടേറെ പാഠങ്ങളുണ്ട്.പക്ഷേ 1948 ജനുവരി 29 -ാം തിയ്യതി അദ്ദേഹത്തിനുണ്ടായ അനുഭവം വർത്തമാനകാല ഇന്ത്യൻ മുസ്‌ലിംകൾക്കും വരുന്ന തലമുറകൾക്കും മറക്കാൻ കഴിയാത്ത ഒരു പാഠമായിരിക്കും

മുസ്‌ലിംലീഗ് സംഘടന നിലനിർത്താൻ ഖാഇദേമില്ലത്തും അനുയായികളും തീരുമാനം എടുത്തു കഴിഞ്ഞതായി അന്നത്തെ ഭരണവർഗ്ഗം അറിഞ്ഞു. രാഷ്ട്രീയ സംഘടനയായി പിരിച്ചുവിടുന്നതിന് പകരം അതു പുനഃസംഘടിപ്പിക്കുവാൻ ഇടയുള്ളതായി അറിഞ്ഞ അന്നത്തെ കേന്ദ്ര സർക്കാർ, ഇസ്മാഈൽ സാഹിബിനെ അതിൽനിന്നും പിന്തിരിപ്പിക്കുവാൻ ഏറ്റവും ഉന്നതമായ നിലയിൽ ശ്രമം നടത്തി. മദിരാശിയിലെ ഗവർണ്ണർ മന്ദിര (ഇന്നത്തെ രാജ്ഭവൻ)ത്തിൽ താമസിച്ചിരുന്ന ഗവർണർ ജനറൽ ആയിരുന്ന മൗണ്ട് ബാറ്റൺ പ്രഭു, ഇസ്മാഈൽ സാഹിബിനോട് കാണണമെന്ന് ആവശ്യപ്പെട്ടു. ഇസ്മാഈൽ സാഹിബും മൗണ്ട് ബാറ്റൺപ്രഭുവും തമ്മിലുള്ള കൂടിക്കാഴചയിൽ മുസ്‌ലിംലീഗ് സംഘടന പിരിച്ചിവിടണം എന്ന പ്രധാനമന്ത്രി നെഹ്റുവിന്റെ നിർദ്ദേശം അറിയിക്കുക എന്നതായിരുന്നു മുഖ്യലക്ഷ്യം. വിഭജനാനന്തര ഇന്ത്യയിൽ ജീവിക്കുന്ന ഇന്ത്യൻ മുസ്‌ലിംകളെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങളുടെ- സുരക്ഷിതത്വം, ശരീഅത്ത് പ്രാതിനിധ്യം, ഉർദുഭാഷ തുടങ്ങിയവ കാര്യത്തിൽ ഗവർമെന്റ് എന്തു ചെയ്യുന്നു എന്നറിയാൻ ആഗ്രഹിക്കുന്നതായി ഇസ്മാഈൽ സാഹിബ് മൗണ്ട് ബാറ്റൺ പ്രഭുവിനെ അറിയിച്ചു. മൗണ്ട് ബാറ്റൺ നൽകിയ മറുപടി ഇസ്മാഈൽ സാഹിബ് എന്നോട് പറഞ്ഞത് ഞാനോർക്കുന്നു. അത്തരം പ്രശ്നങ്ങളെപ്പറ്റിയൊന്നും ആലോചിക്കുവാൻ പ്രധാനമന്ത്രിക്ക് നേരം കിട്ടിയില്ല കാരണം അത്രയേറെ പ്രശ്നങ്ങളാണ് അന്ന് ഇന്ത്യ അഭിമുഖീകരിച്ചിരുന്നത്. ഇസ്മാഈൽ സാഹിബ് വിനയാന്വിതനായി മറുപടി പറഞ്ഞുവത്രേ: "ഒരു ജനാപത്യ ഭരണസംവിധാനത്തിൽ ന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനം അവർ ആഗ്രഹിക്കാത്ത കാലത്തോളം വേണ്ടെന്ന് വയ്ക്കാൻ എനിക്കെന്ത് അധികാരം? മുസ്‌ലിം ന്യൂനപക്ഷം സംഘടിക്കുന്നതും സംഘടിക്കാതിരിക്കുന്നതും അവരുടെ ഇച്ഛയാണല്ലോ അതു വേണ്ടെന്നു പറയാൻ പ്രഭോ. എനിക്കൊരു അധികാരവുമില്ല".

മൗണ്ട് ബാറ്റൺ പ്രഭുവിനെ കണ്ടു വിടപറയുമ്പോൾ മിസ്റ്റർ ഇസ്മാഈൽ ഒന്നു ആലോചിക്കു എന്നദ്ദേഹം പറഞ്ഞിരുന്നു: "പ്രഭോ ഞാൻ നിസ്സഹായനാണ്' എന്ന് ഇസ്മാഈൽ സാഹിബ് പറഞ്ഞതുകൂടി വായിക്കുമ്പോൾ ഖാഇദേമില്ലത്ത് കാണിച്ച ആത്മധൈര്യവും നിശ്ചയദാർഢ്യവും ചരിത്രത്തിൽ അതുല്യമായിത്തീരുന്നു.

പിറ്റേന്നു മുതൽ തനിക്കും സഹപ്രവർത്തകൻമാർക്കും മുസ്‌ലിംലീഗ് സംഘടയുമായി ബന്ധപ്പെട്ടവർക്കും ഉണ്ടായേക്കാവുന്ന വൻ ഭവിഷ്യത്തുകൾ മനസ്സിൽ കണ്ടുകൊണ്ട് ഇസ്മാഈൽ സാഹിബ് ഗവർണർ മന്ദിരം വിട്ടിറങ്ങി.

ഒട്ടേറെ ഭവിഷ്യത്തുകൾക്ക് വഴിമരുന്നിടുമായിരുന്ന, ഇസ്മാഈൽ സാഹിബും മൗണ്ട് ബാറ്റൺ പ്രഭുവും തമ്മിൽ നടന്ന ചർച്ച, അവിചാരിതമായ കാരണംകൊണ്ട് ഇന്ത്യൻ രാഷ്ട്രീയം അറിഞ്ഞിതേയില്ല. പിറ്റേന്ന് 1948 ജനുവരി 30-ന് മഹാത്മാഗാന്ധി വധിക്കപ്പെട്ട സംഭവം ഇന്ത്യയെ നടുക്കുകയും ഇന്ത്യൻ ജനതയെ തീരാ ദുഖത്തിലാഴ്ത്തുകയും ചെയ്തു. ഈ ദുരന്തത്തിനിടയിൽ മറ്റൊന്നിനെക്കുറിച്ചോർക്കാനും ഇന്ത്യൻ ജനതക്ക് കഴിഞ്ഞില്ല.

ജീവിതത്തിൽ ഒരിക്കലും ഒരു സ്ഥാനവും ഖാഇദേമില്ലത്ത് ആഗ്രഹിച്ചിരുന്നില്ല. മൗണ്ട് ബാറ്റൺ പ്രഭുവിന്റെ നിർദ്ദേശം സ്വീകരിച്ചിരുന്നുവെങ്കിൽ, ഒരുപക്ഷേ, ഇന്ത്യയിലെ ആദ്യത്തെ മുസ്‌ലിം രാഷ്ട്രപതി

ഇസ്മാഈൽ സാഹിബ് ആകുമായിരുന്നു. എന്നാൽ ഇസ്മാഈൽ സാഹിബിന്റെ വ്യക്തിത്വത്തെക്കുറിച്ച് നല്ലപോലെ അറിയാമായിരുന്ന സുഭദ്രാജോഷി പറഞ്ഞതുപോലെ, അത്തരം ഒരു സ്ഥാനം ആരു വെച്ചുനീട്ടിയാലും ഈ സ്ഥാനലബ്ധികൊണ്ട് എന്റെ സമുദായത്തിനുവേണ്ടി എനിക്കെന്തു ചെയ്യാൻകഴിയും എന്നദ്ദേഹം തിരിച്ചുചോദിക്കുമായിരുന്നു. അതായിരുന്നു ഇസ്മാഈൽ സാഹിബ്.

1972 ഏപ്രിൽ 5-നാണ് ഖാഇദേമില്ലത്ത് അന്തരിച്ചത്. മദ്രാസ്സ് സ്റ്റാൻലി മെഡിക്കൽ കോളജിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ ദിവസങ്ങൾ നീണ്ട തീവ്രപരിചരണത്തിനുപോലും അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാനായില്ല. ബാഫഖി തങ്ങൾ അടക്കമുള്ള മുതിർന്ന നേതാക്കളുടെയും അനുയായികളുടെയും സാന്നിധ്യത്തിൽ മയ്യിത്ത് അന്നുരാത്രി തന്നെ ക്രോംപെഡിലുള്ള ദയാ മൻസിലിലേക്ക് കൊണ്ടുപോയി. നൂറുകണക്കിന് വാഹനങ്ങളാണ് അന്ന് മൃതദേഹത്തെ അനുഗമിച്ചത്

പിറ്റേന്ന് ഉച്ചവരെ അണമുറിയാത്ത ജനപ്രവാഹമായിരുന്നു. തമിഴ്നാട്, കേരളം, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്ന് പ്രവർത്തകന്മാർ തങ്ങളുടെ പ്രിയനേതാവിനെ അവസാനനോക്കു കാണാൻ ഒഴുകിയെത്തി

വൈകിട്ടു മൂന്ന് മണിയോടെ പ്രത്യേക വാഹനത്തിൽ മൃതദേഹം മദ്രാസ് നഗരിയിലുള്ള ന്യൂകോളേജ് അങ്കണത്തിലേക്ക് കൊണ്ടുവന്നു. അവിടെ തടിച്ചുകൂടിയ പതിനായിരങ്ങൾ ജനാസ നമസ്ക്കാരത്തിൽ പങ്കുകൊണ്ടു. അതിനുശേഷം നവവാലള്ളാ മസ്ജിദിലേക്ക് മൃതദേഹം വിലാപയാത്രയായി കൊണ്ടുപോയി. മയ്യിത്ത്കട്ടിൽ ചുമക്കാൻ ഖാഇദേമില്ലത്തിനെ ഏറെ ബഹുമാനിച്ചിരുന്ന എം.ജി.ആർ. മുന്നിൽ തന്നെയുണ്ടായിരുന്നു. മയ്യിത്ത് ഖബറിലേക്കിറക്കാൻ വഴിയൊരുക്കിയതും വിങ്ങിപ്പൊട്ടുന്ന ജനങ്ങളെ നിയന്ത്രിച്ചു നിർത്താൻ മുന്നിൽ നിന്നതും എം.ജി.രാമചന്ദ്രനായിരുന്നു. ആർക്കോട് നവാബുമാരുടെ മൃതദേഹം മാത്രം അടക്കം ചെയ്ത ആ ഖബ്ർസ്ഥാനിൽ നവാബ് കുടുംബത്തിൽപ്പെടാത്ത ഒരേയൊരാൾ അന്ത്യവിശ്രമം കൊണ്ടത് ഖാഇദേമില്ലത്തായിരുന്നു.

ഔദ്യോഗിക സ്ഥാനങ്ങളൊന്നും വഹിച്ചിരുന്നില്ലെങ്കിലും ഖാഇദേമില്ലത്തിന്റെ ചരമദിനം ഇന്നും തമിഴ്നാട്ടിൽ ഔദ്യോഗികമായി ആചരിച്ചുവരികയാണ്. മാറിമാറിവന്ന ഭരണകൂടങ്ങളൊന്നും ഈ പതിവു തെറ്റിച്ചിട്ടില്ല. ഒരുപക്ഷേ, ഇന്ത്യയിൽ മറ്റൊരാൾക്കും കിട്ടാത്ത ഒരു ബഹുമതിയായ ഇതു ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടുകിടക്കും

1949 മെയ് 25-ന് ഭരണഘടനാ നിർമ്മണസഭയിൽ ചെയ്ത പ്രസംഗം

ഭരണഘടനാ നിർമ്മാണസഭയിൽ സർദാർ വല്ലഭായ് പട്ടേൽ അവതരിപ്പിച്ച ന്യൂനപക്ഷങ്ങളെ സംബന്ധിച്ച അഡൈസറി കമ്മിറ്റി റിപ്പോർട്ട് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് 1949 മേയ് 25-ന് ഖാഇദേമില്ലത്ത് മുഹമ്മദ് ഇസ്മാഈൽസാഹിബ് ചെയ്ത പ്രസംഗം ഒരു സുപ്രധാന ചരിത്രരേഖയാണ്. ഭരണഘടനാ നിർമ്മാണസമിതി, ആദ്യത്തെ കരട് ഭരണഘടനയിൽ (1946-ൽ) പാർലമെന്റ്-നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മുസ്ലിംകൾക്ക് സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നു. പിന്നീട് വിഭജനം നടന്ന സാഹചര്യത്തിൽ മാറിയ പരിതസ്ഥിതിയിൽ സംവരണം എടുത്തുകളയുന്ന ശുപാർശയാണ് അഡൈസറി കമ്മിറ്റി അവതരിച്ചത്. അഡൈസറി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നീക്കണമെന്ന ഭേദഗതികൾ ഇസ്മാഈൽ സാഹിബ് അവതരിപ്പിച്ചപ്പോൾ, ജസ്പത് റോയ് കപൂർ, സെസ്.എച്ച്.ലാരി, മഹാവീർത്യാഗി, ശിബൻലാൽ സക്സേന എന്നിവർ ക്രമപ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ഇസ്മാഈൽ സാഹിബിന്റെ ഭേദഗതികൾ തള്ളിക്കളയണമെന്ന് വാദിച്ചു. ഭരണഘടനാ നിർമ്മാണസഭാ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദ് ക്രമപ്രശ്നങ്ങൾ തള്ളിക്കളയുകയും ഇസ്മാഈൽ സാഹിബിനെ പ്രസംഗിക്കാൻ അനുവദിക്കുകയും ചെയ്തു. ഖാഇദേമില്ലത്തിന്റെ പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ മാത്രമാണ് താഴെ ഉദ്ധരിക്കുന്നത്.

"ഭരണഘടന പാസ്സാക്കുന്ന അവസാന നാളുകളിൽ ന്യൂനപക്ഷങ്ങളെയും അവരുടെ രാഷ്ട്രീയ സുരക്ഷിതത്വത്തെയും സംബന്ധിക്കുന്ന മുഴുവൻ പ്രശ്നങ്ങളും ഒരിക്കൽ കൂടി ഈ സഭയുടെ മുമ്പിൽ സമർപ്പിക്കുന്നത് ഈ വിഷയത്തിൽ പക്വതയോടെ പുനർചിന്തനം നടത്താൻ വേണ്ടി മാത്രമാണ്. ഈ വിഷയം ന്യൂനപക്ഷസമുദായത്തെ വളരെ സാരമായി ബാധിക്കുന്ന ഒന്നായതുകൊണ്ട് ഈ സന്ദർഭത്തിൽ സഭ ഒന്നുകൂടി അവ പുന:പരിശോധിക്കേണ്ടതാവശ്യമാണ്. സർ, അഡൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് പറയുന്നത് - ബഹു. സർദാർ പട്ടേൽ വിശദീകരിച്ചതും -കഴിഞ്ഞ പ്രാവശ്യം ഈ സഭ തീരുമാനങ്ങൾ എടുത്തതിന് ശേഷം 1947 ആഗസ്ത് മാസത്തോടെ ഇവിടെ സ്ഥിതിവിശേഷങ്ങൾ വളരെയേറെ മാറിക്കഴിഞ്ഞിരിക്കുന്നു എന്നതാണ്.

പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കൊഴികെ മറ്റാർക്കും നിയമപരമായ സംവരണം നൽകുന്നത് ശരിയായിരിക്കുകയില്ലെന്നു റിപ്പോർട്ടിൽ പറയുന്നു.സ്ഥിതിഗതികൾ മാറിയിട്ടുണ്ടെന്ന് ഞാനും സമ്മതിക്കുന്നു. സംശയങ്ങളും മുൻവിധികളും വെച്ചുപുലർത്തിയവർക്ക്, അതെല്ലാം തെളിയിക്കപ്പെടാത്തതാണെന്നവിധത്തിൽ അന്തരീക്ഷം തെളിഞ്ഞിരിക്കുന്ന ഒരു മാറ്റമാണ് ഇവിടെ

ഉണ്ടായിട്ടുള്ളത്. അത്തരം സംശയങ്ങൾ വെച്ചുനടന്നവർക്ക് അതെല്ലാം നീതികരിക്കാനാവാത്തതും അനാവശ്യവുമായിരുന്നുവെന്ന് മുസ്‌ലിംകൾ പ്രവർത്തനങ്ങളിലൂടെ തെളിയിച്ചിരിക്കുന്നു. രാജ്യത്തെ രക്ഷിക്കുന്നതിലും മാതൃരാജ്യത്തിന്റെ മാനം കാത്തുസൂക്ഷിക്കുന്നതിലും മുസ്‌ലിംകൾ മറ്റേതൊരു വിഭാഗത്തെയുംപ്പോലെ മുന്നണിയിലുണ്ടാകുമെന്ന് അവർ സംശയാതീതമായി തെളിയിച്ചിരിക്കുന്നു. സർ, നമ്മുടെ രാജ്യത്തുണ്ടായ മാറ്റം ഇതാണ്. പക്ഷേ, ഈ മാറ്റം മുസ്‌ലിംകൾക്കും ഇതര ന്യൂനപക്ഷങ്ങൾക്കും നൽകിയിട്ടുള്ള നസ്സാരമായ ആനുകൂല്യങ്ങൾ വേണ്ടെന്നുവെക്കാനുള്ള മാറ്റമല്ല: പ്രത്യുത, കൂടുതൽ നല്ലതും ഫലപ്രദവുമായ സംരക്ഷണം അവർക്ക് നൽകാനുള്ള മാറ്റമാണ്. ഇതാണ് എന്റെ അഭിപ്രായം. മുസ്‌ലിംകൾ ഉള്ളുതുറന്ന കലവറയില്ലാത്ത ഒരു സമുദായമാണെന്ന് ഇന്ന് നിലവിലുള്ള സ്ഥിതിവിശേഷം മനസ്സിലാക്കിത്തരുന്നു. അവർ പറയുന്നതിന്റെ അർത്ഥം അവർ മനസ്സിലാക്കുന്നവരാണ്. അവർ പറഞ്ഞത് അവർ പ്രവർത്തനങ്ങളിലൂടെ തെളിയിക്കുകയും ചെയ്തു. എന്നുവെച്ചാൽ മറ്റേതൊരു വിഭാഗത്തേക്കാളും ഒട്ടും കുറവില്ലാത്തവിധം മാതൃഭൂമിയോട് കൂറുപുലർത്തുന്നവരാണ് മുസ്‌ലിംകളെന്ന് അവർ തെളിയിച്ചിരിക്കുന്നു.

സർ, ബഹു. പ്രധാനമന്ത്രിയും, ബഹു. സർദാർ പട്ടേലും, മി. പ്രസിഡന്റ് അങ്ങയും, വളരെയേറെ വിശാലമനസ്കരും നീതിബോധമുള്ളവരുമാണെന്നത് ഒരു വസ്തുതയാണ്. ജനങ്ങളിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും അങ്ങയെ സംബന്ധിച്ചിടത്തോളം പരമമായ വിശ്വാസമുണ്ട്. അതൊരു കാര്യം. എന്നാൽ ഗവർമെന്റിലുള്ള ഓരോരുത്തരും ഇത്തരം നീതിബോധമുള്ളവരാണോ എന്നത് മറ്റൊരു കാര്യമാണ് . ഞാൻ പറയുന്നത്, ഗവർമെന്റിന്റെ തലവൻമാർ വിശാലമനസ്കരും നീതിബോധവുമുള്ളവരുമാണ് എന്നാണ്. എന്നാൽ എല്ലായിടങ്ങളിലും എപ്പോഴും അവരുണ്ടാവുകയില്ല. അതുകൊണ്ടുതന്നെ ജനങ്ങളിൽ ഒരു വിഭാഗത്തിന് പലപ്പോഴും നൈരാശ്യവും അസംതൃപ്തിയും അനുഭവിക്കേണ്ടിവരുന്നു.....

സർ, ഒരു കാര്യം ഉറപ്പിച്ചും തറപ്പിച്ചും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു സമുദായമെന്ന നിലയിൽ മുസ്‌ലിംകൾ സംവരണം വേണ്ടെന്ന് വെക്കുകയില്ല. മാത്രമല്ല നിയമനിർമ്മാണസഭയിൽ ശരിയായ പ്രാതിനിധ്യം ലഭിക്കാൻ പ്രത്യേക നിയോജക മണ്ഡലവ്യവസ്ഥ നിലനിർത്താനും വാദിക്കുന്നു. ഇന്നും ഇന്ത്യൻ മുസ്‌ലിംകളുടെ പ്രാതിനിധ്യ സംഘടനയായ മുസ്‌ലിംലീഗ് ഒന്നിലേറെ തവണ സംവരണം നിലനിർത്താൻ മാത്രമല്ല, പ്രത്യേക നിയോജകമണ്ഡലവ്യസ്ഥ നിലനിർത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. മുസ്‌ലിം ന്യൂനപക്ഷത്തെ സംബന്ധിച്ചിടത്തോളം ഇതാണ് നില.....

നമുക്കാവശ്യം യോജിപ്പാണ്. സമുദായ സൗഹാർദ്ദമാണ്. ശാരീരികമായ ഐക്യമോ അടിച്ചൽപ്പിക്കപ്പെട്ട ഒരുമയോ അല്ല ഈ രാജ്യത്തെ ജനങ്ങളെ ഒരു മതത്തിന്റെ മാത്രം അനുയായികളോ ഒരുതരത്തിൽ മാത്രമുള്ള വിശ്വാസത്തിലുള്ളവരോ ആക്കിത്തീർക്കുകയല്ല വേണ്ടത്. ഐക്യത്തിന് വേണ്ടി വാദിക്കുന്നവർ അത് ചെയ്യരുത്. ഐക്യമെന്നാൽ സൗഹാർദ്ദം എന്നാണർത്ഥം. വിവിധ ജനങ്ങളിൽ വിവിധ തരക്കാരെ ഈ രാജ്യത്തായാലും ലോകത്തിലുള്ളതായാലും നീക്കുപോക്കുകൾ കൊണ്ട് പരസ്പരം ഒരുമിപ്പിച്ചുകൊണ്ടുപോകുക. ഇങ്ങനെയുള്ള യോജിപ്പും ഐക്യവും എല്ലാവർക്കും സന്തുഷ്ടിയും സംതൃപ്തിയും ഉണ്ടായാൽ മാത്രമേ സാധ്യമാവൂ. ഏത് വിഭാഗത്തിനായാലും അവരെ വിഷമിപ്പിക്കാതിരിക്കുകയും അവർ പറയുന്നത് കേൾക്കുകയും അവരും മനുഷ്യരാണെന്ന് കരുതുകയും ചെയ്താലേ ഈ ഐക്യം സാധ്യമാവൂ".(25-05-1949)

ബാഫഖിതങ്ങൾ: ഉഗ്രപ്രതാപിയായ രാഷ്ട്രീയ നേതാവ്

കേരള മുസ്‌ലിംകളുടെ രാഷ്ട്രീയ ചരിത്രത്തിൽ അത്യപൂർവ്വമായ സ്വധീനശക്തി നിലനിർത്തിയ മഹോന്നത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു സയ്യിദ് അബ്ദുറഹ്മാൻ ബാഖഫിതങ്ങൾ. ഒരു സമൂഹത്തിന്റെ വൈവിധ്യമാർന്ന പ്രശ്നങ്ങൾ അറിയുന്നതിനും ഇടപെടുന്നതിനും കണ്ടെത്തുന്നതിനും അദ്ദേഹത്തിന്റെ തിളക്കമാർന്ന വ്യക്തിത്വത്തിനു കഴിഞ്ഞു.

വ്യക്തിപരമായി തങ്ങളുമായി ഇടപെട്ട ഒരാളാണ് ഞാൻ. എന്നാൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ നാനാവശങ്ങളെക്കുറച്ച് വിവരിക്കുന്നത് ശ്രമകരമാണ്

കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ വണ്ടികയറാൻ ബാഖഫിതങ്ങൾ എത്തുന്നു. ആ രാഷ്ട്രീയ അതികായൻ സ്റ്റേഷനിലേക്ക് കടന്നുവരുമ്പോൾ ചുറ്റുപാടുമുള്ള എല്ലാവരുടെയും ശ്രദ്ധ അദ്ദേഹത്തിന്റെ പൊക്കവും വസ്ത്രധാരണരീതിയും തലപ്പാവും പുഞ്ചിരിയുമെല്ലാം ആരെയും ആകർഷിക്കുന്നതായിരുന്നു. റെയിൽവേസ്റ്റേഷനിൽ നിൽക്കുമ്പോൾ ചുറ്റും ആളുകൾ കൂടി. അതിൽ ഒരാൾ തങ്ങളുടെ കൈപിടിച്ച് സലാം ചൊല്ലി. സലാം മടക്കി ഉടനെ സംസാരിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ മഹല്ലിലെ പ്രശ്നമായിരുന്നു വിഷയം. പ്രശ്നത്തിൽ തങ്ങൾ ഇടപെട്ടതായിരുന്നു. തങ്ങൾ അദ്ദേഹത്തിന് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകി. തൊട്ടുടുത്ത മറ്റൊരാൾ തങ്ങളുടെ കൈപിടിച്ചു ചുംബിച്ചു. അദ്ദേഹത്തിന് പറയാനുള്ളത് ഗൾഫിലുള്ള മകന്റെ ദുരവസ്ഥയായിരുന്നു. ബാഫഖിതങ്ങളെ നേരത്തെ അറിയിച്ച പ്രശ്നമാണിത്. ഗൾഫിലെ ഒരു പ്രമുഖന്റെ പേരും ടെലിഫോൺ നമ്പറും തങ്ങൾ ഉടൻ പറഞ്ഞുകൊടുത്തു. താൻ പറഞ്ഞുകൊടുത്ത ആളെ പോയി കണ്ടു പറഞ്ഞാൽ സംഗതി ശരിയായിക്കൊള്ളുമെന്ന ഉപദേശവും നൽകി.

മൂന്നാമതൊരാൾ തങ്ങളുടെ കൈപിടിച്ചുകുലുക്കി അദ്ദേഹം ഒരു അഭിഭാഷകനായിരുന്നു. ഉടൻ തന്നെ അദ്ദേഹം പ്രാക്ടീസ് ചെയ്യുന്ന കോടതിയിലെ പ്രാമാദമായ കേസിനെപ്പറ്റിയും കെ കുഞ്ഞിരാമമേനോൻ വക്കീലുമായി ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ച കാര്യവും ഈ വക്കീലിനെ ബാഖഫിതങ്ങൾ അറിയിച്ചു. തൊട്ടുടുത്ത ആൾക്ക് ബാഖഫിതങ്ങളോട് പറയാനുണ്ടായിരുന്നത് അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി നിർമ്മിക്കുന്ന മസ്ജിദിനെപ്പറ്റിയായിരുന്നു. തങ്ങൾ പറഞ്ഞു: "ഞാൻ ആ പള്ളി കണ്ടു" എന്നിട്ട് ഒരു നിർദ്ദേശവും, 'ഹൗള് നിർമ്മാണത്തിൽ കുറച്ച് ശ്രദ്ധ വെക്കണം. വുളൂ എടുക്കുന്നവർക്ക് കുറച്ചുകൂടി സൗകര്യം കിട്ടണമല്ലോ'. എന്നിട്ട് അതിന്റെ പ്ലാൻ കൈകൊണ്ട് ആംഗ്യം കാണിച്ച് എങ്ങനെ വേണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ബാഖഫിതങ്ങളുടെ കൈപിക്കുന്നത് വടകരയിലെ ഒരു ബിസിനസ്സുകാരനാണ്. മലഞ്ചരക്ക് മാർക്കറ്റിനെക്കുറിച്ചാണ് അയാൾക്ക് സംസാരിക്കാനുണ്ടായിരുന്നത്. കുരുമുളകിന്റെ വിലയിടവ്, കൊപ്രയുടെ മാർക്കറ്റ് അങ്ങനെ പോയി വർത്തമാനം. പിന്നെ തങ്ങളുടെ കൈപിടിച്ചുകുലുക്കിയത് ഒരു ചെറുപ്പുക്കാരൻ. മുസ്‌ലിം വിദ്യാർത്ഥി പ്രസ്ഥാന പ്രവർത്തകൻ. വിദ്യാർത്ഥി ജീവിതത്തെക്കുറിച്ചാണ് അയാൾക്ക് പറയാനുണ്ടായിരുന്നത്. ദീനീ(മത) വിദ്യാഭ്യാസം മറന്നുപോകരുതെന്ന ഉപദേശം തങ്ങൾ നൽകി. ഉടനെ തങ്ങളുടെ കൈപിടിച്ചത് മുസ്‌ലിംലീഗിന്റെ രാഷ്ട്രീയ സഖ്യകക്ഷികളിലൊന്നിന്റെ നേതാവായിരുന്നു. കേന്ദ്രഭരണത്തിലുള്ള തന്റെ പാർട്ടിയിലെ മന്ത്രിമാരുടെ ചില തീരുമാനങ്ങളെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ പരാമർശം. തുടർന്ന് കൈപിടിച്ചത് ഒരു ഡോക്ടർ. അദ്ദേഹം ജോലി ചെയ്യുന്ന ആസ്പത്രിയിലെ ഡോക്ടർമാരെക്കുറിച്ചും അവിടെ ചികിത്സയിൽ കഴിയുന്ന, ബാഫഖിതങ്ങൾക്കറിയാവുന്ന രോഗികളെക്കുറിച്ചുമായിരുന്നു സംസാരം. തന്റെ ഇഷ്ടഡോക്ടർ സി.കെ രാമചന്ദ്രൻ ഒരു പുതിയ മരുന്നിനെപ്പറ്റി പറഞ്ഞുകൊടുത്തതും ഡോക്ടർമാരുടെ പ്രശ്നങ്ങളും ആ ഡോക്ടറുമായി സംസാരിച്ചു. ഇത്രയാവുമ്പോഴേക്കും ചന്ദ്രികയിലെ ഏറ്റവും സീനിയറായ പ്രതിനിധി, പലപ്പോഴും ബാഫഖിതങ്ങളോടൊപ്പം യാത്ര ചെയ്യാറുമുള്ള എം.എം.അലിക്കുഞ്ഞിസാഹിബ് അവിടെയെത്തി ഉടൻതന്നെ തങ്ങൾ അലിക്കുഞ്ഞിസാഹിബിനോട് ചന്ദ്രികക്കുള്ള നിർദ്ദേശങ്ങൾ നൽകുകയായി. ചന്ദ്രികയിലെ അങ്ങാടിനിലവാരം ആദ്യത്തെ എഡിഷനിൽത്തന്നെ അച്ചടിക്കണം. എങ്കിൽ മാത്രമേ കൊച്ചിയിലെ കമ്പോളത്തിൽ അന്ന് രാവിലെ എത്തുകയുള്ളൂ. കൊപ്രയുടെ മാർക്കറ്റ് നിലവാരം ചേർക്കുമ്പോൾ പലപ്പോഴും ദിൽപാസ് കൊപ്രയുടെ കോഴിക്കോട് മാർക്കറ്റ് നിലവാരം മാറിപ്പോകുന്നുണ്ട്. അതു പറ്റില്ല. വി.സി.യോട്(ചന്ദ്രികയുടെ റസിഡന്റ് എഡിറ്റർ) ശ്രദ്ധിക്കാൻ പറയണം. ഇതു കഴിയുമ്പോഴേക്ക് ട്രെയിൻ വന്നു. ടിക്കറ്റ് എക്സാമിനർ ബാഫഖിതങ്ങളെ ആദരപൂർവ്വം ക്ഷണിക്കുന്നു. എല്ലാവരോടും സലാം പറഞ്ഞ് തങ്ങൾ തീവണ്ടിയിൽ കയറുന്നു. കമ്പാർട്ട്മെന്റിനുള്ളിലും ബാഖഫിതങ്ങളോട് കുശലപ്രശ്നം നടത്താൻ സഹയാത്രികർ.

ബാഫഖിതങ്ങൾ പറയുന്നതിൽ പലപ്പോഴും പ്രത്യേകതകൾ ഞാൻ കണ്ടിരുന്നു. അദ്ദേഹം പറഞ്ഞാൽ അക്കാര്യം എങ്ങനെയെങ്കിലും ശരിയായിവരും. ഒരനുഭവം വിവരിക്കട്ടെ.

പി.പി ഹസ്സൻകോയ സാഹിബിന്റെ മൂത്ത മകൾ ആയിഷയുടെ വിവാഹസ്വീകരണത്തിൽ പങ്കെടുക്കാൻ അന്നത്തെ കേരളാ ഗവർണർ വി.വി.ഗിരി എത്തി. കുറച്ചുകഴിഞ്ഞപ്പോൾ ബാഫഖിതങ്ങളും .

ബാഫഖിതങ്ങളെ ഹസൻകോയ സാഹിബ് ആദരപൂർവ്വം സ്വീകരിച്ചു. ബാഫഖിതങ്ങൾ ഗവർണറുടെ അടുത്തേക്ക് പോകാതെ ഞങ്ങളിരിക്കുന്ന സ്ഥലത്തെത്തി. പക്ഷേ, ഗവർണർ ഗിരി ബാഫഖിതങ്ങളെ കണ്ടപ്പോൾ എഴുന്നേറ്റ് തന്റെ അടുത്തുവരാൻ പറഞ്ഞു. ഹസ്സൻ കോയ സാഹിബ് തങ്ങളെ ഗിരിയുടെ കൂടെ കൊണ്ടുചെന്നിരുത്തി. തിരിച്ചുപോവുന്നതിനുമുമ്പ് ഒരു മൂലയിൽ മാറിനിന്ന എന്നെ കണ്ട് അരികിൽ വിളിച്ചു. "എനിക്കൊന്ന് കാണണം. ഞാൻ രണ്ടാളെ പറഞ്ഞുവിട്ടിരുന്നു". എനിക്കാ വിവരം കിട്ടിയില്ലെന്ന് ഞാനറിയിച്ചു. പിറ്റേന്ന് രാവിലെ താജ് ലോഡ്ജിൽ വന്നു കാണാൻ എന്നോടാവശ്യപ്പെട്ടു. പിറ്റേന്ന് താജ് ലോഡ്ജിൽ ഞാൻ അദ്ദേഹത്തെ ചെന്നുകണ്ടു. തങ്ങൾ പറഞ്ഞു: ''വക്കീലേ (അന്ന് എന്നെ അങ്ങനെയാണ് ബാഖഫിതങ്ങൾ വിളിക്കാറ്) എനിക്കൊരു പുതിയാപ്ലയെ വേണം. എനിക്ക് ഏറ്റവും അടുത്ത തനിക്കറിയാവുന്ന (ആളുടെ പേർ പറഞ്ഞിട്ടു) ആളിന്റെ സഹോദരിക്കുവേണ്ടി എനിക്ക് പെട്ടെന്ന് കിട്ടണം വിനയപൂർവ്വം ഞാൻ പറഞ്ഞു. "ശ്രമിച്ചുനോക്കാം". അപ്പോൾ തങ്ങൾ പറഞ്ഞു: "പറ്റില്ല, വക്കീൽ ശ്രമിക്കണം, കിട്ടും. എനിക്കുറപ്പുണ്ട്". ഞാൻ ബാഫഖിതങ്ങളോട് എതിർത്ത് പറഞ്ഞില്ല. പുറത്തുവന്നു സയ്യിദ് ഉമർ ബാഫഖിതങ്ങളോട് പറഞ്ഞു: "പുതിയാപ്ല എന്നാൽ ഷോപ്പിൽ നിന്ന് വാങ്ങേണ്ട സാധനമല്ലല്ലോ. വലിയ തങ്ങളോട് ഇതെങ്ങനെ പറയും?". അപ്പോൾ സയ്യിദ് ഉമർ തങ്ങൾ പറഞ്ഞു: "ശ്രമിച്ചുനോക്ക്, തങ്ങൾ പറഞ്ഞതല്ലേ, ശരിയാവും".

ഞാൻ അവിടെ നിന്നും താമസിക്കുന്ന ഹോട്ടലിലേക്കു പോയി. അപ്പോൾ അവിടെ ഒരു ചെറുപ്പക്കാരൻ എന്നെ കാത്തിരിക്കുന്നു. ഉന്നത കുലജാതനായ സുമുഖനായ ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥി. അദ്ദേഹവും ഹസ്സൻകോയ സാഹിബിന്റെ മകളുടെ കല്യാണത്തിൽ പങ്കെടുക്കാൻ എത്തിയിരുന്നു. ബാഫഖിതങ്ങൾ പറഞ്ഞത് മനസ്സിൽ വെച്ച് സംഗതി ഒന്നും അറിയാതെ തന്ത്രപൂർവ്വം വേറെ ഒരാളെ കാണാനെന്ന പേരിൽ എഞ്ചിനീയറെയും കൂട്ടി ഞാൻ താജ് ലോഡ്ജിലേക്ക് പോയി. എന്റെ പോക്കും കൂടെയുള്ള ആളെയും കൂടി കണ്ടപ്പോൾ ബാഫഖിതങ്ങൾക്ക് കാര്യം മനസ്സിലായി. തങ്ങളോടുള്ള ബഹുമാനം കൊണ്ട് നിൽക്കാനോ ഇരിക്കാനോ തയ്യാറാകാതിരുന്ന ചെറുപ്പുക്കാരനെ വാക്ചാതുര്യം കൊണ്ട് ബാഫഖിതങ്ങൾ അവിടെ ഇരുത്തി. കൂൾഡ്രിംഗ്സ് കുടിപ്പിച്ചു. അതിനിടക്ക് ആ ചെറുപ്പാക്കാരനെ സംബന്ധിച്ച എല്ലാ വിവരങ്ങളും തങ്ങൾ അന്വേഷിച്ചറിഞ്ഞു.

സസന്തോഷം ഞാൻ സ്ഥലം വിട്ടു. ഇതെല്ലാം കഴിഞ്ഞ് അഞ്ചാറു മാസങ്ങൾക്കുശേഷം തലശ്ശേരി കോടതിയിൽ ചെറിയമമ്മുക്കേയി സാഹിബ് എനിക്കൊരു കുറിപ്പ് കൊടുത്തയച്ചു. ബാഫഖിതങ്ങൾ ഉച്ചയോടെ കേയി സാഹിബിന്റെ ഓഫീസ് മാളികയിൽ എത്തുമെന്നും എന്നെ കാണണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നുമായിരുന്നു കുറിപ്പ്. ഞാൻ കോടതിവിട്ടു കേയി സാഹിബിന്റെ അടുത്തുപോയി. എന്നെ കാണണമെന്ന് പറഞ്ഞത് എന്തിനായിരിക്കും?. വല്ല യോഗത്തിനും പോവാനായിരിക്കുമോ? ഞാൻ തിരക്കി. കേയി സാഹിബിന്റെ മറുപടി: "ഞാൻ ഒന്നും അറിയില്ല. നിങ്ങളെ ഇവിടെ വിളിച്ചുവരുത്തണമെന്ന് ബാഫഖിതങ്ങൾ ഫോണിലൂടെ അറിയിച്ചു". ഉച്ച ഒന്നര മണിയോടെ രണ്ടു കാറുകൾ വന്നു. കേയി സാഹിബിന്റെ ഓഫീസ് മാളികക്ക് മുമ്പിൽ നിന്നു. ഒരു കാറിൽ ബാഫഖിതങ്ങളും മറ്റേ കാറിൽ പാണക്കാട് അഹമ്മദ് ഹാജിയും എനിക്കറിയാവുന്ന ഒരു പ്രമുഖ ലീഗ് നേതാവും. എന്നെ കണ്ടപ്പോൾ തങ്ങൾ ഏറെ സന്തോഷത്തോടെ കെട്ടിപ്പിടിച്ചു. ഞാനും ബഹുമാനപൂർവ്വം അദ്ദേഹത്തെ കൈപിടിച്ച് ചുംബിച്ചു. ഉടനെ എല്ലാവരും താഴെയിറങ്ങി. എന്നോട് പറഞ്ഞു: "വക്കീൽ എന്റെ കാറിൽ കയറണം". കാറിൽ കയറുന്നതിനു മുമ്പ് ഞാൻ ചോദിച്ചു: "എങ്ങോട്ടേക്കാണ് തങ്ങളേ?" തങ്ങൾ അധികാരസ്വരത്തിൽ പറഞ്ഞു: "ഞാൻ എന്നും പറയാറില്ലേ ബാഫഖിതങ്ങളുടെ കൂടെ പോകുമ്പോൾ എവിടേക്കാണെന്ന് ചോദിക്കാൻ പാടില്ല എന്ന്". അത് എന്നെ നിശ്ശബ്ദനാക്കി. ഞങ്ങളുടെ കാർ കേയിസാഹിബും അഹമ്മദ് ഹാജിയും സഞ്ചരിച്ച കാറിന്റെ പിറകെ പോയി. ലക്ഷ്യസ്ഥാനത്ത് എത്തുംമുമ്പേ എന്നെ കൂട്ടിക്കൊണ്ടുപോകുന്ന സ്ഥലം ഏതെന്ന് എനിക്ക് മനസ്സിലായി.

ഏതാനും മാസങ്ങൾക്ക് മുമ്പ് ബാഫഖിതങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ പരിചയപ്പെടുത്തിക്കൊടുത്ത ആ ചെറുപ്പക്കാരന്റെ വിവാഹനിശ്ചയം നടക്കുന്ന വീട്ടിലേക്കായിരുന്നു യാത്ര. അവിടെയെത്തിയ ഉടനെ എഞ്ചിനീയറും അദ്ദേഹത്തിന്റെ പിതാവും എന്നെ കണ്ടതിൽ സന്തോഷം പ്രകടിപ്പിച്ചപ്പോൾ ബാഫഖിതങ്ങൾ പറഞ്ഞു: "ഇത്തരം ഒരവസരത്തിൽ ഇതിന് തുടക്കം കുറിച്ച ആളെ നമുക്ക് മറക്കാൻ പറ്റില്ലല്ലോ. അതുകൊണ്ടുതന്നെയാണ് ചടങ്ങിൽ അഹമ്മദ് കൂടി ഉണ്ടാകണമെന്ന് നിർബന്ധിച്ച് ഞാൻ കോടതിയിൽ നിന്ന് കൂട്ടിക്കൊണ്ടുവന്നത്". ബാഫഖിതങ്ങൾ എന്നെ ഏൽപ്പിച്ച വിവാഹക്കാര്യവും പുതിയാപ്ലക്കാര്യവും ഞാൻ മറന്നുപോയിരുന്നു. പക്ഷേ ബാഫഖിതങ്ങൾ അതു മറന്നില്ല.

8 ബാഫഖി തങ്ങൾ നൽകിയ ഒരു ബുഷ് ഷർട്ടിന്റെ കഥ

ചില കാര്യങ്ങളിൽ ബാഫഖി തങ്ങളുടെ പ്രത്യേകത, വ്യക്തി മാഹാത്മ്യത്തിന്റെ ഉജ്ജ്വല ഉദാഹരണങ്ങളാണ്.

തന്റെ സഹപ്രവർത്തകരുടെ സുഖസൗകര്യങ്ങൾ അന്വേഷിക്കുന്നതിലും ശ്രദ്ധിക്കുന്നതിലും ബാഫഖിതങ്ങൾ കാണിച്ച താൽപര്യം എടുത്തുപറയേണ്ടതാണ്. സഹപ്രർത്തകർ ആരായാലും അവർക്ക് പ്രയാസങ്ങളുണ്ടെന്നറിഞ്ഞാൽ തങ്ങളുടെ സഹായം ഉടൻ എത്തും.

1962-ൽ കോഴിക്കോട് പാർലമെന്റ് മണ്ഡലം തെരഞ്ഞെടുപ്പ്. അതിനുമുമ്പ് നടന്ന തെരഞ്ഞെടുപ്പ് (1957-ൽ) മുസ്‌ലിംലീഗിന് പരാജയത്തിന്റെ ഇടിത്തീയായിരുന്നു. മഹാനായ കെ.എം.സീതിസാഹിബ് കോൺഗ്രസ്സ് സ്ഥാനാർത്ഥി മുൻ മന്ത്രി കെ.പി കുട്ടികൃഷ്ണൻ നായരോട് തോറ്റു. താനൂർ മണ്ഡലത്തിന്റെ പല ഭാഗങ്ങളും ഉൾപ്പെട്ട കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിലെ തോൽവി ഓരോ ലീഗുകാരനെയും തളർത്തി. അതേ മണ്ഡലത്തിലാണ് 1962-ൽ കെ.പി.കുട്ടികൃഷ്ണൻ നായരേയും മഞ്ചുനാഥ റാവുവിനെയും (ഇടതുപക്ഷം)സി.എച്ച് നേരിടുന്നത്. ലീഗുകാർക്ക് അത് ജീവൻമരണ പോരാട്ടമായിരുന്നു. ബാഫഖി തങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ പ്രസ്റ്റീജ് മത്സരവും. അന്ന് വൈ.എം.സി.എ.യിൽ സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തുന്ന ചടങ്ങിൽ സി.എച്ചിന് എത്താൻ കഴിഞ്ഞില്ല. വലിയങ്ങാടിയിലെ ഒരു ലോഡ്ജിൽ താമസിക്കുകയായിരുന്ന എന്നോട് അവിടെ ചെന്ന് സി.എച്ചിന് വേണ്ടി സംസാരിക്കാൻ ബാഫഖി തങ്ങൾ നിർദ്ദേശിച്ചു. നാലു ദിവസത്തെ പരിപാടി കഴിഞ്ഞ് ഞാൻ കണ്ണൂരിലേക്ക് തിരിച്ചുപോകാൻ ഒരുങ്ങുമ്പോഴായിരുന്നു ബാഫഖി തങ്ങളുടെ ഫോൺ നിർദ്ദേശം. അലക്കിയ മുണ്ടുപോലുമില്ലല്ലോ എന്ന് ഞാൻ പറഞ്ഞുപോയി. അരമണിക്കൂറിനകം ബാഫഖി തങ്ങളുടെ വലിയങ്ങാടിയിലെ പാണ്ടികശാലയിൽ നിന്നും ഒരു പൊതി എന്റെ റൂമിലെത്തി. ഉടുക്കാൻ ഒരു പുതിയ മുണ്ട് ഒരു റെഡിമെയ്ഡ് ബുഷ് ഷർട്ടും. അന്ന് മെലിഞ്ഞ എനിക്ക് ആ ബുഷ് ഷർട്ട് ഉപയോഗിക്കാൻ പറ്റിയില്ല. പുതിയ മുണ്ട് ഉടുത്ത് ഉള്ള ഷർട്ട് ഇസ്തിരിവെപ്പിച്ച് ഞാൻ ചടങ്ങിൽ പങ്കെടുത്തു. തിരിച്ചുവന്നപ്പോൾ പുതിയ മുണ്ടും പഴയ കുപ്പായവും എന്റെ പ്രസംഗവും തങ്ങളുടെ അന്നത്തെ താമാശകളിൽ പെടുത്തി. എത്ര ഗൗരവക്കാരാനായിരുന്നാലും ബാഫഖിതങ്ങളുടെ ലാളിത്യവും നർമ്മബോധവും എടുത്തുപറയേണ്ടതായിരുന്നു.

ഒരു ദിവസം കണ്ണൂരിൽ ഒരു ഫോൺ. ബാഫഖിതങ്ങൾ വിളിക്കുന്നു. "അവിടെ നിന്ന് മെയിലിന് കയറണം. കോഴിക്കോട്ടുവരെ ടിക്കറ്റ് എടുത്താൽ മതി. ഇവിടെ നിന്നുള്ള ടിക്കറ്റ് എന്റെ കൈയിലുണ്ടാവും". "എവിടേക്കാ, എത്ര ദിവസത്തേക്ക്". ഞാൻ സാവിധാനം ചോദിച്ചു. അതൊന്നും ചോദിക്കാൻ പാടില്ല. ബാഫഖിതങ്ങളുടെ കൂടെ യാത്രചെയ്യാൻ പറഞ്ഞാൽ യാത്ര ചെയ്തുകൊള്ളുക. ഞാൻ മദ്രാസ് മെയിലിന് കോഴിക്കോട്ടെത്തി. ബാഫഖിതങ്ങളും കൂടെ മൂന്നുനാലു പേരും. ഞാൻ തങ്ങളുടെ അടുത്തുചെന്നു. "ശരി പോകാം" തങ്ങൾ പറഞ്ഞു. ഫസ്റ്റ് ക്ലാസിലേക്ക് മാറിക്കയറി. അപ്പോഴും ഞാൻ ചോദിച്ചു: "എവിടേക്കാണ് തങ്ങളേ" അപ്പോഴും മറുപടി: "ഞാൻ പറഞ്ഞില്ലേ, ബാഫഖിതങ്ങളോട് അത് ചോദിക്കാൻ പാടില്ലെന്ന്". ഞാൻ അടങ്ങിയിരുന്നു. വണ്ടി കുറ്റിപ്പുറത്ത് എത്തുന്നതുവരെ രാഷ്ട്രീയ ചർച്ചയായിരുന്നു. അവിടെ നിന്നും കാർ മാർഗ്ഗം പൊന്നാനിയിലാണ് എത്തിയത്. പൊന്നാനിയിൽ നിന്ന് പലപ്പോഴും ലീഗ് യോഗങ്ങളിൽ ക്ഷണിക്കപ്പെട്ടിരുന്നുവെങ്കിലും എനിക്ക് പോകാൻ കഴിഞ്ഞിരുന്നില്ല. അവിടത്തെ ലീഗ് പ്രവർത്തകൻമാരുടെ ആവശ്യം വി.പി.സി തങ്ങൾ വഴി ബാഫഖിതങ്ങളോടൊപ്പം എന്നെ കൊണ്ടുപോകാനായി പാർട്ടി പ്രവർത്തകരുടെ ആവശ്യം ആകാവുന്നത്ര നിറവേറ്റാൻ ബാഫഖിതങ്ങൾ ശ്രമിക്കാറുണ്ട്. മാത്രമല്ല ബാഫഖിതങ്ങൾ ഒരു കാര്യം പറഞ്ഞാൽ അത് നിരസിക്കാനും ആർക്കും ആവില്ല.

സി.എച്ച്. കോഴിക്കോട്ട് മത്സരിച്ച അവസരം ഒരു ദിവസം പ്രചാരണമവസാനിക്കുന്ന അന്ന് രാത്രി കോഴിക്കോട്ട് ചില യോഗങ്ങളിൽ പങ്കെടുക്കാനുള്ള എന്റെ പരിപാടികൾ ഒഴിവാക്കി സന്ധ്യയോടുകൂടി പൊന്നാനിക്ക് പുറപ്പെടാൻ ബാഫഖിതങ്ങൾ നിർദ്ദേശിച്ചു. ആരെയെങ്കിലും ഒരാളെ കൂട്ടിന് കൂടെ കൊണ്ടുപോകണമെന്ന് ബാഫഖിതങ്ങൾ ഉപദേശിച്ചിരുന്നു. അന്നാരെയും കിട്ടിയില്ല. അങ്ങനെ കണ്ണൂർക്കാരൻ കറന്റ് കാസിമിനെ കൂടെ കാറിലിരുത്തി പുറപ്പെട്ടു. പ്രചാരണം അന്ന് രാത്രി 12 മണിവരെയായിരുന്നു. രാത്രി പതിനൊന്നേ മുപ്പത്തഞ്ചിന് ഞാനവിടെയെത്തി. അവിടെ വി.പി.സി. തങ്ങൾ വരുന്ന വിവരം സയ്യിദ് ഉമർ ബാഫഖിതങ്ങൾ ഫോണിൽ അറിയിച്ചിരുന്നു. പൊന്നാനിയിലെ മുസ്‌ലിംലീഗിന്റെ മറ്റൊരു പ്രമുഖ നേതാവായിരുന്ന അബ്ദുൽഹയ്യ് ഹാജി സാഹിബും കാത്തുനില്പുണ്ടായിരുന്നു. പ്രചാരണയോഗത്തിലെ അവസാനത്തെ പ്രാസംഗികൻ ഞാനായിരുന്നു. യോഗാനന്തരം വി.പി.സി. തങ്ങളുടെ വസതിയിലേക്കുപോയി. റമസാൻ കാലമായതിനാൽ അത്താഴം തങ്ങളുടെ വീട്ടിലായിരുന്നു. അവിടെവച്ച് പ്രാദേശിക നേതാക്കൻമാരുമായി ചർച്ചചെയ്തപ്പോഴാണ് സ്ഥാനാർത്ഥിയും പ്രവർത്തകൻമാരും തമ്മിലുള്ള തർക്കത്തിന്റെ ആഴം അറിയുന്നത് . 'ബാഫഖി തങ്ങളുടെ അടിയന്തര ഇടപെടൽ മാത്രമേ പ്രശ്നം പരിഹരിക്കൂ, അതാണ് തങ്ങൾ അവർകൾ വ്യക്തിപരമായി ഇടപെടണമെന്ന് ഞങ്ങളാവശ്യപ്പെട്ടത്' ഹയ്യ്ഹാജി സാഹിബ് പറഞ്ഞു.

അത്താഴ ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ ചാവക്കാട്ടേക്ക് പുറപ്പെട്ടു. കാർ നിറയെ ആളുകളുണ്ടായിരുന്നു. വി.പി.സി.യും സ്ഥാനാർത്ഥിയെ ഒരുക്കി ഇറക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്ന തിരക്കിലായുരുന്നു. ചാവക്കാട്ടുവെച്ച് സുബ്ഹ് നമസ്കരിച്ചു സ്ഥാനാർത്ഥിയുടെ വീട്ടിൽചെന്ന് വിളിച്ചു. പ്രവർത്തകരിൽ ചിലരെ കണ്ടപ്പോൾ സ്ഥാനാർത്ഥി മടിച്ചു. പിന്നെ ഞാൻ കാണാൻ വന്നതറിയിച്ചപ്പോൾ അദ്ദേഹം പുറത്തിറങ്ങി വന്നു. വളരെ മാന്യമായി എന്നെയും മറ്റുള്ളവരെയും ആദരിച്ചിരുത്തി. പിന്നീട് ഞാനും സ്ഥാനാർത്ഥിയുമായി പതിനഞ്ച് മിനുട്ട് ഒറ്റക്ക് സംസാരിച്ചു. അത് കഴിഞ്ഞ് ഞങ്ങൾ രണ്ടുപേരും വി.പി.സിഹയ്ത് ഹാജിയടക്കം മറ്റുള്ളവരുമായി കൂടി സംസാരിച്ചു. കഴിഞ്ഞതെല്ലാം മറക്കാനും സ്ഥാനാർത്ഥി അന്നുതന്നെ പൊന്നാനി ഓഫീസിലെത്താമെന്നും നിശ്ചയിച്ചു. ഞാൻ കൊണ്ടുചെന്ന കാർ സ്ഥാനാർത്ഥിയെ അറിയിച്ചു.

അങ്ങനെ എന്നെ കുറ്റിപ്പുറം സ്റ്റേഷനിൽ കൊണ്ടുവിട്ടു പൊന്നാനിയിലെ നേതാക്കൻമാർ മടങ്ങുമ്പോൾ വി.പി.സി തങ്ങൾ പറഞ്ഞു: "ബാഫഖി തങ്ങൾ പറഞ്ഞയച്ചതു കൊണ്ടാണ് അയാളെ (സ്ഥാനാർത്ഥിയെ) കാണാൻ വന്നത് . അല്ലെങ്കിൽ അയാളുടെ അടുത്തു ഞാൻ പോവില്ലായിരുന്നു". ശരിയാണ് ഇത്തരം പ്രശ്നങ്ങളിൽ ബാഫഖിതങ്ങൾക്ക് മാത്രമേ ഒരു പരിഹാരം കണ്ടെത്താനാകുകയുള്ളു. മുസ്ലിംലീഗിന്റെ അമരക്കാരനെന്ന പദവിക്ക് അക്ഷരാർത്ഥത്തിൽ ബാഫഖിതങ്ങൾ മാത്രം അർഹനായിരുന്നു.

രാഷ്ട്രീയ കാര്യങ്ങളിൽ അന്തർലീനമായിരുന്ന പ്രശ്നങ്ങൾ വളരെ നന്നായി മനസ്സിലാക്കുന്നതിൽ ബാഫഖിതങ്ങളുടെ നൈപുണ്യം ഒന്ന് വേറെത്തന്നെ. പ്രശ്നങ്ങളുടെ ഉപരിപ്ലവമായ വശങ്ങൾക്കപ്പുറം അഗാധതയിലേക്ക് ചുഴിഞ്ഞിറങ്ങാൻ അദ്ദേഹത്തിന് നിഷ്പ്രയാസം കഴിഞ്ഞു. കേരളത്തിൽ കോളജ് വിദ്യാഭ്യാസവും സ്വകാര്യവൽക്കരണവും വലിയ പ്രക്ഷോഭങ്ങൾ വരുത്തിവെച്ചു. സ്വകാര്യ മനേജ്മെന്റിനെതിരായി അന്ന് യൂത്ത്കോൺഗ്രസ്സുകാർ പടവാളുമായി വന്നു ക്രൈസ്തവരും നായർ സമുദായവും മുസ്ലിംകളും അടക്കം മാനേജ്മെന്റുകളും ഗവർമെന്റും തമ്മിൽ തർക്കങ്ങളായി. യൂത്ത് കോൺഗ്രസ് നേതാക്കന്മാരുടെ വിദ്യാഭ്യാസനയത്തെ അന്ന് മുതിർന്ന കോൺഗ്രസ്സുകാർ എതിർത്തു. ഈ കുഴപ്പക്കാലത്താണ് ബാഫഖി തങ്ങൾ ഡൽഹിലെത്തിയത്. പാർലമെന്റ് സെൻട്രൽ ഹാളിൽ തങ്ങളെത്തിയപ്പോൾ അന്നത്തെ യുവ തുർക്കികളായ കോൺഗ്രസ്സ് കേരള എം.പി.മാർ തങ്ങളുടെ ചുറ്റുമിരുന്ന് വിഷയങ്ങൾ ചർച്ച ചെയ്തു. എം.പി.യായിരുന്ന കെ.പി ഉണ്ണികൃഷ്ണൻ എന്നോട് പറഞ്ഞത് ഞാനോർക്കുന്നു. തങ്ങളും കോൺഗ്രസ്സ് എം.പി.മാരും തമ്മിലുള്ള രസകരമായ സംസാരത്തിനിടക്ക് വയലാർ രവിക്കൊരു ഫോൺ സന്ദേശം. പാർമെന്റ് ലോബിൽ പോയി തിരിച്ചുവന്ന രവി തങ്ങളോട് പറഞ്ഞുവത്രേ. "കേരളത്തിലെ പ്രശ്നങ്ങളെല്ലാം തീർന്നു. മാനേജ്മെന്റുകളും സർക്കാറും തമ്മിൽ ചർച്ച വിജയിച്ചതുകൊണ്ട് യൂത്ത് കോൺഗ്രസ്സ് പ്രക്ഷോഭം നിർത്തിവെച്ചു".

ഇതുകേട്ട ഉടൻ ബാഫഖിതങ്ങൾ വളരെ തണുപ്പൻ മട്ടിൽ ചോദിച്ചു: "അല്ലാ, പ്രക്ഷോഭം നിർത്തിവെക്കാൻ നിങ്ങൾ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തോ? ഉറപ്പാണോ?" തങ്ങളുടെ ചോദ്യം കേരളത്തിൽ നിന്നുള്ള കോൺഗ്രാസ്സ് എം.പി.മാരെ സ്തബ്ധരാക്കിയത്രേ. കേരളത്തിലെ ഈ കുഴപ്പങ്ങൾക്കെല്ലാം ചുക്കാൻ പിടിക്കുന്നത് കേരളത്തിൽ നിന്നുള്ള കോൺഗ്രസ്സ് എം.പിമാരായ യുവനേതാക്കളാണെന്ന് അവരുടെ മുഖത്തുനോക്കി ബാഫഖിതങ്ങൾ പറഞ്ഞ രംഗമായിരുന്നു അത്.

കേരളാ വിദ്യാഭ്യാസനിയമത്തിൽ ഭേദഗതി വരുത്തി സ്വകാര്യ മാനേജ്മെന്റിനെ തടയിടണമെന്നായിരുന്നു അന്നത്തെ യുത്ത് കോൺഗ്രസ്സാവശ്യം. ക്രൈസ്തവ മാനേജ്മെന്റും എൻ.എസ്.എസ്-എസ്.എൻ.ഡ്.പി.യുമെല്ലാം ഒത്തുചേർന്ന് ഇതിനെതിരായി ജാഥകൾ സംഘടിപ്പിച്ചു. പ്രശ്നം കൈവിട്ടുപോകുകയും കോൺഗ്രസ്സും ലീഗുമുൾപ്പെട്ട ഗവർമെന്റിന് പ്രശ്നം സങ്കീർണ്ണമാവുകയും ചെയ്തപ്പോൾ ബാഫഖി തങ്ങളുടെ ഒരു പ്രസ്താവന വന്നു. അത് പ്രശ്നത്തിന്റെ പരിഹാരത്തിന് വഴിയൊരുക്കി. ക്രൈസ്തവ സമുദായം ചോരയും നീരും നൽകി വാർത്തെടുത്ത കെട്ടിടങ്ങളും സ്ഥാപനങ്ങളും സർക്കാർ പിടിച്ചെടുത്താൽ അതിവിടെ നടക്കാൻ പോകുന്നില്ല എന്ന ബാഫഖി തങ്ങളുടെ പ്രഖ്യാപനം ഒരു സിംഹഗർജനമായിരുന്നു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി തന്നെ പ്രശ്നപരിഹാരം ഉടൻ കണ്ടെത്താൻ കേരളത്തിലെ കോൺഗ്രസ്സ് നേതൃത്വത്തിന് ശാസന നൽകി.

അന്ന് കേരളത്തിൽ രാഷ്ട്രീയ പ്രതിസന്ധിയുണ്ടാകുമ്പോൾ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ഒരു വാർത്ത പത്രങ്ങളിൽ കാണും - 'ബാഫഖിതങ്ങൾ തിരുവനന്തപുരത്തേക്ക്' ബാഫഖി തങ്ങളുടെ തലസ്ഥാനത്തേക്കുള്ള യാത്ര അത്രയും പ്രാധാന്യമർഹിക്കുന്നതായിരുന്നു. തിരുവനന്തപുരത്തേക്കുള്ള ബാഫഖി തങ്ങളുടെ യാത്ര ലീഗ് മന്ത്രിമാർക്ക് മാത്രമുള്ളതായിരുന്നില്ല. മുഖ്യമന്ത്രി അച്യുതമേനോനും മറ്റു ഘടകകക്ഷി നേതാക്കൻമാരും പ്രശ്നപരിഹാരത്തിന് കാത്തിരിക്കുന്ന ഒന്നായിരുന്നു.

9 ഭാവിയിലേക്ക് നീളുന്ന രാഷ്ട്രീയ കാഴ്ചപ്പാടുകൾ

ബാഫഖിതങ്ങളുടെ രാഷ്ട്രീയ വീക്ഷണങ്ങളും രാഷ്ട്രീയത്തിലെ കരുനീക്കങ്ങളും ഭാവിയിൽ ഉരുത്തിരിയുന്ന രാഷ്ട്രീയ സ്ഥിതിവിശേഷങ്ങളും ഗ്രഹിക്കാനുള്ള ബുദ്ധി അപാരമാണ്. അസംഭവ്യമെന്നു കരുതിയ ബാഫഖി തങ്ങളുടെ പല രാഷ്ട്രീയ അഭിപ്രായങ്ങളും പിൽക്കാലത്ത് സംഭവിച്ചിട്ടുണ്ട്. ഒരിക്കൽ കൊയിലാണ്ടിയിൽ മുസ്‌ലിംലിഗിന്റെ പ്രവർത്തകസമിതിയുടെ ഒരു പ്രത്യേക യോഗം വിളിച്ചുചേർത്തു. മുസ്‌ലിം യൂത്ത്‌ലീഗിനെപ്പറ്റിയും അതിന്റെ സംഘടനയെപ്പറ്റിയും ചർച്ചചെയ്യാനായിരുന്നു അത് യുവജന സംഘടനകളെ അനിയന്ത്രിതമായി വിടരുതെന്നും അവരെ നല്ല പാതയിലേക്ക് നയിച്ചില്ലെങ്കിൽ മുസ്‌ലിംസംഘനകൊണ്ട് ഉദ്ദേശിക്കുന്ന നന്മയും നേട്ടവും സമുദായത്തിന് ലഭിക്കുകയില്ലെന്നും ബാഫഖിതങ്ങൾ ഗൗരവപൂർവ്വം പ്രസ്താവിച്ചു അതുൾക്കൊണ്ട് തന്നെയാണ് സി.എ.ച്ചും, ബി.വി. അബ്ദുള്ളക്കോയയും, സയ്യിദ് ഉമർ ബാഫഖിതങ്ങളും, സി.കെ.പി ചെറിയ മമ്മുക്കേയിയും, പി.എം. അബൂബക്കറും, ഞാനും കൂടിയിരുന്ന് അതിന്റെ കരടിന് രൂപം നൽകിയത്. ആ യോഗം കഴിഞ്ഞ രാത്രി അന്ന് ബാഫഖിതങ്ങൾ പറഞ്ഞ അഭിപ്രായത്തോട് എനിക്ക് വിയോജിപ്പ് പ്രകടിപ്പിക്കേണ്ടിവന്നു. വളരെ ആദരപൂർവ്വം. പക്ഷേ. ഭാവി സംഭവങ്ങൾ ബാഫഖിതങ്ങൾ പറഞ്ഞത് ശരിയും എന്റെ കണക്ക് കൂട്ടൽ തെറ്റും ആണെന്ന് തെളിയിച്ചു. അന്ന് രാത്രിയാണ് കോൺഗ്രസ്സിനേയും രാജ്യത്തേയും ഞെട്ടിച്ച സംഭവത്തെ സംബന്ധിച്ചുള്ള റേഡിയോ വാർത്ത ബംഗ്ലൂരിൽനിന്നും വന്നത്. കോൺഗ്രസ് പ്രസിഡണ്ടായിരുന്ന നിജലിംഗപ്പയുടെ നേതൃത്തിൽ കാമരാജ്, അതുല്യഘോഷ്, സഞ്ജിവറെഡ്ഡി, എസ്.കെ.പാട്ടീൽ, മൊറാജിദേശായി എന്നിവർ കോൺഗ്രസ്സിൽനിന്നും ഇന്ദിരാഗാന്ധിയെ പുറത്താക്കിയെന്നതായിരുന്നു. വാർത്ത. രാത്രി 9 മണിക്ക് ആൾ ഇന്ത്യാ റേഡിയോവിലെ വിശദമായ റിപ്പോർട്ട് ബാഫഖിതങ്ങൾ ചോദിച്ചു മനസ്സിലാക്കി. ബാഫഖിതങ്ങളുടെ ചോദ്യം ഇനിയെന്തു വരും എന്നോട് ചോദിച്ചു. ഞാൻ എന്റെ രാഷ്ട്രീയ വീക്ഷണം നിരത്തി. ഇന്ദിരാഗാന്ധി ചിലപ്പോൾ പ്രധാനമന്ത്രി സ്ഥാനത്തുനിന്ന് രാജിവെക്കാൻ നിർബന്ധിതയാകും. കോൺഗ്രസിലെ ഈ തലമുതിർന്ന നേതാക്കന്മാർ സംഘടനയുമായി മുന്നോട്ട്പോകും. ഇന്ദിരാഗാന്ധി കോൺഗ്രസിൽ ഒറ്റപ്പെടും. തലയെടുപ്പുള്ള കാമരാജ്, മെറാർജി തുടങ്ങിയ നേതാക്കളെ ആർക്കും അവഗണിക്കാൻ കഴിയില്ല. അങ്ങനെപോയി എന്റെ വാദങ്ങൾ. ഇതെല്ലാം കേട്ടപ്പോൾ ബാഫഖിതങ്ങളുടെ മുഖത്ത് ചിരിവന്നു. അതൊരു പരിഹാസ ചിരിയായിരുന്നു. എന്റെ അഭിപ്രായത്തോട് വിയോജിപ്പാണെന്ന് മാത്രമല്ല, അത് അസംഭവ്യവുമാണ് എന്ന് ദ്യോതിപ്പിക്കുന്നതായിരുന്നു തങ്ങളുടെ ചിരിയും നോട്ടവും. എന്നിട്ടു "നിങ്ങൾക്കൊക്കെ എന്തറിയാം, ഇന്ദിരാഗാന്ധിയെ കോൺഗ്രസ്സിൽനിന്ന് പുറത്താക്കിയാൽ പിന്നെ കോൺഗ്രസുണ്ടോ? നെഹ്റുവും നെഹ്റുവിന്റെ കുടുംബവും ഇല്ലാത്ത ഒരു കോൺഗ്രാസ്സ് ഇന്ത്യയിലുണ്ടോ? ജനങ്ങളും കോൺഗ്രസും ഇന്ദിരായോടൊപ്പം നിൽക്കും. കോൺഗ്രസ്സിന്റെ ഓഫീസ് മറ്റേ കൂട്ടരുടെ കൂടെയുണ്ടാകും. നീ നോക്കിക്കോ"

എന്റെ ആത്മഗതം 'ബാഫഖിതങ്ങൾ എന്താണീ പറയുന്നത്? രാജ്യത്ത് നടക്കുന്ന രാഷ്ട്രീയ സംഭവങ്ങൾ അദ്ദേഹം വിലയിരുത്തിയത് കണ്ടില്ലേ?. സയ്യിദ് ഉമർ തങ്ങളോട് പറഞ്ഞപ്പോൾ അദ്ദേഹം ചിരിക്കുക മാത്രം ചെയ്തു. അപ്പോഴും ബാഫഖിതങ്ങൾ പറഞ്ഞ 'നെഹ്റുവും നെഹ്റുവിന്റെ കുടുംബവും ഇല്ലാത്ത കോൺഗ്രസ്സോ' എന്ന വാക്കുകൾ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു.

ബാഫഖിതങ്ങൾ പറഞ്ഞത് ശരിയാണെന്നും എന്റെ വീക്ഷണം തെറ്റാണെന്നും കാലം തെളിയിച്ചു. മാത്രമല്ല കോൺഗ്രാസ്സിലെ സിണ്ടിക്കേറ്റ് വിഭാഗം എന്നറിയപ്പെട്ട അന്നത്തെ പ്രവർത്തകസമിതി ഇന്ദിരാഗാന്ധിയെ പുറത്താക്കിയ സമയത്താണ് ബാഫഖിതങ്ങളുടെ ഈ പ്രസ്താവനയെന്നോർക്കുമ്പോൾ രാഷ്ട്രീയത്തിലെ അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം എത്രമാത്രം ആഴത്തിലായിരുന്നുവെന്ന് മനസ്സിലാവും.

വ്യക്തിപരമായി ബാഫഖിതങ്ങളുടെ മഹത്വം മനസ്സിലാക്കാൻ നിരവധി അവസരങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്. ഒരു ദിവസം വൈകുന്നേരം ഒരു സാമൂഹ്യചടങ്ങിൽ പങ്കെടുത്തശേഷം ചെറിയ മമ്മുക്കോയി സാഹിബിന്റെ വീട്ടിൽ ഒരു ചായസൽക്കാരം ബാഫഖി തങ്ങൾ, പൂക്കോയതങ്ങൾ, അഹമ്മദ്കുരിക്കൾ, പാണക്കാട് അഹമ്മദ്ഹാജി. പിന്നെ ഞാനും ഒന്നിലധികം വിവാഹം എന്നവിഷയത്തെപ്പറ്റി രസകരമായ ചർച്ച നടന്നു. തികച്ചും തമാശരൂപത്തിലുള്ള സംസാരം. ബാപ്പുകുരിക്കൾക്ക് ഒന്നുകൂടി ആവാമെന്നുണ്ടോയെന്ന് ചെറിയ മമ്മുക്കേയി സാഹിബിന്റെ ചോദ്യം. ബാപ്പുകുരിക്കൾ മാറിനിന്നു ചിരിച്ചു. പൂക്കോയതങ്ങൾ കുലുങ്ങിച്ചിരിച്ചു. അപ്പോൾ പാണക്കാട് അഹമ്മദ്ഹാജി പറഞ്ഞു: 'അയാൾക്ക് അങ്ങനെയൊരു പുതിയൊന്നുമില്ല". "നേതാക്കന്മാർക്ക് ഒന്നിലധികം ഉണ്ടായാൽ അനുയായികൾക്ക് അങ്ങനെ തോന്നുകില്ലേയെന്ന്" അപ്പോൾ കുരിക്കളുടെ കുസൃതി ചോദ്യം. ആ ചോദ്യം ആരെപ്പറ്റിയാണെന്ന് ശരിക്കും മനസ്സിലാക്കിയിട്ടുണ്ട് ബാഫഖിതങ്ങൾ. "ഞാൻ മതപരമായ കാര്യങ്ങൾ പൂർണ്ണമായും ജീവിതത്തിൽ നടപ്പാക്കാൻ ശ്രമിക്കുന്ന ആളാണ്. എന്നിട്ടും എന്റെ അഭിപ്രായം കഴിയുന്നത്ര ഒന്നുകൊണ്ടുതന്നെ

സബൂറാക്കണമെന്നാണ്" തങ്ങൾ പറഞ്ഞു.

മുസ്‌ലിംലീഗ് അദ്ധ്യക്ഷൻ എന്ന നലക്ക് കണ്ണൂർ പാർലമെന്റ് സീറ്റിൽ ഒരു സ്ഥാനാർത്ഥിയെ കണ്ടെത്താൻ ബാഫഖിതങ്ങൾ കണ്ണൂർവരെ വന്ന സംഭവം ഞാൻ ഓർത്തുപോവുകയാണ്. ഒരു വൈകുന്നേരം ബാഫഖിതങ്ങളും, സി.എച്ചും കണ്ണൂർ കാമ്പസാർ പള്ളിയിലുണ്ടെന്നും അവിടെയെത്തണമെന്നും ചന്ദ്രികയുടെ കണ്ണൂർ ഏജന്റ് എന്നെ അറിയിച്ചു. ഒ.കെ മുഹമ്മദ്കുഞ്ഞിയെയും അന്വേഷിച്ചു. ഒ.കെ.യെ തിരക്കി കണ്ടില്ല, അപ്പോൾ തങ്ങൾ പറഞ്ഞു. "ഇനി അഹമ്മദിനെ കൂട്ടാം. അല്ലേ" സിച്ച് പറഞ്ഞു "നമ്മുടെ കൂടെ ഒരു കണ്ണൂർക്കാരൻ ഉണ്ടായിരിക്കുന്നത് നല്ലതാണല്ലോ" എനിക്കൊന്നും മനസ്സിലായില്ല. .കാറിൽ കയറി യാത്രതുടങ്ങിയപ്പോൾ സി.എച്ച് പറഞ്ഞു: ''സ്വകാര്യമാണ് മറ്റാരും അറിയേണ്ട''. അപ്പോഴും എനിക്കൊന്നും മനസ്സിലായില്ല. ഞങ്ങൾ നേരെ എ.കെ കുഞ്ഞാലിക്കുട്ടിസാഹിബിന്റെ വസതിയിലേക്കാണ് പോയത്. ആദ്യം തങ്ങളും കുഞ്ഞാലിക്കുട്ടി സാഹിബും സംസാരം തുടങ്ങി, സിഎച്ച് എന്നോട് പുറത്തുനിന്ന് വന്ന ഉദ്ദേശ്യം പറഞ്ഞു. പിന്നീട് സി.എച്ചും തങ്ങളുടെ കൂടെ കുഞ്ഞാലിക്കുട്ടിസാഹിബുമായി സംസാരിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ എന്നേയും അകത്തേക്ക് വിളിച്ചു. അകത്ത് കയറിയ ഉടനെ ബാഫഖിതങ്ങൾ പറഞ്ഞു. ഇയാൾ ശരിയാവുന്നില്ലെടോ അന്ന് 1962- ൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കണ്ണൂരിൽനിന്നും സ്വതന്ത്രസ്ഥാനാർത്ഥിയായി കുഞ്ഞാലിക്കുട്ടിസാഹിബിനെ നിർത്തി മൽസരിപ്പിക്കണമെന്ന പെതുഅഭിപ്രായം ഉണ്ടായിരുന്നു. ബാഫഖിതങ്ങൾ പറഞ്ഞാൽ ഒരുപക്ഷേ. നടന്നേക്കും എന്ന് ചിലർ അഭിപ്രായപ്പെട്ടു. അങ്ങനെയാണ് ബാഫഖിതങ്ങൾ എത്തിയത്. ബാഫഖിതങ്ങളുടെ അഭ്യർത്ഥന സ്വീകരിക്കാനാകാതെ വന്നപ്പോഴും കുഞ്ഞാലിക്കുട്ടിസാഹിബ് പറഞ്ഞ വാക്കുകൾ ഞാനിപ്പോഴും ഓർക്കുന്നു. ''ഞാൻ രാഷ്ട്രീയത്തിൽ ഇറങ്ങാൻ ആഗ്രഹിക്കുന്നില്ല, പക്ഷേ തങ്ങൾ പറഞ്ഞാൽ ഞാൻ സ്വീകരിക്കുമായിരുന്നു. കുടുംബപരമായ കാരണങ്ങൾക്കൊണ്ട് തങ്ങളുടെ ഈ അപേക്ഷ എനിക്ക് സ്വീകരിക്കാനാവില്ല".

10 രാഷ്ട്രീയ കൊടുങ്കാറ്റിൽ ആടിയുലയാതെ

പൊതുയോഗസ്ഥലങ്ങളിലേക്ക് ബാഫഖി തങ്ങൾ കടന്നുവരുമ്പോൾ അനുയായികൾ ആവേശത്താൽ ഇളകിമറിയും. "ബാഫഖിതങ്ങൾ സിന്ദാബാദ്" എന്ന മുദ്രാവാക്യം കൊണ്ട് അന്തരീക്ഷം മുഖരിതമാവും. അദ്ദേഹം സ്റ്റേജിൽ മൈക്കിനു മുന്നിൽ വരുമ്പോൾ ഇതേ മുദ്രവാക്യം തുടരും. ആവശം അലതല്ലുന്ന മുദ്രാവാക്യങ്ങൾക്കിടയിൽ പ്രസംഗം ആരംഭിച്ച ഉടൻ തങ്ങൾ വിനയാന്വിതനായി പറയും. "ഞാൻ അല്ലാഹുവിനോട് എന്നും പ്രർത്ഥിക്കാറുണ്ട്. അല്ലാഹുവേ, ഈ സിന്ദാബാദ് വിളിക്കുന്ന നാവുകൾ കൊണ്ട് എന്നെ 'മുർദാബാദ്' എന്നു വിളിപ്പിക്കാൻ ഇടവരുത്തരുതേ" ഈ പ്രാർത്ഥനക്ക് ഒരുനാളും കളങ്കമുണ്ടായില്ല.

എന്ത് എതിർപ്പ് നേരിടുന്നതിലും ബാഫഖിതങ്ങൾ കാണിച്ച ധൈര്യം അപാരമായിരുന്നു. മലബാർ മദ്രാസിന്റെ ഭാഗമായിരുന്ന കാലത്ത് വയനാട് നിയോജകമണ്ഡലത്തിൽ കോൺഗ്രസ്സിനെതിരായി ആഞ്ഞടിച്ച ബാഫഖി തങ്ങൾക്ക് ഒരുപാട് രാഷ്ട്രീയ പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നു. അന്നത്തെ മദ്രാസ് ഗവൺമെന്റ് പാസ്പോർട്ട് പിടിച്ചുവെക്കുന്നത് വരെയുള്ള നടപടികളെടുത്തു. ബാഫഖിതങ്ങൾ അതെല്ലാം നേരിട്ടു. കോൺഗ്രസ്സും മുസ്‌ലിംലീഗുമായി പിണങ്ങിയിരുന്ന കാലത്ത്പോലും അന്നത്തെ മന്ത്രിയായിരുന്ന കെ.മാധവമേനോനും അദ്ദേഹത്തിന്റെ സഹധർമ്മിണിയും അന്നത്തെ മലബാർ പ്രദേശ് കോൺഗ്രസ്സ് അദ്ധ്യക്ഷയുമായിരുന്ന ശ്രീമതി കുട്ടിമാളു അമ്മയുമായുള്ള തങ്ങളുടെ വ്യക്തിബന്ധം ഉലഞ്ഞിരുന്നില്ല. മാധവമേനോനും കുട്ടിമാളു അമ്മയും ബാഫഖി തങ്ങളോട് വലിയ ബഹുമാനം കാണിച്ചുപോന്നു.

മലബാർ പ്രദേശത്ത് സാമുദായിക കലാപമുണ്ടായ കാലമെല്ലാം മതസൗഹാർദ്ദത്തിന്റെ സന്ദേശവാഹകനായിരുന്നു ബാഫഖി തങ്ങൾ. മലബാർ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നപ്പോൾ നടുവട്ടത്തുണ്ടായ വെടിവെപ്പ് പ്രമാദമായിരുന്നു. അന്ന് ആദ്യം അവിടെ ചെന്നെത്തിയത് ബാഫഖി തങ്ങളായിരുന്നു. മണത്തല പള്ളി പ്രശ്നത്തിലും അങ്ങാടിപ്പുറം ക്ഷേത്രനിർമ്മാണപ്രശ്നത്തിലും ബാഫഖി തങ്ങൾ സമാധാനം സ്ഥാപിക്കാൻ നടത്തിയ തീവ്രശ്രമങ്ങൾ എല്ലാവരുടെയും മുക്തകണ്ഠ പ്രശംസ പിടിച്ചുപറ്റി. മാതൃഭൂമി മനേജിംഗ് എഡിറ്റർ വി.എം നായർ ബാഫഖി തങ്ങളുടെ ശ്രമങ്ങളെപ്പറ്റി ഒന്നിലധികം തവണ പത്രകോളങ്ങളിൽ അഭിനന്ദനക്കുറിപ്പുകളെഴുതുകയുണ്ടായി.

1967 ൽ ഇം.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ സപ്തകക്ഷി മുന്നണി സർക്കാർ രൂപീകരണവും 1969-ൽ അച്യുതമേനോൻ ഗവൺമെന്റിന്റെ അധകാരാരോഹണവും ബാഫഖി തങ്ങളുടെ മാത്രം സംഭാവനയായിരുന്നു.1960 ലെ കോൺഗ്രസ്സ്-പി.എസ്.പി മന്ത്രിസഭാ രൂപീകരണവും, 1964-ൽ അത് നിലംപൊത്തിയതും, 1965ൽ ഒരു ഇടക്കാല തെരെഞ്ഞെടുപ്പ് നടന്ന് ആർക്കും മന്ത്രിസഭ രൂപീകരിക്കാൻ കഴിയാത്ത കാരണത്താൽ നിയമസഭ പിരിച്ചുവിട്ടതും കേരള രാഷ്ട്രീയ ചരിത്രത്തിന്റെ ശ്രദ്ധേയ അദ്ധ്യായങ്ങളാണ്.

1966 മുതൽ ഒരു പുതിയ രാഷ്ട്രീയ കൂട്ടുകെട്ട് കേരളത്തിൽ രൂപം കൊണ്ടു. ദുർഗ്ഗാപൂർ പ്രമേയത്തിന്റെ മറവിൽ മുസ്‌ലിംലീഗിന് വർഗ്ഗീയതയാരോപിച്ച കോൺഗ്രസ്സ് ഗവർമെന്റിനെ ഒരു പാഠം പഠിപ്പിച്ചേ അടങ്ങുവെന്ന തീരുമാനത്തിലായിരുന്നു മുസ്‌ലിംലീഗ് അന്ന്. ഇ.എം.എസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ്കാരുമായി മുസ്‌ലിംലീഗ് സഖ്യമായി. ലീഗിനെ (1965-ലെ തെരെഞ്ഞെടുപ്പിൽ പോലും) എതിർത്തിരുന്ന സി.പി.ഐ.യും, സംയുക്ത സോഷ്യലിസ്സ് പാർട്ടിയും (എസ്.എസ്.പി) ആർ.എസ്.പി.യും, ഫാദർ വടക്കന്റെ കർഷക തൊഴിലാളി പാർട്ടി (കെ.ടി.പി) യും, മത്തായി മാഞ്ഞൂരാന്റെ കേരള സോഷ്യലിസ്റ്റ് പാർട്ടി (കെ.എസ്.പി) യും, ചേർന്ന സപ്തകക്ഷി മുന്നണി നിലവിൽവന്നു. 1967-ലെ തെരഞ്ഞെടുപ്പിൽ 124 അംഗ അസംബ്ലിയിൽ 118 സീറ്റുകൾ മുന്നണി നേടി. 1967 മാർച്ച് 6-നു മുസ്‌ലിംലീഗിന്റെ രണ്ടംഗങ്ങൾ ഉൾപ്പെടെ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ സർക്കാർ നിലവിൽവന്നു

1969 ആവുമ്പോഴേക്കും ആ ഗവർമെന്റിന് ഇളക്കം തുടങ്ങി. അന്ന് ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന ബി.വെല്ലിംഗ്ടണെ സംബന്ധിച്ച അഴിമതിയാരോപണം അന്വേഷിക്കണമെന്ന് സി.പി.ഐ, മുസ്‌ലിംലീഗ്, ആർ.എസ്.പി കക്ഷികളുടെ അഭിപ്രായത്തെ ഇടത് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചില്ല. കോൺഗ്രസ്സിലെ 9 അംഗങ്ങളുടെയും (നേതാവ് കരുണാകരൻ) 5 അംഗ കേരള കോൺഗ്രസിന്റെയും (നേതാവ് കെ.എം.ജോർജ്ജ്) സഹായത്തോടെ വെല്ലിംഗ്ടണെ അന്വഷണവിധേയനാക്കുന്ന പ്രമേയം നിയമസഭ പാസ്സാക്കി. തുടർന്ന്, ഇ.എം.എസ് തൊട്ടടുത്ത ആഴ്ച്ച തന്നെ എം.എൻ. ഗോവിന്ദൻ നായർ, ടി.വി.തോമസ്, പി.ആർകുറുപ്പ്, പി.കെ കുഞ്ഞുസാഹിബ് എന്നീമന്ത്രിമാരുടെ പേരിൽ അന്വേഷണ കമ്മീഷൻ രൂപികരിച്ച പ്രസ്താവനയുമായി വന്നു. തുടർന്ന് ഒരു ഭാഗത്ത് ഇടതു പാർട്ടിയും, കെ.ടി.പി, കെ.എസ്.പി ഒരോ അംഗം പാർട്ടികളും മറ്റുഭാഗത്ത് സപ്തകക്ഷി മുന്നണിയിലെ കൂറുമുന്നണിയും, കോൺഗ്രസ്സും കേരളാ കോൺഗ്രസ്സും ചേരിപിരിഞ്ഞു. തർക്കമായി, ബഹളമായി. ഇ.എം.എസ് മന്ത്രിസഭയിലെ മറ്റു ചില അംഗങ്ങൾക്കെതിരായി അന്വേഷണ കമ്മീഷൻ പ്രമേയം സഭയിൽ പാസ്സാവുകയും 1969 ഒക്ടോബർ 21-നു ഇ.എം.എസ്.മുഖ്യമന്ത്രിപദം രാജിവെക്കുകയും ചെയ്തു.

തനിക്ക് ശേഷം പ്രളയം എന്ന ഇ.എം.എസിന്റെ കണക്കുകൂട്ടൽ പോലെ ഭരണസ്തംഭനമായ ആ സന്ദർഭത്തിൽ ബാഫഖിതങ്ങൾ ബോംബെയിലായിരുന്നു. അന്നത്തെ കേരള ഗവർണർ വി.വിശ്വനാഥൻ ബാഫഖി തങ്ങൾക്ക് ബോംബെയിലേക്ക് അടിയന്തിരസന്ദേശം അയച്ചു. ചന്ദ്രിക പത്രത്തിന്റെ ആവശ്യാർത്ഥം ബോംബെയിൽ യാത്ര ചെയ്യുകയായിരുന്ന ബാഫഖിതങ്ങൾ പര്യടനം നിർത്തിവെച്ച് തിരുവനന്തപുരത്തേക്ക് കുതിച്ചു. കേരളത്തിന്റെ രാഷ്ട്രീയ അനിശ്ചിതത്വം ശ്വാസമടക്കിപിടിച്ചിരുന്ന കേരള ജനത ബാഫഖിതങ്ങളുടെ രാഷ്ട്രീയ നീക്കങ്ങൾക്കൊപ്പം ആശ്വാസത്തിന്റെ നിശ്വാസം വിടാൻ തുടങ്ങി. വെല്ലിംഗ്ടണ് എതിരായി അന്വേഷണം നടത്തണമെന്ന ബാഫഖിതങ്ങളുടെ ആവശ്യം ഇ.എം.എസിനും അദ്ദേഹത്തിന്റെ കക്ഷിക്കും സ്വീകരിക്കാനായില്ല. എം.എൻ. ഗോവിന്ദൻ നായർ, ടി.വി.തോമസ്. പിആർ കുറുപ്പ് എന്നിവരെ അഴിമതി ആരോപണത്തിന് വിധേയരാക്കരുതെന്ന് ബാഫഖി തങ്ങൾ ഇ.എം.എ.സി.നോട് സി.എച്ച് മുഖേന അഭ്യർത്ഥിച്ചു. മുഖ്യമന്ത്രി അതും തിരസ്കരിച്ചു. അപ്പോൾപിന്നെ മറ്റുനടപടികൾ യുക്തിസഹമായിക്കൊള്ളട്ടെ എന്ന് ബാഫഖി തങ്ങൾ തീരുമാനിച്ചു. അതിന്റെ ഫലം ഒരു പുതിയ ഗവൺമെന്റ് രൂപീകരിക്കപ്പെടുകയായിരുന്നു.

സി.പി.ഐ.യിലെ എം.എൻ.ഗോവിന്ദൻ നായരും, കോൺഗ്രസ്സ് നേതാവ് കെ.കരുണാകരനും, കേരള കോൺഗ്രസ് നേതാവ് കെ.എം.ജോർജ്ജും ആയി കൂടിയാലോചിച്ചു. ഗവർണർ വിശ്വനാഥനുമായി പലതവണ ചർച്ച നടത്തി. അന്ന് രാജ്യസഭാംഗമായിരുന്ന അച്യുതമേനോനുമായും ബാഫഖി തങ്ങൾ ചർച്ച നടത്തി. കേരളത്തിലെ മുഖ്യമന്ത്രിപദം ഏറ്റെടുക്കാനുള്ള ബാഫഖി തങ്ങളുടെ അഭ്യർത്ഥന ആദ്യം അച്യുതമേനോൻ സ്വീകരിച്ചില്ല. കെ,എം.ജോർജ് മന്ത്രിസഭയിൽ ചേരുമെന്നും, കോൺഗ്രസ്സ് പിന്തുണക്കുമെന്നും, തൽഫലമായി നേരിയ ഭൂരിപക്ഷം ഉണ്ടാകുമെന്നും ബാഫഖി തങ്ങൾ ഉറപ്പുനൽകിയ ശേഷം അച്യുതമേനോൻ 1970 നവംബർ ഒന്നിന് കേരളത്തിലെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. കേരളം കണ്ട ഏറ്റവും നല്ല ഒരു ഭരണം കാഴ്ചവെച്ചത് വെറും ഒരു ഗർഭകാലം (10 മാസം) നിലവിലുണ്ടായിരുന്ന അച്യുതമേനോന്റെ ഒന്നാമത്തെ ഈ ഗവർമെന്റായിരുന്നു. ഈ ഗവർമെന്റുണ്ടാക്കിയതിന്റെ മുഴുവൻ ക്രെഡിറ്റും ബാഫഖി തങ്ങൾക്ക് മാത്രമായിരുന്നു.

11 രാഷ്ട്രീയ വിശ്വാസ്യതയുടെ ഉജ്ജ്വല പ്രതീകം

അച്യുതമേനോൻ അധികാരത്തിലിരിക്കുമ്പോൾ നടന്ന ആദ്യത്തെ പാർലമെന്റ് തെരെഞ്ഞെടുപ്പിൽ ആർ.എസ്.പി സ്ഥാനാർത്ഥി കെ.ബാലകൃഷ്ണനുവേണ്ടി ആലപ്പുഴ പാർലമെന്റ് മണ്ഡലത്തിൽ തെരഞ്ഞെടുപ്പു പ്രചാരണം നടത്താൻ ബാഫഖിതങ്ങൾ പോകണമെന്ന് മന്ത്രിമാരായ ബേബി ജോണും, ടി.കെ.ദിവാകരനും നിർബന്ധിച്ചു. ബാഫഖിതങ്ങൾ അതിനു സമ്മതം മൂളി. തങ്ങളെ അനുഗമിക്കാൻ നിർദ്ദേശിക്കപ്പെട്ടത് എന്നെയായിരുന്നു. അന്ന് നിയോജകമണ്ഡലത്തെ മുഴുവൻ ബാഫഖിതങ്ങളുടെ സാന്നിദ്ധ്യം ഇളക്കിമറിച്ചു. പുറക്കാട്, പുന്നപ്ര, വയലാർ പ്രദേശങ്ങളിൽ തെരെഞ്ഞെടുപ്പ് പ്രചാരണത്തിനുവേണ്ടി ബാഫഖിതങ്ങളുടെ മോട്ടോർവാഹനവ്യൂഹത്തിനു മുന്നിൽ ജീപ്പിൽനിന്നു അനൗൺസ്മെന്റ് മുഴങ്ങി. 'ജനാധിപത്യകേരളത്തെ രക്ഷിച്ച ഭീഷ്മാചാര്യൻ മഹാനായ ബാഫഖിതങ്ങൾ സഹോദരീ സഹോദരൻമാരേ നിങ്ങൾക്ക് കാണാൻ, നിങ്ങളെ കാണാൻ ഇതാ വരുന്നു'. ഇതുകേട്ട് തടിച്ചുകുടിയ സ്ത്രീ പുരുഷൻമാർ വിശിഷ്യാ കടലിന്റെ മക്കളായ ആ ജനക്കൂട്ടം. അവിടെ കൂടിയ ജനങ്ങളോട് അദ്ദേഹം ചെയ്ത പ്രസംഗം ശ്രദ്ധേയമായി. ഒരു നേതാവ് എന്ന നിലക്കുള്ള നേതൃത്വവും ദൃഢനിശ്ചയവും ബാഫഖി തങ്ങൾ അവരോട് പറഞ്ഞു. ''കഴിഞ്ഞ പ്രാവശ്യം ഇ.എം.എസിനേയും അദ്ദേഹത്തിന്റെ പാർട്ടിക്കാരെയും ഞങ്ങൾ സഹായിച്ചു. അന്ന് കോൺഗ്രസ്സിനെ ഞങ്ങൾ എതിർത്തു. ഇപ്പോൾ ഞങ്ങൾ ഇ.എം.എസിന്റെ പാർട്ടിക്കാരെ എതിർക്കുകയും കോൺഗ്രസ്സിന്റെ ഒപ്പം ചേരുകയും ചെയ്തു. ഇ.എം.എസിന്റെ പാർട്ടിക്കാർ ചോദിക്കുന്നു. കഴിഞ്ഞ പ്രാവശ്യമല്ലേ നിങ്ങൾ കോൺഗ്രസ്സിനെ കുറ്റം പറഞ്ഞത്. ഇപ്പോഴെന്താ കോൺഗ്രസ്സിന്റെ ഗുണം പറയുന്നുവെന്ന്. എനിക്കവരോട് ആ സഖാക്കളോട് ഒന്നേ പറയാനുള്ളു. അത് നമ്മുടെ മനസാ, നിങ്ങളാരാ ചോദിക്കാൻ" ബാഫഖിതങ്ങളുടെ ഈ പ്രസംഗത്തെപറ്റി സ്ഥാനാർത്ഥി കെ ബാലകൃഷ്ണൻ പറഞ്ഞത് "സ്റ്റൈലൻ പാർട്ടിയുടെ സ്റ്റൈലൻ പ്രസംഗം" എന്നാണ്. ആ തെരഞ്ഞെടുപ്പിൽ ബാലകൃഷ്ണൻ വിജയിച്ചു.

രാഷ്ട്രീയ സത്യസന്ധത മുസ്ലിംലീഗിന്റെ ഏറ്റവും വിലപ്പെട്ട കൈമുതലാണെന്നു ബാഫഖിതങ്ങൾ ഉറച്ചുവിശ്വസിച്ചു അതിൽ മായംചേർക്കാൻ അദ്ദേഹം ആരെയും അനുവദിച്ചില്ല. 1967-ൽ ഞാൻ കണ്ണൂരിൽ നിന്ന് അസംബ്ലിയിലേക്ക് മത്സരിച്ചു. 1965ൽ കണ്ണൂരിൽ മൽസരിക്കുകയും വിജയിക്കുകയും ചെയ്തുവെങ്കിലും അസംബ്ലി പിരിച്ചുവിട്ടതിന്റെ ഫലമായി അസംബ്ലിയിൽ പോകാൻ കഴിയാതിരുന്ന കെ.എം അബൂബക്കർകുഞ്ഞി സാഹിബിനു പകരമായിട്ടായിരുന്നു എന്നെ നിർത്തിയത്. പ്രമുഖരായ ലീഗ് നേതാക്കളടക്കം ഒരുപാട് ആളുകൾക്ക് ഇതിൽ പ്രതിഷേധമുണ്ടായിരുന്നു. ബാഫഖി തങ്ങളുടെ ആ തീരുമാനം നടപ്പിലാക്കിയതിന്റെ പേരിൽ അന്ന് കണ്ണൂർ ജില്ലാ മുസ്ലിംലീഗ് സെക്രട്ടറി ആയിരുന്ന ചെറിയമമ്മുക്കേയി സാഹിബിനു വളരെയധികം എതിർപ്പുകൾ നേരിടേണ്ടിവന്നു. ലീഗിലെ തർക്കങ്ങൾ ബാഫഖി തങ്ങൾ പറഞ്ഞ് അവസാനിപ്പിച്ചുവെങ്കിലും രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ അന്നു എന്നെ എതിർത്തിരുന്ന കോൺഗ്രസ്സ് ശ്രമിച്ചു. അസംബ്ലിയിലേക്ക് കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി എൻ.കെ. കുമാരനും പാർലമെന്റിലേക്ക് മുൻ ജഡ്ജി ടി.എം.അബ്ദുല്ല സാഹിബുമായിരുന്നു. സപ്തകക്ഷി മുന്നണിക്കുവേണ്ടി എന്നോടൊപ്പം പാർലമെന്റിലേക്ക് മൽസരിച്ചിരുന്നത് മാർക്സിസ്റ്റ് പാർട്ടി നേതാവും ബ്രണ്ണൻ കേളജിൽ എന്റെ സതീർത്ഥ്യനുമായിരുന്ന പാട്യം ഗോപാലനായിരുന്നു. കോൺഗ്രസ്സുകാർ അന്നൊരു തന്ത്രം ഉപയോഗിച്ചു. മുസ്ലിം പ്രദേശങ്ങളിൽവന്നു വോട്ടർമാരോട് അസംബ്ലി വോട്ട് അഹമ്മദിനു കൊടുത്തുകൊള്ളൂ, പാർലിമെന്റ് വോട്ട് അബ്ദുള്ള സാഹിബിന് കൊടുക്കണം എന്നവർ പറഞ്ഞു. ഇത് അറിയാൻ ഇടയായ ബാഫഖി തങ്ങൾ എന്റെ പ്രചാരണത്തിന്റെ സമാപനസമ്മേളനമായ കണ്ണൂർ സിറ്റി മൈതാനപ്പള്ളി കടപ്പുറത്തെ റാലിയിൽ പങ്കെടുത്ത് ധീരമായ പ്രഖ്യാപനം നടത്തി. പാർലമെന്റിൽ പാട്യം ഗോപാലന് നൽകാത്ത ഒരു വോട്ടും നമ്മുടെ സ്ഥാനാർത്ഥി ഇ.അഹമ്മദിന് ആവശ്യമില്ല. ബാഫഖി തങ്ങളുടെ ഈ പ്രഖ്യാപനം രാഷ്ട്രീയ സത്യസന്ധതയുടെ ഉജ്ജ്വലപ്രഖ്യാപനം മാത്രമായിരുന്നുല്ല. എതിരാളികളുടെ പ്രചാരണത്തിന് ശക്തമായ താക്കീതുമായിരുന്നു.

12 ബാഫഖി തങ്ങളുടെ ആറ് നിർണായക തീരുമാനങ്ങൾ

മുസ്‌ലിംലീഗിന്റെ രാഷ്ട്രീയ തീരുമാനങ്ങൾക്ക് കേരളത്തിൽ എക്കാലവും നിർണായക പ്രാധാന്യമുണ്ട്. ജനാധിപത്യ മതേതരപ്രസ്ഥാനങ്ങളെ വളച്ചെടുക്കുകയും ഭദ്രമാക്കുകയും ചെയ്യുന്ന കണ്ണി എന്ന നിലക്ക് മുസ്‌ലിംലീഗ് എടുക്കുന്ന തീരുമാനങ്ങൾ കേരള രാഷ്ട്രീയത്തിൽ വളരെയേറെ സ്വാധീനം ചെലുത്തി. മുസ്‌ലിം സമുദായത്തിൽ അത്യഗാധമായ സ്വാധീനമുണ്ടായിരുന്ന സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ രാഷ്ട്രീയരംഗത്തു ചലനവും മുസ്‌ലിംലീഗ് അണികളിൽ ചടുലതയും ഉളവാക്കി. ഒട്ടനേകം രാഷ്ട്രീയ, സാമൂഹ്യ പ്രശ്നങ്ങളിൽ തീരുമാനങ്ങളെത്തിട്ടുണ്ടെങ്കിലും, ബാഫഖിതങ്ങളെടുത്ത ആറു തീരുമാനങ്ങൾ മുസ്‌ലിംലീഗിലും രാഷ്ട്രീയരംഗത്തും ചരിത്രപ്രാധാന്യമർഹിക്കുന്നവയാണ്.

1959, 60, 61 കാലഘട്ടം കേരള രാഷ്ട്രീയത്തിൽ നിർണ്ണായമായിരുന്നു.1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ അധികാരമേറ്റു. ഇ.എം.എസും അച്യുതമേനോനും ടി.വി. തോമസും നിരന്നുനിന്ന ആ സർക്കാറിനെ എതിരിടാൻ പട്ടം താണുപിള്ളയും, പി.ടി. ചാക്കോയും, സി.എച്ച് മുഹമ്മദ്കോയയും മറുഭാഗത്ത് അണിനിരന്നു. അന്നത്തെ കേരള രാഷ്ട്രീയം കോൺഗ്രസ്സ്-പി.എസ്.പി-മുസ്‌ലിംലീഗ് സംഘടനകളെ ഒന്നിച്ചണിനിരക്കാൻ പ്രേരിപ്പിച്ചു. കമ്മ്യൂണിസ്റ്റ് ഭരണത്തിനെതിരായി ഒരു വിമോചനപ്രസ്ഥാനം രൂപംപ്രാപിച്ചു. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിയമലംഘനം സ്വീകരിച്ചിട്ടില്ലാത്ത മുസ്‌ലിംലീഗ് കോൺഗ്രസ്സും, പി.എസ്.പിയും, ജനാധിപത്യ കക്ഷികളും ചേർന്ന് രൂപംകൊണ്ട ഒരു മുന്നണിയിലൂടെ വിമോചനസമരത്തിൽ പങ്കുകൊണ്ടു.

കമ്മ്യൂണിസ്റ്റ് ഗവൺമെന്റുമായി യോജിക്കുന്നില്ലെങ്കിലും നിയമലംഘനപ്രസ്ഥാനത്തിൽ ലീഗ് ചേരാതിരിക്കാൻ അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന വി.ആർ.കൃഷ്ണയ്യർ ശ്രമിച്ചു. മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറിയായിരുന്ന കെ.എം. സീതിസാഹിബിനെക്കണ്ട് നടത്തിയ ഈ ശ്രമം വിജയിച്ചില്ല. ഗവൺമെന്റിനെ താഴെയിറക്കാനുള്ള പ്രക്ഷോഭത്തിൽ മുസ്‌ലിംലീഗും ചേർന്നു. ഖാഇദേമില്ലത്ത് ഇസ്മാഈൽ സാഹിബും, സീതി സാഹിബും ഈ തീരുമാനമെടുക്കുന്നതിൽ ഭാഗഭാക്കുകളായിരുന്നുവെങ്കിലും, ബാഫഖി തങ്ങളുടെ അംഗീകാരത്തോടുകൂടി മാത്രമാണ് 1959-60ൽ നടന്ന വിമോചനസമരത്തിൽ മുസ്‌ലിംലീഗിന്റെ പങ്കാളിത്തമുണ്ടായത്. അതോടെ വടക്കൻ കേരളത്തിൽ ജനകീയ സമരപ്രതിച്ഛായയും കൈവന്നു. അന്നത്തെ റാലികളിൽ ബാഫഖി തങ്ങളുടെ സാന്നിദ്ധ്യം ഒരു വലിയ രാഷ്ട്രീയസംഭവമായിട്ടാണ് മാധ്യമങ്ങൾ വിലയിരുത്തിയത്.

വിമോചനസമരത്തെ തുടർന്ന് കേരള സർക്കാറിനെ കേന്ദ്ര ഗവർമെന്റ് പിരിച്ചുവിട്ടു. കേന്ദ്രത്തിലെ കോൺഗ്രസ്സ് സർക്കാർ ഭരണഘടയെ വ്യഭിചരിച്ചു എന്ന് പാർലമെന്റിൽ കമ്മ്യൂണിസ്റ്റ് നേതാക്കളായ എ.കെ.ജിയും, ഹിരൻ മുഖർജിയും അധിക്ഷേപിച്ചു. ജനാധിപത്യത്തെ കൊലചെയ്ത ജവഹർലാൽ നെഹ്റുവിന്റെ ഗവൺമെന്റിനെതിരെ പ്രതിപക്ഷം ആക്രോശിച്ചു. അച്ഛനെയും അമ്മയെയും കൊലചെയ്ത ശേഷം താൻ അനാഥനാണെന്നും തന്നോട് ദയ കാണിക്കണമെന്നും പറയുന്നവനെപോലെയാണ് കമ്മ്യൂണിസ്റ്റുകാർ ജനാധിപത്യവാദികളായി ചമയുന്നതെന്ന് പറഞ്ഞ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു കമ്മ്യൂണിസ്റ്റ് പ്രതിപക്ഷത്തെ അടക്കിയിരുത്തി. ഇതെല്ലാം കോൺഗ്രസ്സിനെ മുസ്‌ലിംലീഗുമായി കൂടുതൽ അടുപ്പിച്ചു. അന്ന് കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന ഇന്ദിരാഗാന്ധിയുടെ സാന്നിദ്ധ്യം ഈ ബന്ധങ്ങളെ ശക്തിപ്പെടുത്തി.

തുടർന്ന് 1960-ൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സും, പി.എസ്.പി.യും, മുസ്‌ലിംലീഗും ഒന്നിച്ചണിനിരന്നു. തെരഞ്ഞെടുപ്പിൽ ഈ മൂന്ന് കക്ഷികളും വമ്പിച്ച ഭൂരിപക്ഷം നേടി. കോൺഗ്രസ്സ്-പി.എസ്.പി-മുസ്‌ലിംലീഗ് കൂട്ടുമന്ത്രിസഭക്ക് പ്രതീക്ഷ അർപ്പിച്ച കേരള ജനതക്ക് അന്നത്തെ കോൺഗ്രസ്സ് ഹൈക്കമാന്റിന്റെ നീക്കങ്ങൾ ഇച്ഛാഭംഗമുണ്ടാക്കി. മുസ്‌ലിംലീഗ് വർഗീയകക്ഷിയാണെന്നാരോപിച്ച് മൊറാർജി ദേശായി അടക്കമുള്ള കോൺഗ്രസ്സ് നേതാക്കൾ മുസ്‌ലിംലീഗുമായി സഹകരിച്ച് മന്ത്രിസഭയുണ്ടാക്കുന്നതിനെ പരസ്യമായി എതിർത്തു. പി.എസ്.പി.യുടെ അഖിലേന്ത്യാ നേതാക്കൻമാരായ അശോക് മേത്തയടക്കം പലരും ഇതിൽ പ്രതിഷേധിച്ചു. തെരഞ്ഞെടുപ്പ് കാലത്ത് കോൺഗ്രസ്സ്-പിഎസ്.പി -മുസ്‌ലിംലീഗ് ബന്ധത്തെ അലഹബാദിലെ ത്രിവേണി സംഗമത്തോടുപമിച്ച ഡോ.അശോക്മേത്തയും കേരളത്തിലെ പ്രതിഷേധിച്ചു. ആർ ശങ്കറെപ്പോലുള്ള കോൺഗ്രസ്സ് നേതാക്കൻമാർ ലീഗിനെ മന്ത്രിസഭയിലെടുക്കന്നതിൽ അനുകൂലമായിരുന്നുവെങ്കിലും ഹൈക്കമാന്റിനെക്കൊണ്ടു അത്തരമൊരു തീരുമാനം എടുപ്പിക്കാൻ അവർ അശക്തരായിരുന്നു. വമ്പിച്ച ഭൂരിപക്ഷം ലഭിച്ചിട്ടും മന്ത്രിസഭാ രൂപീകണം ദിവസങ്ങളും ആഴ്ചകളും നീണ്ടുപോകുകയും ഡൽഹിയിലും തീരുവനന്തപുരത്തും കൊച്ചിയിലും തകൃതിയായ കൂടിയാലോചനകൾ നടക്കുകയും ചെയ്തു.

മുസ്‌ലിംലീഗിലെ യുവജനവിഭാഗം കോൺഗ്രസ്സിന്റെ നിലപാടിനെ ശക്തമായി എതിർത്തു. പക്ഷേ, പാർട്ടി അച്ചടക്കം മാനിച്ച് ആരും പരസ്യപ്രസ്താവനകൾ ഇറക്കിയിരുന്നില്ല. മാത്രമല്ല, നല്ലൊരു വിഭാഗം കോൺഗ്രസ്സുകാരും ഹൈക്കമാന്റ് നിലപാട് രാഷ്ട്രീയവഞ്ചനയായി കാണുകയും ചെയ്തു. മുസ്‌ലിംലീഗിന്റെ സമ്മതമില്ലാതെ ഒരു മന്ത്രിസഭക്ക് താനില്ലെന്ന നിലപാടിൽ പട്ടം താണുപിള്ള ഉറച്ചുനിന്നു. ആ സന്ദർഭത്തിൽ അന്നത്തെ മുസ്‌ലിംലീഗിന്റെ നയരൂപീകരണം നടത്തുന്ന മൂന്ന് ഉന്നത നേതാക്കൻമാർ തിരുവനന്തപുരം എം.എൽ.എ കോർട്ടേഴ്സിൽ താമസിക്കുകയായിരുന്നു. ബാഫഖി തങ്ങൾ, സീതി സാഹിബ്, പോക്കർ സാഹിബ്. ഈ മൂന്ന് നേതാക്കൻമാരും സുബ്ഹ് നമസ്ക്കാരത്തിന് ശേഷം ബാഫഖി തങ്ങൾ താമസിച്ച മുറിയിൽ വാതിലടച്ചിരുന്നു ഒരു തീരുമാനമെടുത്തു. തീരുമാനത്തിന്റെ തുടക്കം ബാഫഖി തങ്ങളിൽ നിന്നായിരുന്നു. തീരുമാനത്തിന്റെ അനന്തരഫലങ്ങൾ സീതിസാഹിബ് വിലയിരുത്തി. പിന്നീട് പോക്കർ സാഹിബും പ്രശ്നപരിഹാരത്തിന് അതാണ് നല്ലതെന്ന് ചൂണ്ടിക്കാട്ടി. ബാഫഖിതങ്ങൾ ആ തീരുമാനം സി.എച്ചിനേയും, സയ്യിദ് ഉമർ ബാഫഖി തങ്ങളെയും മറ്റു സഹപ്രവർകൻമാരെയും അറിയിച്ചു. എല്ലാവരും നിശ്ശബ്ദം കേട്ടു- അംഗീകരിച്ചു. മുസ്‌ലിംലീഗ് മന്ത്രിസഭയിൽ ചേരുന്നില്ല. കോൺഗ്രസും പി.എസ്.പി.യും കൂടി മന്ത്രിസഭ രൂപവൽക്കരിക്കട്ടെ. മുസ്‌ലിംലീഗ് പുറത്തുനിന്ന് പുന്തുണ നൽകും. അതായിരുന്നു വിസ്മയകരമായ ആ തീരുമാനം.

ഈ തീരുമാനം അന്നത്തെ കേരളാ ഗവർണർ ബി.രാമകൃഷ്ണറാവുവിനെ സീതിസാഹിബ് ഫോണിൽ അറിയിച്ചു. ഗവർണർ അരമണിക്കൂർ കഴിഞ്ഞു വീണ്ടും സീതിസാഹിബിനെ വിളിച്ചു. പ്രധാനമന്ത്രി ബാഫഖി തങ്ങളെ അറിയിച്ചു. മുസ്‌ലിംലീഗിന് മന്ത്രിസഭയിൽ പ്രാതിനിധ്യം ആവശ്യമില്ലെന്ന തീരുമാനം എടുത്തതായി കേരള ഗവർണ്ണർ പ്രധാനമന്ത്രിയെ അറിയിച്ചപ്പോൾ നെഹ്റു പെട്ടെന്ന് പ്രതികരിച്ചത് 'ഈസ് ഇറ്റ്' (അതെയോ) എന്നായിരുന്നുവത്രേ!.

രണ്ടാം നിയരസഭയിൽ പട്ടം താണുപിള്ള മുഖ്യമന്ത്രിയും, ആർ.ശങ്കർ ഡെപ്യൂട്ടി മുഖ്യമന്ത്രിയും ആയി രൂപംകൊണ്ട കോൺഗ്രസ്- പി.എസ്.പി. മന്ത്രിസഭ നിലവിൽവരാൻ സാഹചര്യം സൃഷ്ടിച്ച അന്നത്തെ രാഷ്ട്രീയ പ്രതിസന്ധി പരിഹരിച്ച തീരുമാനം സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടേതായിരുന്നു.

കോൺഗ്രസ്സ്- പി.എസ്.പി മന്ത്രിസഭ അധികാരമേറ്റെടുത്ത നാൾ മുതൽ സാർവ്വത്രികമായ ഒരാവശ്യം മുസ്‌ലിംലീഗ്, സ്പീക്കർ പദവി സ്വീകരിക്കണമെന്നതായിരുന്നു. ജവഹർലാൽ നെഹ്റു കേരളകാര്യം തന്റെ പത്രസമ്മേളനത്തിൽ പറഞ്ഞു. "ഒരു ലീഗുകാരൻ കേരള അസംബ്ലി സ്പീക്കറായിരിക്കുന്നത് തികച്ചും ഉചിതമായിരിക്കും". തുടർന്ന് കെ.എം.സീതിസാഹിബിനെ രണ്ടാം കേരള അസംബ്ലിയുടെ സ്പീക്കറായി തെരഞ്ഞെടുത്തു. സി.എച്ച്, മുഹമ്മദ് കോയസാഹിബ് സ്പീക്കറായിരിക്കണമെന്ന് കോൺഗ്രസ്സ്-പി.എസ്.പി നിയമസഭാ കക്ഷികൾ തീരുമാനിച്ചപ്പോൾ സി.എച്ച്. സ്പീക്കറാവുന്നതിന് മുമ്പ് ലീഗ് മെമ്പർ സ്ഥാനം രാജിവെക്കണമെന്ന് അന്നത്തെ കെ.പി.സി.സി.പ്രസിഡന്റ് സി.കെ ഗോവിന്ദൻ നായർ ശാഠ്യം പിടിച്ചു. എന്നാൽ സി.എച്ച്. അതിന് വഴങ്ങിയില്ല. ഇത് കോൺഗ്രസ്സ്-ലീഗ് ബന്ധം വഷളാക്കാൻ ചിലർ മനഃപൂർവ്വമുണ്ടാക്കുന്നതാണെന്നും ഇതിന്റെ ഭവിഷ്യത്ത് ഒഴിവാക്കാൻ സി.എച്ച് സൻമനസ്സ് കാണിക്കണമെന്നും ആർ.ശങ്കറെയും പി.ടി ചാക്കോയെയും പോലുള്ള അന്നത്തെ മുസ്‌ലിംലീഗ് അനുകൂലികളായ കോൺഗ്രസ്സ് നേതാക്കൻമാർ ബാഫഖി തങ്ങളെയും ഇസ്മാഈൽ സാഹിബിനെയും നേരിൽ കണ്ടഭ്യർത്ഥിച്ചു. അവസാനം ഇസ്മാഈൽ സാഹിബിന്റെ നിർദ്ദേശാനുസരണം സി.എച്ച്. മുഹമ്മദ് കോയ സാഹിബ് സ്പീക്കർ സ്ഥാനം സ്വീകരിച്ചു.

എന്നാൽ പിന്നീട് സി.എച്ച്. സ്പീക്കർ സ്ഥാനം രാജിവെച്ച് പുറത്തുവരാനിടയായ ആ തീരുമാനം ലീഗിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാന്യമർഹിക്കുന്ന തീരുമാനങ്ങളിലൊന്നായിരുന്നു. ലീഗും കോൺഗ്രസ്സുമായുള്ള ബന്ധം വഷളായിക്കൊണ്ടിരുന്നു. സ്പീക്കർസ്ഥാനം രാജിവെക്കണമെന്നും വെക്കരുതെന്നും അഭിപ്രായങ്ങളുണ്ടായി. സ്പീക്കർസ്ഥാനം രാഷ്ട്രീയത്തിനതീതമണെന്നും ഒരു രാഷ്ട്രീയപാർട്ടി സ്പീക്കറെ രാജിവെപ്പിക്കരുതെന്നും ചിലർ അഭിപ്രായപ്പെട്ടു. സി.എച്ച് പാർട്ടിയിൽ നിന്ന് രാജിവെച്ച് സ്പീക്കറായത് അദ്ദേഹത്തിന്റെ പാർട്ടി നേതൃത്വത്തിന്റെ നിർദ്ദേശമനുസരിച്ചാണെന്നും അതേ പാർട്ടി നേതൃത്വം സി.എച്ചിനോട് രാജിവെക്കാനാവശ്യപ്പെടുകയാണെന്നും ബാഫഖി തങ്ങൾ പ്രഖ്യാപിച്ചു. അദ്ദേഹത്തോട് ആ സ്ഥാനം രാജിവെച്ച് ഇറങ്ങിവരാനും സംഘടനക്ക്വേണ്ടി പ്രവർത്തിക്കാനും ആവശ്യപ്പെട്ടിരിക്കുന്നു എന്ന ബാഫഖി തങ്ങളുടെ സിംഹഗർജ്ജനവും ഞാൻ പാർട്ടിനേതൃത്വത്തിന് വിധേയനാണ് എന്ന സി.എച്ചിന്റെ പ്രതികരണവും കേരളത്തിൽ മാത്രമല്ല. ദേശീയ രാഷ്ട്രീയരംഗത്തും അന്ന് വലിയ പ്രതിധ്വനികൾ സൃഷ്ടിച്ചു. ബാഫഖി തങ്ങൾ സ്വന്തമായി എടുത്ത ഈ തീരുമാനം ഇസ്മാഈൽ സാഹിബ് ശരിവെക്കുകയാണുണ്ടായത്.

മുസ്‌ലിംലീഗ് കോൺഗ്രസ്സിനെതിരായി ആഞ്ഞടിച്ചു. തുടർന്ന് കോൺഗ്രസ്സിൽ പൊട്ടലും ചീറ്റലും തുടർന്നു. പി.ടി ചാക്കോ ആഭ്യന്തര വകുപ്പ് ഒഴിയേണ്ടിവന്നു. ചാക്കോ അനുകൂലികൾ കേരള കോൺഗ്രസ്സായി മാറി. പട്ടം താണുപിള്ള പഞ്ചാബിലെ ഗവർണ്ണറായി മാറിയതുമുതൽ മുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കറെ

താഴെയിറക്കാൻ കോൺഗ്രസ്സിൽ ഒരുഭാഗം ശ്രമിച്ചു. കേരള കോൺഗ്രസ്സുകാരായി മാറിയ കോൺഗ്രസ്സിലെ ഒരു ഗ്രൂപ്പ് പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസത്തിന് ആക്കംകൂട്ടി. വോട്ടെടുപ്പിൽ ശങ്കറിന്റെ കോൺഗ്രസ്സ് ഗവർമെന്റിനെതിരായി മുസ്ലിംലീഗും ചേർന്നപ്പോൾ ആ ഗവൺമെന്റ് വീണു. തുടർന്ന് പ്രസിഡന്റ് ഭരണത്തിൽ 1965ൽ നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. മുസ്ലിംലീഗും കേരള കോൺഗ്രസ്സും നീക്കുപോക്കുകളുണ്ടാക്കി. കമ്മ്യൂണിസ്റ്റുപാർട്ടി പിളർന്നു ഇടതും വലതുമായി. ഇപ്പോഴത്തെ സി.പി.എം അന്നറിയപ്പെട്ടത് ഇടത് കമ്മ്യൂണിസ്റ്റ് എന്നും, സി.പി.ഐ. വലത് കമ്മ്യൂണിസ്റ്റ് എന്നും ആയിരുന്നു. ഇടത് കമ്മ്യൂണിസ്റ്റുകാർ ലീഗുമായി തെരഞ്ഞെടുപ്പിൽ ധാരണയായി. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, അണ്ടത്തോട്, മട്ടാഞ്ചേരി എന്നീ അഞ്ചു സീറ്റുകളിൽ ഇടത് പാർട്ടി മുസ്ലിംലീഗിനും മറ്റ് പല സീറ്റുകളിലും ലീഗ് ഇടത്പാർട്ടിക്കും വോട്ടുപിടിച്ചു. ഇതൊരു സഖ്യമായിരുന്നില്ല. തെരഞ്ഞെടുപ്പ് ധാരണയായിരുന്നു.

1965-ലെ ഇടക്കാല തെരഞ്ഞെടുപ്പിൽ ആർക്കും ഭൂരിപക്ഷം കിട്ടിയില്ല. കേരള കോൺഗ്രസ്സിന്റെ നേതാവായിരുന്ന കെ.എം.ജോർജിന്റെ നേതൃത്വത്തിൽ മുസ്ലിംലീഗിന്റെ പിന്തുണയോടെ ഒരു സർക്കാർ രൂപീകരിക്കാനാവുമെന്ന് ചിലർ പ്രതീക്ഷിച്ചുവെങ്കിലും നിയമസഭ നിയമപരമായി നിലവിൽ വരുംമുമ്പുതന്നെ പിരിച്ചുവിട്ടു. അങ്ങനെ മൂന്നാം നിയസഭ പിറന്നില്ല. കേരളത്തിൽ പ്രസിഡന്റ് ഭരണം തുടർന്നു.

1967-ലെ തെരഞ്ഞെടുപ്പിന് മുമ്പ് രാഷ്ട്രീയചർച്ചകൾ നടന്നു. 1996 സെപ്തംബർ, ഒക്ടോബർ മാസങ്ങളിലാണ് ചർച്ചകൾക്ക് തുടക്കമിട്ടത്. മുസ്ലിംലീഗിനെ സംബന്ധിച്ചിടത്തോളം ഇതു പ്രധാനപ്പെട്ട ഒന്നായിരുന്നു. മാർകിസ്റ്റ് പാർട്ടിയുമായി രാഷ്ട്രീയ സഖ്യമെന്നത് നിസ്സാരകാര്യമായിരുന്നില്ല. കോൺഗ്രസ്സ്കക്ഷി അവരുടെ ദുർഗ്ഗാപൂർ പ്രമേയത്തിന്റെ മറവിൽ മുസ്ലിംലീഗിനെതിരെ കൈകൊണ്ട നിലപാടും കേരളത്തിലെ ഭരണരംഗത്തെ അസ്ഥിരതയും എല്ലാംകൂടി നോക്കുമ്പോൾ ഇടത് പാർട്ടികളടക്കമുള്ള ഒരു പുതിയ മുന്നണിയിലൂടെ മാത്രമേ ഭരണസ്ഥിരത കൈവരിക്കുകയുള്ളൂവെന്ന് ബോധ്യമായിരുന്നു. ബാഫഖിതങ്ങളെ സംബന്ധിച്ചിടത്തോളം അന്നത്തെ പരിതസ്ഥിതിയിൽ അത്തരമൊരു തീരുമാനം നിർണ്ണായകവും സുപ്രധാനവുമായിരുന്നു. മുസ്ലിംലീഗ് പി.എസ്.പി.യുമായും കോൺഗ്രസ്സുമായും രാഷ്ട്രീയസഖ്യം ചെയ്തു. പക്ഷേ അതൊന്നും രാഷ്ട്രീയാധികാരം ലീഗിന് നേടിക്കൊടുത്തില്ല. എന്നാൽ മുസ്ലിംലീഗിന് കേരളത്തിൽ രാഷ്ട്രീയാധികാരം അപ്രാപ്യമല്ല എന്നായിരുന്ന ബാഫഖി തങ്ങളുടെ രാഷ്ട്രീയവീക്ഷണം. അതുകൊണ്ടുതന്നെ ബാഫഖിതങ്ങൾ തന്റെ രാഷ്ട്രീയ ജീവിതത്തിൽ ഏറ്റവും സുപ്രധാനവും നിർണ്ണായകവുമായ തീരുമാനമെടുത്തുകൊണ്ട് മുസ്ലിംലീഗിനെ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സപ്തകക്ഷി മുന്നണിയിൽ ചേർത്തു. 1967 ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പും, തുടർന്ന് ചരിത്രത്തിലാദ്യമായി മുസ്ലിംലീഗിന്റെ രണ്ട് മന്ത്രിമാർ സി.എച്ച്.മുഹമ്മദ്കോയ സാഹിബും, എം.പി.എം അഹമ്മദ് കുരിക്കളും 1967 മാർച്ച് 6ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് ഡർബാർ ഹാളിൽ വെച്ച് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. വിഭാഗീയത വെച്ചു പുലർത്തി മുസ്ലിംലീഗിനെ ജനാധിപത്യചേരിയിൽ നിന്ന് ബഹുദൂരം അകറ്റിയ കോൺഗ്രസ്സ് നേതൃത്വത്തിലെ ഒരു വിഭാഗത്തിന് അവരുടെ രാഷ്ട്രീയ പാപ്പരത്തം ശരിക്കും മനസ്സിലായി.

1967-ൽ ഇ.എം.എസ് മന്ത്രിസഭയെ അധികാരത്തിലേറ്റാൻ വമ്പിച്ച സംഭാവനയർപ്പിച്ച ബാഫഖി തങ്ങൾ 1969 ആകുമ്പോഴേക്കും ഇ.എം.സ് മന്ത്രിസഭയുടെ ഒരു വിമർശകനായിമാറി. അന്നത്തെ ഇ.എം.എസ് മന്ത്രിസഭക്കെതിരായി അലയടിച്ചുയർന്ന അഴിമതിയാരോപണങ്ങളെപ്പറ്റി അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഭരണമുന്നണിയിലെ മുസ്ലിംലീഗ്, സി.പി.ഐ, ആർ.എസ്.പി, എസ്.എസ്.പി. കെ.ടി.പി, കെ.എസ്.പി എന്നീ കക്ഷികളുടെ നിലപാട് അനുസൃതമായി ഇ.എം.എസ്. നിവേദനത്തിലെ ആവശ്യങ്ങൾ തിരസ്കരിച്ചുകൊണ്ട് അധികാരം വിട്ടൊഴിഞ്ഞു. ഇതോടെ കേരളത്തിൽ ഭരണപരമായ അനിശ്ചിതത്വം തുടങ്ങി.

അന്ന് എല്ലാ സ്ഥലത്തും ഒരു ചോദ്യം മാത്രമാണ് ഉയർന്നുനിന്നത്. ഇനിയെന്ത്? "തനിക്കുശേഷം പ്രളയം" എന്ന തത്ത്വമായിരുന്നു ഇ.എം.എസ് കരുതിയതെന്ന് രാഷ്ട്രീയ നിരീക്ഷകൻമാർ അഭിപ്രായപ്പെട്ടു. എന്നാൽ ബാഫഖിതങ്ങൾ അന്ന് ബോംബെയിലായിരുന്നു. ഗവർണ്ണർ വിശ്വനാഥന്റെ സന്ദേശം കിട്ടിയപ്പോൾ തന്റെ സാന്നിദ്ധ്യം തിരുവനന്തപുരത്ത് അനിവാര്യമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം തിരുവനന്തപുരത്തേക്ക് പറന്നു. ബാഫഖി തങ്ങൾ തിരുവനന്തപുരത്തേക്ക് വരുന്നതായിരുന്നു അന്ന് എല്ലാ പത്രങ്ങളുടെയും മുഖ്യവാർത്ത. അതൊന്ന് മാത്രമായിരുന്നു ജനാധിപത്യ കേരളത്തിന്റെ ഒരേയൊരു ആശ്വാസവും.

അന്ന് മന്ത്രി നഹാസാഹിബിന്റ ലിൻഡ് ഹോസ്റ്റലിലുണ്ടായ ചർച്ചയിൽ മുസ്ലിംലീഗിന്റെയും സി.പി.ഐ, ആർ.എസ്.പി പാർട്ടികളുടെയും പ്രതിനിധികൾ പങ്കെടുത്തു. ബാഫഖിതങ്ങൾക്ക് വലിയൊരു. രാഷ്ട്രീയഭാരം ഏറ്റെടുക്കേണ്ടതായി വന്നു. രാജ്യസഭാംഗമായിരുന്ന സി.പി.ഐ. നേതാവ് എം.എൻ ഗോവിന്ദൻനായർ ബാഫഖി തങ്ങളുടെ ശ്രമങ്ങൾക്ക് സർവ്വവിധ സഹായവും നൽകി. അഞ്ചംഗ പാർട്ടിയായ കേരള കോൺഗ്രസ്സ് നേതാവ് കെ.എം.ജോർജിനെ ഉൾപടുത്തിയും, കോൺഗ്രസ്സിന്റെ പിന്തുണ ഉറപ്പുവരുത്തിയും, അച്ചുതമേനോനെ മുഖ്യമന്ത്രിയാക്കി വാഴിക്കാനുള്ള തീരുമാനം ബാഫഖി തങ്ങൾ എടുത്തു. 1969

നവംബർ ഒന്നാം തിയ്യതി രാജ്ഭവനിൽ അച്ചുതമേനോൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞചെയ്യുമ്പോൾ എല്ലാവരുടെയും ശ്രദ്ധ കേരളത്തിന്റെ ജനാധിപത്യസംരക്ഷണത്തിന്റെ വിജയദിനത്തിന് കാരണക്കാരനായ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളിൽ മാത്രമായിരുന്നു.

13. മുസ്ലിംലീഗ് അധ്യക്ഷപദവിയിലേക്ക്

1969 നവമ്പർ 1-ന് അച്ച്യുതമേനോൻ മന്ത്രിസഭാ രൂപീകരണത്തിന് നേതൃത്വം നൽകിയ ബാഫഖി തങ്ങളുടെ അറിവോടും അനുവാദത്തോടും കൂടിത്തന്നെയാണ് പത്തുമാസങ്ങൾക്കുശേഷം അത് പിരിച്ചു വിട്ടതും. കേരളത്തിൽ ഐക്യജനാധിപത്യമുന്നണിക്ക് രൂപമുണ്ടാക്കിയത് ബാഫഖി തങ്ങളായിരുന്നു. 1970 സെപ്തംബറിൽ മുസ്ലിംലീഗ്, സിപിഐ, എസ്.എസ്.പി(സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി), ആർഎസ്.പി, എന്നീ കക്ഷികൾ (അന്നു കൂറുമുന്നണി എന്നറിയപ്പെട്ടത് ഈ കക്ഷികളുടെ സഖ്യമായിരുന്നു), കെ.എം. ജോർജിന്റെ കേരള കോൺഗ്രസ് എന്നീ കക്ഷികൾ നടത്തിയതായിരുന്നു സഖ്യം. (ഇന്ദിരാ ഗാന്ധിയുടെ നേതൃത്വത്തിലുണ്ടായിരുന്ന കോൺഗ്രസ്സ് അച്ചുതമേനോൻ ഗവർമെന്റിനെ പുറത്തുനിന്നും സഹായിക്കുകയായിരുന്നു.) ഈ സഖ്യം കോൺഗ്രസ്സുമായി തെരഞ്ഞെടുപ്പു സഖ്യമുണ്ടാക്കി മത്സരിച്ചു. 1970-ൽ നടന്ന തെരഞ്ഞെടുപ്പിന് ശേഷമാണ് കോൺഗ്രസ്സസ് ഗവർമെന്റിൽ ചേർന്നത്. മുസ്ലിംലീഗ് മന്ത്രി (സി.എച്ച്.മുഹമ്മദ്കോയ സാഹിബ്) കൈകാര്യം ചെയ്ത ആഭ്യന്തര വകുപ്പ് കോൺഗ്രസ്സിനു നൽകി. കോൺഗ്രസ്സ് മന്ത്രി സഭയിൽ വന്നതോടെ കൂറുമുന്നണി സഖ്യം ഐക്യജനാധിപത്യമുന്നണിയായി മാറി. കെ.കരുണാകരൻ ആഭ്യന്തരമന്ത്രിയും കെ.ടി.ജോർജ്ജ് ധനകാര്യമന്ത്രിയുമായി. കോൺഗ്രസ്സ്, സി.പി.ഐ, മുസ്ലിംലീഗ്, ആർ. എസ്.പി, എസ്.എസ്.പി, കേരള കോൺഗ്രസ് പാർട്ടികളുൾപ്പെട്ട അച്ചുതമേനോന്റെ രണ്ടാം മന്ത്രിസഭയുടെയും ഇന്നത്തെ ഐക്യജനാധിപത്യ മുന്നണി (യു.ഡി.എഫ്)യുടെയും ശിൽപി സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളെയായിരുന്നു.

എന്നാൽ മുസ്ലിംലീഗിന്റെയും ബഫഖി തങ്ങളുടെയും ജീവിതത്തിൽ അദ്ദേഹം എടുത്ത ചരിത്രപ്രധാനമായ ആറാമത്തെ തീരുമാനം ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ പ്രസിഡന്റാകാൻ സമ്മതിച്ചുകൊണ്ടെടുത്തതായിരുന്നു. മുസ്ലിംലീഗ് സംഘടനയുടെ ചരിത്രത്തിൽ ഒരിക്കലും മായ്ക്കാനാകാത്തതും മറക്കാനാകാത്തതുമായ തീരുമാനം.

ഇസ്മാഈൽ സാഹിബിന്റെ വേർപ്പാട് മുസ്ലിംലീഗ് സംഘടനയിൽ അക്ഷരാർത്ഥത്തിൽ ശൂന്യതയുണ്ടാക്കി. ഖാഇദേമില്ലത്തിനു ശേഷം ഇനി ആര്? ഇതായിരുന്നു എല്ലാവരുടെയും മുമ്പിലുണ്ടായിരുന്ന ചോദ്യം. ഇസ്മാഈൽ സാഹിബിന്റെ വിയോഗത്തിനുശേഷം ആ ചോദ്യത്തിനുത്തരം കാണാൻ എല്ലാ മുസ്ലിംലീഗ് നേതാക്കന്മാരും മദ്രാസിൽ ഒത്തുകൂടി. ഇസ്മാഈൽ സാഹിബിനു ശേഷം ആ പദവി ഏറ്റെടുക്കുവാൻ യോഗ്യൻ ബാഫഖി തങ്ങൾ മാത്രമാണെന്ന് ഓരോ ലീഗുകാരന്റെയും ഹൃദയം മന്ത്രിച്ചു.

ബാഫഖി തങ്ങളുടെ വ്യക്തിത്വത്തിനു മാത്രമേ ഇസ്മാഈൽ സാഹിബിന് പകരക്കാരനാവാൻ കഴിയൂ എന്ന് മർഹൂം ബി.വി.അബ്ദുല്ലക്കോയ സാഹിബ്., മർഹൂം എ.കെ. അബ്ദുസമദ് സാഹിബ് തുടങ്ങിയ ലീഗ് നേതാക്കൾ ആദ്യംതന്നെ പറഞ്ഞു. എന്നാൽ ഒരു തീരുമാനമെടുക്കാൻ കഴിയാതിരുന്നത് ബാഫഖി തങ്ങളുടെ വിനയാന്വിതമായ വിസമ്മതം കൊണ്ടായിരുന്നു. തനിക്ക് ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ അറിയുകയില്ല. മറ്റു പലരേയും പോലെ ഉർദുവിൽ പ്രസംഗിക്കുവാനുമാവില്ല. പിന്നെ പ്രായാധിക്യവും, കേരളത്തിൽ തനിക്കുള്ള ഉത്തരവാദിത്വങ്ങളുടെ ബാഹുല്യവും. ഇതെല്ലാം മനസ്സിലാക്കി ഈ സമുന്നത പദവി ഏറ്റെടുക്കാൻ ബാഫഖി തങ്ങൾ മടിച്ചു. ബാഖഫി തങ്ങൾ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടതിന്റെ അനിവാര്യത അന്നു മദ്രാസിലുണ്ടായിരുന്ന ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പ്രവർത്തകസമിതി അംഗങ്ങളിൽ പ്രമുഖർ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. ജനാബ് സി.എച്ച് മുഹമ്മദ് കോയ, എ.കെ. അബ്ദുസ്സമദ്, ബി.വി.അബ്ദുല്ലക്കോയ, സി.കെ.പി. ചെറിയ മമ്മുക്കേയി എന്നിവർ നേരിട്ടും സയ്യിദ് ഉമർ ബാഫഖി തങ്ങൾ മാറിനിന്നും ബാഫഖിതങ്ങൾ പ്രസിഡന്റു പദം ഏറ്റെടുക്കേണ്ടത് സംഘടനയേയും സമുദായത്തേയും സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാനാവാത്തതാണെന്നറിയിച്ചു.

സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പ്രസിഡന്റ് പദം ഏറ്റെടുക്കണമെന്ന വാദം അവതരിപ്പിച്ചു സി.എച്ച് മുഹമ്മദ് കോയ സാഹിബ് നിരത്തിവെച്ച അഭിപ്രായങ്ങൾ ഞാനിപ്പോഴും ഓർക്കുന്നു- "ഏതു പരിതസ്ഥിതിയിലും മുസ്ലിംലീഗ് പോലെ മറ്റുള്ളവരുടെ സൂക്ഷ്മദൃഷ്ടിക്കും എതിരാളികളുടെ വിമർശനങ്ങളുടെ കുന്തമുനകൾക്കും വിധേയമാവുന്ന ഒരു സംഘടനയുടെ മാനം കാത്തുസൂക്ഷിക്കാൻ കഴിവും കെൽപ്പുമുള്ള ഒരു ധീരനേതാവ്, സമുദായത്തിന്റെ വിശ്വാസം പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു നേതാവ്, സമുദായത്തിനോ സംഘടനക്കോ ഒരിക്കലും ഒരു നാണക്കേടും ഉണ്ടാക്കുകയില്ലെന്ന് വിശ്വസിക്കാവുന്ന ഒരു നേതാവ്, പറയുന്നത് മാത്രം പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നത് മാത്രം പറയുകയും ചെയ്യുന്ന വ്യക്തിജീവിതത്തിൽ വിശുദ്ധി പുലർത്തുന്ന ഒരു നേതാവ്, ഏതു സദസ്സിലും രാഷ്ട്രീയ നേതാക്കൻമാരുടെ ഇടയിലും തലയുയർത്തിപ്പിടിച്ചു മുസ്ലിംലീഗിന്റെ അഭി

മാനം കാത്തുനടക്കാനാവുന്ന നേതാവ്, സർവ്വോപരി ഏതു പ്രക്ഷുബ്ധ സാഹചര്യത്തിലും വികാരം മാറ്റി നിർത്തി വിവേകപൂർവ്വം പരിഹാരം കാണാൻ കഴിയുന്ന നേതാവ്- ഖായിദേമില്ലത്തിനു പകരംവെക്കാൻ ബാഫഖി തങ്ങളല്ലാതെ മറ്റാരുണ്ട്?". ബാഫഖി തങ്ങൾ ഏറ്റവുമധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന മർഹൂം പാണക്കാട് പൂക്കോയതങ്ങൾ കൂടി ഈ അഭിപ്രായങ്ങളെ അനുകൂലിച്ചപ്പോൾ ബാഫഖി തങ്ങൾക്ക് ആ അഭ്യർത്ഥന പിന്നെ നിരസിക്കാനായില്ല. അങ്ങനെ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ ഖായിദേമില്ലത്ത് ഇസ്മാഈൽ സാഹിബിന് ശേഷം ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ അദ്ധ്യക്ഷപദം ഏറ്റെടുത്തു.

ബാഫഖി തങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ ത്യാഗമായിരുന്നു. മോശമായിക്കൊണ്ടിരിക്കുന്ന ആരോഗ്യസ്ഥിതി വകവെക്കാതെ ഇത്തരമൊരു ഉത്തരവാദിത്തം കൂടി ഏറ്റെടുത്തത് ബാഫഖി തങ്ങളെ അറിയുകയും സ്നേഹിക്കുകയും ചികിത്സിക്കുകയും ചെയ്യുന്ന പല ഡോക്ടർമാർക്കും ഇഷ്ടപ്പെട്ടില്ല. അവരോടെല്ലാം അദ്ദേഹം പറഞ്ഞു. ''എന്റെ സമുദായത്തിനുവേണ്ടി അതാണ് ഞാൻ ചെയ്യേണ്ടതെങ്കിൽ അല്ലാഹുവിന്റെ വിധി അങ്ങനെയായിരിക്കും" ഏതു സന്ദർഭത്തിലും എന്തു സംഭവിക്കുമ്പോഴും അത് അല്ലാഹുവിന്റെ അലംഘനീയമായ വിധിയാണെന്ന് കരുതി അതംഗീകരിക്കുന്ന ബാഫഖി തങ്ങളുടെ വിനയം ഒരു യഥാർത്ഥ സത്യവിശ്വാസിക്ക് എന്നും മാർഗ്ഗദർശനമായിരിക്കും.

14. മക്കയിൽ അന്ത്യയാത്ര

തന്റെ ആരോഗ്യം മോശമായിട്ടും ബാഫഖി തങ്ങൾക്ക് മുസ്ലിംലീഗിന്റെ അഖിലേന്ത്യാ അദ്ധ്യക്ഷ പദവി ഏറ്റെടുക്കേണ്ടിവന്നു. 1968 നവംബർ 15-ന് ബാഫഖി തങ്ങൾക്ക് ആദ്യത്തെ ഹൃദ്രോഗബാധയുണ്ടായി. ബാഫഖിതങ്ങളുടെ രോഗശമനത്തിനുവേണ്ടി അന്ന് സമുദായം ഹൃദയംനൊന്ത് പ്രാർത്ഥിച്ചു. പല സ്ഥലങ്ങളിലും കൂട്ടപ്രാർത്ഥനകൾ നടന്നു. ഡോ. സി.കെ. രാമചന്ദ്രൻ, മർഹൂം ഡോ. പി.കെ. അബ്ദുൽ ഗഫൂർ സാഹിബ് എന്നിവരടങ്ങിയ ഒരു സംഘം ഡോക്ടർമാരുടെ ചികിത്സയിലായിരുന്നു ബാഫഖി തങ്ങൾ. രോഗം മൂർഛിച്ച് തങ്ങൾ പുതിയങ്ങാടിയിലുള്ള വീട്ടിൽ കിടന്നപ്പോഴത്തെ തന്റെ അനുഭവങ്ങൾ ഡോ. രാമചന്ദ്രൻ വിവരിക്കുന്നു. ''ഒന്ന്, ബാഫഖി തങ്ങൾ മതകർമ്മാനുഷ്ഠാനങ്ങൾ മുടക്കിയില്ല. മറ്റൊന്ന് സയ്യിദ് ഉമർ ബാഫഖി തങ്ങൾ ഹജ്ജിന് പുറപ്പെട്ടതായിരുന്നു. ബാഫഖി തങ്ങളുടെ ആരോഗ്യസ്ഥിതി മോശമാണെന്നറിഞ്ഞ് മടങ്ങിവന്ന മരുമകൻ വിങ്ങിപ്പൊട്ടി. ബാഫഖി തങ്ങൾക്കും കണ്ണുനീർ നിയന്ത്രിക്കാനായില്ല. ഹജ്ജിന് പോവുന്നത് മുടക്കരുതെന്ന് പറഞ്ഞ ബാഫഖി തങ്ങൾ സയ്യിദ് ഉമർ ബാഫഖിതങ്ങളോട് യാത്ര തുടരാൻ അഭ്യർത്ഥിച്ചു (അന്നാദ്യമായാണ് ബാഫഖി തങ്ങൾ കരയുന്ന രംഗം ഞാൻ കണ്ടത്)"

രോഗം മാറിയശേഷം ബാഫഖി തങ്ങൾ ആറാഴ്ച പൂർണ്ണ വിശ്രമമെടുത്തു. ബാഫഖി തങ്ങൾക്ക് സാധാരണപോലെ പ്രവർത്തിക്കാനാവില്ലെന്ന് പലരും പറഞ്ഞു. പക്ഷേ, അദ്ദേഹം ഊർജ്ജസ്വലനായി. ഡോക്ടർമാർ മുടക്കിയിട്ടും ഹജ്ജിനു പോയി തിരിച്ചുവന്നു. അതിന് ശേഷമാണ് ലീഗ് അഖിലേന്ത്യാ പ്രസിഡന്റ് സ്ഥാനം സ്വീകരിച്ചത്. അദ്ദേഹം ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പ്രസിഡന്റായ കാലം, മറ്റ് ഭാരവാഹികൾ ഇബ്രാഹീം സുലൈമാൻ സേട്ടുസാഹിബ് ഉൾപ്പെടെയുള്ള എല്ലാവരും അതത് സ്ഥാനങ്ങളിൽ തുടർന്നു. വടക്കേ ഇന്ത്യയിലെ യാത്രകൾ സേട്ടുസാഹിബിന്റെ തന്നെ ഉത്തരവാദിത്തമായിരുന്നു. കേരള സംസ്ഥാന മുസ്ലിംലീഗിന്റെ പ്രശ്നങ്ങൾ ബാഫഖിതങ്ങളുടെ നിയന്ത്രണത്തിൽ സി.എച്ചും സയ്യിദ് ഉമർ ബാഫഖിതങ്ങളും കേയി സാഹിബും ബി.വി.യും കൂടിയിരുന്നു ചെയ്തുതീർത്തു.

1973-ൽ രണ്ട് ഹജ്ജ് വന്നിരുന്നു. ക്രിസ്തുവർഷവും ഹിജ്റവർഷവും തമ്മിലുള്ള വ്യത്യാസംമൂലമാണിത് വന്നത്. ആദ്യത്തെ ഹജ്ജ് ജനുവരിയിലായിരുന്നു. രണ്ടാമത്തേത് അതേ വർഷാവസാനത്തിലും. ബാഫഖി തങ്ങൾ ആദ്യത്തെ ഹജ്ജിനാണ് പോകാൻ തീരുമാനിച്ചത്.

ബാഫഖി തങ്ങൾ ഹജ്ജിന് പോകാൻ തീരുമാനിച്ചതറിഞ്ഞു എനിക്ക് ഇത്തിരി വിഷമം. എന്റെ വീടിന്റെ (സിത്താര) പണി വലിഞ്ഞിഴഞ്ഞു പോകുകയായിരുന്നു. വീടുപണി തീർന്നാൽ വീട്ടിൽ കുടുംബത്തെക്കൊണ്ടിരുത്താൻ ബാഫഖി തങ്ങളുണ്ടാവണമെന്ന് എന്റെ ഭാര്യ സുഹ്റാബിക്ക് നിർബന്ധം. ബാഫഖിതങ്ങൾക്ക് വളരെ സന്തോഷമുള്ള കാര്യമാണ്. പക്ഷേ തങ്ങൾ ഹജ്ജിന് പുറപ്പെടുംമുമ്പ് വീടുപണി പൂർത്തിയാവണം.

അങ്ങനെ വീടിന്റെ പണിയെല്ലാം ഒരുവിധം ഒപ്പിച്ചു. 1972 ഡിസംബർ 29-ാം തിയ്യതി ബാഫഖിതങ്ങൾ മലബാർ എക്സ്പ്രസ്സിന് കൊയിലാണ്ടിയിൽ നിന്ന് കണ്ണൂരിലെത്തി. രാവിലെ ആറര മണിക്ക് റെയിൽവേ സ്റ്റേഷനിൽ ചെന്ന് ബാഫഖി തങ്ങളെയും കൂട്ടി ഞാൻ താമസിച്ചിരുന്ന കണ്ണൂരിലെ കണ്ണോത്തുംചാൽ പ്രദേശത്തെ വാടകവീട്ടിൽ വന്നു. അവിടെനിന്ന് രാവിലെ ഭക്ഷണം കഴിച്ചു സുഹറയെയും കുട്ടികളെയും കൂട്ടി പുതിയ വീട്ടിൽ വന്നു. എന്റെ കയ്യിൽ മുസ്ഹഫ് തന്നു. വീട്ടിൽ കയറുമ്പോൾ ചൊല്ലേണ്ട ഖുർആൻ വാക്യങ്ങൾ സുഹ്റക്കും മക്കൾക്കും പറഞ്ഞുകൊടുത്തു. എന്റെ മകൾ ഡോ.ഫൗസിയയോട് ബാഫഖി തങ്ങൾക്ക് പ്രത്യേക വാൽസല്യമായിരുന്നു. വലിയ പെരുന്നാൾ ദിവസം അവളെയും കൂട്ടി കൊയിലാണ്ടി

യിൽ പോകാൻ എന്നോട് പ്രത്യേകം പറയാറുണ്ടായിരുന്നു. ഫൗസിയയുടെ കയ്യും പിടിച്ച് തങ്ങൾ മുമ്പിലും ഞങ്ങൾ പിറകിലുമായി 'സിത്താര'യിൽ കയറി.

ബാഫഖി തങ്ങൾ വീടെല്ലാം നോക്കിക്കഴിഞ്ഞ ശേഷം നേരെ ഓരോ ബാത്ത്റൂമും പ്രത്യേകം നോക്കി. ഒരു ബാത്ത്റൂമിലെ കബോഡ് മാറ്റിവെക്കാൻ നിർദ്ദേശിച്ചു. ഒരിക്കലും 'കഅബ' അഭിമുഖീകരിച്ചു ശൗചം ചെയ്യരുത് എന്നാണ് ബഫഖി തങ്ങളുടെ ഉപദേശം. എന്നെയും മക്കളെയും അവിടെ അന്നുണ്ടായിരുന്ന ചില സുഹൃത്തുക്കളെയും ഇരുത്തി പ്രത്യേകം ദുആ ചെയ്തു. സുഹ്റ തയ്യാറാക്കിയ ചൂടുള്ള പാൽ കുറച്ചു കുടിച്ചു. എന്റെ മക്കൾ മൂന്നുപേരെയും പ്രത്യേകം അരികിൽ വിളിച്ചു ദുആ ചെയ്ത് അനുഗ്രഹിച്ച് എനിക്ക് സാധാരണ തരാറുള്ള 'പൊരുത്തം' തന്ന് അദ്ദേഹം കാറിൽ സിത്താര വിട്ടു. അത് എന്റെ വീട്ടിലെ ബാഫഖി തങ്ങളുടെ ആദ്യത്തെയും അവസാനത്തെയും സന്ദർശനമായിരിക്കുമെന്ന് ഞാൻ കരുതിയില്ല. 1972 ഡിസംബർ 31-ന് വീടുകൂടൽ ചടങ്ങിൽ സംബന്ധിച്ചവരുടെ പ്രധാന ചർച്ച ബാഫഖി തങ്ങൾ എന്നെയും കുടുംബത്തെയും അനുഗ്രഹിക്കാൻ രണ്ടു ദിവസം മുമ്പ് പ്രത്യേകം സന്ദർശനം നടത്തിയതിനെപറ്റിയായിരുന്നു.

1973 ഡിസംബർ ഒന്നാം തിയ്യതി ബാഫഖിതങ്ങൾ കൊയിലാണ്ടിയിൽ നിന്ന് ട്രെയിൻവഴി മംഗലാപുരത്തേക്കും അവിടെനിന്ന് ബോംബെവഴി ഹജ്ജിനും പുറപ്പെട്ടു. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ഞങ്ങളെല്ലാം വന്ന് യാത്രയാക്കി. ''അഹമ്മദിന്റെ വീടിന്റെ പണി ഇനിയും ബാക്കിയാണ്. അല്ലാഹു അദ്ദേഹത്തിന് എത്തിച്ചു കൊടുക്കട്ടെ" എന്ന് കമ്പാർട്ട്മെന്റിന്റെ അടുത്തുണ്ടായിരുന്ന വി.പി.മഹ്മൂദ്ഹാജി സാഹിബിനോട് ബാഫഖി തങ്ങൾ പറയുന്നത് കേട്ടപ്പോൾ എന്റെ കണ്ണ് നിറഞ്ഞു. എല്ലാവരോടും സലാം ചൊല്ലി വണ്ടി നീങ്ങി. നിഷ്ക്കളങ്കതതൂകുന്ന ആ മുഖം ഞങ്ങൾ അവസാനമായി കാണുകയായിരുന്നു.

ബാഫഖി തങ്ങൾ ഹജ്ജിന് പുറപ്പെട്ടു. മംഗലാപുരം, ബോംബെ എന്നീ സ്ഥലങ്ങളിലെത്തിയപ്പോഴും അദ്ദേഹത്തെ കാണാനും തങ്ങളുടെ കൈപിടിച്ചു ചുംബിക്കുവാനും നൂറുകണക്കിനാളുകൾ അവിടെ നിന്നും ജിദ്ദയിലും മക്കയിലും മദീനയിലും എത്തിച്ചേർന്നപ്പോഴും ജനങ്ങൾ തന്നെ ചുറ്റും. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയെപ്പറ്റി ആർക്കും ആലോചിക്കാൻ നേരമുണ്ടാവില്ല. ബാഫഖിതങ്ങളെ കണ്ടാൽ അനുയായികൾക്കങ്ങനെയാണ്.

മക്കയിലെ താമസത്തിനിടയിൽ കേയിസാഹിബും, കല്ലട്ര അബ്ദുൽഖാദിർ ഹാജി(കണ്ണൂർ ജില്ലാ ലീഗിന്റെ അന്നത്തെ ഖജാഞ്ചി)യും, ഉമർഖാനും, ബാഫഖി തങ്ങളുടെ ബന്ധു അമീൻ ബാഫഖിയും അദ്ദേഹത്തിന്റെ കൂടെത്തന്നെ കൂടുതൽ സമയം കഴിച്ചുകൂട്ടി. അസുഖം മൂർഛിച്ചപ്പോഴും ആ ജനനായകന്റെ ആരോഗ്യസ്ഥിതിയിൽ ആകാംക്ഷപുലർത്തുന്ന വമ്പിച്ചൊരു ജനസമൂഹം ഇന്ത്യയിൽ ഉണ്ടെന്ന വസ്തുത അന്നാർക്കും മറക്കാൻ സാധ്യമല്ല. ഹജ്ജിന് പോയവർ തന്റെ നാടുമായി ബന്ധപ്പെടുമ്പോൾ ബാഫഖിതങ്ങളെ ഹറമിൽ കണ്ടതും ബാഫഖിതങ്ങളുമായി സംസാരിച്ചതും ബന്ധുമിത്രാദികളെ ഫോണിലും എഴുത്തിലും അറിയിച്ചുകൊണ്ടിരുന്നു. അത്രമാത്രം ജനബന്ധം നിലനിർത്തി. അക്ഷരാർത്ഥത്തിൽ ഒരു ജനനേതാവായിരുന്ന ബാഫഖി തങ്ങൾ, ഡോക്ടർമാരുടെ ഉപദേശം പോലും ഗൗരവമായെടുക്കാതെ പുണ്യഭൂമിയിൽ അനാരോഗ്യവാനായി കിടന്നാൽ, അതും അസുഖം മൂർഛിച്ചു കിടക്കുമ്പോൾ കൂടെയുള്ളവരുടെ സ്ഥിതിയെന്തായിരിക്കും? മക്കാ പുണ്യഭൂമി ബാഫഖി തങ്ങൾക്ക് എന്നും ഹൃദ്യമായ സ്ഥലമാണ്. ജീവിതത്തിൽ എത്രയോ തവണ പരിശുദ്ധ മക്കയും പരിപാവനമായ മദീനയും ബാഫഖിതങ്ങൾ സന്ദർശിച്ചിരുന്നു. അപ്പോഴും അദ്ദേഹം അതേ പുണ്യഭൂമിയിൽ രോഗം മൂർഛിച്ച് കിടക്കുകയാണ്.

ബാഫഖി തങ്ങളുടെ അന്ത്യനിമിഷങ്ങളിൽ അദ്ദേഹത്തോടൊപ്പം മക്കയിലുണ്ടായിരുന്ന ചന്ദ്രിക യുടെ ചീഫ് റിപ്പോർട്ടർ മർഹൂം എം.ആലിക്കുഞ്ഞി സാഹിബിന് തിരിച്ചുവന്നപ്പോൾ പലതും പറയാനുണ്ടായിരുന്നു. ബാഫഖി തങ്ങൾ അസുഖം മൂർഛിച്ചപ്പോൾ ആലിക്കുഞ്ഞി സാഹിബിനോട് പറഞ്ഞുവത്രേ: ''ഹജ്ജിന് ചെന്ന ഒരാൾ മരണപ്പെട്ടാൽ പിന്നെ ലോകാവസാനം വരെയുള്ള ഓരോ ഹജ്ജും മരിച്ചയാൾക്ക് ലഭിക്കും"എന്ന്. ബാഫഖി തങ്ങൾ അതാഗ്രഹിച്ചുവെന്നർത്ഥം. ഹജ്ജിന്റെ സമയത്തുതന്നെ ബാഫഖി തങ്ങൾക്കു അസുഖം തുടങ്ങി. അതെല്ലാം അദ്ദേഹം സഹിച്ചു. ഹജ്ജും ഉംറയും രോഗം കലശലായുള്ളപ്പോഴും അദ്ദേഹം നിർവ്വഹിച്ചു. അദ്ദേഹത്തിന്റെ കൂടെ അന്നുണ്ടായിരുന്നത് ആലിക്കുഞ്ഞി സാഹിബിന് പുറമെ സി.കെ.പി.ചെറിയ മമ്മുക്കേയി സാഹിബ്, കല്ലട്ര അബ്ദുൽഖാദർ ഹാജി, പി.കെ. ഉമർഖാൻ എന്നിവരും ബാഫഖി തങ്ങളുടെ ബന്ധു അമീർ ബാഫഖിയും ആയിരുന്നു എന്ന് നേരത്തെ പ്രസ്താവിച്ചുവല്ലോ.

ബാഫഖി തങ്ങളുടെ രോഗം മൂർഛിച്ചു. 1973 ജനുവരി 18-ന് വ്യാഴാഴ്ച അസ്തമിച്ച വെള്ളിയാഴ്ച്ച രാത്രി പരിശുദ്ധ മക്കയിൽവെച്ച് ബാഫഖി തങ്ങൾ 'ലാഇലാഹ ഇല്ലല്ലാഹ്' എന്നുച്ചരിച്ചുകൊണ്ട് അന്ത്യശ്വാസം വലിച്ചു.

ചന്ദ്രികയുടെ ചീഫ് റിപ്പോർട്ടറും ബാഫഖിതങ്ങളുടെ കൂടെ മക്കത്തുണ്ടായിരുന്ന ആളുമായ മർഹൂം എം.ആലിക്കുഞ്ഞി സാഹിബിന്റെ റപ്പോർട്ടിലെ ഒരു ഭാഗം ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ.

''ജുമുഅക്ക് രണ്ട് മണിക്കൂർ മുമ്പായി കുളിപ്പിക്കാൻ മയ്യിത്ത് എടുത്തു. കെ.കെ.അബുബക്കർ മുസ്ല്യാർ,

കമ്പിൽ പി.വി. സൂപ്പിഹാജി, പി.കെ. ഉമർഖാൻ, സൈതലവി തങ്ങൾ, സയ്യിദ് അമീൻ ബാഫഖി എന്നിവർ മയ്യിത്ത് കുളിപ്പിച്ചു കഫൻ ചെയ്തു. അബൂബക്കർ മുസ്ല്യാരുടെ ദുആക്ക് ശേഷം തമിഴ്നാട് മുസ്ലിംകൾ കൊണ്ടുവന്ന പച്ച പതാക മീതെ ഇട്ടുകൊണ്ടാണ് മയ്യിത്ത് കട്ടിലെടുത്തത്. മയ്യത്ത് ഹറമിലേക്ക് കൊണ്ടു പോകുമ്പോൾ ധാരാളം ആളുകൾ ഉണ്ടായിരുന്നു. ഹസ്രത്ത് സയ്യിദ്‌ലവി മാലിക്കിയുടെ ജനാസ കൊണ്ടു പോകുമ്പോഴേ മുമ്പ് ഇത്രയധികം ആളുകൾ കൂടിയിരുന്നുള്ളൂവെന്നാണ് മക്കക്കാർ പറയുന്നത്...”

അങ്ങനെ കേരള രാഷ്ട്രീയം തന്റെ ഉള്ളംകയ്യിലെടുത്ത മുസ്ലിം സമുദായത്തിന്റെ അനിഷേധ്യ നായ അമരക്കാരൻ, മുസ്ലിംലീഗിന്റെ പ്രഗത്ഭനായ പ്രസിഡന്റ്, ചന്ദ്രിക പത്രത്തിന്റെ എല്ലാമെല്ലാമായി രുന്ന ഉഗ്രപ്രതാപനായ ഒരു നേതാവ് 1973 വെള്ളിയാഴ്ച്ച പരിശുദ്ധ മക്കയുടെ മണ്ണിൽ അലിഞ്ഞു ചേർന്നു-‘ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ’

15 പൂക്കോയ തങ്ങൾ - അസ്വസ്ഥ മനസ്സുകൾക്ക് തീർത്ഥജലം പോലെ

‘‘തങ്ങളുപ്പാപ്പാ....”

അതൊരു വല്ലാത്ത വിലാപമായിരുന്നു. ഏതോ ഒരാപത്തിൽപെട്ടു.തകർന്നവശനായ ഒരാളുടെ സ്വയം രക്ഷക്കായുള്ള ആർത്തനാദം

‘‘തങ്ങളുപ്പാപ്പാ....”

ആ വിളി എന്നെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. എന്നാൽ എന്റെ തൊട്ടടുത്തിരുന്ന മർഹൂം പാണക്കാട് അഹമ്മദാജിക്ക് അത് കേട്ടു ശീലമുള്ള ഒരു സാധാരണ ശബ്ദം മാത്രം അത് നമ്മുടെ അലവീന്റെ മോനാണ്. തങ്ങളെ കാണുംവരെ അതു തുടരും

അന്ന് സി.എച്ച് മുഹമ്മദ്കോയാ സാഹിബ് പാർലമെന്റിലേക്ക് മഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്നും മൽസരിക്കുന്ന തെരഞ്ഞെടുപ്പിന്റെ പോളിംഗ് ദിനം. മന്ത്രിയായ സി.എച്ച് ഇസ്മാഈൽ സാഹിബിന്റെ വേർപ്പാടിനെ തുടർന്നുണ്ടായ ഒഴിവിൽ വീണ്ടും ലോക്സഭയിലേക്ക് മൽസരിക്കുന്നു. തെരഞ്ഞെടുപ്പ് ദിവസം 1973-ൽ ബൂത്തുകൾ സന്ദർശിക്കുന്ന പാണക്കാട് പൂക്കോയ തങ്ങൾക്കൊപ്പം അനുഗമിക്കുകയെന്നതായിരുന്നു നേതൃത്വം എന്നെ ഏൽപ്പിച്ച ജോലി. രാവിലെ കൊടപ്പനക്കൽ വീട്ടിലെത്തിയ ഞാൻ പൂക്കോയ തങ്ങളോടും മക്കളോടുമൊപ്പം പ്രാതൽ കഴിക്കാനിരുന്നു. കൊടപ്പനക്കൽ പഴയ ഭവനത്തിൽ അകത്ത് ഇടതുഭാഗത്തുള്ള മുറിയിലായിരുന്നു. പൂക്കോയ തങ്ങളുടെ ഓമന പുത്രൻമാരായ മുഹമ്മദലി ശിഹാബ്, ഉമർ അലി ശിഹാബ്, ഹൈദരലി ശിഹാബ്, കൊച്ചുപുത്രൻ സാദിഖലി ശിഹാബ്, മർഹും പാണക്കാട് അഹമ്മദാജി എന്നിവരുമുണ്ട് കൂടെ. രുചികരമായ ഭക്ഷണം വായിലിട്ടു. സ്വാദനുഭവിക്കുമ്പോഴാണ് ആ വിളി വീണ്ടും, “തങ്ങളുപ്പാപ്പാ.....”

മാനസികരോഗിയായ ഒരാളുടെ നിലവിളി ആണെന്നും പൂക്കോയ തങ്ങളെ കാണുംവരെ അതു തുടരുമെന്നും എന്റെ മുഖഭാവം മനസ്സിലാക്കിയ അഹമ്മദാജി ആവർത്തിച്ചപ്പോൾ പൂക്കോയ തങ്ങൾ മന്ദസ്മിതം തൂകുക മാത്രം ചെയ്തു.

പ്രാതൽ കഴിഞ്ഞ ഉടൻ ഞാൻ പുറത്തുവന്നു. അവിടെ ദൃഢഗാത്രനായ ഒരു ചെറുപ്പക്കാരനെ മൂന്നു പേർ ശക്തമായി പിടിച്ചിരിക്കുന്നു. ഏതു സമയവും ഏതു അക്രമത്തിനും മുതിരാൻ സാദ്ധ്യതയുള്ള അയാൾ പിടിവിടുവിക്കാനുള്ള ശ്രമത്തിൽ കഴുത്തും മുഖവും മുന്നോട്ടാഞ്ഞു തന്നെ പിടിച്ചുവെച്ചുവരെ ദ്രോഹിക്കുവാൻ ഒരുങ്ങുന്നു. അക്രമസ്വഭാവമുള്ള ആ ചെറുപ്പക്കാരനെ തളക്കാൻ ആ മൂന്ന് പേർ വല്ലാതെ പാടുപെടുന്നു. മനോരോഗിയാകട്ടെ തുടരെത്തുടരെ “തങ്ങളുപ്പാപ്പ” എന്ന് നീട്ടിവിളിച്ചുകൊണ്ടിരിക്കുന്നു. ഇതുകണ്ട ഞാനാകെ വിഷമിച്ചു. വീടിന്റെ തൊട്ട് മുറ്റത്തു ഇതുനടക്കുന്ന സ്ഥലത്തിന് കുറച്ചകലെ തിണ്ണമേൽ പൂക്കോയതങ്ങളെ കാണാൻ വന്ന മറ്റുള്ളവരോടൊപ്പം ഞാൻ മാറിനിന്നു.

കുറച്ചുകഴിഞ്ഞു അലക്കിത്തേച്ച മുഴുക്കൈ ഷർട്ടും വെളുത്ത മുണ്ടും കറുത്തതൊപ്പിയും ധരിച്ച് മാർകോപോളോ ചുരുട്ടും ചുണ്ടിൽവെച്ച് മന്ദസ്മിതം തൂകുന്ന പൂക്കോയ തങ്ങൾ പുറത്തെ വരാന്തയിലിറങ്ങിയപ്പോൾ എല്ലാവരും ഭക്ത്യാദരപൂർവ്വം എഴുന്നേറ്റു നിന്നു. തങ്ങളെ കണ്ടമാത്രയിൽ അതുവരെ പ്രതിഷേധത്തിന്റെ അലയൊലി ഉയർത്തിയ ആ ചെറുപ്പക്കാരന്റെ മുഖത്ത് സന്തോഷത്തിന്റെ പൂപുഞ്ചിരി. ആ ചെറുപ്പക്കാരനെ വിട്ടയക്കാൻ പൂക്കോയ തങ്ങൾ. എന്ത് സംഭവിക്കുമെന്ന് ആശങ്കയിലായിരുന്നു, മൂന്നു പേരും ചെറുപ്പക്കാരനെ പിടിവിട്ടപ്പോൾ അയാൾ പൊടുന്നവേ ശാന്തനായി വളരെ സൗമ്യനായി പൂക്കോയ തങ്ങളുടെ അടുത്തേക്ക് ഓടിക്കയറി. കൈപിടിച്ച് ചുംബിച്ചു “തങ്ങളുപ്പാപ്പ....” “തങ്ങളുപ്പാപ്പ...” എന്ന് വളരെ സൗമ്യനായി ഹൃദ്യമായി വിളിച്ചു പൂക്കോയ തങ്ങളുടെ മുന്നിൽ കുത്തിയിരുന്നു. പൂക്കോയ തങ്ങൾ അവിടെ ബെഞ്ചിൽ നിരത്തിവെച്ചിരുന്ന ചായ നിറച്ച ഗ്ലാസുകളിൽ ഒന്നെടുത്ത് കുറച്ച് ചായ ഒഴിച്ചു മന്ത്രിച്ചു ആ ചെറുപ്പക്കാരന് കൊടുത്തിട്ടു പതിഞ്ഞ സ്വരത്തിൽ അവിടെ തിണ്ണകാണിച്ച കൊടുത്തിട്ട് പറഞ്ഞു. “ഞാൻ പുറത്ത് പോവുകയാണ്, കിടന്നുറങ്ങിക്കൊള്ളു. ഞാൻ വൈകിയിട്ടു. വരട്ടെ”

.

ആ മാനസിക രോഗി ഒരക്ഷരം പിന്നെ ഉരിയാടിട്ടില്ല. ചിരിച്ചുകൊണ്ട് പൂക്കോയ തങ്ങൾ പറഞ്ഞത് തലയാട്ടി ശരിവെച്ചു. നേരെ തിണ്ണയിലുണ്ടായിരുന്ന പായ നേരെയാക്കി കയറിക്കിടന്നു. കൂടെയുള്ളവരിൽ ഒരാൾ ആ ചെറുപ്പക്കാരന്റെ പിതാവായിരുന്നു. അയാൾ അവിടെ ഇരുന്നു. ആ ചെറുപ്പുക്കാരൻ ഒരു പൂച്ചക്കുട്ടിയെപ്പോലെ തിണ്ണയിൽ കിടന്ന് ഉറക്കമാരംഭിച്ചതും അയാളെ തളച്ചിടാൻ വന്ന മറ്റു മൂന്നുപേർ ഒരു വലിയ പ്രശ്നം പരിഹരിച്ച പ്രതീതിയോടെ സ്ഥലംവിട്ടതും ഇന്നലെ കഴിഞ്ഞപോലെ ഓർമ്മയിൽ തെളിയുകയാണ്. പൂക്കോയ തങ്ങൾ ഞാൻ കൊണ്ടുവന്ന പുതിയ കാറിൽ മുൻസീറ്റിലും പാണക്കാട്ടെ അഹമ്മദാജിയും ഞാനും പിൻസീറ്റുലുമായിരുന്നു പോളിംഗ് ബൂത്തുകൾ സന്ദർശിക്കാനുള്ള യാത്ര തുടർന്നപ്പോഴും ആ ചെറുപ്പക്കാരനിൽ അനുനിമിഷമുണ്ടായ ഭാവമാറ്റവും തുടർന്നുണ്ടായ ശാന്തതയും എന്റെ മനസ്സിൽ പുതിയ ചിത്രങ്ങൾ കയറ്റിവെച്ചു.

പാണക്കാടു നിന്ന് വേങ്ങര വഴി പൂക്കിപ്പറമ്പ് കോഴിച്ചെന എടരിക്കോട് പൊൻമുണ്ടം വഴി താനൂരിലെത്തി. താനൂരിൽ നിന്ന് തിരിച്ചുവരുമ്പോൾ ഒരു പീടികയിൽ നിന്ന് അശരീരി പോലെ ഒരു വിളി. വിളി കേട്ടപ്പോഴേക്കും അഹമ്മദാജി പറഞ്ഞു: 'അതാ അസ്സൻക്കുട്ടിക്ക' പുക്കോയ തങ്ങൾ കാർ സ്ലോ ചെയ്യാൻ പറഞ്ഞു, എന്റെ ഡ്രൈവർ നാരായണൻ കാർ മെല്ലെയാക്കി. അതാ ഓടിവരുന്നു ടി. അസ്സൻനാർകുട്ടി സാഹിബ് കാറിന്റെ മുൻവശത്തെ ഡോർ ഉടൻ തുറന്നു.

"ഇതെന്തതിശയം തങ്ങളുപ്പാപ്പാ! വന്ന് പോകയാണോ? അവളെന്തു പറയും? ആളുകളെന്ത് പറയും? അല്ലെങ്കിലും നമ്മളെല്ലാം തങ്ങളുപ്പാപ്പനെ കാണാൻ വരാൻ കാത്തിരിക്കുകയാണ്. ഇതെന്ത് പോക്ക്?

പോളിംഗ് ബൂത്തുകൾ സന്ദർശിക്കുകയാണെന്ന് തങ്ങൾ പറഞ്ഞുനോക്കി, അസ്സനാർ കുട്ടി സാഹിബിന് അതൊന്നും പ്രശ്നമല്ല അഹമ്മദ് ഹാജിയും കുറെ പറഞ്ഞുനോക്കി അതൊന്നും അസ്സനാർകുട്ടി സാഹിബിന്റെ അടുത്ത് ചെലവായില്ല. "ബീഫാത്തുകുട്ടി എന്ത് പറയും?. ആമിനമോൾ എന്ത് പറയും? എന്റെ റബ്ബേ തങ്ങളുപ്പാപ്പാ വന്ന് ഇതിലെ പോയാൽ നമ്മുടെ വീട്ടിൽ കടക്കാതെ,."

അങ്ങനെ കാർ കോൺഗ്രാസ്സ് നേതാവിന്റെ വീട്ടിലേക്ക് തിരിച്ചു. വീട്ടിനകത്തുള്ള സകല സ്ത്രീകളും അടുത്ത വീടുകളിലുള്ളവരും ഓടിയെത്തി. കൂട്ടത്തിൽ എന്നോട് അസ്സനാർകുട്ടി സാഹിബിന്റെ മറ്റൊരു വിളംബരവും "അഹമ്മദ് സാഹിബേ, ലീഗും ഞാനും പലപ്പോഴും പോരാടും. പക്ഷേ. പാണക്കാട്ടെ തങ്ങളുപ്പാപ്പ എല്ലാവർക്കും വേണ്ടപ്പെട്ട ആളാണ്-ട്ടോ" എന്നിട്ടൊരു വമ്പൻ ചിരിയും

അസ്സനാർകുട്ടി സാഹിബിന്റെ വീട്ടിൽ പൂക്കോയ തങ്ങളെ ഓരോരുത്തർക്കും അറിയാം. അവരുടെ വീട്ടുകാര്യങ്ങളടക്കം പറയാൻ ഏറെ.

ഓരോരുത്തരോടും സ്വതസിദ്ധമായ തൂമന്ദഹാത്തോടെ മാർകോപോളോ സിഗറ്റും പുകയിച്ച് പൂക്കോയ തങ്ങൾ വിശേഷങ്ങളാരാഞ്ഞു

ഞാൻ പുറത്ത്വന്ന് നോക്കിയപ്പോൾ കാർ അവിടെ ഇല്ലായിരുന്നു. ഒരാളെ കൂട്ടിവരാൻ ഡ്രൈവറെ പുറത്തയച്ചതാണെന്ന് അസ്സനാർ കുട്ടിക്ക. വല്ല പലഹാരങ്ങളും വാങ്ങാനാണെന്ന് കരുതി. പക്ഷേ അപ്പോൾ തന്നെ ചായയും മുട്ട പുഴുങ്ങിയതും നേന്ത്രക്കായ പുഴുങ്ങിയതും അവിടെ നിരത്തി എന്റെ കാർ എന്തിനാണ് പുറത്തയച്ചതെന്ന് ഞാൻ പാണക്കാട് അഹമ്മാദാജിയോട് തിരക്കി. അപ്പോഴേക്കും കാർ തിരിച്ചെത്തി. ഡ്രൈവറുടെ കൂടെ പോയിരുന്ന ആൾ ഒരു വലിയ കെട്ട് നീല നിറമുള്ള നൂൽ കയ്യിൽ പിടിച്ചിറങ്ങിവന്നു. അസ്സനാർകുട്ടിക്കാക്ക് നൽകി. അദ്ദേഹമത് പൂക്കോയ തങ്ങൾക്ക് നൽകി- ഇവിടെ എല്ലാവർക്കും തങ്ങളുപ്പാപ്പ മന്ത്രിച്ച നൂൽ വേണം. അടുത്ത വീട്ടുകാരും വരും. പൂക്കോയ തങ്ങൾ പുഞ്ചിരിയോടെ നൂൽക്കെട്ട് വാങ്ങി മന്ത്രിച്ചുകൊടുത്തു. ഉടൻ ഓരോരുത്തരും ഗ്ലാസിലും പാത്രങ്ങളിലും ശുദ്ധവെള്ളവുമായി പ്രത്യക്ഷപ്പെട്ടു. ഓരോരുത്തരുടെയും പാത്രം വാങ്ങി. പൂക്കോയ തങ്ങൾ മന്ത്രിച്ചൂതിനൽകി. ഒരു നിധി കിട്ടിയ സന്തോഷത്തോടെയാണ് പൂക്കോയ തങ്ങൾ മന്ത്രച്ചൂതിയ വെള്ളപാത്രവുമായി ആളുകൾ തിരിച്ചുപോയത്.

അസ്സനാർകുട്ടി സാഹിബിന്റെ നാൽപ്പത് മിനുട്ട് കൂടിക്കാഴ്ച കഴിഞ്ഞശേഷമാണ് ബൂത്തുകൾ സന്ദർശിച്ചത്. നാലര മണിയോടെ ഞങ്ങൾ കൊടപ്പനക്കൽ ഭവനത്തിൽ തിരിച്ചെത്തി. വീടു നറയെ പൂക്കോയ തങ്ങളെ കാത്തിരിക്കുന്ന സ്ത്രീപുരുഷന്മാർ. കാറിൽ നിന്നിറങ്ങിയ ഉടൻ ഞാൻ വലതുഭാഗത്തെ തിണ്ണയിൽ നോക്കി. രാവിലെ പൂക്കോയ തങ്ങൾ മന്ത്രിച്ചു ചായ കൊടുത്തു കിടത്തി ഉറക്കിയ മാനസികരോഗി അവിടെ എഴുന്നേറ്റിരുന്ന് നിറചിരിയുമായി പൂക്കോയ തങ്ങളുടെ അടുത്തെത്തി.

അന്നത്തെ അനുഭവങ്ങൾ എന്റെ മനസ്സിൽ മായാതെ കിടക്കുന്നു. പൂക്കോയ തങ്ങളുടെ പ്രത്യേകത എന്ത് അദ്ദേഹത്തിന്റെ ആത്മീയശക്തിയിൽ അടങ്ങിയ നിഗൂഢതയെന്ത്? അദ്ദേഹത്തെ സമീപിച്ചവരിൽ പലരും അവർക്കുണ്ടായ അൽഭുതകരമായ അനുഭവങ്ങൾ എന്നോട് പറയാറുണ്ട് ഞാൻ തന്നെ അന്ന് കണ്ടത് പോലെ പലതും നേരിട്ടറിഞ്ഞിട്ടുമുണ്ട്. നിഗൂഢമായ സിദ്ധി അദ്ദേഹത്തിന്റെ പ്രത്യേകതയും ഒരൽഭുതവുമല്ലേ? നിശ്ചയമായും ചിലരുടെ കൈകൾ കൊണ്ട് തടവിയാൽ രോഗങ്ങൾ മാറുമെന്ന് കേട്ടിട്ടുമുണ്ട്. അതിനൊരു കാന്തശക്തിയുള്ളതായിട്ടാണ് പറയാറുള്ളത് ഹീലീംഗ് ടച്ച് എന്ന വിഷയത്തെപ്പറ്റി മനഃശാസ്ത്ര പണ്ഡിതന്മാർ തന്നെ ഒട്ടനേകം പഠനങ്ങൾ നടത്തിയിട്ടുണ്ട്. ശാസ്ത്രീയമായി അതിനെ വിശദീകരിക്കാനാവില്ലെങ്കിലും

പ്രായോഗിക ജീവിതത്തിൽ അത് സംഭവിക്കാറുണ്ട്.

ഒരാളുടെ ആത്മീയശക്തിയെ അളക്കുവാൻ ആർക്കും കഴിയുകയില്ല. വിശിഷ്യാ ഋഷിതുല്യനായ പാണക്കാട് പൂക്കോയ തങ്ങളെപ്പോലുള്ള മഹൽവ്യക്തികളുടെ ആത്മവീര്യത്തിലധിഷ്ഠിതമായ പ്രത്യേകതകൾ. പലപ്പോഴും നമുക്കത് അനുഭവപ്പെടുന്നു ഒരു വ്യക്തിക്ക് ഒരു രോഗചികിൽസക്ക് വിശ്വാസം വളരെ ഫലം ചെയ്യുന്നു. വിശ്വാസചികിൽസ കൊണ്ട് നിരവധി പേരുടെ രോഗങ്ങൾ മാറിയിട്ടുണ്ട്. പൂക്കോയ തങ്ങളുടെ ആദ്ധ്യാത്മികമായ കഴിവിലുള്ള വിശ്വാസം പലർക്കും അനുഭവപ്പടുന്നതായി എനിക്കറിയാം. അത് പലപ്പോഴും പല പ്രത്യേക സംഭവവികാസങ്ങളെയും രക്ഷപ്പെടുത്തിയിട്ടുമുണ്ട്.

ബാഫഖി തങ്ങളുടെ വിയോഗത്തെ തുടർന്ന് 1973- ൽ കേരള സംസ്ഥാന മുസ്ലിംലീഗ് പ്രസിഡണ്ട് പദം പൂക്കോയ തങ്ങൾ ഏറ്റെടുത്തശേഷം കണ്ണൂർ ജില്ലയിൽ സന്ദർശനത്തിന് വന്നപ്പോൾ അദ്ദേഹവും പാണക്കാട് അഹമ്മദാജിയും എന്റെ പുതിയ വീട്ടിലാ(സിത്താര)യിരുന്നു താമസിച്ചിരുന്നത് പിറ്റേന്ന് രാവിലെ പൂക്കോയതങ്ങൾ കാഞ്ഞങ്ങാട്ട് പരിപാടിയിൽ പങ്കെടുക്കാൻ ഇറങ്ങാനായപ്പോൾ കൂത്തുപറമ്പ് നീർവേലി സ്വദേശി മായിൻ കുട്ടിസാഹിബ് തിരക്കിട്ടുവന്നു. തങ്ങളെ കാണാൻ മുറിയിൽകയറി. ഞാൻ സംഗതി തിരക്കി. ഓടി പുറത്തിറങ്ങി മായിൻ കുട്ടി അദ്ദേഹം വന്ന ടാക്സി കാറിന്റെ ഡിക്കിയിൽ നിന്നും ഒരു വലിയ തേങ്ങാക്കുലയുമായി വന്നു തേങ്ങാക്കുല എനിക്കാണോ? ഞാൻ തമാശക്കായി ചോദിച്ചപ്പോൾ മായിൻ കുട്ടി വളരെ ഗൗരവത്തിൽ പറഞ്ഞു.

"ആനക്ക് മദമിളകിയിരിക്കുന്നു".

"അതിനി തേങ്ങയെന്തിന്?" ഞാൻ ചോദിച്ചു.

"അതൊക്കെ വേണം, ഒരു പണിയുണ്ട്" ഇതും പറഞ്ഞ് മായിൻ കുട്ടി വീണ്ടും പൂക്കോയത്തങ്ങളിരുന്ന മുറിയിൽക്കയറി വാതിലടച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ചിരിച്ച് കൊണ്ട് മായീൻകുട്ടി തിരക്കിട്ടിറങ്ങി. പിന്നെ കാണാമെന്നും പറഞ്ഞ് തേങ്ങാക്കുലയുമായി ഓടിയകന്നു.

പിന്നീട് കുറേ നാൾ കഴുഞ്ഞു മായിൻകുട്ടിയെ കണ്ടപ്പോൾ എന്റെ മനസ്സിൽ പഴയ തേങ്ങാക്കുല തിരിച്ചെത്തി. ചോദിച്ചപ്പോൾ മായിൻകുട്ടി സംഭവം വിവരിച്ചു.

നീർവേലിയിൽ ഒരു ആനക്ക് മദമിളകി. പുഴക്കരികിൽ ആനയെ കാലിൽ ചങ്ങലയിട്ട് ബന്ധിച്ചു. ആന വഴങ്ങുന്നില്ല. ആർക്കും അടുത്ത് പോകാനവുന്നില്ല. പാപ്പാൻ ശങ്കരനും ആൾക്കാരും മായിൻകുട്ടിയെ സമീപിച്ചു. മായിൻകുട്ടിയും മറ്റും കൂടിയാലോചിച്ചു, പാണക്കാട് തങ്ങളെ സമീപിക്കാനായി കണ്ണൂരിൽ എന്റെ വീട്ടിൽ വന്നു. തങ്ങളോട് വിവരം പറഞ്ഞപ്പോൾ തേങ്ങ മന്ത്രിച്ചു തിരിച്ചു നൽകി.

നീർവേലിയിലെത്തിയ മായിൻകുട്ടി തേങ്ങ പാപ്പാൻ ശങ്കരനെ ഏൽപ്പിച്ചു. മായിൻകുട്ടിയുടെയും മറ്റുള്ളവരുടെയും സാന്നിദ്ധ്യത്തിൽ തേങ്ങ ആനക്ക് എറിഞ്ഞുകൊടുത്തു. ആന അത് തിന്ന് സമാധാനത്തോടെ ഉറങ്ങി. ഇത് മായിൻകുട്ടി പറഞ്ഞപ്പോൾ ഞാൻ ചോദിച്ചു: "ഇതെന്തൊരൽഭുതം" മായൻകുട്ടി പറഞ്ഞു. "അങ്ങനെ പലതുമുണ്ട്".

16 മുഹമ്മദ്കുട്ടി സാഹിബിന്റെ കഥ

കുടുംബപ്രശ്നങ്ങൾക്കു മാത്രമല്ല മാനസിക പ്രശ്നങ്ങൾക്കും പൂക്കോയ തങ്ങളുടെ ഉപദേശം ആശ്വാസം നൽകി അനുഭവം പ്രൊഫ ടി.പി.മുഹമ്മദ്കുഞ്ഞി സാഹിബിന്റെ ഓർമ്മക്കുറിപ്പിൽ ഞാൻ വായിച്ചിട്ടുണ്ട്. അഹമ്മദ് കുരിക്കളുടെ കുട്ടിക്കാലം മുതൽ കുരിക്കളുടെ കീഴിൽ ജോലിചെയ്തിരുന്ന വടക്കേ മലബാറുകാരനായ നമ്പ്യാർക്ക് ബാപ്പു കുരിക്കളുടെ മരണം ഒരാഘാതമായി. കുറേ നാളുകൾ അദ്ദേഹത്തിന് ഉറക്കമില്ലാതായി. ആളുടെ സമനില തെറ്റി. ഉറക്കം നഷ്ടപ്പെട്ടു. പൊരുൽ സാഹിബിന്റെ ഉപദേശപ്രകാരം പൂക്കോയ തങ്ങളെ സമീപിച്ചു. പാണക്കാട്ടെത്തിയ നമ്പ്യാരെ പൂക്കോയതങ്ങൾ വിളിച്ചു. "എന്താ നമ്പ്യാരെ മനുഷ്യർ മരിക്കാതിരിക്കുമോ?. സാരമില്ല പോയി ഉറങ്ങിക്കൊള്ളൂ." പൂക്കോയ തങ്ങളുടെ ഈ വാക്കുകൾ നമ്പ്യാരെ ജീവിതത്തിലേക്ക് തിരച്ചുകൊണ്ടുവന്നു. നമ്പ്യാർ മടക്കയാത്രയിൽ പറഞ്ഞു. "തങ്ങളുപ്പാപ്പ പറഞ്ഞില്ലേ, ഇനി ഞാൻ ഉറങ്ങും." നമ്പ്യാർ സുഖമായി ഉറങ്ങി. മാനസികരോഗ വിമുക്തനായി അപ്പോൾ പൂക്കോയ തങ്ങളിലുള്ള അപാരവും അഗാധവുമായ വിശ്വാസം അദ്ദേഹത്തെ സമീപിക്കുന്ന ഓരോ ആളിന്റെ മാനസികാവസ്ഥയെയും അത്യധികമായി സ്വാധീനിക്കുകയും ആശ്വാസം അരുളുകളും ചെയ്യുന്നു. ഇതൊരു മനശ്ശാസ്ത്രപരമായ പ്രതിഭാസമായിട്ടാണ് മനസ്സിലാകുന്നത്

മദ്രാസിൽ പൂക്കോയ തങ്ങൾക്ക് ഒട്ടനേകം അനുയായികളും ശിഷ്യന്മാരുമുണ്ട്.തങ്ങൾ മദ്രാസിലെത്തിയാൽ പിന്നെ കുട്ടി ട്രാവൽസ് ഉടമായായിരുന്ന മർഹൂം ചെറ്റെയിൽ കുട്ടിസാഹിബ് ആർക്കും തങ്ങളെ വീട്ടുകൊടുകയില്ല. ചെറ്റയിലിന്റെ താമസസ്ഥലം പൂക്കോയതങ്ങൾക്ക് വേണ്ടി പ്രത്യേകം സജ്ജമാക്കിയിരിക്കും തങ്ങൾ ഒരു സാധനം കയ്യിലെടുക്കാൻ പോലും അദ്ദേഹം സമ്മതിക്കുകയില്ല തങ്ങൾക്ക് ഖിദ്മത്ത് ചെയ്യൽ ഒരു ഇബാദത്തായി കണക്കാക്കുന്ന മനുഷ്യനാണ് കുട്ടി സാഹിബ്.

അദ്ദേഹത്തിന്റെ പ്രത്യേക സ്വഭാവം മനസ്സിലാക്കിയ എനിക്ക് ഒരിക്കൽ അദ്ദേഹവുമായി ഒരു

ഡയലോഗിനവസരം ലഭിച്ചു. അത് ബാഫഖി തങ്ങളും, പൂക്കോയതങ്ങളും സിങ്കപ്പൂർ യാത്ര കഴിഞ്ഞു മദ്രാസ് മെയിലിന് തിരിച്ചുവരുമ്പോഴായിരുന്നു. അന്ന് അതേ ട്രെയിനിൽ ഞാനും മർഹൂം അഹമ്മദ് ഷാ (അന്നത്തെ എൻഫോഴ്സ്മെന്റ് ഡിപ്പാർട്ടുമെന്റിൽ പ്രശസ്തനായ ഒരു ഉദ്യോഗസ്ഥനായിരുന്നു അഹമ്മദ് ഷാ) ചെറ്റെയിൽ മുഹമ്മദ്കുട്ടി സാഹിബും ഒന്നിച്ചായിരുന്നു യാത്ര. അഹമ്മദ് ഷാക്കും പൂക്കോയ തങ്ങളെ വലിയ ബഹുമാനമായിരുന്നു. കോഴിക്കോട്ടെത്തിയാൽ അഹമ്മദ് ഷാക്ക് പാണക്കാട്ടുവരെ ഒന്നു പോകണം തങ്ങളെ സന്ദർശിച്ചു ദുആ ചെയ്യിക്കണം. പാണക്കാട്ട് പൂക്കോയതങ്ങളെക്കൊണ്ട് ദുആ ചെയ്യിപ്പിക്കുന്നതിൽ മാഹാത്മ്യം കണ്ടെത്തിയ ഒരാളായിരുന്നു അഹമ്മദ്ഷാ. അക്കാര്യമെല്ലാം ഞാൻ പറഞ്ഞു ഏർപ്പാട് ചെയ്തു. അഹമ്മദ് ഷായും ഞാനും ചെറ്റെയിൽ മുഹമ്മദ്കുട്ടി സാഹിബും ട്രെയിനിൽ തൊട്ടടുത്ത കംപാർട്ട്മെന്റിൽ ഒന്നിച്ചിരുന്നു സംസാരം തുടങ്ങി കുട്ടി സാഹിബ് പൂക്കോയതങ്ങളുടെ ആത്മീയ അനുയായിയായതെങ്ങനെയെന്നറിയാൻ ഞാൻ ചോദിച്ചു. ''അല്ല. മദ്രാസിൽ വന്നാൽ നിങ്ങൾ പൂക്കോയതങ്ങളെ മറ്റാർക്കും വിട്ടുകൊടുക്കുകയില്ലെന്ന പരാതിയുണ്ടല്ലോ. മദ്രാസ് ഇന്റർനാഷണൽ ഹോട്ടൽ ഉടമ മുസ്തഫ പൂക്കോയതങ്ങളെ അവിടെ കൊണ്ടുവന്നു താമസിപ്പിക്കണമെന്ന് അപേക്ഷിച്ചു. അത് നടന്നില്ലെന്ന് പറഞ്ഞു?"

"അത് ശരിയാണ്, തങ്ങളുപ്പാപ്പ മദ്രാസിൽ വരുമ്പോഴെല്ലാം ഞാനാണ് കൂട്ടിക്കൊണ്ട് പോകാറ്. തങ്ങളുപ്പാപ്പയുടെ അടുത്ത് ഞാനുള്ളപ്പോൾ എല്ലാം എനിക്ക് ചെയ്യണം. എന്നാലേ എന്റെ മനസ്സ് റാഹത്താവുകയുള്ളൂ...."

"ഈ ബന്ധം എപ്പോൾ തുടങ്ങി?" കൂടുതൽ അറിയാനായി ചോദിച്ചു.

"ഓ അതൊരു കഥയാണ്"

"കഥയോ?"

അതെ, ഒരനുഭവകഥ കുട്ടി സാഹിബ് തുടർന്നു.

''പാണക്കാട്ട് തങ്ങന്മാരെപ്പറ്റി നമ്മളെല്ലാം അറിയും. എന്നാൽ എനിക്കവരോട് വലിയ ബന്ധമില്ലായിരുന്നു". കുട്ടി സാഹിബ് തുടർന്നു. "ഒരിക്കൽ എന്റെ മോനെ കാണാതായി. എന്റെ മൂത്ത മോൻ വീട്ടിൽ എന്തോ കുഴപ്പമുണ്ടായപ്പോൾ ഭാര്യയുമായി കലഹിച്ചു വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി. മൂന്നുനാല് ദിവസം കഴിഞ്ഞപ്പോൾ ഭാര്യക്ക് വിഷമമായി. ഞാൻ മദ്രാസിൽ നിന്നും വന്നു. പോലീസിൽ വിവരം കൊടുക്കാൻ ഏർപ്പാട് ചെയ്തു. ഇതുകൊണ്ടൊന്നും അവൾക്ക് സമാധാനമായില്ല. അവൾ കരച്ചിൽ തുടങ്ങി. അവൾ കാണുന്നത് ഒരു പരിഹാരം മാത്രം പാണക്കാട്ട് പോയി തങ്ങളുപ്പാപ്പാനെ കണ്ട് പറയണം. അപ്പോൾ ചെക്കൻ വരും. ഞാൻ പറഞ്ഞു. "നീ എന്ത് ഭ്രാന്താ പറയുന്നത്?"

തങ്ങളുപ്പാപ്പക്ക് കുട്ടിയെ കൊണ്ടുതരാനാവുമോ? വല്ല പേപ്പറിലും പരസ്യം കൊടുക്കാം. എന്ത് പറഞ്ഞിട്ടും ഭാര്യ അടങ്ങുന്നില്ല. അവൾ കഞ്ഞിയും കുടിക്കാതായി. ഞാനാകെ വിഷമിച്ചു. ഞാനന്നുവരെ തങ്ങളുപ്പാപ്പയുടെ അടുത്ത് പോയിട്ടില്ല. അവസാനം നിവൃത്തിയില്ലാതെ ഒരു ചങ്ങാതിയെയും കൂട്ടി പാണക്കാട്ട് പോയി. അവിടെ കുറേയധികം സ്ത്രീപുരുഷന്മാർ. കുറച്ചു കഴിഞ്ഞു എന്നെ വിളിച്ചു. ഞാനെന്റെ സങ്കടം പറഞ്ഞു. ഞാൻ പറഞ്ഞതെല്ലാം പൂക്കോയതങ്ങൾ കേട്ടു. കുറച്ച് നേരം എന്തോ ആലോചിക്കുന്നത് പോലെ. പിന്നീട് പുഞ്ചിരി തൂകി എന്നോട് പറഞ്ഞു: "വീട്ടിലേക്ക് പോയ്ക്കൊ. മോൻ അവിടെ എത്തും." ഒരു ഗ്ലാസ് ചായയും തന്നു. ഞാൻ നിരാശനായി മടങ്ങി. ഇത്രയും ബുദ്ധിമുട്ടി വന്നിട്ട് കിട്ടിയ ഒരു മറുപടി. ഏതായാലും ഭാര്യയുടെ പൂതി തീർന്നല്ലൊ. കുട്ടിസാഹിബ് തുടർന്നു.

ഞാൻ നല്ല വിശപ്പോടെ താനൂരിലേക്ക് മടങ്ങി. ഒരുവിധം വീട്ടിലെത്തി. വീട്ടിന്റെ പടിവാതിലെത്തും വരെ ഞാൻ മനസ്സ് നിറയെ തങ്ങളുപ്പാപ്പയെ കാണാൻ പോയതോർത്ത് എന്നെത്തന്നെ ശപിക്കുകയായിരുന്നു. വീടിന്റെ പടിക്കലെത്തിയപ്പോൾ ഭാര്യ സന്തോഷത്തോടെ പറഞ്ഞു. "ഇതാ നമ്മുടെ മോൻ ഇപ്പോൾ മടങ്ങിയെത്തി. അവൻ കഞ്ഞി കുടിക്കുന്നു. നിങ്ങളും വാ, വേഗം വാ" ഇതുകേട്ട് ഞാൻ സ്തബ്ധനായിപ്പോയി. ആ നിമിഷം വീട്ടിൽ കയറാതെ തിരിഞ്ഞോടി. താനൂരിൽ കണ്ട ഒരു ടാക്സിയും പിടിച്ച് പാണക്കാട്ടെത്തിയപ്പോൾ തങ്ങളുപ്പാപ്പയുടെ അടുത്ത് ചെന്ന് മാപ്പ്തേടി. അദ്ദേഹം പുഞ്ചിരിച്ചു. എന്റെ പുറത്ത് തടവി. ആ നിമിഷം മുതൽ ഈ നിമിഷം വരെ ഞാൻ തങ്ങളുടെ മുരീദാണ്. നാട്ടിലെത്തിയാൽ ആദ്യം തങ്ങളുപ്പാപ്പനെ കണ്ടിട്ടേ മറ്റ് ഏത് പണിയും ഞാൻ എടുക്കുകയുള്ളൂ. അത് ഒരു ഇബാദത്താണ്". ഞാനും അഹമ്മദ് ഷായും പരസ്പരം നോക്കിയിരുന്നു.

17 പൂക്കോയതങ്ങൾ അറസ്റ്റ് വരിക്കുന്നു

പൂക്കോയ തങ്ങളുടെ നിഗൂഢമായ സിദ്ധികളെകുറിച്ച് ഒട്ടേറെ അനുഭവങ്ങൾ പലർക്കും പറയാനുണ്ടാവും. എന്നാൽ ഒരു നേതാവെന്ന നിലക്ക് അദ്ദേഹത്തിന്റെ പ്രത്യേകതകൾ അതിലേറെ പ്രശോഭിതമാണ്. സി.അച്യുതമേനോൻ, തന്റെ അനുശോചന സന്ദേശത്തിൽ പാണക്കാട് പൂക്കോയതങ്ങളെക്കുറിച്ച് നടത്തിയ പരാമർശം മാത്രം മതി പൂക്കോയ തങ്ങളുടെ നേതൃപാടവത്തിന്റെ ശക്തിയും സ്വാധീനവുമറിയാൻ.

അച്യുതമേനോൻ എഴുതി:

''വളരെ മിതഭാഷിയായിരുന്ന അദ്ദേഹം എല്ലാ കാര്യങ്ങലളും ആലോചിച്ചു പെട്ടെന്ന് തീരുമാന മെടുക്കാൻ കഴിവുള്ള ആളായിരുന്നു. സുചിന്തിതമായ തീരുമാനങ്ങളിൽ അദ്ദേഹം പാറപോലെ ഉറച്ചു നിൽക്കുകയും ചെയ്തിരുന്നു. ഒരു ശക്തിക്കും അദ്ദേഹത്തിന്റെ തീരുമാനങ്ങളിൽ നിന്ന് തെറ്റിക്കാൻ സാധ്യമായിരുന്നില്ല''

ബാഫഖിതങ്ങളുടെ വേർപാടിന് ശേഷം സംസ്ഥാന മുസ്‌ലിംലീഗ് അദ്ധ്യക്ഷ പദവിക്ക് സ്വാഭാ വികമായും പിന്തുടർച്ചാവകാശി പാണക്കാട് തങ്ങളായിരുന്നു. ബാഫഖി തങ്ങൾ ജീവിച്ചിരിക്കെത്തന്നെ മുസ്‌ലിംലീഗിന്റെ തുല്യരിൽ രണ്ടാമൻ അദ്ദേഹമായരുന്നു. മുസ്‌ലിംലീഗിന്റെ ഏത് തീരുമാനത്തിലും പൂക്കോയതങ്ങളുടെ അറിവും അംഗീകാരവുമുണ്ടായിരിക്കും. ബാഫഖിതങ്ങൾ 'പൂക്കോയ'യുമായി ആലോചിക്കാതെ ഒരു തീരുമാനവുമെടുക്കാറില്ലായിരുന്നു. പൂക്കോയതങ്ങളുടെ അഭിപ്രായം മാനിച്ചു പല തീരുമാനങ്ങളും ബാഫഖിതങ്ങൾ മാറ്റിയിട്ടുണ്ട്. ഉത്തർപ്രദേശിലെ പ്രസിദ്ധനായ മുസ്‌ലിം നേതാവ് ഡോ. എ.ജെ. ഫരീദി കോഴിക്കോട്ട് മുസ്‌ലിംലീഗ് സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയതായിരുന്നു. കോഴിക്കോട്ട് ഒരു ഹോട്ടലിൽ വെച്ച് പൂക്കോയതങ്ങളെ ഫരീദി സാഹിബിന് പരിചയപ്പെടുത്തികൊ ടുത്ത സി.എച്ച് മുഹമ്മദ്കോയ സാഹിബ് പറഞ്ഞ വാക്ക് ഞാനിപ്പോഴും ഓർക്കുന്നു. ''പൂക്കോയത ങ്ങൾ (ബാഫഖി തങ്ങളുടെ) സെക്കന്റ്-ഇൻ-കമാന്റ് ആണ്'' 1973 ഫബ്രുവരി 25ന് ബാഫഖിതങ്ങ ളുടെ ഒഴിവിൽ കേരള സംസ്ഥാന മുസ്‌ലിംലീഗ് പ്രസിഡന്റായി പാണക്കാട് പൂക്കോയ തങ്ങൾ ഐക്യ കണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു.

കേരള സംസ്ഥാന മുസ്‌ലിംലീഗ് അധ്യക്ഷനെന്ന നിലക്ക് പൂക്കോയ തങ്ങൾക്ക് ഒട്ടേറെ വെല്ലു വിളികൾ നേരിടേണ്ടി വന്നു. അഖിലേന്ത്യാ ലീഗിന്റെ ആവിർഭാവവും രാഷ്ട്രീയ രംഗത്തുണ്ടായ ധ്രുവീ കരണവും സൃഷ്ടിച്ച ഗുരുതരമായ സന്ദിഗ്ദ്ധഘട്ടങ്ങൾ തരണം ചെയ്യുക എന്ന ശ്രമകരമായ ഉത്തരവാ ദിത്വമാണ്, പൂക്കോയതങ്ങൾക്ക് നിർവ്വഹിക്കേണ്ടിവന്നത്. അതെല്ലാം വിജയകരമായി തീരുകയും ചെയ്തു. പാർലമന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സി.എച്ച്. മുഹമ്മദ്കോയ സാഹിബിന് പകരക്കാരനായി വിദ്യാ ഭ്യാസ മന്ത്രി സ്ഥാനം ആർക്ക് നൽകണമെന്നതായിരുന്നു ആദ്യമായി അഭിമുഖീകരിച്ച പ്രശ്നം. ചാക്കീരി അഹമ്മദ്കുട്ടി സാഹിബിനെ വിദ്യാഭ്യാസ മന്ത്രി സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്ത പൂക്കോയ തങ്ങൾ തനിക്ക് ശക്തമായ തീരുമാനമെടുക്കാനുള്ള പ്രാപ്തിയുണ്ടെന്ന് നേതാക്കന്മാരേയും അണിക ളേയും ബോധ്യപ്പെടുത്തുകയായിരുന്നു. സി.എച്ചിന്റെ ഒഴിവുവന്ന കൊണ്ടോട്ടി സീറ്റിലേക്ക് മർഹൂം അബ്ദുല്ല കുട്ടി കുരിക്കളെ തങ്ങൾ നാമനിർദ്ദേശം ചെയ്തു.

പൂക്കോയ തങ്ങൾ ഒരു ആത്മീയ ശക്തികേന്ദ്രമായി വളരെകാലം മുമ്പെ അറിയപ്പെട്ടിരുന്നു. അദ്ദേഹം രാഷ്ട്രീയരംഗത്ത് കാലെടുത്തുവെച്ചത് 1936-ലാണ്. അന്ന് ഏറനാട്ടിലെ മാപ്പിളമാരുടെ ദൈനം ദിന ജീവിതപ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരുന്ന പൂക്കോയ തങ്ങളുടെ വ്യക്തിത്വം ജാതിമതഭേതമി ല്ലാതെ അംഗീകരിക്കപ്പെട്ടിരുന്നു. അന്നു മലബാർ ജില്ലാ മുസ്‌ലിംലീഗിന്റെ അനിഷേധ്യ നേതാവായ രുന്നു ഹാജി അബ്ദുൽ സത്താർ സേട്ടു സാഹിബ്. ഖാഇദേ അഅ്സം ജിന്നാ സാഹിബിന്റെ വാത്സല്യ ഭാജനമായ അനുയായി ആയിരുന്ന സത്താർ സേട്ടു 1940 ൽ പൂക്കോയ തങ്ങളെ കണ്ടെത്തുകയായിരു ന്നു. ആ പരിചയം ലീഗിനും പൂക്കോയ തങ്ങൾക്കും സത്താർ സേട്ടുവിന്റെ രാഷ്ട്രീയപ്രവർത്തന ങ്ങൾക്കും പല പുതിയ അനുഭവങ്ങളും നൽകി. 1940 മുതൽ മുസ്‌ലിംലീഗ് അംഗമായ പൂക്കോയ തങ്ങ ളുടെ പ്രവർത്തനങ്ങൾ 1947-ലെ ഇന്ത്യാ വിഭജനത്തോടെ അദ്ദേഹത്തെ ഏറനാടിന്റെ പൊന്നോമന പുത്രനാക്കി മാറ്റി. ഏറനാട്-വള്ളുവനാട് പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഏത് അർദ്ധരാത്രിയിലും ചെന്നുമുട്ടാൻ ഒരു വാതിൽ- അതായിരുന്നു പൂക്കോയ തങ്ങൾ.

വടക്കേ ഇന്ത്യയിലെ രാഷ്ട്രീയ സംഭവവികാസങ്ങളുടെ അലയൊലി ദക്ഷിണേന്ത്യയിലുണ്ടാ യി. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന അന്നത്തെ മലബാറിലെ മുസ്‌ലിംകൾ മുസ്‌ലിംലീഗിൻ അടിയുറച്ച് നിന്നതിനാൽ ഭരണാധികരികളുടെ സൂക്ഷ്മനീരീക്ഷണത്തിന് അവർ പാത്രമായി. ഏറ നാട്- വള്ളുവനാട് താലൂക്കുകളായിരുന്നു അപ്പോഴും ദക്ഷിണേന്ത്യയിലെ മുസ്‌ലിംകളുടെ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ സിരാകേന്ദ്രം. ആ പ്രദേശങ്ങളിലെ ജനങ്ങളുടെ അനിഷേധ്യനായ അമരക്കാരനാ യിരുന്നു പൂക്കോയ തങ്ങൾ. അക്കാരണം കൊണ്ടുതന്നെ ഹൈദരാബാദിൽ 1948-ൽ കുഴപ്പമുണ്ടായ പ്പോൾ ഇന്ത്യയിലൊട്ടാകെയുള്ള മുസ്‌ലിം നേതാക്കളെ കസ്റ്റഡിയിലെടുക്കാൻ തീരുമാനിച്ച കേന്ദ്ര ഗവൺമെന്റിന് പാണക്കാട് പൂക്കോയ തങ്ങളുടെ പേര് മറക്കാൻ കഴിഞ്ഞില്ല. 1948-ൽ കേന്ദ്ര

ഗവൺമെന്റിൽ ഹൈദരാബാദിൽ പോലീസ് നടപടി എടുക്കുകയും അവിടെയുള്ള തീവ്രവാദി നേതാവ് ഖാസിം റിസ്‌വിക്കെതിരായി നടപടി കൈകൊള്ളുകയും ചെയ്തപ്പോൾ മലബാറിലെ അറിയപ്പെടുന്ന മുസ്‌ലിംലീഗുകാരിൽ പലരേയും തടവിൽ വെക്കാൻ തീരുമാനിച്ചു. ഇന്ത്യാ ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് അന്ന് അറസ്റ്റ് ചെയ്യപ്പെടേണ്ട പ്രമുഖ നേതാവ് പാണക്കാട് പൂക്കോയ തങ്ങളായിരുന്നു. പൂക്കോയ തങ്ങളെ അറസ്റ്റ് ചെയ്താലുണ്ടാകാവുന്ന ഗുരുതരമായ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ കഴിവുള്ളവരായിരുന്നു അന്നത്തെ മലബാർ ജില്ലാ ഉദ്യോഗസ്ഥന്മാർ. പക്ഷേ മദ്രാസ് സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം നടപ്പിലാക്കാതിരിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല.

ഇന്ത്യൻ രാഷ്ട്രീയരംഗം മുഴുവൻ ഹൈദറാബാദ് പോലീസ് നടപടിയിൽ മുഴുകിയ സന്ദർഭത്തിലാണ് പുലർച്ചെ നാല് മണിക്ക് കൊടപ്പനക്കൽ തറവാട്ടിലേക്ക് മലപ്പുറം സബ്ഇൻസ്പെക്ടർ കടന്നുവന്നത്. എസ്.ഐ 'തങ്ങളുണ്ടോ' എന്ന് അന്വേഷിച്ചു. കടന്നുവന്ന എസ്.ഐക്ക് തങ്ങൾക്ക് ഒരു 'സന്ദേശം' എത്തിക്കാനുണ്ടായിരുന്നു. ''ഐ.ജി. സ്റ്റേഷനിൽ വരുന്നുണ്ട്. തങ്ങളെ കാണണമെന്ന് പറഞ്ഞതുകൊണ്ട് കൂട്ടിക്കൊണ്ടുപോകാൻ വന്നതാണ്.'' എസ്.ഐ.ക്കും കൂട്ടുകാർക്കും കാപ്പി കൊടുത്തു. പൂക്കോയ തങ്ങൾ പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ചു. സുബ്ഹ് നിസ്ക്കാരത്തിനു ശേഷം ഇറങ്ങിവന്ന പൂക്കോയ തങ്ങൾ പോലീസുകാരോടു പറഞ്ഞു: ''നമുക്കു പുറപ്പെടാം.''

പോലിസുകാർ കൊണ്ടുവന്ന വാനിൽ പൂക്കോയ തങ്ങൾ കയറി. മലപ്പുറം പോലീസ് സ്റ്റേഷനിൽ തങ്ങൾക്ക് വളരെ മാന്യമായ പരിഗണന കിട്ടി. പോലീസ് സ്റ്റേഷനിൽ എത്തിക്കഴിഞ്ഞപ്പോഴാണ് കാര്യത്തിന്റെ കിടപ്പ് പിടികിട്ടിയത്. സബ് ഇൻസ്പെക്ടർ കൊണ്ടുവന്ന 'സന്ദേശം' അറസ്റ്റുവാറന്റായിരുന്നു. പൂക്കോയ തങ്ങളെ മഞ്ചേരി സബ് മജിസ്ട്രേറ്റ് മുമ്പാകെ ഹാജറാക്കി. മജിസ്ട്രേറ്റ് പൂക്കോയ തങ്ങളെ മഞ്ചേരി സബ് ജയിലിലേക്കയച്ചു.

പൂക്കോയതങ്ങളുടെ അറസ്റ്റു വാർത്ത കാട്ടുതീ പോലെ പടർന്നു. ഏറനാട് ഇളകി. ജനങ്ങൾ മഞ്ചേരിയിലേക്കൊഴുകി. മലബാർ കലാപത്തിൽ നിരായുധരായി പോലീസിന്റെ പീരങ്കിക്കു വിരിമാറ് കാണിച്ചുകൊടുത്ത മാപ്പിള സഹോദരന്മാർ 'തങ്ങളുപ്പാപ്പ'യെ പോലീസ് പിടിച്ചത് സഹിക്കാനാവാതെ ഭരണകൂടത്തിനെതിരെ ശക്തിയായി പ്രതികരിക്കുമെന്ന് അധികൃർക്ക് നല്ലപോലെ അറിയുമായിരുന്നു. രോഷാകുലരായ ജനക്കൂട്ടം സബ്ജയിലിലേക്ക് നീങ്ങിയപ്പോൾ അധികൃതർ പകച്ചുനിന്നു. എന്തു ചെയ്യും? പൂക്കോയ തങ്ങളെ ജയിലിലടച്ചിട്ടാൽ ഭരണകൂടം പല രംഗങ്ങൾ കാണേണ്ടി വരും. മാപ്പിള മക്കൾ സഹിക്കുകയില്ല. അങ്ങനെ അവസാനം ജനങ്ങളെ ശാന്തരാക്കാൻ പൂക്കോയ തങ്ങൾ പുറത്തിറങ്ങേണ്ടി വന്നു. ''എല്ലാം അല്ലാഹുവിന്റെ വിധി പോലെ നടക്കും. നിങ്ങളെല്ലാം ശാന്തരായി പിരിഞ്ഞു പോകണം.'' മഹാനായ ആ നേതാവിന്റ വാക്കുകൾ അവരെ നിയന്ത്രിച്ചു നിർത്തി. നിറഞ്ഞ കണ്ണുകളുമായി വളരെ വിശമിച്ചു ആ ജനക്കൂട്ടം മെല്ലെ പിരിഞ്ഞുപോയി. മഞ്ചേരി സബ് ജയിലിൽ പൂക്കോയ തങ്ങളെ പാർപ്പിച്ചാൽ ഉണ്ടായേക്കാവുന്ന ക്രമസമാധാന പ്രശ്നം മനസ്സിലാക്കിയ അധികൃതർ അദ്ദേഹത്തെ രണ്ട് ദിവസം കഴിഞ്ഞപ്പോൾ കോഴിക്കോട് സബ്ജയിലിലേക്ക് മാറ്റി. അങ്ങനെ മുസ്‌ലിംലീഗിന്റെ ചരിത്രത്തിൽ ഭരണാധികാരി വർഗ്ഗത്തിന്റെ നീരസത്തിന് വിധേയമായ ഒരു രാഷ്ട്രീയ സംഘടനക്ക് സന്ദിഗ്ദ്ധ ഘട്ടത്തിൽ നേതൃത്വം നൽകി എന്ന പേരിൽ ജയിലറയിൽ പോകാൻ ധൈര്യം കാണിച്ച ഓരേ ഒരു നേതാവ് പാണക്കാട് പൂക്കോയ തങ്ങളായിരുന്നു. മറ്റ് പലരും ജയിലറ ഭയന്ന് മുസ്‌ലിംലീഗിൽ നിന്ന് 'രാജിവച്ച്' തടി രക്ഷപ്പെടുത്തുന്ന ഒരു കാലഘട്ടത്തിലാണ് പൂക്കോയ തങ്ങളുടെ ഈ ധീരോദാത്തമായ നടപടി എന്നത് ആവേശം പകരുന്ന മാതൃകയാണ്.

18 പൂക്കോയ പറയുന്നത് ആദ്യം ശ്രദ്ധിക്കുക

മുസ്‌ലിംലീഗിന്റെ സുപ്രധാനമായ പല രാഷ്ട്രീയ തീരുമാനങ്ങൾക്ക് പിന്നിലുമുള്ള പൂക്കോയ തങ്ങളുടെ ശക്തമായ പങ്ക് അധികമാരും അറഞ്ഞിരുന്നില്ല. പതുക്കെ സംസാരിക്കുക എന്ന സ്വതസിദ്ധമായ രീതി അനുവർത്തിച്ച പൂക്കോയ തങ്ങൾ ഒരിക്കലും തന്റെ സാന്നിദ്ധ്യവും സ്വാധീനവും മറ്റുള്ളവർ അറിയണമെന്നുദ്ദേശിച്ചു പ്രവർത്തിച്ചിരുന്നില്ല. 1967-ൽ ജന്മമെടുത്ത സപ്തകക്ഷി മുന്നണി മന്ത്രിസഭയിൽ മുസ്‌ലിംലീഗിന് ഒരംഗത്തെ മാത്രം നൽകാനാണ് ധാരണയുണ്ടായത്. പാർട്ടിക്ക് മന്ത്രിസഭയിൽ രണ്ടു അംഗങ്ങൾ ഉണ്ടാവണമെന്ന് പൂക്കോയ തങ്ങൾ ബാഫഖി തങ്ങളോട് അഭിപ്രായപ്പെട്ടപ്പോൾ ബാഫഖി തങ്ങൾ അതു മറ്റു കക്ഷികളുമായുള്ള കൂടിയാലോചനയിൽ ഉന്നയിക്കുകയുണ്ടായി. അന്നത്തെ സപ്തകക്ഷി

മുന്നണിയുടെ പ്രധാന ശിൽപികളിലൊരാളായ ബാഫഖി തങ്ങളുടെ ആവശ്യം മറ്റുകക്ഷികൾ അംഗീകരിച്ചു. സി.എച്ച് മുഹമ്മദ്കോയ സാഹിബിനെയും, അഹമ്മദ്കുരിക്കൾ സാഹിബിനെയും(ബാപ്പുകുരിക്കൾ) മന്ത്രിമാരായി പൂക്കോയ തങ്ങൾ അഭിപ്രായപ്പെട്ടപ്പോഴും ബാഫഖി തങ്ങൾ അതംഗീകരിച്ചു. പൂക്കോയ പറയുന്നത് ആദ്യം ശ്രദ്ധിക്കണം എന്നതു ബാഫഖി തങ്ങൾ അനുവർത്തിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു രീതിയായിരുന്നു.

സംസ്ഥാന മുസ്ലിംലീഗ് പ്രസിഡന്റ് എന്ന നിലക്ക് ബാഫഖി തങ്ങൾ അനുവർത്തിച്ചനയം അതേപടി പൂക്കോയ തങ്ങളും പിന്തുടർന്നു. കോൺഗ്രസ്സുമായുള്ള ബന്ധവും അച്യുതമേനോൻ മന്ത്രിസഭക്കുള്ള പിന്തുണയും പൂക്കോയ തങ്ങൾ അഭംഗുരം തുടർന്നു. മുസ്ലിം ലീഗിലുണ്ടായ പിളപ്പിനെ തുടർന്ന് ഒരു വിഭാഗം വിട്ടുനിന്ന് പുതിയ പാർട്ടിയുണ്ടാക്കി ലീഗിനെതിരായി നടത്തിയ എല്ലാ തന്ത്രങ്ങളും പൂക്കോയ തങ്ങളുടെ നേതൃത്വത്തിൽ പരാജയപ്പടുത്തി. അന്ന് മുസ്ലിംലീഗ് യു.ഡി.എഫിൽ തുടർന്നപ്പോൾ ലീഗിന്നെതിരായി രാഷ്ട്രീയ പ്രതിയോഗികൾ ഉന്നയിച്ച വലിയൊരാരോപണം സ്വകാര്യ മനേജ്മെന്റിന് കീഴിൽ പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നതിനെക്കുറിച്ചായിരുന്നു. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ കക്ഷിയായ സി.പി.ഐ.യും കോൺഗ്രസ്സിലൊരു വിഭാഗവും അനുവർത്തിക്കുന്ന നയത്തെയായിരുന്നു അവർ എതിർത്തിരുന്നത്. ഗവൺമെന്റിലും ഐക്യമുന്നണിലും മുസ്ലിംലീഗിന്റെ സ്വാധീനം ഇടിഞ്ഞുവെന്ന് ആക്ഷേപിച്ച് പൂക്കോയ തങ്ങളുടെ നേതൃത്വത്തെ പ്രത്യക്ഷമായും പരോക്ഷമായും ചിലർ വിമർശിച്ചു. അപ്പോഴാണ് പൂക്കോയ തങ്ങൾ, സ്വകാര്യ മനേജ്മെന്റിന് കീഴിൽ വിദ്യാലയങ്ങൾ അനുവദിക്കേണ്ടത് ന്യൂനപക്ഷ പുരോഗതിക്കാശ്യമാണെന്നും വിദ്യാലങ്ങൾ അനുവദിക്കണമെന്നും ഒരു കത്തിലൂടെ മുഖ്യമന്ത്രി അച്യതമേനോനോടാവശ്യപ്പെട്ടത്. ഭരണകക്ഷിയുടെ ലെയ്സൺ കമ്മിറ്റി പൂക്കോയതങ്ങളുടെ കത്തിന്റെ വെളിച്ചത്തിൽ യോഗം ചേർന്ന് അനുകൂലമായ തീരുമാനമെടുത്തു. 1975- ൽ കേരള ഗവൺമെന്റ് 400- ൽപരം വിദ്യാലയങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പടുവിച്ചു. ഇതുയർത്തിയ വാദകോലാഹലങ്ങൾക്കിടയിൽ സി.എച്ച്. ഒരു പൊതിയോഗത്തിൽ പറഞ്ഞ അഭിപ്രായം ശ്രദ്ധേയമാണ് മറ്റു ചിലർ ഒരു പുരുഷായുസ്സു മുഴുവൻ ശ്രമിച്ചാലും നടക്കാത്ത കാര്യങ്ങൾ പൂക്കോയ തങ്ങൾ രണ്ടു വരി കത്തയച്ചാൽ മാത്രം നേടിയെടുക്കാം അതാണ് പൂക്കോയ തങ്ങളുടെ കരുത്ത്.

മതസൗഹാർദ്ദം നിലനിർത്തുന്നതിൽ പൂക്കോയ തങ്ങൾ ഒരു മാതൃകാ പുരുഷനായിരുന്നു. അങ്ങാടിപ്പുറം സൃഷ്ടിക്കാൻ അന്ന് വർഗ്ഗീയവാദികൾ തയ്യാറാക്കിയ സ്വകാര്യ പദ്ധതി പൂക്കോയ തങ്ങൾ ഉൾപ്പെടെയുള്ള നേതാക്കന്മാരുടെ ബുദ്ധിപൂർവ്വമായ നയം കൊണ്ടാണ് കെട്ടടങ്ങിയത്

പാണക്കാട് തങ്ങൾക്ക് മുമ്പിലെത്തുന്ന കേസുകൾ എല്ലാം കെട്ടുപിണഞ്ഞതായിരിക്കും പല കുടുംബക്കാരും തർക്കം മൂർഛിക്കുമ്പാൾ ഒത്തുതീരുന്നു. ഒന്നാംഘട്ടം പാണക്കാട്ട് ചെന്ന് സംഗതികൾ മദ്ധ്യസ്ഥമാക്കാം എന്നായിരിക്കും കേസിൽ ഉൾപ്പെടുന്ന രേഖകളും ആഭരണങ്ങളും പണവുമെല്ലാം പ്രത്യേകം സഞ്ചിയിലാക്കി പാണക്കാട്ട് തങ്ങളുടെ ഭണ്ഡാരത്തിൽ സൂക്ഷിക്കും . കേസ് കഴിഞ്ഞാൽ ആ കെട്ടു തെരഞ്ഞെടുത്തു. മദ്ധ്യസ്ഥ തീരുമാനപ്രകാരം രണ്ടു കൂട്ടർക്കും നൽകുന്നു. രണ്ടു കൂട്ടരും സസന്തോഷം തിരിച്ചു പോകുന്നു. തങ്ങളുടെ അടുത്തു എത്തുന്ന കേസുകൾ വൈവിധ്യമുള്ളതായിരിക്കും. സ്വത്തുതർക്കം പണത്തർക്കം, വിവാഹം സംബന്ധിച്ചത്തർക്കം അങ്ങനെ പലതും പ്രയാസവും വിഷമവുള്ളപ്പോൾ ആരും ചെന്നുമുട്ടുന്ന ഒരു വാതിൽ. ഒരിക്കൽ ഞാൻ തിരുവനന്തപുരത്ത് എം.എൽ.എ ക്വാർട്ടേഴ്സിൽ ഉറങ്ങാൻ കിടന്നപ്പോൾ ഒരു ടെലിഫോൺകാൾ പാണക്കാട് അഹമ്മദാജിയാണ്. നാളെ ആന്ധ്രയിലെ ഒരു ഡോക്ടറും അവരുടെ ഭർത്താവും വന്ന് കാണും. ''പൂക്കോയ തങ്ങൾ അയക്കുന്ന ആ ദമ്പതികൾ വന്നാൽ സഹായിക്കണം". കാര്യമെന്ത് ഞാൻ ചോദിച്ചു "അതവർ പറയും" അഹമ്മാജി പറഞ്ഞു.

പിറ്റേന്ന് അവർ വന്നു അന്ധ്രയിലെ ഒരു ബ്രാഹ്മണ സമുദായക്കാരി ഡോക്ടർ. വലിയ കുടുംബത്തിൽപ്പെട്ട ഒരു വനിത. അവിടെ കച്ചവടം ചെയ്യുന്ന ഒരു മുസ്ലിം കച്ചവടക്കാരനുമായി പ്രണയത്തിലായി. രണ്ടും കൽപ്പിച്ച് അവൾ മതപരിവർത്തനം കഴിഞ്ഞു കച്ചവടക്കാരനെ നിക്കാഹ് ചെയ്തു. സ്വന്തം വീട്ടുകാരുടെ ദ്രോഹത്തിൽനിന്നും രക്ഷനേടി കേരളത്തിലെത്തിയപ്പോൾ കച്ചവടക്കാരന്റെ ആദ്യ ഭാര്യയുടെ ആൾക്കാരുടെ ദ്രോഹം. നിയമപരവും രാഷ്ട്രീയവുമായി കാര്യം പരിഹരിക്കണം. നിയമപര മായ പ്രശ്നത്തേക്കാളേറെ കുടുംബപരമായ പ്രശ്നമായിരുന്നു അത്. പക്ഷേ പാണക്കാട് തങ്ങളുടെ മുമ്പി ലെത്തിയപ്പോൾ ആദ്യ ഭാര്യ യാഥാർത്ഥ്യം മനസ്സിലാക്കി. ആദ്യഭാര്യയും രണ്ടാം ഭാര്യയും ജ്യേഷ്ഠാനുജ ത്തിമാരെ പോലെയായി. ഒരു മഹാത്ഭുതം തന്നെ ആന്ധ്രയിൽ ആ കുടുംബത്തിന് വളരെ സന്തോഷ ത്തോടെ ജീവിക്കാൻ സാഹചര്യമുണ്ടായി. ആന്ധ്രയിൽ നിന്നും വന്നേക്കാവുന്ന ദ്രോഹങ്ങൾക്ക് തടയിടാൻ ഡോക്ടറെ സഹായിക്കുന്ന കാര്യമാണ് എന്നെ ഭാരമേൽപ്പിച്ചത്.

19 വിദ്യാഭ്യാസ വിപ്ലവത്തിന്റെ അമരത്ത്

പാണക്കാട് പൂക്കോയ തങ്ങൾ സുന്നത്ത് ജമാഅത്തിന്റെ മുന്നണി നേതാക്കന്മാരിലൊരാളായിരുന്നു. നൂറുകണക്കിന് മഹല്ലുകളുടെ ഖാസി മാത്രമല്ല, നിരവധി മദ്രസകളും യതീംഖാനകളും വിദ്യാലയങ്ങളും ഉയർന്നതിലും വളർന്നതിലും പൂക്കോയതങ്ങളുടെ സംഭാവന വിലപ്പെട്ടതായിരുന്നു. പട്ടിക്കാട് ജാമിഅ നൂരിയ്യ, വളാഞ്ചേരി മർക്കസ്പോലെ കേരളത്തിലെ നിരവധി വിദ്യാഭ്യാസ-മതസ്ഥാപനങ്ങളും അദ്ദേഹത്തിന്റെ സത്യസ്മരണക്കായി നിലകൊള്ളുന്നു. അദ്ദേഹം വലിയൊരു ധർമ്മിഷ്ഠനായിരുന്നു, വലതു കൈകൊണ്ട് ചെയ്യുന്നത് ഇടതുകൈ അറിയാത്ത വിധത്തിലായിരുന്നു. ലജനാവില്ലാത്ത ആ കോടീശ്വരൻ ദാനം ചെയ്തത്. കിട്ടുന്നതെല്ലാം അന്നന്നുവരുന്ന നർദനർക്ക് അദ്ദേഹം വിതരണം ചെയ്യുമായിരുന്നു.

സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി അദ്ദേഹത്തിന്റെ കാഴ്ചപ്പാട് പലരിൽനിന്നും വിഭിന്നമായിരുന്നു. മദ്രസാ വിദ്യാഭ്യാസത്തിന് വളരെയേറെ പ്രാധാന്യം കൽപിക്കുമ്പോൾത്തന്നെ സ്ത്രീവിദ്യാഭ്യാസ രംഗത്ത് ചില പുതിയ കാൽവെപ്പുകൾ വേണമെന്ന മുറവിളി അദ്ദേഹം അവഗണിച്ചില്ല. സ്ത്രീവിദ്യാഭ്യാസം ചിലർ നിഷിദ്ധമായി ഗണിച്ചിരുന്നപ്പോഴും പെൺകുട്ടികളെ പത്താം ക്ലാസുവരെയെങ്കിലും പഠിപ്പിക്കണമെന്ന് ഏത് ഗ്രാമത്തിലെ യോഗങ്ങളിലും ഉൽബോധിപ്പിച്ചിരുന്ന നേതാവായിരുന്നു പൂക്കോയ തങ്ങൾ. വ്യക്തി ജീവിതത്തിൽ വിശുദ്ധി സൂക്ഷിച്ച പൂക്കോയ തങ്ങൾ നമസ്ക്കാരകാര്യത്തിൽ വളരെയേറെ സൂക്ഷ്മത പുലർത്തിയിരുന്നു. വസ്ത്രധാരണരീതിയിലും ആദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. ആര് വന്നാലും എല്ലാവരോടും ഒരേപെലെ മാന്യനായി അദ്ദേഹം പെരുമാറി സന്ദർശകർക്ക് തന്നെപ്പറ്റി എന്തഭിപ്രായമുണ്ടായാലും അതദ്ദേഹം കാര്യമാക്കാറില്ല, വരുന്ന ഒരോരുത്തരോടും അദ്ദേഹത്തിനുള്ള പ്രത്യേകതയും ഓരോരുത്തരുടെയും പ്രാധാന്യവും ഏതവസരത്തിലും പ്രകടിപ്പിച്ചിരുന്നു.

ഞാൻ തലശ്ശേരി കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നകാലം. അന്ന് അറിയപ്പെടുന്ന ഒരു പ്രശസ്ത വ്യക്തി പൂക്കോയ തങ്ങളെ സന്ദർശിക്കണമെന്നാഗ്രഹം പ്രകടിപ്പിച്ചു. ഞങ്ങൾ മൂന്നുപേർ കാറിൽ അവിടെയെത്തി. മുൻകൂട്ടി അറിയിപ്പില്ലാത്ത വരവ് കണ്ടപ്പോൾ പ്രത്യേകിച്ചും എന്റെ കുടെയുണ്ടായിരുന്ന പ്രമുഖ വ്യക്തിയെ കണ്ടപ്പോൾ "ഇതെന്താ പെട്ടെന്നൊരു വരവ്" എന്നുപറഞ്ഞ് പാണക്കാട് അഹമ്മദാജി ഞങ്ങളെ സ്വീകരിച്ചു. ഞങ്ങളെ കണ്ടപ്പോൾ പൂക്കോയ തങ്ങളുടെ കരംഗ്രഹിക്കുംമുമ്പുതന്നെ നിർദ്ദേശം ഊൺ കഴിഞ്ഞിട്ടേപാകാവൂ എന്നതായിരുന്നു. ആൾകൂട്ടത്തിന്നിടയിൽനിന്ന് ഞങ്ങളെ അകത്തുവിളിച്ചു ചായ തന്നു സൗകര്യപൂർവ്വം പോകാം എന്ന് പറഞ്ഞു. എന്റെ കൂടെ വന്ന പ്രമുഖ വ്യക്തിയെ ആദരപൂർവ്വം വിളിച്ചു മകൻ ശിഹാബ് തങ്ങളെ ഏൽപ്പിച്ചു. ശിഹാബ് തങ്ങൾ പാണക്കാട്ടെ വീട്ടിലെ തൊട്ടടുത്ത മാളികയിൽ കയറ്റിയിരുത്തി. ഭക്ഷണം തയ്യാറായപ്പോൾ താഴെ വീട്ടിനകത്ത് മുറിയിൽ കൊണ്ടിരുത്തി. വിഭവസമൃദ്ധമായ ഭക്ഷണം നൽകി. അതു കഴിഞ്ഞ് എന്റെ കൂടെ വന്ന പ്രമുഖ വ്യക്തിയെ മുറിയിൽ കൊണ്ടിരുത്തി വാതിലടച്ചു. പത്തുപതിനഞ്ച് മിനുട്ട് കഴിഞ്ഞ് പുറത്തിറങ്ങി. പിന്നീട് എന്നെയും അകത്ത് വിളിച്ചുകൊണ്ടുപോയി. ഞാനവിടെ എപ്പോൾ പോയാലും അകത്തെ മുറിയിൽ തങ്ങളിരിക്കുന്നതിനടുത്തിരുത്തി ഒരു കൈ തലയിൽവെച്ച് ദുആ ചെയ്യാറുണ്ടായിരുന്നു. അന്നത്തെ ആ തിരക്കിനിടയിലും പൂക്കോയ തങ്ങൾ അതു മറന്നില്ല. തന്നെ സമീപിക്കുന്ന ഓരോ സന്ദർശകന്റെയും മനസ്സിനകത്തുള്ള കാര്യങ്ങൾ അനുനിമിഷംകൊണ്ട് മനസ്സിലാക്കാൻ കഴിയുന്ന പൂക്കോയ തങ്ങൾ ശരിക്കും ഒരു മൈൻഡ് റീഡറായിട്ടാണ് എനിക്ക് തോന്നിയത്.

ഏറാനാട്ടിലെ ജനങ്ങളുടെ കിരീടംവെക്കാത്ത രാജാവായിരുന്ന പൂക്കോയ തങ്ങൾ എന്നു തന്റെ ജനങ്ങളുടെ ക്ഷേമം മാത്രമാണ് കാംക്ഷിച്ചത്. ഭരണസ്വാധീനം ഒരിക്കലും അദ്ദേഹം ഉപയോഗിച്ചില്ല. എ.കെ ആന്റണി അന്ന് കെ.പി.സി.സി.പ്രസിഡന്റായിരുന്നു. പുക്കോയ തങ്ങളെപ്പറ്റി ആന്റണി ഒരു ഓർമ്മക്കുറിപ്പിലെഴുതിയത് ഇങ്ങനെയാണ്.

"തങ്ങളുടെ വീട്ടിൽ കറന്റ് റ് കണക്ഷന് വയറിംഗ് ചെയ്തിട്ട് മൂന്നു വർഷമായി. കണക്ഷൻ കിട്ടിയില്ല. തങ്ങൾക്ക് സ്വധീനമുള്ള ഗവൺമെന്റ് ഭരിക്കുമ്പോഴാണിത്. പെട്ടെന്ന് ചിലർ കണക്ഷനുവേണ്ടി മിനക്കെട്ടപ്പോൾ തങ്ങൾ പറഞ്ഞു- വേണ്ട മറ്റുള്ളവർക്കെല്ലാം ലഭിക്കുമ്പോൾ മതി."

തന്റെ ജനങ്ങളുടെ ആഗ്രഹത്തിനുസരിച്ച് പരിപാടികളിൽപോലും അദ്ദേഹം മാറ്റം വരുത്തിയിരുന്നു. ഇസ്മാഈൽ സാഹിബിനെ മഞ്ചേരിയിൽനിന്ന് പാർലമെന്ററിലേക്ക് മത്സരിപ്പിക്കാൻ തീരുമാനിച്ചു. 1958-ൽ ഇസ്മാഈൽ സാഹിബ് പ്രചാരണത്തിന് വരുന്നില്ല. മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങൾ ആദ്യമായി പൂക്കോയ തങ്ങൾ സന്ദർശിക്കണം. മങ്ങൾ പോകേണ്ട സ്ഥലങ്ങൾ അസ്സൻകുട്ടി കുരിക്കളും, ബാപ്പു കുരിക്കളും, നഹാ സാഹിബും എം.കെ.ഹാജി സാഹിബുമെല്ലാം കൂടിയായിരുന്നു തീരുമാനിച്ചു. പൂക്കോയ തങ്ങളൊടൊപ്പം പോകാൻ എന്നെയാണ് ഭാരമേൽപ്പിച്ചത്. പൂക്കോയ തങ്ങളുടെ കൂടെ പാണക്കാട് അഹമ്മദാജിയും ഞാനുമുണ്ടായിരുന്നു. തങ്ങൾ എത്തുന്ന സ്ഥലങ്ങളിലെല്ലാം- മങ്കടയിലും പെരിന്തൽമണ്ണയിലും കുറ്റിപ്പുറത്തുമുള്ള കൂഗ്രാമങ്ങളിലും ധാരാളം സ്ത്രീ- പുരുഷന്മാർ തിങ്ങിനിൽക്കും. പൂക്കോയ തങ്ങൾ രണ്ടുമൂന്ന് മിനുട്ട് മാത്രമേ സംസാരിക്കുകയുള്ളു. "ഇലക്ഷൻ വരുന്നു. നമ്മുടെ ഇസ്മാഈൽ സാഹിബ് മത്സരിക്കുന്നു. എല്ലാവരും ഇപ്പോൾ തന്നെ തെരഞ്ഞെടുപ്പിന് ഒരുങ്ങണം".

അതെല്ലാവർക്കും ഒരു വേദവാക്യം പോലെയായിരുന്നു. തുടർന്ന് എന്നോട് സംസാരിക്കാൻ പറയും. പതിനഞ്ച് മിനുട്ട് ഞാൻ പ്രസംഗിക്കും. അവിടെ സന്നിഹിതരായവർക്ക് എന്റെ പ്രസംഗമല്ല. പൂക്കോയ തങ്ങളുടെ സാന്നിദ്ധ്യം മാത്രമായിരുന്നു പ്രധാനം. ആ ചെറിയ യോഗത്തിനുശേഷം തൊട്ടടുത്ത വീടുകളിലൊന്നിൽ ഭക്ഷണം. പിന്നെ തടിച്ചുകൂടിയ സ്ത്രീ-പുരുഷന്മാർ ഓരോരുത്തൻ തങ്ങളെ സമീപിക്കുന്നു .തങ്ങൾ അവർക്ക് ചെവികൊടുക്കുന്നു...

ഈ യാത്രയിൽ വളാഞ്ചേരിക്കടുത്ത ആതവനാട്ട് ഞങ്ങളെത്തി. ഞാൻ ആദ്യമായി ആതവനാട് പോയതും അന്നാണ്. കെ.ടി. കുഞ്ഞുട്ടി സാഹിബ് അന്ന് ചുറുചുറുക്കുള്ള ഒരു ചെറുപ്പക്കാരൻ ആയിരുന്നു. കുഞ്ഞുട്ടി സാഹിബിന്റെ വീട്ടിലാണ് തങ്ങൾക്ക് ചായസൽക്കാരം. റോഡിൽ നിന്ന് കുന്നിറങ്ങി വേണം അവിടെ എത്താൻ. ഇറങ്ങിപ്പോകാൻ റോഡുകളില്ല. കല്ലുകട്ടവെച്ച കുന്നിൻപ്രദേശം. പൂക്കോയ തങ്ങളുടെ കൈപിടിച്ചു കുഞ്ഞുട്ടി സാഹിബ് താഴെ എത്തി. കുഞ്ഞുട്ടി സാഹിബിന് ഒരാവശ്യം. തൊട്ടപ്പുറത്തും കുറെ സ്ത്രീകൾ കാത്തിരിക്കുന്നു. ഞങ്ങൾക്ക് പരിപാടികൾ തീർക്കാനുള്ളതുകൊണ്ട് മടങ്ങിപ്പോരാൻ തിടുക്കം. പക്ഷേ പൂക്കോയ തങ്ങൾ പുഞ്ചിരിയോടെ, കുഞ്ഞിട്ടി സാഹിബ് വിളിച്ച തൊട്ടടുത്ത സ്ഥലത്തേക്ക്പോയി. തങ്ങളുപ്പാപ്പ വന്നാൽ ഇവിടെ അങ്ങനെയാണ്. കുഞ്ഞുട്ടി സാഹിബിന്റെ ഒരു നീതികരണം. ഒരു കാര്യം ഉറപ്പായി. ആ പ്രദേശത്തുള്ള ഒറ്റ വോട്ടും ലീഗ് സ്ഥാനാർത്ഥിക്ക് നഷ്ടപ്പെടുകയില്ല.

20 അവസാന നാളിലും തളരാത്ത മനസ്സോടെ

പാണക്കാട് പൂക്കോയ തങ്ങളുടെ അചഞ്ചലമായ ആത്മവിശ്വാസം ഏറെ പ്രകീർത്തിക്കപ്പെട്ടതാണ്. ഏത് പ്രതിസന്ധി ഘട്ടത്തിലും നിശ്ചയദാർഢ്യത്തോടെ സുസ്മേരവദനനായിട്ടല്ലാതെ അദ്ദേഹത്തെ കാണാറില്ല. രണ്ട് കൈകൊണ്ടും മറ്റൊരാളുടെ കൈപിടിച്ച് ചിരിച്ചു കൊണ്ടുള്ള ആ പെരുമാറ്റം എന്നും സ്വാന്ത്വനത്തിന്റെ തൂവൽസ്പർശമായിരുന്നു.

കോഴിക്കോട് നിർമ്മല ആസ്പത്രിയിൽ ചികിൽസയിലായിരുന്ന പൂക്കോയ തങ്ങളെ വിദഗ്ദ്ധ ചികിത്സക്കായി ബോംബെ ടാറ്റാ ഇൻസ്റ്റ്റ്യൂട്ടിൽ കൊണ്ടുപോകുന്ന രംഗം ഞാൻ ഇന്നും ഓർക്കുന്നു. അന്ന് വെള്ളിമാടുകുന്നിലെ നിർമ്മല അസ്പത്രി സന്ദർശികരുടെ ബഹുല്യം കൊണ്ട് വീർപ്പുമുട്ടുകയായിരുന്നു. ജീവിതത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ വിരാജിക്കുന്ന അനേകം പേർ തങ്ങളെ കാണാനും ആശ്വസിപ്പിക്കാനും പ്രവഹിക്കുമ്പോൾ ആസ്പത്രിയിലെ ഒരു രോഗിയായല്ല, വരുന്നവരെയൊക്കെ സാന്ത്വനിപ്പിക്കുകയും ഉന്മേഷം പകരുകയും ചെയ്യുന്ന ഒരു ആത്മീയാചാര്യൻ എന്ന നിലയിലാണ് ആസ്പത്രി കിടക്കയിൽ അദ്ദേഹത്തെ കണ്ടത്.

അന്ന് കെ.പി.സി.സി. പ്രസിഡന്റായിരുന്ന എ.കെ. ആന്റണിയും, കോഴിക്കോട് ജില്ല കോൺഗ്രസ്സ് പ്രസിഡന്റ് എ.സി. ഷൺമുഖദാസും, അന്നത്തെ സി.പി.ഐ. സ്റ്റേറ്റ് സെക്രട്ടറി എൻ.ഇ.ബാലറാമും ഒന്നിച്ചായിരുന്നു നിൽമ്മല ആസ്പത്രിയിലെത്തിയത് . നിഷ്ക്കളങ്കമായ പുഞ്ചിരിയോടെ ഒന്നും സംഭവിക്കാത്ത മട്ടിൽ അവരെ സ്വീകരിക്കുക മാത്രമല്ല ഐക്യമുന്നണിയെക്കുറിച്ച് സംസാരിക്കുകയും ചെയ്യാനാണ് തങ്ങൾ മുതിർന്നത്. ബാലറാമിനോട് തിരക്കിയത് അച്യുതമേനോന്റെ ആരോഗ്യസ്ഥിതിയെ സംബന്ധിച്ചായിരുന്നു. തങ്ങളുടെ ഈ പെരുമാറ്റം അതിഥികളെ വിസ്മയിപ്പിച്ചു. ബേബി ജോൺ കാണാനെത്തിയപ്പോഴും ഐക്യമുന്നണിയുടെ വിവരങ്ങളായിരുന്നു തങ്ങൾക്കറിയേണ്ടിയിരുന്നത്.

വ്യക്തികളുടെയും സമൂഹത്തിന്റെയും കുഴഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ജീവിതത്തിലുടനീളം കാണിച്ച തൃഷ്ണ തന്റെ ശരീരം മാരകമായ രോഗത്തിന്നടിമപ്പെട്ട് വേദനിക്കുമ്പോഴും പൂക്കോയതങ്ങൾ കൈവിട്ടില്ല. രാപ്പകൽ ഭേദമില്ലാതെ അദ്ദേഹത്തന്റെ വസതി ഒരു തീർത്ഥാടന കേന്ദ്രത്തിന്റെ പ്രതീതി ജനിപ്പിച്ചതു പോലെ മേരിക്കുന്നിലെ നിർമ്മല ആസ്പത്രിയിലെ തങ്ങൾ കിടന്ന മുറിയും ആശ്വാസ കേന്ദ്രമായി മാറുകയായിരുന്നു.

പൂക്കോയതങ്ങളുടെ ആരോഗ്യനില ഓർത്ത് മറ്റുള്ളവർ അനുഭവിക്കുന്ന വേദനയും ഭയാശങ്കകളും തങ്ങളുടെ ബോംബെ യാത്രയെക്കുറിച്ച് കേട്ടപ്പോൾ ഇരട്ടിക്കുകയായിരന്നു. സ്നേഹനിധിയായ പിതാവിന്റെ കൂടെ മക്കളെല്ലാവരും ബോബെക്ക് പോകാനൊരുങ്ങി. അന്ന് അസാധാരണവും അൽഭുതകരവുമായ സിദ്ധി വിശേഷത്തോടെ പ്രിയപ്പെട്ട പിതാവിനെ പരിചരിക്കാനൊരുങ്ങി കൂടെ അനുഗമിച്ച പുത്രൻ ഹൈദരലി ശിഹാബ് തങ്ങളുടെ ചിത്രം എന്റെ മനസ്സിൽ പച്ചുപിടിച്ചു നിൽക്കുന്നു. രണ്ടാഴ്ചത്തെ ബോംബെ വാസത്തിൽ സ്നേഹത്തിന്റെ കരകവിഞ്ഞുള്ള ഒഴുക്കായിരുന്നു കാണപ്പെട്ടത്.

മൃദുലവും സൗമ്യവും ശാലീനവുമായ വചനങ്ങൾക്ക് ശക്തിയും ഓജസ്സും നൽകാൻ തക്ക പാകത്തിൽ പാണക്കാട് അഹമ്മദ്ഹാജിയും ഞങ്ങളെ അനുഗമിച്ചിരുന്നു. സന്ദർശകർക്കൊക്കെ കുളിർമ്മയും മാധുര്യവും

നിറഞ്ഞ പുഞ്ചിരിയും സമ്മാനിച്ചുകൊണ്ട് തങ്ങൾ ബോംബെയിൽ കഴിയുമ്പോൾ എത്ര നിയന്ത്രിച്ചിട്ടും സന്ദർശകരുടെ ബാഹുല്യത്തിന് യാതൊരു കുറവുമുണ്ടായില്ല. രോഗം കഠിനമാണെന്നറിഞ്ഞിട്ടും തീരെ അവശനായിരുന്നിട്ടും വളരെ സുഖമുണ്ട് എന്ന ആ പഴയ ഭാവത്തിന് യാതൊരു മാറ്റവുമുണ്ടായില്ല. അർബുദ രോഗം പോലും വശ്യമായ ആ പെരുമാറ്റത്തിന് മുമ്പിൽ തണുത്തുറഞ്ഞു പോയതുപോലെ.

1973 ഫെബ്രുവരി 25-ന് ചേർന്ന മുസ്‌ലിംലീഗ് സംസ്ഥാന കൗൺസിൽ യോഗം ബാഫഖി തങ്ങളുടെ ഒഴിവിൽ പാണക്കാട് പൂക്കോയ തങ്ങളെ ഐകൃകണ്ഠ്യേന പിൻഗാമിയാക്കുമ്പോൾ ഉയർന്ന തഖ്ബീർ ഞാൻ പലതവണ ഓർത്തുപോയി. അന്ന് തങ്ങളെ നിർദ്ദേശിച്ച നഹാ സാഹിബും പിന്താങ്ങിയ ചെറിയ മമ്മുക്കേയിയും അദ്ദേഹത്തോട് കാണിച്ച സ്നേഹബഹുമാനങ്ങൾ എന്റെ മനസ്സിൽ പലപ്പോഴും കടന്നുവരും. പലപ്പോഴും പാണക്കാടു ഭവനം ആസ്പത്രിയായും അഗത മന്ദിരമായും കോടതിയായുമൊക്കെ മാറിമാറി പ്രശസ്തിയാർജ്ജിക്കുമ്പോൾ അതിന്റെ പിന്നിലെ മാസ്മരശക്തിയെക്കുറിച്ച് ചിന്തിച്ചുപോവാനുണ്ട്. ആ ഭാവത്തിന് അഖിലേന്ത്യാ പ്രശസ്തി നേടിക്കൊടുത്ത ആ വലിയ മനുഷ്യനാണ് ബോംബെയിലും മറ്റുള്ളവരുടെ വേദനകൾക്ക് തിരശ്ശീല വീഴ്ത്തിക്കൊണ്ടു മരണക്കിടക്കയിലും ആഗതരുടെ കൈകൾ കോർത്ത് ഒന്നിപ്പിക്കുന്നത്. നനവൂറുന്ന കണ്ണിണകളുമായി സന്ദർശകർ തങ്ങളെ കണ്ടുമടങ്ങുന്നു. പലരുടെയും കണ്ഠമിടറുന്ന തങ്ങളെ എപ്പോഴും അനുഗമിക്കുന്ന കൂട്ടുകാരനായ അഹമ്മദാജിയുൾപ്പെടെ എല്ലാവരും ഒരു യുഗപുരുഷൻ വിട്ടുപിരിയുന്നതിലുള്ള ദുഃഖം താങ്ങാനാവുന്നതിലപ്പുറമാണ്. ഇതൊക്കെ അറിഞ്ഞിട്ടും അവസാന നിമിഷം വരെ 'എനിക്ക് സുഖമില്ല' എന്ന വാക്ക് മാത്രം പാണക്കാട് തങ്ങൾ പറഞ്ഞില്ല.

ആരെയും വശപ്പെടുത്താനുള്ള ആകർഷണശക്തിയുള്ള ആ കണ്ണുകൾ 1975 ജൂലായ് 05ന് എന്നെന്നേക്കുമായി അടയുന്നതുവരേയും അന്യന്റെ സുഖവും സന്തോഷവുമായിരുന്നു അന്വേഷിച്ചിരുന്നത്. പുഞ്ചിരിതൂകുന്ന മുഖവുമായി അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു അതുല്യമായ വ്യക്തിപ്രഭാവം ചരിത്രത്തിന്റെ തിളങ്ങുന്ന രൂപമായി ഇന്നും അവശേഷിക്കുന്നു. ആ നിശ്ചയദാർഢ്യത്തിന്റെ പ്രകാശധാരകൾ അദ്ദേഹം നയിച്ച പാർട്ടിയെ സമ്പന്നമാക്കിയിട്ടുണ്ട്. പ്രയപ്പെട്ട സന്താനങ്ങളെ സമുദായത്തിന്റെ പൊതുവായ ക്ഷേമാഭിവൃദ്ധിയിൽ തൽപ്പരരാക്കാനുള്ള സൗഭാഗ്യവും ആ പിതാവിനുണ്ടായി

വികാരങ്ങൾ വിക്ഷുബ്ധമാക്കുന്ന സന്ദർഭങ്ങളിൽ ശാന്തതയും സമാധാനവും നിലനിർത്താൻ അനുയായികളോട് ഉപദേശിക്കാറുള്ള പൂക്കോയ തങ്ങൾ സ്വശരീരത്തെ മാരകരോഗം കാർന്നുതിന്നുമ്പോൾ പോലും ഈ തത്ത്വം പ്രായോഗികമാക്കി എന്നതാണ് ഏറെ അൽഭുതകരം. സഹനത്തിന്റെ പ്രതീകമെന്ന് പലരും പൂക്കോയ തങ്ങളെ വിശേഷിപ്പിച്ചതിന്റെ കാരണവും മറ്റൊന്നല്ല.

രോഗബാധിതനാവുന്നതിന് തൊട്ടുമുമ്പ് ക്ഷീണം അനുഭവപ്പെട്ട പാണക്കാട് തങ്ങളെ പരിശോധിക്കാൻ ചെന്ന ഒരു ഡോക്ടർ അന്ന് പറഞ്ഞ കാര്യം ഇന്നും ഓർമ്മയിൽ തെളിയുന്നു. അമേരിക്കയിലെയും ഇംഗ്ലണ്ടിലെയും നാട്ടിലെയും അനുഭവം വെച്ചുനോക്കുമ്പോൾ ഇത്രയും ഡോക്ടർമാർക്ക് വൈഷമ്യം കൊടുക്കാത്ത ഒരു മഹൽവ്യക്തിയെ ഞാൻ കണ്ടുമുട്ടിയിട്ടില്ല. എത്ര ക്ഷീണിതനായാലും വേദന അനുഭവിക്കുന്ന അവസരത്തിലും ഞങ്ങളാരെങ്കിലും മുറിയിൽ ചെന്നാൽ ഞങ്ങളെ എങ്ങനെ പരിചരിക്കണം എന്നതിലായിരുന്നു അദ്ദേഹത്തിന്റെ നോട്ടം.

രോഗത്തെ അവഗണിച്ച് സന്ദർശകരെ സ്വീകരിച്ച പൂക്കോയ തങ്ങൾ നിൽമ്മല ആസ്പത്രിയിൽ കിടക്കുമ്പോഴും ബോംബെ ആസ്പത്രിയിലായിരുന്നപ്പോഴും സ്വന്തം വീട്ടിൽ തിരിച്ചെത്തി വിശ്രമിക്കുമ്പോഴും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കടലാസുകൾ നോക്കി ഒപ്പുവെച്ചു കൊടുത്തത് സ്ഥാപനചരിത്രത്തിലെ തങ്ങളുടെ സേവനമുദ്രകളായി മായാതെ കിടക്കുന്നു. അവസാന നിമിഷം വരെ അന്യരുടെ സുഖദുഃഖങ്ങൾ നെഞ്ചിലേറ്റി നടന്ന പാണക്കാട് പൂക്കോയ തങ്ങൾ അക്ഷരാർത്ഥത്തിൽ മഹാനായ മനുഷ്യസ്നേഹി തന്നെയായിരുന്നു.

1975 ജൂലായ് 06-നു മാപ്പിളനാട്ടിൽ മാത്രമല്ല കേരളത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും ജനപ്രവാഹം മലപ്പുറം പട്ടർകടവിലെ കൊടപ്പനക്കൽ കുടുംബത്തിലേക്കായിരുന്നു. കേരള മുസ്ലിംകളുടെ അഭൂതപൂർവ്വമായ വ്യക്തിപ്രഭാവത്തിന്റെ പ്രതിരൂപമായിരുന്ന ഒരനിഷേധ്യനായകന്റെ അന്ത്യവിശ്രമസ്ഥാനത്ത് സന്നിഹിതരാവാൻ.

21 സീതിസാഹിബ് നേതാക്കൻമാരുടെ നേതാവ്

"സർട്ടിഫിക്കറ്റുകളെല്ലാം കൈയിലുണ്ടോ?"

"ഉവ്വ്"

"അഡ്മിഷൻ ഫീസ്സ്? ഇല്ലെങ്കിൽ ഞാൻ തരാം".

"വേണ്ട, എന്റെ കൈയിലുണ്ട്." ഞാൻ വിനയത്തോടെ പറഞ്ഞു.

"എന്നാൽ ഇപ്പോൾതന്നെ പോയി ചേർന്നുകൊള്ളൂ".

“മുഹമ്മദില്ലെ അവിടെ?”

സീതിസാഹിബിന്റെ വിളികേട്ടു മുഹമ്മദ് എത്തി.

“അഹമ്മദിനെയും കൂട്ടി ലോ കോളജിൽ പോയ്ക്കൊള്ളു. ഇന്ന് തന്നെ ചേർന്നുകൊള്ളു”.

“ബുധനാഴ്ച നല്ല ദിവസമാണ്. എന്റെ ലോക്കൽ അഡ്രസ് കൊടുക്കാം. അഡ്മിഷൻ കഴിഞ്ഞു ഇവിടെ വരൂ”.

അതൊരു ആജ്ഞായായിരുന്നു. എന്റെ ജീവിതത്തിൽ നിർണ്ണായകമായ ഒരു തീരുമാനമാണ് സീതിസാഹിബ് എടുത്തത്. അവിസ്മരണീയ ആ ധന്യനിമിഷം ഇന്നും മനസ്സിൽ അതേപടിയുണ്ട്.

1959 ൽ ഞാൻ തലശ്ശേരി ബ്രണ്ണൻ കോളജിൽനിന്ന് ബി.എ. പരീക്ഷ പാസ്സായി. ഞാനന്നു ചന്ദ്രിക പത്രാധിപസമിതിയിൽ സബ് എഡിറ്ററായി താൽക്കാലികമായി ജോലിചെയ്യുന്നു കേരള സംസ്ഥാന മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷന്റെ ജനറൽ സെക്രട്ടറിയുമായിരുന്നു ഞാൻ അപ്പോൾ. എം.എ. (എക്കണോമിക്സ്)ക്ക് പഠിച്ച് ഒരു പ്രഫസറുദ്യോഗത്തിൽ ഞാൻ ചേർന്നുകാണാൻ ആഗ്രഹിക്കുന്ന ഒരു കുടുംബാഗംത്തിന്റെ പ്രേരണ ഒരു ഭാഗത്ത്, ഒരു അഭിഭാഷകനായിത്തീരണമെന്ന ജീവിതലക്ഷ്യവുമായി എറണാകുളത്തോ, അതോ തിരുവനന്തപുരത്തോ ലോ കോളേജിൽ ചേരേണ്ടതെന്ന് ശങ്കിച്ചു നിൽക്കുന്ന ഞാൻ മറുഭാഗത്ത് തിരുവനന്തപുരം ലോ കോളേജിൽ ചേർന്നാൽ ചന്ദ്രിക പത്രത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കണം. അന്ന് കോഴിക്കോട് കഴിഞ്ഞുകൂടിയതുപോലെ, ചന്ദ്രിക-എം.എസ്.എഫ്- ലീഗ്- കോളജ് പഠനം എന്ന ചതുഷ്കോണ പദ്ധതി നടക്കില്ല. സി.എച്ചിനോട് അഭിപ്രായം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്. സീതിസാഹിബിന്റെ അഭിപ്രായം പോലെ ചെയ്താൽ മതി എന്നായിരുന്നു. ‘‘തിരുവനന്തപുരത്താണ് നല്ലത്. അവിടെ പോയ്ക്കോളൂ”. സി.എച്ച്. എന്നെ പ്രേരിപ്പിച്ചു. കോളജിൽ ചോരാനുള്ള കാര്യങ്ങൾ ഒരുക്കിയിട്ടാണ് ഞാൻ അന്ന് രാവിലെ എറണാകുളത്തെത്തിയത്.

ശിവരാമമേനോൻ റോഡിലുള്ള സീതിസാഹിബിന്റെ വിട്ടിലെത്തി സി.എച്ച്. പ്രകടിപ്പിച്ച അഭിപ്രായം സീതിസാഹിബിനെ അറിയിച്ചപ്പോൾ വേണ്ട, ഇവിടെ മതി. ഹൈക്കോടതി എറണാകുളത്താണല്ലോ. ഞാനും പോക്കർ സാഹിബും മൂസ്സക്കുട്ടി വക്കീലും ശംസുദ്ദീൻ വക്കീലും എല്ലാം ഇവിടെയാണല്ലോ ഉള്ളത്. അതുകൊണ്ട് അഹമ്മദിന് നല്ലത് ഇവിടെയാണ് എന്നു പറഞ്ഞു.

സീതിസാഹിബ് എന്ത് പറഞ്ഞാലും അനുസരിക്കുന്ന ഒരാളായ എനിക്ക്, എന്റെ പിതാവിന് സീതിസാഹിബിലുള്ള വിശ്വാസവും മനസ്സിലാക്കി അദ്ദേഹത്തിന്റെ അഭിപ്രായം അപ്പടി സ്വീകരിച്ചു. ഉടൻ സീതിസാഹിബിന്റെ ക്ലാർക്കും തിരൂങ്ങാടി സ്വാദേശിയുമായി മുഹമ്മദ് സാഹിബിന്റെ കൂടെ പോയി ലോ കോളജിൽ ചേർന്നു.

എന്നെ സംബന്ധിച്ചിടത്തോളം എറണാകുളം ലോ കോളജിലെ ആദ്യവർഷം (1959-60), സീതിസാഹിബിന്റെ പിതൃതുല്യമായ സ്നേഹവാൽസല്യങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായ ഒരു അമൂല്യവർഷമായിരുന്നു. ഈ വർഷം തന്നെയാണ് 1960-ൽ സീതിസാഹിബ് കേരളാ നിയമസഭയുടെ സ്പീക്കർ സ്ഥാനം ഏറ്റെടുത്ത് തിരുവനന്തപുരത്തേക്ക് മാറിയത്. ലോ കോളജിൽനിന്ന് ഒന്നാംവർഷ പരീക്ഷ (എഫ്.എൽ.പരീക്ഷ) പാസ്സായപ്പോൾ സീതിസാഹിബ് എന്നെ മുക്തകണഠം പ്രശംസിച്ചു. കാരണം അന്നത്തെ വിമോചന സമരകോലാഹങ്ങളെല്ലാമുണ്ടായിട്ടും വളരെ കർശനമായി അറിയപ്പെട്ട എഫ്.എൽ പരീക്ഷ പാസ്സായത് ഒരു അത്ഭുതമായിട്ടാണ് അദ്ദേഹം വിശേഷിപ്പിച്ചത്. തുടർന്നു പഠിക്കാൻ തിരുവനന്തപുരം ലോ കോളജിൽ ചേരാനാണ് അദ്ദേഹം ഉപദേശിച്ചത്. സീതിസാഹിബിന്റെ ആജ്ഞ സ്വീകരിച്ചു ഞാൻ അടുത്ത വർഷം തിരുവനന്തപുരത്തേക്ക് ചേക്കേറിയപ്പോൾ സി.എച്ചിന്റെ ഒരു കമന്റ്: “എന്താ, ഹൈക്കോടതി തിരുവനന്തപുരത്തേക്ക് മാറ്റിയോ?” സീതിസാഹിബും ഫലിതോക്തിയുമായി ഒരു മറുപടി: “നമ്മളെല്ലാവരും തിരുവനന്തപുരത്താണല്ലോ. അഹമ്മദും നമ്മുടെ കൂടെത്തന്നെ ഇവിടെ ഇരിക്കട്ടെ.” തിരുവനന്തപുരത്ത് ലോ കോളജിൽ വിദ്യാർത്ഥിയായിരുന്ന ഞാൻ സീതിസാഹിബിന്റെ അന്ത്യനിമിഷംവരെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ തന്നെയായിരുന്നു. അമൂല്യമായ ജീവതാനുഭവങ്ങൾ നേടിത്തന്ന ആ ബന്ധത്തിന്റെ അന്ത്യം- അതിന്നും എനിക്കോർക്കാൻ പ്രയാസമാണ്. ബി.എൽ പിരീക്ഷ നടന്നത് തിരുവനന്തപുരം ആർട്സ് കോളജ് (അന്ന് ഇന്റർമിഡിയേറ്റ് കോളജ് എന്നാണ് അറിയപ്പെടുന്നത്). പരീക്ഷയിൽ അവസാനത്തെ പേപ്പർ എഴുതി സതീർത്ഥ്യരിലേക്ക് വിടവാങ്ങി സ്പീക്കർ സീതിസാബിന്റെ ഒദ്യോഗികവസതിയായ സാനഡു. നടന്നുവന്ന എനിക്ക് കാണാൻ കഴിഞ്ഞത് സീതിസാഹിബിന്റെ മൃതദേഹമായിരുന്നു 1959-ൽ ഇപ്പോൾതന്നെ കോളജിൽ പോയി ചേരുക എന്ന് പറഞ്ഞത്. എറണാകുളം താൻ അദ്ദേഹത്തിന്റെ വീട്ടിലേത്തുമ്പോഴേക്കും എന്നെന്നേക്കുമായി വിടപറഞ്ഞിരുന്നു. കെ.എം. സീതിസാഹിബ് ആരായിരുന്നു?

സീതിസാഹിബ് നേതാവ് മാത്രമല്ല. നേതാക്കൻമാരുടെ നേതാവായിരുന്നു. ബുദ്ധിമാനായ രാഷ്ട്രീയ നേതാവും, രാഷ്ട്രീയ നേതാവായ ബുദ്ധിമാനുമായിരുന്നു. ബുദ്ധിജീവികളുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിച്ച ബുദ്ധിജിവിയായിരുന്നു. തന്റെ ആശയം ശക്തമായി പ്രകടിപ്പിക്കാനും എതിരാളികളുടെ വിമർശനങ്ങളുടെ കുന്തമുനകൾ തകർക്കാനും കഴിവുള്ള ഒരു വാഗ്മി പ്രഗൽഭനായ ഒരെഴുത്തുകാരൻ,

നിയമജ്ഞനായ നിയമസഭാ സാമാജികൻ തന്റെ മേധാശക്തി കൊണ്ട് കേരളത്തിലെ മുസ്‌ലിം സമുദായത്തിന്, വിദ്യാഭ്യാസ-സാംസ്കാരിക- രാഷ്ട്രീയ രംഗങ്ങളിൽ സ്വന്തം കാലിൽ എഴുന്നേറ്റ് നിൽക്കാൻ കഴിവും കെൽപ്പും നേടിത്തന്ന നായകൻ എല്ലാമായിരുന്നു മർഹും കെ.എം. സീതിസാഹിബ്.

1959-ൽ ആലപ്പുഴ മുസ്‌ലിംലീഗ് സമ്മേളനം കഴിഞ്ഞ് മടങ്ങുമ്പോൾ എനിക്ക് ഒരു കാറിൽ ലിഫ്റ്റ് കിട്ടി. അന്ന് ചന്ദ്രികക്കുവേണ്ടി ആലപ്പുഴ സമ്മേളന റിപ്പോർട്ട് തയ്യാറാക്കി, പിറ്റേന്നുതന്നെ കോഴിക്കോട്ടെത്തണം. സി.എച്ച്. എനിക്ക് ഒരു ലിഫ്റ്റ് തന്നു: ബാഫഖി തങ്ങളുടെ കാറിൽ ബാഫഖി തങ്ങളും പൂക്കോയതങ്ങളും ബാഫഖി തങ്ങളുടെ മകനും പിറകിലെ സീറ്റിൽ. സി.എച്ചും ഞാനും മുൻസീറ്റിൽ എനിക്ക് എറണാകുളം വരെ പോയാൽമതി.

പിറകിലെ സീറ്റിൽ വിദ്യാഭ്യാസപരമായ കാര്യങ്ങളെപ്പറ്റിയാണ് ചർച്ച സീതിസാഹിബ് എം.എസ്.എഫിന്റെ സമ്മേളനത്തിൽ ചെയ്ത പ്രസംഗമായിരുന്നു. ചർച്ചയിലെ പ്രധാനവിഷയം അന്ന് സീതിസാഹിബ് സ്ത്രീവിദ്യാഭ്യാസമടക്കം പലതും പരാമർശിച്ചു.കൂട്ടത്തിൽ വിദ്യാസമ്പന്നരായ യുവാക്കളോട് ഒരു ഉപദേശവും തന്നിരുന്നു.

"ഇസ്‌ലാമിൽ അഭിമാനം കൊള്ളാനല്ലാതെ അപമാനിതനാവാനായി ഒന്നുമില്ല". ഈ ഉപദേശം എല്ലാവർക്കും വളരെ ഇഷ്ടപ്പെട്ടു. ബാഫഖിതങ്ങൾ 'നമ്മുടെ നേതാവ്' 'നമ്മുടെ നേതാവ് 'എന്ന് ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരുന്നു. അരൂർ പാലം കടക്കാൻ വാഹനങ്ങൾ നിൽക്കുകയായിരുന്നു. ഞാൻ സി.എച്ചിനോട്. ചോദിച്ചു. "ബാഫഖി തങ്ങളാണ് നമ്മുടെ നേതാവ്. അദ്ദേഹം പറയുന്നല്ലോ 'നമ്മുടെ നേതാവ്', 'നമ്മുടെ നേതാവ്' എന്ന്, അത് ആരാണ്?"

അപ്പോൾ സി.എച്ച്. മുഹമ്മദ്കോയ സാഹിബ് പറഞ്ഞു: ''ങാ അതറിഞ്ഞുകൂടേ? സീതിസാഹിബിനെപ്പറ്റിയാണ്. സീതിസാഹിബ് നേതാക്കൻമാരുടെ നേതാവാണ്."

22 സംശുദ്ധ രാഷ്ട്രീയത്തിന്റെ ഉജ്ജ്വല നായകൻ

ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ തുടക്കവും വളർച്ചയും തുടർച്ചയും സീതിസാഹിബിന്റെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. 1948 മാർച്ച് പത്താം തീയതി മദ്രാസിൽവെച്ച് ഖാഇദേമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് മുസ്‌ലിംലീഗ് നിലനിർത്താൻ തീരുമാനമെടുത്തപ്പോൾ ഇസ്മാഈൽ സാഹിബിന് ഏറ്റവും പ്രധാന ബുദ്ധിയുപദേശവും കരുത്തും നിൽകിയ നേതാവ് സീതിസാഹിബായിരുന്നു. ഇസ്മാഈൽ സാഹിബ് ലീഗ് തീരുമാനങ്ങൾ കടലാസിൽ പകർത്തിയാൽ അതൊരു തിസീസ് പോലെയായിരിക്കും. എന്നാൽ അതിന് ഒരാളുടെ അംഗീകാരം ഇസ്മാഈൽ സാഹിബിന് ലഭിച്ചിരിക്കണം. അതിന് ശേഷം മാത്രമേ ആ തീരമാനങ്ങൾ അടങ്ങുന്ന കടലാസ് പുറത്തുവിടുകയുള്ളൂ. ആ അംഗീകാരത്തിന്റെ താക്കോൽ സീതിസാഹിബിന്റെ കരങ്ങളിലാണ്. ഇന്ത്യൻ യൂനിയൻ മുസ്‌ലിംലിഗ് സ്ഥാപിച്ചുകഴിഞ്ഞ ശേഷം നടന്ന വൻസമ്മേളനങ്ങളിൽ ഇസ്മായിൽ സാഹിബ് ചെയ്ത അധ്യക്ഷ പ്രസംഗങ്ങൾ എല്ലാം സീതിസാഹിബിന്റെ ബുദ്ധിയുടെ ശിൽപ്പശാലയിൽ പണിതീർത്തതായിരുന്നു.

1898-ൽ സീതിമുഹമ്മദിന്റെ പുത്രനായി കൊടുങ്ങല്ലൂരിലെ പ്രശസ്തമായ കോട്ടപ്പുറത്ത് തറവാട്ടിലാണ് സീതിസാഹിബിന്റെ ജനനം . സാമൂഹ്യസാസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയനായിരുന്ന പിതാവ് തന്നെയാണ് സീതിസാഹിബിന് സ്വതന്ത്രമായ അഭിപ്രായങ്ങൾ രൂപപ്പെടുത്താൻ വഴിയൊരുക്കിയത്. സീതിസാഹിബിന്റെ വിദ്യാഭ്യാസവളർച്ചക്ക് ചുക്കാൻ പിടിച്ചതും പിതാവ് തന്നെയായിരുന്നു.

പ്രശസ്തമായ അൽഅമീൻ പത്രത്തിന്റേയും മുസ്‌ലിം ഐക്യം, യുവലോകം അൽ ഇർഷാദ്, അൽ ഇസ്‌ലാഹ് എന്നീ മാസികകളുടേയും നടത്തിപ്പിൽ സീതിമുഹമ്മദിന് വൻസ്വാധീനമുണ്ടായിരുന്നു. അക്കാലത്ത് തപാലിൽ ഇംഗ്ലീഷ് പത്രങ്ങൾ വരുത്തി മക്കളെക്കൊണ്ട് വായിപ്പിക്കുന്ന പിതാവായിരുന്നു അദ്ദേഹം. ആ പാണ്ഡിത്യത്തിന്റെ നിറവാണ് സീതിസാഹിബിന് പാരമ്പര്യമായി ലഭിച്ചത്.

1922-ൽ സമുദായതൽപരരായ ഒരു വിഭാഗം നേതാക്കൾ നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിന് ഒരു സംഘടന രൂപീകരിച്ചു. പിന്നീട് ഐക്യസംഘമായി മാറിയ പ്രസ്ഥാനത്തിന്റെ പിതാവ്. പൊതുപ്രവർത്തന രംഗത്തേക്ക് സീതിസാഹിബ് കടന്നുവരുന്നതും ഐക്യസംഘത്തിലൂടെയാണ്. ഇ.കെ മൗലവി, കെ.എം. മൗലവി സാഹിബ്, മാണപ്പാട് കുഞ്ഞിമുഹമ്മദ് ഹാജി സാഹിബ് എന്നിവരടക്കം 11 പേരാണ് സംഘടനയുടെ നായകന്മാരായി ഉണ്ടായിരുന്നത്. വിദ്യാർത്ഥിയായിരുന്ന സീതിസാഹിബ് ഇതിൽ ശ്രദ്ധേയമായ പങ്കുവഹിക്കുകയുണ്ടായി. ബ്രട്ടീഷ് ഭരണകൂടവുമായി ഏറ്റുമുട്ടി കൊടുങ്ങല്ലൂരിൽ അഭയാർത്ഥിയായെത്തിയ ഹമദാനി തങ്ങളും പിന്നെ സംഘടനയിൽ സജീവമായി. 1923-ൽ നടന്ന വാർഷികയോഗത്തിൽ വക്കം അബ്ദുൽഖാദർ മൗലവിയാണ് അധ്യക്ഷ്യതവഹിച്ചത്. വടക്കേ ഇന്ത്യയിലെ മുസ്‌ലിം നേതാക്കളും ഇതിൽ പങ്കെടുത്തു. ഐക്യസംഘം 1931-ൽ തലശ്ശേരിയിലും 1934-ൽ കണ്ണൂരിൽ വാർഷിക യോഗം ചേർന്നു. പിന്നീട് പ്രവർത്തനം നിലച്ചതോടെ അതിന്റെ ഭൂസ്വത്തുക്കൾ 1948ൽ ഫാറൂഖ് എറണാകുളം മഹാരാജാസിൽ നിന്ന് ഇന്റർമീഡിയറ്റും തിരുവനന്തപുരം മഹാരാജാസ്(ഇന്നത്തെ യൂനിവേഴ്സിറ്റി) കോളജിൽ നിന്ന് ബി.എ.

ഓണേഴ്സ് ബിരുദവും സീതിസാഹിബ് നേടി.

1922-ൽ ജീവിതത്തിൽ തന്നെ നിസ്സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട അദ്ദേഹത്തിന് ഫൈനൽ പരീക്ഷ എഴുതാനായില്ല. 1923-ലാണ് അദ്ദേഹം ഡിഗ്രി പൂർത്തിയാക്കിയത്. തുടർന്ന് തുടർന്ന് തിരുവനന്തപുരം ലോകോളജിൽ നിന്ന് 1925ൽ ബി.എൽ. പരീക്ഷ പാസായി. ലോകോളജിൽ പഠിച്ചപ്പോഴാണ് കോൺഗ്രസിൽ ചേർന്നത്.

കോളേജിലെ വിദ്യാർത്ഥിയായിരിക്കേ പ്രസംഗപാടവം ആകർഷണീയമായിരുന്നു. അന്ന് കോളേജ് സന്ദർശിച്ച വടക്കേ ഇന്ത്യയിലെ ഒരു പ്രമുഖ കോൺഗ്രസ്സ് നേതാവിന്റെ പ്രസംഗം പരിഭാഷപ്പെടുത്തിയത് സീതിയായിരുന്നു. ഇത് ഏറെ ആകർഷിക്കപ്പെട്ടു. അന്ന് ആദ്യമായി ഗാന്ധിജി തിരുവനന്തപുരത്ത് വന്നപ്പോൾ പ്രസംഗം പരിഭാഷപ്പെടുത്താൻ സീതിസാഹിബിന് അവസരം ലഭിച്ചു. ഇത് ചർച്ചചെയ്യപ്പെട്ടു. അന്ന് ഗാന്ധിജി പ്രസംഗത്തിനിടയിൽ കേൾറിഡ്ജിന്റെ കവിത ഉദ്ധരിച്ച് വാട്ടർ, വാട്ടർ എവരിവേർ.... നോ എ ഡ്രോപ് ടു ഡ്രിങ്ക് പ്രയോഗത്തിന്, "വെള്ളം വെള്ളം സർവത്ര, തുള്ളി കുടിപ്പാനില്ലത്ര" എന്ന സീതിസാഹിബിന്റെ പരിഭാഷ അത്യാർകർഷകമായിരുന്നു. ഈ വാചകം കേട്ട് ശ്രോതാക്കൾ ആഹ്ലാദംകൊണ്ടു. പരിഭാഷയുടെ മാധ്യര്യം സദസ്സിലൂടെ അറിഞ്ഞ ഗാന്ധിജി തുർന്നുള്ള പരിപാടിയിൽ സീതി തന്നെ തർജ്ജമ ചെയ്യണമെന്ന് നിർദ്ദേശിച്ചു.

1961 വരെയുള്ള സംഭവബഹുമായ ജിവിതത്തിനിടയിൽ സർവ്വമേഖലകളിലും തന്റെ സേവനത്തിന്റെ മുഖമുദ്ര പതിപ്പിക്കാൻ സീതിസാഹിബിന് കഴിഞ്ഞിട്ടുണ്ട്. 1921-ലെ പകർച്ചവ്യാധികൊണ്ട് കഷ്ടവും നഷ്ടവും സഹിക്കേണ്ടിവന്ന സമുദായത്തിന് 1922-ൽ രൂപംകൊണ്ട കേരള ഐക്യസംഘം കൂട്ടായ്മയുടെ ഒരു തുടക്കമായിരുന്നു. സീതിമുഹമ്മദ് എന്ന പിതാവും തന്റെ മകൻ മുഹമ്മദ് സീതിയും ആ സംഘടനിയിൽ ഒരുമിച്ചു പ്രവർത്തിച്ചു. വക്കം മൗലാവി സാഹിബിനെയും, കെ.എം.മൗലവി സാഹിബിനെയും പോലുള്ള പ്രതിഭാധനന്മാരായ സമുദായ പ്രവർത്തകരുമായി ചേർന്ന് സീതിസാഹിബ് നടത്തിയ സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാരണം മുസ്ലിം സമുദായം ബുദ്ധിപരവും സാമുഹ്യവും വിദ്യാഭ്യാസപരവുമായി പുരോഗതി നേടിയിയെടുത്തു. ചരിത്രപരമായ കാരണങ്ങൾകൊണ്ട് പിന്തള്ളപ്പെട്ട ഒരു സമുദായത്തിന്റെ ചരിത്രം മാറ്റിക്കുറിച്ച പ്രതിഭാധനന്മാരിൽ സീതിസാഹിബിന്റെ സ്ഥാനം സമുന്നതമാണ്.

കൊച്ചി കേന്ദ്രമായി അഭിഭാഷകവൃത്തിയും സമുദായസേവനയും നടത്തിവന്ന കോൺഗ്രസ്സുകാരനും എ.ഐ.സി.സി. അംഗവുമായിരുന്ന കെ.എം.സീതി 1923-ൽ ഒരു പ്രമാദമായ കേസുമായി ബന്ധ്പ്പെട്ടുകൊണ്ടാണ് തലശ്ശേരിയിലേക്ക് ചേക്കേറിയത്. മതപരിവർത്തനവുമായി ബന്ധപ്പെട്ട ക്രിമിനൽ കേസിലെ വക്കീലിനെ തലശ്ശേരിയിലെ അന്നത്തെ തലമുറയിലെ സമുദായാഭിമാനികളായ കാരണവന്മാർ പിന്നെ കൊച്ചിയിലേക്ക് തിരിച്ചയച്ചില്ല. അവർക്കന്ന് സീതി വക്കീലിനെ വേണം. കേസ് വാദിക്കാൻ മാത്രമായിരുന്നില്ല. വടക്കേ മലബാറിന്റെ സിരാകേന്ദ്രമായിരുന്ന തലശ്ശേരിയിൽ താമസിച്ചു മുസ്ലിം സമുദായത്തിന്റെ സാമൂഹ്യ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് വഴികാട്ടിയാവാൻ. സമുദായസ്നേഹിയും സമുദായാഭിമാനിയുമായിരുന്ന ആ പ്രഗൽഭ അഭിഭാഷകൻ അവരുടെയെല്ലാം പ്രതീക്ഷക്കൊത്തു വളർന്നുയർന്നു. സമുദായ സ്നേഹികളായ ചെറുപ്പക്കാർക്ക് അദ്ദേഹം ആശാകേന്ദ്രമായി സമുദായികാഭിമാനികളായ മുതിർന്നവർക്ക് മാർഗ്ഗദർശകനായി.

കോൺഗ്രസ്സിൽ 1937 വരെ തുടരുകയും മോത്തിലാൽ നെഹ്റു റിപ്പോർട്ടിനെ തുടർന്ന് ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധമുണ്ടായിരുന്നവരെല്ലാം (മൗലാനാ മുഹമ്മദലിയും മൗലാനാ ഷൗക്കത്തലിയും)കോൺഗ്രസ് വിടുകയും ചെയ്തപ്പോൾ, കോൺഗ്രസിൽനിന്ന് രാജിവെച്ചു മുസ്ലിംലിഗിൽ ചേർന്നു. മുസ്ലിംലിഗിലെത്തിയ അന്നു മുതൽ അദ്ദേഹം സംഘടനയുടെ ജീവനാഡിനായി. തലശ്ശേരിയിൽ അന്ന് സമുദായത്തിന്റെ ഏറ്റവും പ്രിയങ്കരനായ നേതാവായിരുന്ന ഹാജി അബ്ദുൽസത്താർ സേട്ടുസാഹിബുമായി ചേർന്ന സീതിസാഹിബ് കേരളത്തിൽ മുസ്ലിംലീഗിന്റെ അടിസ്ഥാന ശില സ്ഥാപിക്കുകയായിരുന്നു കണ്ണൂരിലെ അറക്കൽ രാജകുടുംബത്തിന്റെ തലവനും അന്നും ഇന്നും കണ്ണൂരിലെ രാജാവ് എന്ന് കേരളചരിത്രത്തിൽ സ്ഥാനം പിടിക്കുകയും ചെയ്ത സമുദായസ്നേഹ സുൽത്താൻ അബ്ദുൽറഹ്മാൻ ആലി രാജാവും കൂടിയായപ്പോൾ വടക്കേ മലബാറിലെ മുസ്ലിംകളുടെ പരിവാർ ആയി അത് അറിയപ്പെട്ടു.

മുസ്ലിംലീഗിന്റെ അന്നത്തെ അഖിലേന്ത്യാ നേതാക്കൻമാരെല്ലാം രാജാസാഹിബ് സത്താർ സേട്ടു, സീതിസാഹിബ് എന്നിവരുമായി വളരെ അടുപ്പത്തിലായിരുന്നു. അന്ന് അഖിലേന്ത്യാ മുസ്ലിംലീഗിന്റെ പ്രിസിഡന്റും മുസ്ലിംകളുടെ കിരീടം വെക്കാത്ത രാജാവുമായിരുന്ന ഖാഇദേ അഅ്സം മുഹമ്മദലി ജിന്നയുടെ വലംകൈ ആയിരുന്ന സത്താർസേട്ട് സാഹിബ്, പാക്കിസ്ഥാൻ രൂപംകൊണ്ടിട്ടും ഇന്ത്യയിൽ തന്നെ തുടർന്ന് ജീവിക്കുകയായിരുന്നു. ഭരണഘടനാനിർമ്മാണസഭയിൽ മുസ്ലിംലീഗ് അംഗമായിരുന്നു അദ്ദേഹം. എന്നാൽ പാക്കിസ്ഥാന്റെ ജനയിതാവും ഗവർണ്ണർ ജനറലുമായിത്തീർന്ന ജിന്നാ സാഹിബിന്റെ വിളി അവഗണിക്കാൻ കഴിയാതെ മലബാറിലെ സഹപ്രവർത്തകൻമാരോടും സഹോദരങ്ങളോടും വിടപറഞ്ഞു. അദ്ദേഹം

പാക്കിസ്ഥാനിലേക്ക് പോവുകയായിരുന്നു. തുടർന്ന് ഈജ്പിതിലെ പാക്കിസ്ഥാന്റെ ഒന്നാമത്തെ അസംബാസഡറാവുകയും അതിന്നു ശേഷം ശ്രീലങ്കയിലെ പാക്കിസ്താന്റെ ഹൈക്കമ്മീഷണറാവുകയും ചെയ്തു. അന്ന് അഖിലേന്ത്യാ മുസ്ലിംലീഗിന്റെ ജനറൽ സെക്രട്ടറിയായിരുന്ന നവാബ് സദാ ലിയാഖത്ത ലിഖാന്റെ ഉറ്റസുഹൃത്തുക്കളായിരുന്നു സീതിസാഹിബും, ഇസ്മാഈൽ സാഹിബും, പോക്കർസാഹിബും. ലിയാഖത്തലിഖാൻ പാക്കിസ്ഥാനിലെ പ്രഥമ പ്രധാനമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ഇന്ത്യയിൽ നിന്ന് പാക്കിസ്ഥാനിലേക്ക് ക്ഷണിച്ച നേതാക്കൻമാരിൽ പ്രമുഖർ സിദ്ദീഖലിഖാനും മലബാറിലെ നേതാക്കൻമാരുമായിരുന്നു. സിദ്ദീഖലിഖാൻ പാക്കിസതാൻ പ്രധാനമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായി പാക്കിസ്ഥാനിലേക്ക് പോയി. സെഡ്.എച്ച് ലാരി ജഡ്ജി പദവിയുമായി അവിടേക്ക് ചേക്കേറി. അങ്ങനെ പലരും ദക്ഷിണേന്ത്യയിൽ നിന്ന്, പ്രത്യേകിച്ച് മലബാറിൽ നിന്ന് പോയത് സത്താർ സേട്ടുസാഹിബ് മാത്രം ജിന്നാസാഹിബുമായുണ്ടായിരുന്ന അഭേദ്യബന്ധം കാരണമാണ് സേട്ട് സാഹിബ് പാക്കിസ്ഥാനിലേക്ക് പോയത്. മറ്റൊരു നേതാവും അവിടെ പോയില്ല. പാക്കിസ്താന്റെ സംസ്ഥാപനത്തോടെ അഖിലേന്ത്യാ മുസ്ലിംലീഗ് അവസാനിക്കുകയും മാറിയ സാഹചര്യത്തിൽ ഇന്ത്യയിലെ മുസ്ലിംകളുടെ താൽപര്യ സംരക്ഷണത്തിന് 1948 മാർച്ച് 10-ാം തിയതി ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് രൂപം കൊള്ളുകയും ചെയതപ്പോൾ സീതിസാഹിബ് നൽകിയ വിശദീകരണം - ഇന്ത്യയിൽ ജനിച്ചു ഇന്ത്യയിൽ ജീവിച്ചു ഇന്ത്യയിൽ മരിക്കാനാഗ്രഹിക്കുന്ന ഇന്ത്യൻ പൗരൻമാരായ മുസ്ലിംകളുടെ നിയമപരവും മൗലികവുമായ അവകാശ സംരക്ഷണത്തിന് വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ പ്രവർത്തിക്കാനാണ് മുസ്ലിംലീഗ് . ഇന്ത്യയുടെ അധീശാധികാരവും ഐക്യവും അവിഭിന്നതയും സംരക്ഷിക്കാൻ ഏതൊരു ഇന്ത്യക്കാരനെയുംപോലെ പ്രതിജ്ഞാബദ്ധനാണ് ഇന്ത്യയിൽ ജീവിക്കുന്ന മുസ്ലിമും. ഇന്ത്യ ജിവിച്ചാൽ മാത്രമേ അവനും ജീവിക്കുകയുള്ളൂ. ഇന്ത്യയുടെ നിലനിൽപ്പ് ഇന്ത്യയിലെ മുസ്ലിമിന്റെ നിലനിൽപ്പുമാണ്.

കെ.എം. സീതിസാഹിബ് 1937 മുതൽ മുസ്ലിംലീഗിന് നിൽകിയ മഹത്തായ സംഭാവനകളിൽ പ്രധാനമായി പരിഗണിക്കുന്നത് മൂന്ന് കാര്യങ്ങളാണ്. മുസ്ലിംലിഗുകാരനിൽ ഉണ്ടായിരിക്കണമെന്ന് സീതിസാഹിബ് അഭിലേഷിച്ച ലീഗ് സംസ്കാരം, ലീഗ് ശൈലി, ലീഗ് ഗുണമേന്മ- തന്റെ ജീവിതത്തിലുടനീളം സീതിസാഹിബ് അതു കാണിച്ചു. സീതിസാഹിബിനെ സംസ്കാരസമ്പന്നനായ നേതാവ് എന്ന് പറയുമ്പോൾ അദ്ദേഹത്തിൽ കണ്ടത് മുസ്ലിംലീഗ് ഉണ്ടാക്കിത്തീർക്കേണ്ട സാംസ്കാരിക സമ്പത്താണ്. സാംസ്കാരിക പൈതൃകത്തിൽ അദ്ദേഹം അഭിമാനം കൊള്ളുന്നു. ദൈനംദിന ജീവിതത്തിലും മതാനുഷ്ഠാനുങ്ങളിലും വ്യക്തികളോടും സംഘടനകളോടും ഇടപെടുമ്പോഴും എതിരാളിയെ നേരിടുമ്പോഴും അദ്ദേഹം ഈ ഗുണമേൻമ കാണിച്ചു. വിശ്വാസദാർഢ്യവും നിർഭയത്വവും നിഷ്കളങ്കതയും താൻ ചെയ്യുന്ന കൃത്യങ്ങളിലും താൻ നിലകൊള്ളുന്ന ആദർശത്തിലും ഉള്ള പ്രതിബദ്ധതയും സീതിസാഹിബിന്റെ അമൂല്യ സ്വഭാവവിശേഷണങ്ങളാണ്.

മലബാറിൽ ചില പ്രദേശങ്ങളിൽ പയ്യോളിയിലും നടുവട്ടത്തും അടക്കം സാമുദായിക കലാപങ്ങളുണ്ടായി. മതസൗഹാർദ്ദത്തിന്നായി മലബാർ കലക്ടർ ആർ. സാമുദായിക പ്രതിനിധികളുടെ യോഗം കോഴിക്കോട്ട് വിളിച്ചുകൂട്ടി. ബാഫഖിതങ്ങളും സീതിസാഹിബുമടക്കം മുസ്ലിം നേതാക്കൻമാർ സന്നിഹിതരായ യോഗത്തിൽ മലയാളിയായ മന്ത്രി കോഴിപ്പുറത്തു മാധവമേനോനടക്കം പലരും സംബന്ധിച്ചിരുന്നു. മുസ്ലിം പള്ളികൾക്കടുത്തുകൂടി കടന്നുപോകുന്ന അമുസ്ലിം സഹോദരങ്ങളുടെ വാദ്യഘോഷം കാരണമുണ്ടാകുന്ന സാമുദായിക സംഘട്ടനങ്ങൾ ആയിരുന്നു ചർച്ചാവിഷയം. 1939-ൽ കണ്ണൂരിൽ ഉണ്ടായ കുഴപ്പങ്ങൾക്ക് പരിഹാരമായി മുസ്ലിം പള്ളികൾക്ക് 15 വാര അടുത്തെത്തിയാൽ വാദ്യങ്ങൾ നിർത്തണമെന്ന് രണ്ടു സമുദായങ്ങളും ഉണ്ടാക്കിയ കരാർ നടപ്പിലാക്കുന്നതു സ്വീകാര്യയോഗമായി സീതിസാഹിബ് യോഗത്തിൽ ചൂണ്ടിക്കാണിച്ചു. കണ്ണൂരിൽ ഹിന്ദുക്കൾ അതംഗീകരിച്ചത് ഇവിടെ അംഗീകരിക്കണമെന്നില്ല എന്ന രീതിയിൽ കണ്ണൂരിലെ കരാറിനെ ഇത്തിരി അവജ്ഞതയോടെ മാധവമേനോൻ പരാമർശിച്ചപ്പോൾ സീതിസാഹിബ് ശക്തിയോടെ തിരിച്ചടിച്ചു: "ആ കാലത്തെ കണ്ണൂരിലെ ഹിന്ദു സഹോദരൻമാർ മാധവമേനോനെക്കാളും ഭക്തരായ നല്ല ഹിന്ദുക്കളായിരുന്നു."

സീതിസാഹിബ് ഇത് പറഞ്ഞശേഷം മാധാവമേനോൻ പിന്നെഒന്നും പ്രതികരിച്ചില്ല.

23

മദ്രാസ് നിയമസഭയിലെ സിംഹഗർജ്ജനം

സീതിസാഹിബിന്റെ അത്യപൂർവ്വമായ വ്യക്തിത്വം അദ്ദേഹം ഇടപെട്ട രാഷ്ട്രീയ- സാമൂഹ്യ- സംസ്കാരിക- വിദ്യാഭ്യാസ രംഗങ്ങളിൽ എന്നും പ്രതിഫലിച്ചു കാണാം. താൻ വിശ്വസിക്കുന്നതെന്തും തുറന്നുപറയാനും അതു ന്യായീകരിക്കാനും സീതിസാഹിബിന്റെ അപാരമായ ധൈര്യവും കഴിവും

എടുത്തുപറയേണ്ടതാണ്. ഒരു രാഷ്ട്രീയ നേതാവായ സീതിസാഹിബിനെക്കുറിച്ചു വലിയൊരദ്ധ്യായം തന്നെ എഴുതേണ്ടിവരും. എം.എൽ.എ. എന്ന നിലക്ക് അന്നത്തെ മദ്രാസ് നിയമസഭയിൽ സീതിസാഹിബിന്റെ പ്രകടനം എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റി. ഇന്നത്തെ ആന്ധ്രപ്രദേശിലേ ഹൈദരാബാദ് ഒഴികെയുള്ള പ്രദേശങ്ങളും ഇപ്പോഴത്തെ തമിഴ്നാടും ദക്ഷിണ കർണാടകം, മലബാർ പ്രദേശങ്ങളും കൂടിച്ചേർന്ന അന്നത്തെ മദ്രാസ് നിയമസഭ ഇന്ത്യയിലെ ഏറ്റവും വലിയ അസംബ്ലികളിലൊന്നായിരുന്നു. 1948ൽ മലപ്പുറം സംവരണ നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ 29 അംഗങ്ങളുണ്ടായിരുന്ന മുസ്ലിംലീഗ് പാർട്ടിയായിരുന്നു പ്രധാന പ്രതിപക്ഷ കക്ഷി. ഖാഇദേമില്ലത്ത് ഇസ്മാഈൽ സാഹിബിന്റെ നേതൃത്തിലുണ്ടായിരുന്ന മുസ്ലിംലീഗ് നിയമസഭാകക്ഷിയിൽ ബി. പോക്കർസാഹിബ്, ഉപ്പിസാഹിബ്, പി.പി ഹസ്സൻകോയ, എ.കെ കാദർകുട്ടി, എൻ.വി ഹൈദ്രാസ് സാഹിബ് മുഹമ്മദ്റസാഖാൻ, അബ്ദുൽ ഹമീദ്ഖാൻ, കൊയപ്പത്തൊടി അഹമ്മദ്കുട്ടിഹാജി എന്നീ അറിയപ്പെട്ട പ്രമുഖർ ഉണ്ടായിരുന്നു. സി. രാജഗോപാലാചാരി. എൻ.സഞ്ജീവറെഡ്ഡി, കെ. കാമരാജ്, ആന്ധ്രകേസരി എന്നറിയപ്പെട്ടിരുന്ന ടി. പ്രകാശം, തൊന്നത്തി വിശ്വാനാഥൻ, സി. സുബ്രഹ്മണ്യൻ എം.ഭക്തവത്സലം എന്നീ പ്രഗത്ഭന്മാരും അന്ന് മദ്രാസ് അസംബ്ലിയിലെ അംഗങ്ങളായിരുന്നു. ഇംഗ്ലീഷ്, തമിഴ്, മലയാളം, തെലുങ്ക്, കർണ്ണാടക ഭാഷകളിൽ അസംബ്ലി നടപടികൾ ഉണ്ടായിരുന്നു. മദ്രാസ് അസംബ്ലി ബഹുഭാഷാ നിയമസഭയായിരുന്നു സംസ്ഥാന പുനർവിഭജനംവരെ. പുതിയ ഇന്ത്യൻ ഭരണഘടന 1950 ജനുവരി 26-ാം തീയതി നടപ്പിലായശേഷം 1952-ൽ പൊതു നിയോജകമണ്ഡലത്തിൽ നിന്ന് സീതിസാഹിബ് തെരഞ്ഞെടുക്കപ്പെട്ടു അന്ന്. അഞ്ചു അംഗങ്ങളടങ്ങിയ മദ്രാസ് നിയമസഭയിലെ മുസ്ലിംലീഗു കക്ഷിയുടെ ഉപനേതാവായിരുന്നു സീതിസാഹിബ് . അന്ന് പാർട്ടി നേതാവായിരന്ന കെ. ഉപ്പിസാഹിബും ഡെപ്യൂട്ടി നേതാവായിരുന്ന സീതിസാഹിബും തമ്മിൽ നേതാക്കന്മാരെ തെരഞ്ഞെടുക്കുംമുമ്പ് വളരെ ഗുരുതരമായ അഭിപ്രായവ്യത്യാസം ഉണ്ടായി. മുസ്ലിംലീഗ് സംഘടനയുടെ ചരിത്രത്തിലുണ്ടായ ഈ അഭിപ്രായ വ്യത്യാസം രസകരമായിരുന്നു. നിയമസഭാ കക്ഷി നേതാവായി നിർദ്ദേശിക്കപ്പെട്ടത് സീതിസാഹിബിന്റെ പേരായിരുന്നു. മുസ്ലിംലീഗിന്റെ നെടുംതൂണും, നിയമജ്ഞനും സുസമ്മതനായ പാർലമെന്റേറിയനുമായ സീതിസാഹിബാണ് അതിനേറ്റവും അർഹനെന്ന് കെ. ഉപ്പിസാഹിബും, മറ്റ് മൂന്ന് അംഗങ്ങളും (ചാക്കീരി അഹമ്മദ് കുട്ടി, ചടയൻ, കെ.കെ മുഹമ്മദ് ഷാഫി) ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. എന്നാൽ സീതിസാഹിബ് അതിനെ എതിർത്തു. മറ്റു അംഗങ്ങളേക്കാൾ മുതിർന്ന നേതാവും, നിയമസഭാ പരിചയസമ്പന്നനുമായ കെ.ഉപ്പി സാബിബ് നേതാവാകണമെന്നായിരുന്നു സീതിസാഹിബിന്റെ ആവശ്യം. സീതിസാഹിബ് അല്ലാതെ മറ്റാരും നേതാവാകുന്നത് താൻ അംഗീകരിക്കുകയില്ലെന്ന് ഉപ്പിസാഹിബ്. ഉപ്പിസാഹിബ് മാത്രമാണ് നേതാവായിരിക്കാൻ അർഹനെന്ന് സീതിസാഹിബ്. ഈ അഭിപ്രായവ്യത്യാസം ഇസ്മാഈൽ സാഹിബ് പോക്കർ സാഹിബിന്റെ സാന്നിദ്ധ്യത്തിൽ പറഞ്ഞുതീർത്തു-കെ.ഉപ്പിസാഹിബ് പാർട്ടിനേതാവ്. കെ.എം.സീതിസാഹിബ് ഡെപ്യൂട്ടിനേതാവ്.

1964-ലെയും 1952-ലെയും നിയമസഭാ നടപടികൾ പരിശോധിക്കുന്നവർക്ക് സീതിസാഹിബിന്റെ വിലപ്പെട്ട സംഭാവകൾ കാണാം. നിയമനിർമ്മാണരംഗത്ത് സീതിസാഹിബ് മുൻപന്തിയിലായിരുന്നു. മാപ്പിള മരുമക്കത്തായ നിയമം. ശരീഅത്ത് നിയമം. മലബാർ കുടിയാന്മ നിയമം, നിർബന്ധവിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസം, ഉർദ്ദു- അറബി ഭാഷാ പ്രോത്സാഹനം തുടങ്ങിയ ഒട്ടുമുക്കാൽ പ്രശ്നങ്ങളിലും സീതിസാഹിബിന്റെ ശബ്ദം മദ്രാസ് അസംബ്ലിയിൽ മുഖരിതരായിരുന്നു. 1948 കാലത്ത് മലബാറിൽ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ഒളിവിൽ പാർക്കുകയും നിരവധിപേർ അറസ്റ്റുചെയ്യപ്പെടുകയുമുണ്ടായി. മറ്റുചിലർ ഭീകര മർദ്ദനങ്ങൾക്കിരയാവുകയും ചെയ്തപ്പോൾ സീതിസാഹിബ് അന്നതിനെ ശക്തിയായി എതിർത്തു സംസാരിച്ചു. സേലം ജയിലിൽ വിചാരണയിലുണ്ടാരുന്ന കമ്മ്യൂണിസ്റ്റുകാർ വെടിയേറ്റു കൊലചെയ്യപ്പെട്ട കാലത്ത് അന്നത്തെ മദ്രാസ് സംസ്ഥാന ആഭ്യന്തരവകുപ്പ് മന്ത്രി പി. സുബ്ബരായനുമായി ഇസ്മായിൽ സാഹിബും ഏറ്റുമുട്ടിയിരുന്നു.അന്ന് കൊലചെയ്യപ്പെട്ടതും മർദ്ദിക്കപ്പെട്ടതും അട്ടിമറിക്കാരായ കമ്മ്യൂണിസ്റ്റ്കാരാണെന്ന് മന്ത്രി കുറ്റപ്പെടുത്തിയപ്പോൾ സീതിസാഹിബ് ആക്രോശിച്ചു- "അവരും മനുഷ്യരാണ്. ഇന്ത്യൻ പൗരന്മാരാണ്" എന്ന്.

അതുപോലെ മദ്രാസ് നിയമസഭയിൽ മുസ്ലിംലീഗിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും ചോദ്യോത്തര വേളയിൽ വിവാദമുണ്ടായി. മുസ്ലിംലീഗെന്ന വർഗ്ഗീയ സംഘടനയെ ഗവൺമെണ്ട് അടിച്ചമർത്തുമെന്ന് ആഭ്യന്തരവകുപ്പുമന്ത്രി സുബ്ബരായർ ആക്രോശിച്ചു. കൂട്ടത്തിൽ രോഷാകുലനായ മന്ത്രി പറഞ്ഞു: "ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം മസ്ലിംലീഗിനെ അടിച്ചമർത്തും" മന്ത്രിയെപ്പോലെത്തന്നെ രോഷാകുലനായ സീതിസാഹിബും തിരിച്ചടി നൽകി: "ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം മുസ്ലിംലീഗിനെ വളർത്തും". അതെ സീതിസാഹിബ് അന്ത്യശ്വാസംവലിക്കുന്നതിന് തൊട്ടുമുമ്പുപോലും ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗ് പ്രസിഡന്റ് ഇസ്മാഈൽസാഹിബുമായി മുസ്ലിംലീഗ് വളർത്തുന്നതിനെ സംബന്ധിച്ച് തിരുവനന്തപുരത്തുവെച്ചു ചർച്ചചെയ്തിരുന്നു

മദ്രാസ് നിയമസഭയിലെ മുസ്‌ലിംലീഗിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടു സീതിസാഹിബ് കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് സോവനീറിൽ എഴുതിയ ലേഖനത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കട്ടെ.

'1947-ലും 1948-ലും ഉത്തരേന്ത്യയിലുണ്ടായ സാമുദായികാസ്വാസ്ഥ്യങ്ങളൊന്നും, ദക്ഷിണേന്ത്യയിൽ ഇല്ലാതിരിക്കുവാൻ ഇസ്മാഈൽ സാഹിബ് ഉൾപ്പെടെയുള്ള മുസ്‌ലിംലീഗ് നേതാക്കന്മാർ ചെയ്ത മഹത്തായ പരിശ്രമങ്ങളുടെ വിജയത്തെ അന്ന് മദ്രാസിലെ കോൺഗ്രസ്സ് മുഖ്യമന്ത്രിയായിരുന്നു ടി.പ്രകാശവും, ഗവർണർമാരായിരുന്ന ആർച്ച് ബാൽഡുനൈയും, ഭവനഗർ രാജാവും പരസ്യമായി പ്രശംസിച്ചിട്ടുണ്ട്.... മലബാർ കൂടിയായ്മ നിയമത്തിൽ, കൂടിയാന്മാർക്ക് രക്ഷ നൽകുന്ന പല വ്യവസ്ഥകളും ഉൾപ്പെടുത്തുവാൻ മലബാർ മുസ്‌ലിംലീഗ് എം.എൽ.എ.മാരായിരുന്നു ശക്തിയായി വാദിച്ചിരുന്നത്. മലബാറിനെ പൊതുവെ ബാധിക്കുന്ന പ്രശ്നങ്ങൾ മദ്രാസ് അസംബ്ലിയിൽ ഉന്നയിക്കുന്നത് കോൺഗ്രസ്സ് എം.എൽ.എ.മാരല്ല, മലബാറിൽനിന്ന് പോയ മുസ്‌ലിംലീഗ് എം.എൽ.എ.മാരായ ഞങ്ങളിൽ ചിലരാണെന്ന് ചില ലേഖകന്മാർ മാതൃഭൂമിയിലും ഇന്ത്യൻ എക്സ്പ്രസ്സിലും എഴുതിയിരുന്നത് പലരും ഓർക്കുന്നുണ്ടായിരുക്കും. 1949-ൽ മുസ്‌ലിം വ്യക്തിനിയമം അഥവാ ശരീഅത്ത് ആക്ട് മദ്രാസ്സ് സ്റ്റേറ്റിൽ പൂർണമായി നടപ്പാക്കുന്ന ഒരു ഭേദഗതി നിയമം മുസ്‌ലിംലീഗു പാർട്ടിയിൽനിന്നുള്ള ഞാൻ അവതരിപ്പിച്ച ഒരുബിൽ മുഖേനയാണ് പാസ്സായത്. പ്രതിപക്ഷ നേതാവെന്ന നിലക്ക് ഇസ്മാഈൽസാഹിബിന്റെ അക്ഷോഭ്യവും നിർമ്മാണാത്മകവുമായ പെരുമാറ്റവും ബജറ്റു പ്രസംഗങ്ങളിൽ അദ്ദേഹം ഉന്നയിച്ച സൃഷ്ടിപരവും ബുദ്ധിപൂർവ്വവുമായ അഭിപ്രായങ്ങളും എല്ലാവരുടേയും മുക്തകണ്ഠമായ പ്രശംസക്ക് വിഷയമായിരുന്നു. മുസ്‌ലിംലീഗു പാർട്ടിയിൽനിന്ന് ബീഗം അമീറുദ്ദീനെയും എന്നെയും അസംബ്ലി ചെയർമാന്മാരുടെ പാനലിൽ ഉൾപ്പെടുത്തുകയും സ്പീക്കറുടെ അഭാവത്തിൽ ഞങ്ങൾ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തിരുന്നു. മുസ്‌ലിം ലീഗിനെ വർഗ്ഗീയ മുദ്രകുത്തി തരംതാഴ്ത്തുവാൻ ചില തൽപ്പരകക്ഷികൾ ചെയ്യുന്ന ശ്രമം എത്രകണ്ട് അന്യായവും അകാരണവുമാണെന്നുള്ളത് നിയമസഭക്കകത്തും പുറത്തുമുള്ള ലീഗ് പാർട്ടിയുടെ പ്രവർത്തനങ്ങൾ സ്പഷ്ടമാക്കുന്നതുകൊണ്ടാണ് ഞാനീ വിവരങ്ങൾ എടുത്തുപറയുന്നത്.''

മുസ്‌ലിംലീഗിനെതിരായി അന്ന് ആക്ഷേപമുന്നയിച്ചവർക്ക് സീതിസാഹിബ് തെളിവുസഹിതം നൽകിയ മറുപടിയാണ് മേലുദ്ധരിച്ച വാചകങ്ങൾ. മുസ്‌ലിംലീഗിന്റെ പേരും പെരുമയും അദ്ദേഹം എന്നും നിലനിൽത്താൻ ശ്രമിച്ചിരുന്നു. അതിനെതിരായി വരുന്ന ഏതു തരം പ്രലോഭനത്തിനും സീതിസാഹിബ് വഴങ്ങിയിരുന്നില്ല.

സീതിസാഹിബ് തലശ്ശേരിയിൽനിന്ന് എറണാകുളത്തേക്ക് താമസം മാറ്റിയശേഷം അദ്ദേഹം നടത്തിയ പ്രധാനമായ ഒരു രാഷ്ട്രീയചർച്ച കോൺഗ്രസ്സുമായിട്ടായിരുന്നു. 1957-ൽ കേരള നിയമസഭയിലേക്ക് നടക്കാനിരിക്കുന്ന ആദ്യത്തെ തെരഞ്ഞെടുപ്പിന് മുന്നോടിയായി കോൺഗ്രസ്സ് - ലീഗു സംഭാഷണം നടന്നു. അന്ന് കേരളത്തിലെത്തിയ അഖിലേന്ത്യാ കോൺഗ്രസ്സ് പ്രതിനിധി എസ്.കെ. പാട്ടീൽ സീതിസാഹിബിനെ സന്ദർശിച്ചു സംഭാഷണം നടത്തി. മുസ്‌ലിംലീഗുമായി കോൺഗ്രസ്സ് രാഷ്ട്രീയബന്ധമുണ്ടാക്കുന്നതിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനും കോൺഗ്രസ്സ് ഹൈക്കമാന്റിനുമുണ്ടായിരുന്ന വിഷമം നല്ലപോലെ മനസ്സിലാക്കിയിട്ടായിരുന്നു പാട്ടീൽ ചർച്ച ആരംഭിച്ചത്. അന്ന് നിയമസഭയിലേക്കുള്ള 126 സീറ്റുകളിൽ ജനസംഖ്യാനുപാതികമായി 20 സീറ്റുകൾ മുസ്‌ലിംലീഗിന് നീക്കിവെക്കാമെന്നും ലീഗിന്റെ സ്ഥാനാർത്ഥികൾ സ്വതന്ത്രന്മാരായി മത്സരിച്ചുകൊണ്ടു കോൺഗ്രസ്സ്- ലീഗ് സീറ്റ് അഡ്ജസ്റ്റ് ചെയ്യാമെന്നും തന്ത്രശാലിയായ എസ്.കെ പാട്ടീൽ സീതിസാഹിബിനെ ധരിപ്പിക്കാൻ ശ്രമിച്ചു. സീതിസാഹിബും അതേ തന്ത്രങ്ങൾ മെനഞ്ഞെടുത്തുകൊണ്ടു മറുപടി പറഞ്ഞു: "ലീഗിന് ഇരുപതോ ഇരുപത്തഞ്ചോ സീറ്റുകൾക്കർഹതയുണ്ട്. ശരിയാണ്. പക്ഷേ, ലീഗി അത്രയും സീറ്റുകൾ വേണ്ട. വെറും അഞ്ചു സീറ്റുകളിൽ ഞങ്ങൾ ലീഗിന്റെ പേരിൽ മത്സരിച്ചുകൊള്ളാം. ബാക്കി മുഴുവൻ സീറ്റുകളിലും കേൺഗ്രസ്സ് സ്ഥാനാർത്ഥികൾ മത്സരിച്ചുകൊള്ളട്ടെ. പാർട്ടി സ്ഥാനാർത്ഥികളായി മത്സരിക്കണമെന്നത് ദൃഢമായ തീരുമാനമാണ് . അതിൽനിന്ന് മാറാൻ സാധ്യമല്ല."

'യാഥാർത്ഥ്യബോധമില്ലാത്ത ഹൈക്കമാന്റ് നേതാക്കളന്മാരോടു ഞാൻ ഇക്കാര്യം ചർച്ച ചെയ്യട്ടെ' എന്ന് പറഞ്ഞു പാട്ടീൽ തിരിച്ചുപോയി. പാട്ടീൽ വീണ്ടും വരികയില്ലെന്നു സീതിസാഹിബിന്നറിയാമായിരുന്നു. 1957-ലെ തെരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗ് എട്ട് സീറ്റുകളിൽ സ്വന്തം സ്ഥാനാർത്ഥികളെ നിർത്തി നിയമസഭയിലേക്ക് വിജയിച്ചു. ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവർമെണ്ട് ഇ.എം.എസ്സിന്റെ നേതൃത്തിൽ അധികാരത്തിൽ വന്നു. ചരിത്രത്തിലാദ്യമായി കോൺഗ്രസ്സ് ഹൈക്കമാന്റ് നോക്കിനിൽക്കേണ്ടിവന്നു. ഒരു സുപ്രധാന ദക്ഷിണേന്ത്യൻ സംസ്ഥാനം അവരുടെ പിടിയിൽനിന്ന് വഴുതിപ്പോയി. ഇലക്ഷൻ കമ്മീഷൻ മുസ്‌ലിംലീഗിനെ അംഗീകരിക്കുകയും പ്രത്യേക ചിഹ്നം നൽകുകയും ചെയ്തു.

കേരള സംസ്ഥാന രൂപീകരണത്തോടെ മുസ്‌ലിംലീഗിന്റെ നിർണ്ണായക രാഷ്ട്രീയ സ്വധീനം ക്രാന്തദർശിയായ സീതിസാഹിബ് നേരത്തെ മനസ്സിലാക്കി. രാഷ്ട്രീയരംഗത്ത് ബുദ്ധിപൂർവ്വം, അവധാനതയോടെ കാൽവെപ്പു നടത്താനും സീതിസാഹിബിന്ന് അപാരമായി കഴിവുണ്ടായിരുന്നു.

മുസിലിംലീഗിന്റെ ചരിത്രത്തിൽ തങ്കലിപികൾകൊണ്ടു ആലേഖനം ചെയ്യപ്പെടേണ്ട തീരുമാനങ്ങൾക്കു പിറകിൽ പ്രവർത്തിച്ചത് സീതിസാഹിബിന്റെ കൂർമ്മബുദ്ധിയായിരുന്നു.

24 വിമോചന സമരവും എം.എസ്.എഫ്.നിലപാടും

1957 ലെ കമ്മ്യൂണിസ്റ്റ് ഭരണകാലത്ത്, അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയും ഭരണം നിയന്ത്രിച്ചിരുന്ന പ്രമുഖ നേതാവുമായിരുന്നു. സഖാഫ് എം.എൻ. ഗോവിന്ദൻ നായർ സീതിസാഹിബിനെ സന്ദർശിക്കാറുണ്ടായിരുന്നു. സീതിസാഹിബിനെ അന്ന് ഇടക്കിടെ സന്ദർശിച്ചു. ചർച്ച നടത്തിയിരുന്നു മറ്റൊരാൾ അന്നത്തെ ക്രമസമാധാന വകുപ്പും നിയമ വകുപ്പും കൈകാര്യം ചെയ്തിരുന്ന മന്ത്രി വി.ആർ.കൃഷ്ണയ്യരായിരുന്നു. മുസ്ലിംലീഗ് ഒരു ക്രിയാത്മക പ്രതിപക്ഷമായി കേരള അസംബ്ലിയിൽ പ്രവർത്തിക്കുമെന്ന് സീതിസാഹിബ് അവരോട് പറഞ്ഞു. അതോടൊപ്പം പ്രതീപക്ഷ നിരയെ സക്തിപ്പെടുത്താൻ ലീഗിന്റെ നിയമസഭാകക്ഷി നേതാവ് സി.എച്ച്.മുഹമ്മദ് കോയാ സാഹിബിന് സീതിസാഹിബ് എന്നും ഉപദേശങ്ങൾ നൽകിപ്പോന്നു. കോൺഗ്രസ് പ്രതിപക്ഷ നേതാവായിരുന്ന പി.ടി. ചാക്കോയും പി.എസ്.പി.യുടെ നേതാവ് പട്ടം താണുപിള്ളയും ഉപനേതാവായിരുന്ന എം.നാരായണക്കുറുപ്പും സീതിസാഹിബിനെ സന്ദർശിച്ചു രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ച ചെയ്യാറുണ്ട്.

1959 ലാണ് വിദ്യാർത്ഥി സമരം ആരംഭിക്കുന്നത്. വിദ്യാർത്ഥി സമരവും, എ.കെ. ആന്റണി ആലപ്പുഴയിലാരംഭിച്ച ഒരണ സമരവും അന്നത്തെ കമ്മ്യൂണിസ്റ്റ് ഗവർമെണ്ടിനെ പിടിച്ചു കുലുക്കി ബസ് യാത്രക്ക് വിദ്യാർത്ഥികൾക്ക് ഇളവനുവദിക്കുന്നതായിരുന്നു ഒരണ സമരം അതിനിടെ ആർ ശങ്കറിന്റെ നേത്യത്വത്തിലുണ്ടായിരുന്ന കോൺഗ്രസ് വിമോചന സമരത്തിന് കളമൊരുക്കി. അതിൽ പി.എസി.പി.ചേർന്നു. വിമോചന സമരത്തിൽ ചേരാൻ മുസ്ലിംലീഗിനുമേൽ വലിയ പ്രേരണയുണ്ടായി. നിയമലംഘനത്തിൽ പങ്കെടുക്കാൻ മുസ്ലിംലീഗ് ഒരുങ്ങിയില്ല. പിന്നീട് സമ്മർദ്ദം ഏറിയപ്പോൾ മുസ്ലിംലീഗും അതിന്റെ നയംമാറ്റി വിമോചന സമരത്തിന് ചേരുന്നതിന് മുമ്പ് തന്നെ വിദ്യാർത്ഥി സമരത്തെ സീതിസാഹിബ് മാനസികമായി എതിർത്തു. എല്ലാ വിദ്യാർത്ഥി സംഘടനകളും വിദ്യാർത്ഥി സമരത്തിൽ ചേർന്നപ്പോൾ എം.എസ്.എഫും അതിൽ ചേരണമെന്ന് ശക്തിയായ വാദഗതികളുയർന്നു. അന്ന് കേരളാ സ്റ്റേറ്റ് മുസ്ലിം വിദ്യാർത്ഥി ഫെഡറേഷന്റെ ജനറൽ സെക്രട്ടറിയായിരുന്ന ഞാൻ യോഗം വിളിച്ചു കൂട്ടി വിദ്യാർത്ഥിസമരത്തെക്കുറിച്ചാണ് തീരുമാനക്കാൻ പോകുന്നതെന്നറിഞ്ഞപ്പോൾ സി.എച്ച്. എന്നോട് പറഞ്ഞത്, സീതിസാഹിബുമായി ആലോചിച്ച് തീരുമാനിച്ചാൽ മതിയെന്നായിരുന്നു. ബാഫഖി തങ്ങളും അതേ നിർദ്ദേശമാണ് വെച്ചത്. അങ്ങനെ എം.എസ്.എഫ്. എക്സികൃൂട്ടീവ് ചേരുംമുമ്പ് ഞാൻ എറണാകുളത്ത് സീതിസാഹിബിനെ കാണാനെത്തി

വിദ്യാർത്ഥി സമരത്തെപറ്റി തീരുമാനിക്കാൻ എം.എസ്.എഫ് സ്റ്റേറ്റ് കമ്മിറ്റി യോഗം ചേരുന്നുവെന്നറിയിച്ചപ്പോൾ സീതിസാഹിബ് പറഞ്ഞു യോഗം ചേർന്ന് തീരുമാനിക്കുക തന്നെ വേണം ആദ്യ വാചകത്തിൽ എനിക്ക് പ്രോത്സാഹനമായി തോന്നി വിദ്യാർത്ഥി സമരത്തോടെ സീതിസാഹിബിനുള്ള അഭിപ്രായവ്യത്യാസമറിയുന്ന ഞാൻ നമ്മുടെ കുട്ടികൾ സമരത്തിൽ പങ്കെടുക്കാൻ ധ്യതികൂട്ടുന്നു. ഒരു തീരുമാനമെടുക്കണമല്ലോ. താങ്കളുമായി ആലോചിച്ച് തീരുമാനമെടുക്കാനാണ് ബാഫഖി തങ്ങളും സി.എച്ചും പറഞ്ഞിരിക്കുന്നത്. അതാണ് അതാണ് ഞാൻ വന്നത്. ഇത്രയും കേട്ടയുടൻ സീതിസാഹിബ് പറഞ്ഞു. ഇതിൽ ആലോചിക്കാൻ അത്രയൊന്നുമില്ലാ. വിദ്യാർത്ഥി സമരത്തിൽ എം.എസ്.എഫ്.പങ്കെടുക്കുകയില്ല എന്ന് തീരുമാനിക്കണം

ഞാനൊന്ന് ഞെട്ടി അത് വിദ്യാർത്ഥികൾ അനുകൂലിക്കുമെന്ന് തോന്നുന്നില്ല. എന്ന എന്റെ അഭിപ്രായം കേട്ടപ്പോൾ പിന്നെ സീതിസാഹിബ് വാചാലനായി. മുസ്ലിംകളുടെ വിദ്യാഭ്യാസ പുരോഗതിക്കായി നിലകൊള്ളുന്ന വിദ്യാർത്ഥി പ്രസ്ഥാനം, വിദ്യാർത്ഥികളോടു പഠിപ്പുമുക്കണമെന്ന് പറയുന്നതിലുള്ള വിരോധഭാസം. മുസ്ലിംലീഗു സമരം നടത്തിയാൽ മതി വിദ്യാർത്ഥികൾ ക്ലാസ്മുറി വിട്ടു പുറത്തു കടന്നാൽ സമുദായ ഭാവിയെ അതെന്തുമാത്രം പ്രതികൂലമായി ബാധിക്കുമെന്നും മുന്നോക്ക വിദ്യാർത്ഥികൾ പഠിപ്പുമുടക്കുന്നതും പിന്നോക്ക വിഭാഗം വിദ്യാഭ്യാസ വിഹീനത വിട്ടുമാറാത്ത മുസ്ലിം വിദ്യാർത്ഥികൾ പഠിപ്പുമുടക്കിയാലുണ്ടാവുന്ന നഷ്ടത്തിന്റെ ചിത്രവും സീതിസാഹിബ് വരച്ചുകാണിച്ചു ഞാനിതങ്ങനെ പാസാക്കിയെടുക്കും എന്ന എന്റെ ചോദ്യത്തിന് അതിനാണല്ലോ അഹമ്മദിനെ പോലുള്ളവർ ചെറുപ്പത്തിൽ തന്നെ ആദർശാധിഷ്ഠിത രാഷ്ട്രീയ രംഗത്തു പ്രവർത്തിക്കുന്നതെന്ന മറു ചോദ്യമാണ് വന്നത് ലീഗും എം.എസ്.എഫും ആദർശാധിഷ്ഠിത പ്രസ്ഥാനങ്ങളായിട്ടാണ് സീതിസാഹിബ് കാണുന്നത്. ആ സംഘടനകളിലുള്ള വർക്ക് ചില മൂല്യങ്ങളും പ്രതിബദ്ധതകളുമുണ്ട്,സന്നിഗ്ദ്ധ ഘട്ടങ്ങളിലാണ് ആ പ്രതിബദ്ധത കാണിക്കേണ്ടത്. നാളെ സമുദായത്തിന് ദുഷ്പേരില്ലാതിരിക്കാൻ ഇന്നു നമ്മൾ ചിലതെല്ലാം

സഹിക്കണം.അതായിരുന്നു സീതിസാഹിബിന്റെ വാദം

സീതിസാഹിബിന്റെ വാദമുഖങ്ങൾ അംഗീകരിക്കുകയാല്ലാതെ മറ്റൊരു പോംവഴിയുമില്ല.അങ്ങനെ എം.എസ്.എഫ് യോഗം വിളിച്ചു. ഭൂരിപക്ഷം പേരും എതിർത്തു. ഇന്ന് വിവിധരംഗങ്ങളിൾ ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്ന അന്നത്തെ എന്റെ സഹ പ്രവർത്തകന്മാരോടു സീതിസാഹിബന്റെ ഉപദേശവും നിർദ്ദേശവും ഞാൻ വിവരിച്ചു. എന്റെ ധർമ്മ സങ്കടം കണ്ടു സഹതപിച്ച അവരെല്ലാം ഒറ്റക്കെട്ടായി എന്റെ അഭിപ്രായം അംഗീകരിച്ചു. ഞാനെഴുതിയ പ്രമേയം ഏകകണ്ഠമായി പാസായി. കൂട്ടത്തിൽ ഒരു അഭ്യാർത്ഥനയും. കോളജുകളിൽ പഠിപ്പുമുടക്കം നടക്കുമ്പോൾ ആ സമരത്തിൽ അവിടെ വിദ്യാർത്ഥികളെന്ന നിലക്ക് പങ്കെടുത്തുപോയാൽ അച്ചടക്ക നടപടി ഉണ്ടാവരുതെന്ന്.

എം.എസ്.എഫിന്റെ പ്രമേയം അന്ന് മൂന്ന് പത്രങ്ങൾ പ്രാമുഖ്യം നൽകി പ്രസീദ്ധീകരിച്ചു.ഒന്ന് ചന്ദ്രിക- നമ്മുടെ സ്വന്തം പത്രം ഏറ്റവും വലിയ മത്തങ്ങ തലക്കെട്ടിൽ മുൻ പേജിൽ പ്രസിദ്ധീകരിച്ചത് ദേശാഭിമാനി പത്രമായിരുന്നു. കമ്മ്യുണിസ്റ്റ് ഗവർമെണ്ടിനെതിരായ സമരത്തിൽ എം.എസ്എഫ് ഇല്ല. ലീഗ് തീരുമാനത്തോട് എം.എസ്.എഫിന്റെ എതിർപ്പ്.മൂന്നാമത്തെ പത്രം അന്ന് മദ്രാസിൽ നിന്ന് പുറപ്പെടുന്ന മെയിൻ എന്ന ഇംഗ്ലീഷ് ദിന പത്രമായിരുന്നു. ഹിന്ദു പത്രത്തെക്കാളും അന്ന് മലബാർ പ്രദേശത്ത് പ്രചാരമുണ്ടായിരുന്ന മെയിൽ പത്രത്തിലെ റിപ്പോർട്ടു എല്ലാവരും ശ്രദ്ധിച്ചു.

1959-ൽ വിമോചന സമരം മൂർഛിച്ചുകൊണ്ടിരിക്കെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു തിരുവനന്തപുരം സന്ദർശിച്ചു. ലീഗു നേതാക്കന്മാരെ കാണുവാൻ പണ്ഡിറ്റ്ജി ആഗ്രഹിച്ചു .സീതിസാഹിബും പോക്കർസാഹിബും ക്ഷണിക്കപ്പെട്ടു. അന്നു ഞാൻ എറണാകുളം ലോകോളേജ് വിദ്യാർത്ഥിയും സീതിസാഹിബുമായി നിരന്തര സമ്പർക്കത്തിലുമായിരുന്നു. എന്നെ പെട്ടെന്ന് ശിവരാമമേനോൻ റോഡിലെ വീട്ടിലേക്കു വിളിച്ചു പിറ്റേന്ന് തിരുവനന്തപുരത്തേക്ക് പുറപ്പെടുന്ന കാര്യം അറിയിച്ചു. അതോടൊപ്പം ഒരാവശ്യവും - എം.എസ്.എഫ്.സ്റ്റേറ്റ് കമ്മിറ്റി വിമോചന സമരത്തെ പറ്റിയെടുത്ത തീരുമാനം പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് പത്രം ഫയലിലുണ്ടോ

ഞാൻ അന്ധാളിച്ചുപോയി. അഞ്ചാറു മാസങ്ങൾക്ക് മുമ്പ് പത്രത്തിൽ വന്നതല്ലേ? അതിനു ശേഷം എന്തെല്ലാമുണ്ടായി മെയിൽ എന്ന ഇംഗ്ലീഷ് പത്രം എവിടെകിട്ടും. കോഴിക്കോട്ട് പബ്ലിക് ലൈബ്രറിയിൽ വരുത്താറുണ്ട് -ചന്ദ്രികയിലും പഴയ കോപ്പിയില്ലെ

അതു പറ്റില്ല നാളെ ഉച്ചക്കു മുമ്പ് കിട്ടാനുവുമോ

എനിക്ക് അപ്പോൾ എറണാകുളം ലോകോളജിൽ പത്രം കണ്ടതായി ഓർമ്മവന്നു. അടുത്തദിവസം അന്നത്തെ കോളജ് ലൈബ്രറിയിലുള്ള പ്യൂണിനോട് വിവരം പറഞ്ഞു പരിശോധനക്കൊടുവിൽ പത്രക്കെട്ടിൽ നിന്ന് മെയിൻ കിട്ടി. എം.എസ്.എഫിന്റെ റിപ്പോർട്ടുള്ള പത്രം കിട്ടിയപ്പോൾസീതിസാഹിബും സന്തോഷിച്ചു.

ഇതിന്റെ ആവശ്യം ഞാൻ തിരക്കി ആവശ്യമുണ്ട് എന്ന് മാത്രം പറഞ്ഞു അതദ്ദേഹം സ്വന്തം പെട്ടിയിൽ വെച്ചു.

രണ്ടുമൂന്ന് ദിവസം കഴിഞ്ഞു സീതിസാഹിബ് മടങ്ങിയെത്തിയപ്പോൾ നെഹ്റുവുമായി നടന്ന സംഭാഷണം വിവരിച്ചു. വിദ്യാർത്ഥികളെ റോഡിലിറക്കിയ കോൺഗ്രസിന്റെയും വിമോചന സമരക്കാരുടെയും നയം പ്രധനമന്ത്രി എതിർത്തപ്പോൾ സീതിസാഹിബ് പറഞ്ഞു. മുസ്സീംലീഗിന്റെ വിദ്യാർത്ഥി വിഭാഗം എം.എസ്എഫ് അതിനെതിരാണെന്ന്.കൂട്ടത്തിൽ ഇംഗ്ലീഷ് പത്രത്തിലെ റിപ്പോർട്ടും കാണിച്ചു കൊടുത്തു. പണ്ഡിറ്റ്ജി അതു താൽപര്യത്തോടെ വായിച്ചു നോക്കിയിട്ടു പ്രതികരിച്ചു. അത്രയും നല്ലത് സീതിസാഹിബ് തന്റെ സ്വന്തസിദ്ധമായ കുലുങ്ങിച്ചിരിയോടെ പറഞ്ഞുതന്നു അതിനാണ് ഞാൻ ആ പത്ര കട്ടിംഗിനായി ചോദിച്ചത്.

അതെ, സീതിസാഹിബ് ഏതുകാര്യവും തെളിവോടും കൂടി മാത്രമേ സംസാരിക്കാറുള്ളു.

25

ശ്രദ്ധേയമായ ക്ഷണക്കത്ത്

സീതിസാഹിബ് തലശ്ശേരിയിൽ താമസിച്ചിരുന്ന കാലം തലശ്ശേരി ജില്ലാ കോടതിക്കുടുത്തുള്ള അദ്ദേഹത്തിന്റെ വസതി രാഷ്ട്രീയ- സാമൂഹ്യ- വിദ്യാഭ്യാസ പ്രവർത്തികന്മാരുടെ കേന്ദ്രമായിരുന്നു. അദ്ദേഹം നടത്തുന്ന കേസുമായി ബന്ധപ്പട്ട ആളുകളും കക്ഷികളും അവിടെ തടിച്ചുകൂടി.എറണാകുളത്ത് ശിവരാമ മേനോൻ റോഡിൽ സീതിസാഹിബ് താമസിച്ചിരുന്ന കൊച്ചുഭവനും ജീവിതത്തിൽ വിവിധ രംഗങ്ങളിൽ അറിയപ്പെടുന്നവരുടെയും സാധരണക്കാരായ ലീഗ് പ്രവർത്തകന്മാരുടെയും സന്ദർശന കേന്ദ്രമായിരുന്നു 1948 കാലങ്ങളിൽ തലശ്ശേരിയിൽ സീതി സാഹിബിന്റെ വസതി മലബാർ ദക്ഷിണ കർണ്ണാടക പ്രദേശങ്ങളിൽ മുസ്ലീം ലീഗുകാരായ സഹപ്രവർത്തകന്മാരുടെ ആശയകളുടെയും ആശ്വാസസത്തിന്റെയും

കേന്ദ്രബിന്ദുവായിരുന്നു. സമുദായത്തിന്റെ സംഘടനയെ കടുത്ത എതിർപ്പുകൾ നേരിട്ടുകൊണ്ടു മുന്നോട്ടു നയിക്കുന്ന സീതിസാഹിബ് അഭിമുഖീകരിക്കേണ്ടിവന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ നിരവധിയായിരുന്നു.ത്യാഗബോധത്തിലധിഷ്ഠിതമായ കരുത്തു മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന കൈമുതൽ. ഹൈദരബാദ് കുഴപ്പകാലത്ത് ലീഗ് നേതാകന്മാരെ അറസ്റ്റ് ചെയ്തുകൊണ്ടിരുന്നപ്പോൾ ജയിലിറയിലേക്കുള്ള ദിവസവും കാത്തു അദ്ദേഹം കഴിഞ്ഞുകൂടി.

ഒരിക്കൽ അദ്ദേഹത്തിന്റെ തലശ്ശേരിയിലുള്ള തലശ്ശരിയിലുള്ള വീട്ടിൽ ഒരു പോലീസ് ഓഫീസിൽ ജീപ്പിൽ നിന്നിറങ്ങിയ രംഗം സീതിസാഹിബിന്റെ രാഷ്ട്രീയ പ്രവർത്തന ചരിത്രത്തിലെ മായാത്ത ഒരു സംഭവമാണ്.

പെട്ടെന്ന് പോലീസ് ഓഫീസിൽ വീട്ടിൽ കടന്നുവന്നപ്പോൾ ചാരുകസേരയിലിരുന്നു ചില കടലാസുകൾ വായിച്ചുക്കൊണ്ടിരുന്ന സീതിസാഹിബ് പറഞ്ഞു.

ഇരിക്കും ഞാൻ ഉടൻ വരാം. വസ്ത്രം ഒന്ന് മാറ്റണം അധികം താമസിക്കുകയില്ല ഇതുകേട്ട പോലീസുദ്യോഗസ്ഥൻ ചോദിച്ചു. സീതിസാഹിബ് അങ്ങ് എന്താണ് പറയുന്നത്?എനക്ക് മനസ്സിലാവുന്നില്ല....

അപ്പോൾ സീതിസാഹിബ് പുഞ്ചിരിതൂകിക്കൊണ്ടു തുടർന്നു എന്നെ അറസ്റ്റ് ചെയ്യാൻ വന്നതല്ലേ ഞാൻ അതു കാത്തുനിൽക്കുകയാണ് വസ്ത്രം മാറി വന്നേക്കാം.

ഇതുകേട്ടു പോലീസ്ദ്യോഗസ്ഥൻ പൊട്ടിച്ചിരിച്ചു.ഞാനിതിലെ കടന്നു പോകുമ്പോൾ എന്റെ ജീപ്പ് തകരാറ്. പോലീസ് സ്റ്റേഷനിൽ ഫോൺ ചെയ്തു മറ്റൊരു ജീപ്പ് അയക്കാൻ പറയണം. ഈ അടുത്തു ടെലിഫോൺ ഈ വീട്ടിൽ മാത്രമേയുള്ളൂ. അതുകൊണ്ടാണ് ഇങ്ങോട്ടു വന്നത്.

സീതി സാഹിബ് തലശ്ശേരിയിൽ രോഗബാധിതനായി കിടപ്പിലായപ്പോൾ അന്നത്തെ മദ്രാസ് സംസ്ഥാനത്തിലെ മന്ത്രിമാരും എം.എൽ.എ.മാരും ഉദ്യോഗസ്ഥന്മാരുമായി ഒട്ടേറെ പേർ അദ്ദേഹത്തെ സന്ദർശിക്കാൻ വന്നിരുന്നു. അന്ന് മദ്രാസ് ഗവൺമെന്റിലെ പ്രമുഖനും വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന സി. സുബ്രഹ്മണ്യം സീതിസാഹിബിനെ കാണാൻ വേണ്ടി മാത്രം മദ്രാസിൽ നിന്നും തലശ്ശേരിയിലെത്തി. സുബ്രമഹ്മ്യവുമായി കഴിച്ചുകൂട്ടിയ സമയം തലശ്ശേരി ഗവ. ബ്രണ്ണൻ കോളജിൽ ഡിഗ്രി ക്ലാസിൽ ഉർദു ഭാഷാ പഠനത്തിന് അംഗീകാരം നൽകണമെന്ന് അഭ്യാർത്ഥിക്കാൻ സീതി സാഹിബ് മറന്നില്ല.

എറണാകുളം ശിവരാമ മേനോൻ റോഡിലുള്ള വസതിയിൽ സീതിസാഹിബ് താമസം തുടങ്ങിയ ശേഷം അദ്ദേഹത്തിന് എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതിൽ ബാഫഖി തങ്ങൾ പത്യേകം ശ്രദ്ധവെച്ചിരുന്നു. ഇടക്കിടെ എറണാകുളത്തെത്തുന്ന ബാഫഖി തങ്ങളുടെ ആദ്യത്തെ പരിപാടി സീതിസാഹിബുമായുള്ള കൂടിക്കാഴ്ചയായിരിക്കും. കഴിയുന്നതു ലഞ്ച് ഡിന്നർ എന്നീ സദ്യകൾ രണ്ടുപേരും ഒഴിവാക്കും. സീതിസാഹിബിന് ഭക്ഷണത്തിലുള്ള നിയന്ത്രണങ്ങളും. ബാഫഖി തങ്ങൾ ഇഷ്ടപ്പെടുന്ന വിവങ്ങൾ തയ്യാറാക്കാൻ സീതിസാഹിബിന്റെ വീട്ടിലുള്ള പരിമിതികളും കണക്കിലെടുത്തു ബാഫഖി തങ്ങൾ ഈ കാര്യത്തിൽ ആദ്യം തന്നെ മാപ്പാക്കാൻ പറയും.

1957-ലെ കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് എം.എൽ. ഗോവിന്ദൻ നായർ, വി.ആർ. കൃഷ്ണയ്യർ ടി.എ. മജീദ് എന്നീ മന്ത്രിമാരും ഉന്നതരായ പല ഉദ്യോഗസ്ഥന്മാരും സീതി സാഹിബിനെ സന്ദർശിക്കാറുണ്ടായിരുന്നു കമ്മ്യൂണിറ്റ് ഗവൺമെന്റിന്റെ കാലത്ത്, പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ ഒരു മുസ്ലിം അംഗത്തെ നിയമിക്കുന്നതിനെ സംബധിച്ച് അന്ന് മന്ത്രിമാരായിരുന്ന കൃഷ്ണയ്യർ സീതിസാഹിബിന്റെ അഭിപ്രായം തേടിയതും. മർഹും സി.ഒ.ടി കുഞ്ഞിപ്പക്കി സാഹിബിന്റെ പേര് സീതിസാഹിബ് അഭിപ്രായപ്പെട്ടതും അന്നെല്ലാവർക്കും അറിയാവുന്ന വസ്തുവായിരുന്നു. കുഞ്ഞിപ്പക്കിസാഹിബിനെപ്പറ്റി സീതിസാഹിബിന് വലിയ ബഹുമാനമായിരുന്നു. വിദ്യാഭ്യാസരംഗത്ത് വളരെ പിന്നണിയിലായിരുന്ന മലപ്പുറത്ത് ഗവ. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി കുഞ്ഞിപ്പക്കി സാഹിബ് ചെയ്ത സേവനം സീതതിസാഹിബ് ഇടക്കിടെ അനുസ്മരിക്കുന്നു. അന്ന് മലബാർ പ്രദേശത്തെ അറിയപ്പെചടുന്ന ഏറ്റവും നല്ല അച്ചടക്കവും നിലവാരവും നിലനിർത്തിയ ഒരു ഹൈസ്കൂൾ ആയിരുന്നുവെന്നും അന്ന് അതൊരു ത്യാഗമായി പരിഗണിച്ചു കുഞ്ഞിപ്പക്കി സാഹിബ് ചെയ്ത സേവത്തിന് അല്ലാഹുവിന്റെ പ്രതിഫലം വരുതായിരിക്കുമെന്നും സീതിസാഹിബ് പറയാറുണ്ടായിരുന്നു.

1959-ൽ വിമോചന സമരത്തിൽ മുസ്ലിംലീഗ് പങ്കുചേരണമെന്ന വാദം ഒറുപാട് ചർച്ചകൾക്ക് ശേഷമാണ് അംഗീകരിച്ചത്. സീതിസാഹിബും പോക്കർ സാഹിബും അംഗീകരിക്കുംവരെ ബാഫഖി തങ്ങൾ അക്കാര്യം അംഗീകരിച്ചില്ല. അന്ന് മുസ്ലിംലാഗിന്റെ നയരൂപികരണത്തിന്റെ അണിയറ ശിൽപികൾ സി.കെ. ചെറിയമ്മുകേയി സാഹിബും, സയ്യിദ് ഉമർ ബാഫഖി തങ്ങളും ബി.വി. അബ്ദുല്ലകോയ സാഹിബും സി.എച്ച്. മുഹമ്മദ്കോയ സാഹിബുമായിരുന്നു. നിയമസഭയിലും പൊതുയോഗത്തിലും സി.എച്ച്. ചെയ്ത ഉജ്ജ്വല പ്രസംഗങ്ങൾ സീതിസാഹിബിനെ വളരെ സന്തോഷിപ്പിച്ചിരുന്നു.

വിമോചനസമരത്തിൽ മുസ്ലിംലീഗ് ചേരുകയും വിദ്യാർത്ഥി സംഘടനയയായ എം.എ.എസ്.എഫ്.

ചേരാതിരിക്കുകയും ലീഗ് നേതാക്കന്മാർ അറസ്റ്റ് വരിക്കുകയും വിദ്യാർത്ഥി നേതാക്കന്മാർ അറസ്റ്റ് വരിക്കാതിരിക്കുകയും ചെയ്യുന്ന നയം സീതിസാഹിബ് സ്വീകരിച്ചപ്പോൾ ആരും അതിനെതിരായി ഒരക്ഷരം ശബ്ദിച്ചില്ല. സീതിസാഹിബ് പറയുന്നതിന് ചെയ്യുന്നതിനും സമുദായ താൽപര്യത്തിന്റെ അടിസ്ഥാനത്തിൽ താത്ത്വികമായും പ്രവത്തനപരമായും ന്യായീകരണമുണ്ടായിരിക്കും. അന്ന് ഡൽഹിയിൽ ആചാര്യകൃപലാനിയുടെ അദ്ധ്യക്ഷതയിൽ കോൺസ്റ്റിറ്റ്യൂഷൻ ഹാളിൽ വെച്ചു നടക്കുന്ന സർവ്വകക്ഷി സമ്മേളനത്തിന് ലീഗ് പ്രതിനിധിയെ അയക്കാൻ സീതിസാഹിബിന്ന് ക്ഷണത്തിന് ലഭിച്ചു. സീതിസാഹിബ് സി.എച്ചിന്റെ പേര് നിർദ്ദേശിച്ചു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ദുർഭരണത്തിന്റെ തിരായി ജനാധിപത്യകക്ഷി നേതാക്കന്മാരുടെ ഡൽഹി യോഗത്തിന് മുസ്ലിംലീഗിന് കിട്ടിയ ആദ്യത്തെ അംഗീകരിമായിരുന്നു ആ ക്ഷണക്കത്ത്.

സി.എച്ച്. ഡൽഹിക്ക് പോകാനായി എറണാകുളത്തെത്തി. തലേനാൾ എറണാകുളത്ത് ജനാധിപത്യ കക്ഷികളുടെ വിമോചന സമരം. നിയമലംഘനം നടത്തി മുസ്ലിംലീഗിന്റെ പ്രതിനിധികളും അറസ്റ്റ് വരിച്ചു. മുസ്ലിംലീഗ് നേതാക്കന്മാരുടെ ഇബ്രാഹിം സുലൈമാൻ സേട്ടുവും അബ്ദുല്ല ഹാജി അഹമ്മദ് സേട്ടുവും അറസ്റ്റ് വരിച്ചവരിൽ ഉൾപ്പെടും ഈ രണ്ടു ലീഗ് നേതാക്കന്മാരെയും എറണാകുളം കോമ്പാറ പോലീസ് സ്റ്റേഷൻ ലോക്കപ്പിലാണ് താമസിപ്പിച്ചിരുന്നത്. സീതിസാഹിബിന്റെ നിർദ്ദേശാനുസരണം രാവിലെ സി.എച്ചി.നെയും കൂട്ടി ഞാൻ കോമ്പാറ പോലീസ് സ്റ്റേഷനിലെത്തി. ഇബ്രാഹിംസുലൈമാൻ സേട്ടു സാഹിബിനെയും അബ്ദുല്ല ഹാജി അഹമ്മദ് സേട്ടു സാഹിബിനെയും കണ്ടു. രണ്ടുപേരും നല്ല ആരോഗ്യവാന്മാരായിത്തന്നെ കണ്ടപ്പോൾ സി.എച്ചും ഞാനും വളരെ സന്തോഷിച്ചു.

അന്ന് കോമ്പാറ പോലീസ് സ്റ്റേഷൻ വരാന്തയിലിരുന്നു സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ പുറത്തു വലിയ വിദ്യാർത്ഥി പ്രക്ഷോഭജാഥ കടന്നു പോവുകയായിരുന്നു. ജാഥാംങ്ങൾ ചിലർ പോലീസ് സ്റ്റേഷനികത്തേക്കു. എത്തിനോക്കിയപ്പോൾ സേട്ടു സാഹിബ് പറഞ്ഞു. സി.എച്ചിന്റെ തൊപ്പി കണ്ടാൽ വിദ്യാർത്ഥികൾക്ക് ആളെ മനസ്സിലാകും. അവർവിചാരിക്കും സി.എച്ചിനെയും അറസ്റ്റ് ചെയതെന്ന്. പിന്നെ അവർ പോലീസ് സ്റ്റേഷനിലേക്കു വരും ഈ ഫലിതത്തിൽ അവിടെ നിൽക്കുകയായിരുന്ന പോലീസുകാരും ചേർന്നു. സി.എച്ച്. പോലീസുകാരോടും തമാശയായി പറഞ്ഞു. ഇവർ രണ്ടാളെയും ഇപ്പോൾ ഇറക്കി വിട്ടാൽ പോകുന്ന ജാഥയിൽ ചേർന്നു വീണ്ടും അറസ്റ്റ് വരിക്കും എല്ലാവരും ഫലിതത്തിൽ പങ്കുചേർന്നു.

സീതിസാഹിബന്റെ വീട്ടിലേക്ക് തിരിച്ചു പോകുന്നതിനിടക്ക് സി.എച്ച്. പറഞ്ഞു. അറസ്റ്റ് വരിക്കാൻ നേതാവ് തന്നെ (സീതിസാഹിബിനെ ഉദ്ദേശിച്ച്) അനുമതി നൽകിയല്ലോ ഇനി എല്ലാവർക്കും ആവാം..

ഞാൻ ചോദിച്ചു എനിക്കോ...?

സി.എച്ച് സാഹിബിന്റെ വീട്ടിലെത്തി ഞങ്ങൾ ആദ്യം കോമ്പാറ പോലീസ് സ്റ്റേഷൻ സന്ദർശനമാണ് വിവരിച്ചത്. അപ്പോൾ സീതിസാഹിബ് സരസമായി പറഞ്ഞു. കിക്കിസേട്ടു ചോദിച്ചു. അന്ന് എറണാകുളത്തെ പൗരപ്രമുഖൻ വർത്തക പ്രമാണി) നമ്മുടെ തടവുകാർ എപ്പോൾ പുറത്തുവരുമെന്ന് കുറച്ചു വിശ്രമിക്കാൻ കിട്ടിയ അവസരമല്ലെ, കുറച്ചു കയിയട്ടെ എന്ന് പറഞ്ഞപ്പോൾ അദ്ദേഹം ചോദിക്കുകയാണ്, പുറത്തു വന്നാൽ വീണ്ടും ഇത് തുടരേണ്ടിവരുമോ. എന്ന്. ചിരിച്ചുകൊണ്ടേയിരുന്ന സീതിസാഹിബ് പറഞ്ഞു. ഈ വിമോചന സമരം കൊണ്ടു കേന്ദ്രം കമ്മ്യുണിസ്റ്റ് ഭരണത്തെ പിരിച്ചുവിട്ടില്ലെങ്കിൽ കിക്കിസേട്ടു പറഞ്ഞതുപോലെ തന്നെ വേണ്ടിവരും.

ഡൽഹി യോഗത്തെപ്പറ്റി അരമണിക്കൂറിലധികം ചർച്ച നടന്നു. ഡൽഹിയിലെ യോഗത്തിൽ പല പ്രഗൽഭരും പങ്കെടുക്കുന്നുണ്ട്. പ്രധാനമായും കോൺഗ്രസ്സും പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയും. ജനാധിപ്ത്യ കക്ഷികളുടെ അഖിലേന്ത്യാ യോഗം വിളിച്ചുകൂട്ടിയ ആചാര്യ കൃപലാനി, എ.ഐ.സി.സി. സെക്രട്ടറി സാദിഖലി, പ്രജാ സോഷ്യലിസ്റ്റ് പാർട്ടി നേതാവ് അശോക്മേത്ത തുടങ്ങിയവരുടെ കൂട്ടത്തിലാണ് സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലാദ്യമായിമുസ്ലിം ലീഗിന്റെ പ്രിതിനിധിയായി സി.എച്ച് മുഹമ്മദ്കോയയും പങ്കെടുക്കുന്നത്. സീതിസാഹിബ് ഇതൊക്കെ പറഞ്ഞുകൊണ്ടിരുന്നപ്പോൾ എന്തോ
അവാച്യമായ ഒരു ആനന്ദം അദ്ദേഹം അനുഭവിക്കുന്നതായി ഞങ്ങൾക്ക് രണ്ടുപേർക്കും തോന്നി സി.എച്ച് പറഞ്ഞു. ഇതൊക്കെ പറയുന്ന സമയം സീതിസാഹിബിന്റെ മുഖം ശ്രദ്ധിച്ചിവോ? കണ്ണിലെ തിളക്കം, മുഖത്തെ പ്രസന്നത, എന്തൊരു സന്തോഷം അല്ലേ...?

ഞങ്ങൾ രണ്ടുപേരും എറണാകുളം വിമാനത്തിവളത്തിലേക്കാണ് തിരിച്ചത്. സി.എച്ച് ബോബെ വഴി ഡൽഹിയിലേക്ക്. സി.എച്ചിന്റെ കമന്റ് കേട്ടപ്പോൾ ഞാൻ ചോദിച്ചു: സീതിസാഹിബ് അവസാനം പറഞ്ഞ വാക്കുകൾ ശ്രദ്ധിച്ചില്ലേ...? ഡൽഹി യോഗത്തിൽ മുസ്ലിംലാഗ് പ്രതിനിധി എന്ന് വിളിക്കുമ്പോൾ ചിലരുടെ മുഖം ചുളിയും മുസ്സിംലീഗ് ആദ്യം അവർക്ക് കയ്പായിരിക്കും പിന്നീട് മധുരിക്കും എന്ന് പറഞ്ഞത് ശ്രദ്ധിച്ചുവോ...?

26 കുറ്റിപ്പുറത്ത് തിളക്കമാർന്ന വിജയം

വിമോചന സമരം മൂർഛിച്ചിരുന്ന കാലത്ത് സീതിസാഹിബിന്റെ വസതി എന്നും നേതാക്കളെക്കൊണ്ട് നിറഞ്ഞിരുന്നു. കോൺഗ്രസ് നേതാക്കൻമാരായ പനമ്പിള്ളി ഗോവിന്ദമേനോൻ, ആർ. സങ്കർ, കെ.എ. ദാമോദര മേനോൻ, എൻ.എസ്.എസ്. നേതാവ് വിമോചന രംഗത്ത് നേതൃനിരയിൽ മുന്നണിയിലുണ്ടായിരുന്ന മന്നത്ത് പതമനാഭൻ, പട്ടംതാണുപിള്ള,പൊന്നറ ശ്രീധരൻ , പി.ടി ചാക്കോ, കെ.എം. ജോർജ് എന്നിങ്ങനെ എല്ലാ വിഭാഗത്തിൽപ്പെട്ട നേതാക്കൻമാരും ശിവരാമമേനോൻ റോഡിലുള്ള ആ കൊച്ചു വസതിയിൽ വന്നുംപോയിരക്കൊണ്ടിരിന്നു.

പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കേരളാ സന്ദർശനത്തിനു ശേഷം വിമോചന സമരം രൂക്ഷമായി. എം.ഐ.സി.സി.യുടെ അന്നത്തെ പ്രസിഡണ്ട് ഇന്ദിരാഗാന്ധി തന്നെ സമരത്തിന്റെ ഗതി നിയന്ത്രിക്കുന്നുണ്ടായിരുന്നു. ഇതിനിടയിൽ 1959 ജൂലൈ 31ന് കേന്ദ്ര സർക്കാർ ഇ.എം.എസ്.മന്ത്രിവിട്ടു. അതിനെതിരായി പ്രക്ഷോഭവുമുണ്ടായി. രാമകൃഷ്ണറാവുവിന്റെ നേതൃത്വത്തിലുള്ള ഭരണം സ്ഥിതി സാധാരണ നിലയിലാക്കി.കേരള ജനത ഇടക്കാല തെരഞ്ഞെടുപ്പ് കാത്തിരിക്കുകയായി. മുസ്ലീംലീഗിന്റെ നയരൂപീകരണത്തിന്റെ താക്കോൽ ബാഖഫി തങ്ങളും ഇസ്മാഈൽ സാഹിബും സീതിസാഹിബിന്റെ കരങ്ങളിൽ തന്നെ ഏൽപ്പിച്ചു.

ആയിടക്ക് രാഷ്ട്രീയ ചർച്ചകൾക്കായി കോൺഗ്രസ്സ് നേതൃത്വം ലാൽബഹദൂർ ശാസ്ത്രിയെ നിയോഗിച്ചു. നെഹ്റു ഗവർമെന്റിൽ പ്രധാനമന്ത്രിയെ കഴിഞ്ഞാൽ പ്രമുഖർ അദ്ദേഹമായിരുന്നു.ലാൽബഹദൂർ ശാസ്ത്രി എറണാകുളം ഗസ്റ്റ്ഹൗസിൽ വെച്ചു ലീഗ് നേതാക്കളെ കാണാൻ പരിപാടിയിട്ടു.പോക്കർ സാഹിബ് എംപിയും സീതിസാഹിബുമാണ് ശാസ്ത്രിയെ കാണാൻ നിയോഗിക്കപ്പെട്ട ലീഗ് പ്രതിനിധികൾ. എറണാകുളം ഗസ്റ്റ്ഹാസിൽ ഒന്നാം നിലയിലായിരുന്നു ശാസ്ത്രി താമസിച്ചിരുന്നത്. പോക്കർസാഹിബ് ശാസ്ത്രിയെ കണ്ടു സീതിസാഹിബ് ആരോഗ്യപരമായ കാരണത്താൽ മുകളിൽ കയറാനാവില്ലെന്നറിയിച്ചപ്പോൾ ശാസ്ത്രി ഗസ്റ്റ്ഹൗസിൽ താഴെയിറങ്ങി വന്നു. സീതിസാഹിബിനെ തൊട്ടടുത്ത മുറിയിൽ കൂട്ടിക്കൊണ്ടുപോയി, കേരള പ്രദേശ് കോൺഗ്രസ്സ് പ്രിസിഡണ്ടായിരുന്ന ആർ.ശങ്കറും,കെ.പി.സി.സി. സെക്രട്ടറി മസ്തഫഗനി റാവുത്തറും സീതിസാഹിബിന്റെ ക്ലർക്ക് മുഹമ്മദ് എന്ന് വിളിക്കുന്ന അഹമ്മദും ഞാനും പുറത്തിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പനമ്പിള്ളി ഗോവിന്ദമേനോനും കേന്ദ്രമന്ത്രിയായിരുന്ന എ.എം. തേമസും വന്നെത്തി. ചർച്ച കഴിഞ്ഞു മുറിയിൽ നിന്ന് പുറത്തിറങ്ങാറായ ശാസ്ത്രി പനമ്പിള്ളിയെ കണ്ടപ്പോൾ അകത്തേക്കു വിളിച്ചു. വീണ്ടും വാതിലടച്ചു. അഞ്ചുമിനുട്ട് കഴിഞ്ഞപ്പോൾ ആർ.ശങ്കർ ഉൾപ്പെടെ പുറത്തുള്ളവരെയെല്ലാം അകത്തേക്കു വിളിച്ചു. ലാൽബഹദൂർ ശാസ്ത്രി ലീഗ് നേതാക്കൻമാരെ യാത്രയാക്കുമ്പോൾ പറഞ്ഞു. നമുക്ക് ഒന്നിച്ചു പോകാം പോക്കർസാഹിബ് പ്രതിവചിച്ചു. നുംക്കും അതാണാവശ്യം ചിരിച്ചുകൊണ്ട് സീതിസാഹിബ് നമുക്ക് നല്ലതു പ്രതീക്ഷിക്കാം

തെരഞ്ഞെടുപ്പിന്റെ മൂർദ്ധന്യത്തിൽ കുറ്റിപ്പുറത്തെ മുസ്ലീംലീഗ് സ്ഥാനാർത്ഥിയായി മത്സരം രംഗത്തിറങ്ങാൻ നിർബന്ധിതനായ സീതിസാഹിബ് വെറുതെ ഇരുന്നില്ല. ബോംബെയിൽ നിന്ന് കേരളത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയ ഹാജി നൂർ മുഹമ്മദ് അഹമ്മദ്സാഹിബിന്റെറ പരിപാടി വിജയപ്രദമാക്കാനുള്ള നിർദ്ദേശങ്ങൾ ലീഗിന്റെയും കോൺഗ്രസ്സിന്റെയും നേതാക്കൻമാരോട് പ്രത്യേകം ഫോണിൽ വിളച്ചറിയിച്ചു. ഹാജിസാഹിബ് എറണാകുളത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെറ പത്രസമ്മേളനത്തിൽ സീതിസാഹിബും പങ്കെടുത്തു. അന്ന് എറണാകുളം ടി.ബി.യിൽ ഏർപ്പെടുത്തിയ പത്രസമ്മേളനത്തിൽ വലിയൊരു കൂട്ടം പത്രലോഖകൻമാർ സംബന്ധച്ചു. മുസ്ലീംലീഗിന്റെ മഹാരാഷ്ട്ര കമ്മിറ്റി പ്രസിഡണ്ടും ഇന്ത്യൻ യൂനിയൻ മുസ്ലീംലീഗിന്റെ ചുക്കാൻ പിടിക്കുന്ന സീതിസാഹിബിനോടു ബഹുമാനമുള്ള അദ്ദേഹത്തെ വ്യക്തിപരമായി അറിയുന്ന ചില പത്രലേഖകൻമാർ, ഒരു ചോദ്യത്തിലൂടെ അദ്ദേഹത്തെ ഒന്ന് തട്ടിനോക്കി.ചോദ്യം മറ്റൊന്നുമായിരുന്നില്ല.

അന്ന് കേരള അസംബ്ലിയിലേക്ക് നടക്കുന്ന മത്സരത്തിൽ ആലുവയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥി എം.എം. അബ്ദുൽഖാദർസാഹിബിനായിരുന്നു. എതിർക്കുന്നത് കോൺഗ്രസ് സ്ഥാനാർത്ഥി ടി.ഒ. ബാവസാഹിബും.സീതിസാഹിബിന്റെ മരുമകൻ(മകളുടെ ഭർത്താവ്) ആയിരുന്നു. എം.എം.അബ്ദുൽഖാദർ.സീതിസാഹിബും അബ്ദുൽഖാദറും രാഷ്ട്രീയമായി രണ്ടു മുന്നണികളിലാണ്. പത്രലേഖൻമാരുടെ നേതാവായിരുന്ന എം.പി. കൃഷ്ണപിള്ള ഒരു അഴകൊഴമ്പൻ രൂപത്തിൽ എന്നാൽ കാര്യമാത്ര പ്രസക്തമായും ചോദിച്ചു. ഏതായാലും ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ നിയമസഭയിൽ അങ്ങേക്കു സ്വന്തം കുടുംബത്തിൽ നിന്നുതന്നെ കൂട്ടിന് ഒരാളെ കിട്ടുമല്ലോ. ഇതു പറഞ്ഞുതീരും മുമ്പ് സീതിസാഹിബിന്റെറ വക അതെ, ആലുവായിൽ നിന്ന് ടി.ഒ.ബാവസാഹിബ് എന്റെറ കൂട്ടിനുണ്ടാവും സീതിസാഹിബിന്റെറ മറുപടി അവിടെ കൂടിയിരിക്കുന്നവരോട് മുഴുവൻ പൊട്ടിച്ചിരിപ്പിച്ചു. തുടർന്നു പെരുന്ന തോമസും ഒരു കുസൃതി ചോദ്യം എടുത്തിട്ടു ഇനി അങ്ങ് അങ്ങയുടെ മണ്ഡലത്തിൽ മാത്രമേ തെരഞ്ഞടുപ്പ് പ്രചാരണം നടത്തുന്നുള്ളൂ.... അല്ലേ...?

അപ്പോഴേക്കും മറുപടി വന്നു. നാളെ ആലുവാ നിയോജക മണ്ഡലത്തിൽ എന്റെ സഹപ്രവർത്തക (നൂർമുഹമ്മദ് അഹമദ് സാഹിബിനെ ചൂണ്ടിക്കാണിച്ചുകൊണ്ട്) നോടൊപ്പം ബാവസാഹിബിനെ വേണ്ടി പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കും. മറ്റന്നാൾ വളാഞ്ചേരിയിലേക്കും പോകും.

(എം.എം. അബ്ദുൽഖാദറിനെതിരായി തെരഞ്ഞെടുപ്പ് യോഗങ്ങളിൽ സീതിസാഹിബ് പങ്കുടുക്കുകയില്ലെന്ന് അന്ന് ആലുവാ-എറണാകുളം ഭാഗങ്ങളിൽ ചില തൽപര കക്ഷികൾ പ്രചാരണം അഴച്ചുവിട്ടിരുന്നു. ഇത് ഖണ്ഡിക്കുകയായിരുന്നു സീതിസാഹിബിന്റെ ഉദ്ദേശ്യം)

1957 ൽ നടന്ന തെരഞ്ഞടുപ്പിൽ കോഴിക്കോട് പാർലമെന്റ് നിയോജക മണ്ഡലത്തിൽ മത്സരിച്ച സീതിസാഹിബിന് ഏറ്റ പരാജയം സംഘടനയുടെയും സമുദായത്തിന്റെയും മനസ്സിൽ നിന്ന് മാഞ്ഞുപോയിരുന്നില്ല. 1957-ൽ പി.എസ്.പി.യിലെ ഡോക്ടർ കെ.ബി.മേനോനും മുസ്ലീംലീഗിലെ കെ.എം.സീതിസാഹിബും കൂടിയുണ്ടാക്കിയ പി.എ.സ്.പി.- മുസ്ലീംലീഗ് സഖ്യം 1957 ജനിവരി 22ന് എറണാകുളത്തു വെച്ച് ചേർന്ന മുസ്ലീംലീഗ് പാർലമെന്ററി പാർട്ടി അംഗീകരിച്ചു. ഈ തെരഞ്ഞെടുപ്പിൽ മുസ്ലീംലീഗിന് 8 നിയമസഭാ സീറ്റുകളും ലോക്സഭയിലേക്ക് ഒരു സീറ്റു പോക്കർസാഹിബ് മഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്നും നേടി. വടകര പാർലമെന്റ് സീറ്റ് ഡോ. കെബി. മേനോൻ പിടിച്ചെടുത്തു. അന്ന് മുസ്ലീംലീഗ്- പി.എസ്.പി. സഖ്യമുണ്ടായിരുന്നില്ലെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കേവല ഭൂരിപക്ഷം ലഭിക്കുമായിരുന്നു.1957 ൽ ഇ.എം.എസ്. അന്ന്.മന്ത്രിസഭ രൂപികരിച്ചത് സഹയാത്രികരായ സ്വതന്ത്രൻമാരുടെ പിന്തുണ നേടിയിട്ടായിരുന്നു. കോൺഗ്രസും മുസ്ലീംലീഗും പി.എസ്.പി.യും കൂടിച്ചേർന്ന് മത്സരിച്ചെങ്കിൽ ഒന്നാം കേരള നിയമസഭ കോൺഗ്രസിന് നഷ്ടപ്പെടില്ലായിരുന്നു. 1960ൽ കോൺഗ്രസ് നഷ്ടപ്പെടില്ലായിരുന്നു. 1960ൽ കോൺഗ്രസും ലീഗും പി.എസ്.പി.യുമായി ചേർന്നു. ഭരണം കരസ്ഥമാക്കി. കുറ്റിപ്പുറം നിയോജക മണ്ഡലത്തിൽ നിന്ന് സീതിസാഹിബിന് തകർപ്പൻ വിജയം നൽകാൻ അണികൾ ആവശത്തോടെ രംഗത്തിറങ്ങി. പോൾ ചെയ്തി വോട്ടുകളിൽ എഴുപത് ശതമാനം സീതിസാഹിബിന് ലഭിച്ചു.

തെരഞ്ഞെടുപ്പിൽ സോഷ്യലിസ്റ്റ് നേതാവ് അശോകമേത്ത ഉദ്ദരിച്ച ത്രിവേണി സമഗമം- കോൺഗ്രസ്-പി.എസ്.പി.-മുസ്ലീംലീഗ് ജനാധിപത്യ മുന്നണി വമ്പിച്ച വിജയം നേടി.കോൺഗ്രസിന് കേവല ഭൂരിപക്ഷവും ലഭിച്ചു കേവല ഭൂരിപക്ഷം ലഭച്ചതോടെ കോൺഗ്രസിന്റെ മനോഭാവത്തിൽ ചെറിയൊരു മാറ്റം കണ്ടുതുടങ്ങി. മാറ്റത്തിന് പ്രധാനകാരണം. ചില ഹൈക്കമാണ്ട് നേതാക്കൻമാരായിരുന്നു.കേരളത്തിലെ ജനങ്ങൾ ഈ മൂന്നു പാർട്ടികളും ഒന്നിച്ചു ഭരിക്കണമെന്നാഗ്രഹിച്ചു, ജനങ്ങളുടെ ആഗ്രഹത്തേക്കാളുപളുപരി.കോൺഗ്രസിന്റെ അന്നത്തെ ഹൈക്കമാണ്ട് നോതാക്കൻമാരുടെ ലീഗ് വിരോദമായിരുന്നു കോണ്ഡഗ്രസിനെ നയിച്ചത്. ലീഗിനെ ഒഴിവാക്കിയുള്ള ഒരു ഗവൺമെന്റാണ് അവർ ലക്ഷ്യം വെച്ചത്.പി.എ.സി.പി. കോൺഗ്രസ്സിന്റെ ഈ നീക്കത്തെ ശകിതമായി എതിർത്തു.

കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ പുറത്താക്കി വാശിയോടെ തെരഞ്ഞെടുപ്പ് നടന്ന് ഭൂരിപക്ഷം കിട്ടിയിട്ടും ഒരു മന്ത്രിസഭയുണ്ടാക്കാനാവാത്ത സാതംഭനാവസ്ഥ എല്ലാവരുടെയും പ്രതിഷേധത്തിനും അമർഷത്തിനും ഇടവരുത്തി.

മുസ്ലീംലീഗിനെ മന്ത്രിസഭയിൽ ഉൾപ്പെടുത്തുന്നതിൽ ചില ഹൈക്കമാണ്ട് നേതാക്കൻമാരുടെ എതിർപ്പും ലീഗിനെ ഒഴിവാക്കിയാൽ കേരളത്തിലെ ജനങ്ങളുചെ എതിർപ്പും അന്നത്തെ ഏറ്റവും പ്രധനപ്പെട്ട ദേശീയ വാർത്തയായിരുന്നു. മന്ത്രിസഭാ രൂപീകരണത്തിന്റെ സങ്കീർണ്ണ പ്രശ്നങ്ങൾ ആലോചക്കാനും കൂടിയാലോചന നടത്താനും സന്ദർഭം. മുസ്ലിംലീഗിലെ മുന്ന് തലമുതിർന്ന നേതാക്കൻമാർ- ബാഫഖിതങ്ങൾ, സീതിസാഹിബ്, പോക്കർസാഹിബ്- ഒരു ദിവസം രാവിലെ ബാഫഖിതങ്ങൾ താമസിച്ചിരുന്ന മുറിയിൽ ഒത്തുചേർന്നു. സുബ്ഹി നമസ്കാരം കഴ്ച്ചു അവിടെ ഒത്തുകൂടിയ നേതാക്കൻമാർ ഒരു തീരുമാനമെടുത്തു.മുസ്ലിംലീഗ് മന്ത്രിസഭയിൽചേരുന്നില്ല. കോൺഗ്രസ്സും പി.എസ്.പി.യും കൂടിച്ചേർന്ന് ഭരിച്ചുകൊള്ളട്ടെ. ഇസ്മാഈൽ സാഹിബുമായി സംസാരിച്ച ശേഷം ഈ വിവരം സീതിസാഹിബ് അന്നത്തെ ഗവർണ്ണർ രാമകൃഷ്ണറാവുവിനെയും അദ്ദേഹം പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെയും അറിയിച്ചു. രാഷ്ട്രീയ രംഗത്ത് ആശ്വാസവും രാഷ്ട്രീയ സ്തംഭനം ഒഴിവായതിലനുള്ള സന്തോഷവും പലർക്കുമുണ്ടായി. മുസ്ലീംലീഗിൽ വലിയൊരു വിഭാഗത്തിൽ കടുത്ത അമർഷമുണ്ടായി. എന്നാൽ രണ്ടു കാരണങ്ങൾ കൊണ്ട് അത പുറത്തുകാണിച്ചില്ല. ഒന്ന് മുസ്ലീംലീഗ് നേത്യത്വത്തിലുള്ള അപാരമായ വിശ്വാസവും സംഘടനയുടെ അച്ചടക്കത്തെക്കുറിച്ചുള്ള ഉറച്ച ബോധവും രണ്ടാമത്തേത് ഒരു മുസ്ലീംലീഗുകാരൻ കേരള നിയമസഭയുടെ സ്പീക്കറായിരിക്കേണ്ടത് തികച്ചും ഉചിതമായിരിക്കുമെന്ന് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പ്രസ്താവിച്ചിരിക്കെ തന്റെ അനാരോഗ്യം അവഗണിച്ചു ആ പദവി ഏറ്റെടുക്കാൻ സീതിസാഹിബ് തയ്യാറായതിലുള്ള ലീഗ് അണികളുടെ ആത്മ സംത്യപ്തി.

1960 തെരഞ്ഞെടുപ്പ് കഴിഞ്ഞയുടൻ എറണാകുളത്ത് സീതിസാഹിബിനെ കാണാൻ കോഴിക്കോട്ടെ രണ്ട് പൗരപ്രമാണികൾ സീതിസാഹിബിന്റെ ശിഷ്യരായിരുന്നു അവർ വന്നു അവർക്കു ഒരേയൊരു അപേക്ഷ മാത്രമേ ഉണ്ടായിരുന്നുള്ളു- പുതിയമന്ത്രിസഭയിൽ സീതിസാഹിബ് മന്ത്രി പദം ഏറ്റെടുക്കണം. തന്റെ

ആരോഗ്യ സ്ഥിതി കണക്കിലെടുത്ത് അതിന്തയ്യാറല്ലെന്നു അതിന് പറ്റിയവർ. സംഘടനയിലുണ്ടെന്നും പറഞ്ഞ് അവരെ അദ്ദേഹം മടക്കി അയച്ചു. മർഹും പി.പി. ഹസ്സൻകോയ സാഹിബും പി.ഐ. കുഞ്ഞഹമ്മദ്കുട്ടിഹാജി സാഹിബുമായിരുന്നു ആ രണ്ടു പഴയ ശിഷ്യൻമാർ. ഇറങ്ങിപ്പോകുമ്പോൾ പി.പി.ഹസ്സൻകോയസാഹിബ് എന്നോടു പറഞ്ഞു. ജീവിതകാലം മുഴുവൻ സംഘടനക്കും സമുദായത്തിനും വേണ്ടി ജീവിച്ച നമ്മുടെ നേതാവ് ഒരു മന്ത്രിയായിക്കാണാനുള്ള ഒരാഗ്രഹം.

കോൺഗ്രസുമായി നിയമസഭയിൽ ഒന്നിച്ചുപോകാൻ സ്പീക്കറുടെ ഉത്തരവാദിത്വം താൻ തന്നെ ഏറ്റെടുക്കണമെന്ന ഘട്ടം വന്നപ്പോൾ അനാരോഗ്യം അവഗണിച്ചുകൊണ്ട് സീതിസാഹിബ് പദവി ഏറ്റെടുത്തു. വാല് തലയെ നിയന്ത്രിക്കുന്ന നയം ലീഗിൽ ഒരിക്കലുമുണ്ടായിട്ടില്ല. നേതൃത്വം കൂട്ടായി തീരുമാനമെടുക്കും അത് നടപ്പിൽ വരുന്നു.

മന്ത്രിസ്ഥാനം മുസ്സീംലീഗിന് വേണ്ടെന്നു വെക്കാൻ ലിഗ് നേതൃത്വമെടുത്ത തീരുമാനത്തെ തുടർന്ന് 1960 ജനുവരി 21 നു ബാഫഖിതങ്ങളും സംയുക്തപ്രസ്താവന പുറപ്പെറുപ്പിച്ചു. മുസ്സീംലീഗിനെ മന്ത്രിസഭയിൽ ഉൾപ്പെടുത്താതിരിക്കാൻ കോൺഗ്രസ്സ് പറഞ്ഞ കാരണങ്ങൾ പുച്ഛിച്ചുതള്ളിയ ആ പ്രസ്താവനയിൽ ഐക്യമുന്നണി കക്ഷികളുടെ കൂട്ടായ്മ കേരളത്തിന്റെറ താൽപര്യത്തിനാവശ്യമാണെന്ന് ഊന്നിപ്പറഞ്ഞു. ആ പ്രസ്താവന അവസാനിച്ചത് ഇങ്ങനെയാണ്,

രാജ്യത്തിന്റെ ഉത്തമ താൽപര്യങ്ങൾ മുൻനിർത്തി ഒരു കൂട്ടുമന്ത്രിസഭയുണ്ടക്കുന്നതിന് കോൺഗ്രസിനോടു ചേരാൻ പി.എസ്.പി.യോടു അഭ്യർത്ഥിക്കുവാനും പ്രസ്തുത മന്ത്രിസഭക്ക് നിരുപാധികമായ പിന്തുണ കൊടുക്കാനുള്ള തീരുമാനത്തിൽ എത്തുകയും ചെയ്തു. അങ്ങനെയുണ്ടാകാൻ പോകുന്ന കൂട്ടമന്ത്രിസഭക്ക് സംസ്ഥാനത്തെ ജനങ്ങളുടെ ഹൃദയംഗമായ പിന്തുണ ലഭിക്കുമെന്നും അതു കേരളത്തിൽ ഒരു ഉറച്ച നല്ല ഭരണം പ്രദാനം ചെയ്യുമെന്നും കമ്മ്യൂണിസത്തിന്റെറ ഭയങ്കര വിപത്തിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കുമെന്നും ഞങ്ങൾ മനസ്സിലാക്കുന്നു.

ജനാധിപത്യ കൂട്ടുകക്ഷികളുടെ തെരഞ്ഞെടുപ്പ് വിജയത്തിനും കോൺ-പി.എസ്പി.കൂട്ടു ഗവൺമെന്റിന്റെറ രൂപീകരത്തിലും നിർണ്ണായ പങ്ക് വഹിച്ച മുസ്സീംലീഗിന് നന്ദി പറയാൻ കോൺഗ്രസ് പ്രസിഡണ്ട് യു.എൻ. ധേബാൻ എറണാകുളത്ത് സീതിസാഹിബിനെ സന്ദർശിച്ചു1960 ഫെബ്രുവരി 11ന് മാതൃഭൂമി പത്രത്തിൽ വന്ന ഒരു ലേഖനത്തിൽ ഇങ്ങനെ എഴുതി.യ.

മുസ്സീംലീഗ് നേതൃത്വം വിവേകപൂർവ്വം സ്വീകരിച്ച ഈ നിലപാട് പൊതുവെ മുസ്സീംകളെ ദേശീയത്വത്തിലേക്ക് ആകർഷിക്കുവാനും കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ അവരെ കൂടുതൽ ഭാഗഭാക്കുകളാക്കാനും പ്രചോദനം നൽകുന്നു. മുസ്സീംലീഗ് ഒരു വർഗ്ഗീയ സംഘടനയോണെന്ന വാദഗതി ആവർത്തിക്കുന്നത് കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങളെ അവഹേളിക്കലാവും. ആരെന്തു പറഞ്ഞാലും സാധാരണക്കാരായ ആയിരക്കണക്കിനാളുകൾ മുസ്സീംലീഗ് തങ്ങളുടെ ഉന്നമനത്തിനു വേണ്ടി നിലകൊള്ളുന്ന കക്ഷിയാണെന്ന് വിശ്വസിക്കുന്നു, വലിയൊരു വിഭാഗം മുസ്സിംകളെ പ്രതിനിധീകരിക്കുന്ന മുസ്സീംലീഗ് തങ്ങളോടൊപ്പം ഒന്നിച്ചു നിൽക്കാൻ പ്രോൽസാഹിപ്പിച്ചതാണ് കേരളത്തിലെ ജനാധിപത്യ കക്ഷികളുടെ ഏറ്റവും വലിയ വിജയം.

സീതിസാഹിബിന്റെറ നേതൃത്വത്തിൽ മുസ്സീംലീഗ് കൈക്കൊണ്ട തീരുമാനം അന്നു അരോചകമായിത്തോന്നിയവർക്കു പോലും ഇന്ന് ലീഗ് ദേശീയ രംഗത്ത് അംഗീകരിക്കപ്പെട്ടതിലെ മൂല കാരണം പഴയ തലമുറയിലെ നേതാക്കൻമാരുടെ ദൂരക്കാഴ്ചയും അവർക്ക് ആശയാദർശങ്ങളിലുള്ള അടിയുറച്ചതും സമ്പൂർണ്ണവുമായ പ്രതിബദ്ധതയും ആണെന്ന് ബോധ്യമാവും.

27 ജസ്റ്റിസ് എം.എ. അൻസാരി കേരള ഹൈക്കോടതിയിൽ

സീതിസാഹബ് സ്പീക്കർ സ്ഥാനം സ്വീകരിക്കുന്നതിന്മുമ്പ്തന്നെ സമുദായത്തെ സാരമായി ബാധക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരഹാരമുണ്ടാക്കുവാൻ സീതിസാഹിബ് നടത്തിയ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ് .ജീഡീഷ്യറിയിലെ മുസ്ലീംസമുദായത്തിന്റെ പ്രാതിനിധക്കുറവ് അതിലൊന്നായിരുന്നു. മുൻസിഫ് -ജില്ലാ ജഡ്ജി തലത്തിൽ മുസ്ലീംലീകളുടെ പ്രാതിനിധ്യം കുറവാണെന്നകാര്യം മന്ത്രിമാരുടെയും ഹൈക്കോടതിയുടെയും ശ്രദ്ധയിൽ അദ്ദേഹം കൊണ്ടു വന്നു.അന്ന് ഏറ്റവും വലിയ പരാതി ഹൈക്കോടതിയിൽ ഒരു മുസ്ലീലിമിനെ ജഡ്ജിയായി നിയമിച്ചില്ല എന്നതായിരുന്നു. തന്നെ സന്ദർശിക്കാൻ വന്ന എസ്.കെ പാട്ടീലിനോടു സീതിസാഹിബ് ചൂണ്ടിക്കാണിച്ചിരുന്ന ഒരു പ്രശ്നം ഇതായിരുന്നു. ലാൽ ബഹുദൂർ ശാസ്ത്രിയെ സന്ദർശിച്ചപ്പോഴും സീതിസാഹിബും പോക്കർ സാഹിബും ഗൗരവമായി ഉന്നയിച്ച ഒരാവശ്യവും ഇതുതന്നെയായിരുന്നു. ലാൽ ബഹുദൂർ ശാസ്ത്രി ഈ ആവശ്യം

അർഹിക്കുന്ന ഗൗരവത്തോടെ കണക്കിലെടുക്കുകയും സുപ്രീംകോടതി ചീഫ് ജസ്റ്റിസിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും ഹൈദരബാദിൽ നിന്ന് ജസ്റ്റിസ് അൻസാരിയെ കേരള ഹൈക്കോടതിയിലേക്ക് മാറ്റുകയും ചെയ്തു.

ജസ്റ്റിസ് എം.എ.അൻസാരി കേരളത്തിലേക്ക് വന്നപ്പോൾ അദ്ദേഹത്തെ കണ്ട് ചന്ദ്രികയിലേക്ക് ഒരു അഭിമുഖം തയ്യാറാക്കാൻ സീതിസാഹിബ് നിർദ്ദേശിച്ചു. അന്ന് എറണാകുളം ലോകോളജ് വിദ്യാർത്ഥിയെന്ന നിലക്ക് ഒരു ഹൈക്കോടതി ജഡ്ജിയുമായി വ്യക്തിപരമായി ബന്ധപ്പെടാൻ എനിക്കൊരവസരം കിട്ടിയതിൽ ഏറെ സന്തോഷിച്ചു. കുറെ മാസങ്ങൾ എറണാകുളം ഗസ്റ്റ് ഹൗസിൽ താമസിച്ചിരുന്ന ജസ്റ്റിസ് അൻസാരി സാഹിബിനെ സീതിസാഹിബ് സന്ദർശിച്ചപ്പോൾ കേരളത്തിലെ വിവിധ പ്രശ്നങ്ങൾ അദ്ദേഹത്തെ അറിയിച്ചിരുന്നു. ചന്ദ്രികയുടെ പ്രധാന്യവും സീതിസാഹിബ് ബോധ്യപ്പെടുത്തിയതായി ജസ്റ്റിസ് അൻസാരി അഭിമുഖത്തിനിടയിൽ പറഞ്ഞു.

കേരള ഹൈക്കോടതിയിലെ രണ്ടാമത്തെ സീനിയർ ജഡ്ജിയായിട്ടാണ് ജസ്റ്റിസ് അൻസാരി വന്നത് .അതുവരെ രണ്ടം സ്ഥാത്ത് ജസ്റ്റിസ് എം.എസ്. മേനോൻ ആയിരുന്നു. ജസ്റ്റിസ് മേനോൻ സീതിസാഹിബിന്റെയും പോക്കർ സാഹിബിന്റെയും അടുത്ത സുഹൃത്തായിരുന്നു.ജസ്റ്റിസ് അൻസാരി കേരള ഹൈക്കോടതിയിൽ വന്നപ്പോൾ അടുത്ത് ചീഫ് ജസ്റ്റിസി ആവാനുള്ള അവസരം ജസ്റ്റിസ് മേനോന് നഷ്ടപ്പെടാൻ ഇടയുള്ളതിന്റെ പേരിൽ ചില സങ്കുചിത വാദികൾ ജാതിപ്രശ്നം കുത്തപ്പൊക്കാൻ ചെറിയൊരു ശ്രമം നടത്തി എന്നാൽ അൻസാരി സാഹിബ് ചീഫ് ജസ്റ്റിസായി റിട്ടയർ ചെയ്താലും എം.എസ്. മേനോന് കുറേക്കാലം ചീഫായി തന്നെ സ്ഥാനം ഏറ്റെടുക്കാൻ സൗകര്യമുള്ളതിനാലും, മന്നത്ത് പത്മനാഭനെ പോലുള്ള പ്രതിഭാശാലികളെ നായർ സമുദായ നേതാക്കൾ, സീതിസാഹിബിനെ പോലുള്ള ഒരു പ്രഗത്ഭ നേതാവിന്റെയും മുസ്ലീം സമുദായത്തന്റെയും വികാരം മാനിച്ചത് കൊണ്ടും അത്തരം വിലകുറഞ്ഞ ചിന്താഗതിയിലേക്ക് ഒരു പ്രോത്സാഹനം ലഭിച്ചില്ല. ഇതൊക്കെയാണെങ്കിലും ജസ്റ്റിസ് എം.എസ് മേനോനെ കാണമെന്ന് സീതിസാഹിബ് ആഗ്രഹിച്ചു. സീതിസാഹിബിനെ കാണാൻ അതിലേറെ ജസ്റ്റിസ് മേനോനും ആഗ്രഹിച്ചു. അങ്ങനെ ഒരു ദവസം രാവിലെ സീതിസാഹിബിന് ജസ്റ്റിസ് എം.എസ്.മേനോന്റെ വീട്ടിലേക്ക് പോകാനായി അഡ്വാക്കറ്റ് മുഹമ്മദ് നഹ സാഹിബിന്റെ കാർ വന്നു. സീതിസാഹിബ് ഡ്രസ്ചെയ്ത ഇറങ്ങാൻ തുടങ്ങുമ്പോൾ കുഴപ്പം തുടങ്ങിയത്.

മുഹമ്മദ് ഈസ്സാസാഹിബ് പോക്കർ സാഹിബിന്റെ ഗുമസ്തനായിരുന്നു, കേരള മുസ്ലീം എഡുക്കേഷൻ അസോസിയേഷന്റെ ഓഫീസ് സെക്രട്ടറിയും സി.എച്ചിന്റെ ഭാഷയിൽ ആത്മാർതക്ക് കയ്യും കാലും വെച്ച കുറച്ചാളുകളിൽ ഒരാളായിരുന്നു അദ്ദേഹം തനിക്ക് പറയാനുള്ളത് തന്റെ ശൈലിയിലും ഏറനാടൻ വള്ളുവാനാടൻ സ്വരത്തിലും പറയുന്ന ശുദ്ധാത്മാവ് ചില സംഗതികൾ ഈസ്സാസാഹിബ് പറയുന്നത് കേട്ടാൽ തനിയെ ചിരിച്ചുപോകും

കുറേ ഫയലും പുസ്തകവും ഒക്കത്തും കയ്യിലും വെച്ചു കറുത്ത തൊപ്പിയും ധരിച്ചു വെളുക്കെ ചിരിച്ചുകൊണ്ട് സ്ഥലത്ത് എത്തിയ ഈസ്സാസാഹിബ് സലാം ചൊല്ലി. വന്നയുടൻ ഡ്രസ് ചെയ്ത സീതിസാഹിബിനെ കണ്ടപ്പോൾ ഒന്നമ്പരന്നു. ഉടൻ സീതിസാഹിബിനോടു ഈസ്സയുടെ ചോദ്യം

എബടെ പോണ്.....

സീതിസാഹിബ് ചിരിച്ചുകൊണ്ട് ഒന്നു പുറത്തോട്ട് പോകണം.

ഉടൻ ഈസ്സ ഏ അതു പറ്റില്ല. സീതിസാഹിബാ ഇപ്പം പോകരുതേ. ഇവിടെ അവരെല്ലാവരും വരും .കിക്കി സേട്ട് വരും അസ്സനാജി വരും, അഡ്വ. നഹാസാഹിബ് വരും.....

തെല്ലൊരുത്തുതത്തോടെ സീതിസാഹിബ് ചോദിച്ചു ഈസ്സ എന്താണീ പറയുന്നത്?

അവരൊക്കെ വരുമെന്നോ? എവിടെ?

ഇവിടെ ഇവിടെത്തന്നെ ഈസ്സ പറഞ്ഞു.

ഇവിടെയോ? ഈ വീട്ടിലോ? സീതിസാഹിബ് അത്ഭുതം.

അതെ ഇവിടെത്തന്നെ. ഇപ്പോൾ വരും ഈസ ഉറപ്പിച്ചു പറഞ്ഞു.

ഏ എന്താവശ്യത്തിന്? സീതിസീഹിബ് ചോദച്ചു.

ഈസ്സാ സാഹിബ് തന്റെ നിഷ്ക്കളങ്കമായ ചിരിയോടെ- ഇന്നാണല്ലോ നമ്മുടെ എം.ഇ.എ(മുസ്ലീം എഡുക്കേഷൻ അസോസിയേഷൻ) യോഗം.അതിനായി ഇവിടെ എത്തും

ഇതുകേട്ടു ദയനീയമായി സീതിസാഹിബ് ഈസയോടു ചോദിച്ചു അല്ല ഈസ്സേ എന്റെ വീട്ടിൽ യോഗം വെച്ചു കൊള്ളു പക്ഷേ ഒന്ന് എന്നെ അറിയിക്കണ്ടേ, അവർ വരുമ്പോൾ ഞാവിടെ ഇല്ലാതിരുന്നാൽ.....?

ഉടൻ ഈസ്സയുടെ പ്രതികരണം അതിന് സീതിസാഹിബ് എവിടെ പോകാനാ?

ഈസ്സാസാഹിബിന്റെ ഈ മറുപടി കേട്ട് ഞാനും സീതിസാഹിബിന്റെ ക്ലാർക്ക് അഹമ്മദും ചിരി ഉള്ളിലൊതുക്കി. അദ്ദേഹത്തിന് ദേഷ്യം വന്നു സീതിസാഹിബ് ദേഷ്യം വന്നാൽ അദ്ദേഹം പ്രതികരിക്കുന്നത്

ഒരു പ്രത്യേക സ്വഭാവത്തിലാണ്. അദ്ദേഹം തന്റെ ഭാഷയിൽ തന്നെ പ്രതിഫലപ്പിക്കുകയും ചെയ്തു.

ഈസ്സ ഒരു വിഡ്ഢിയാണെന്ന് എനിക്ക് മുമ്പേ അറിയാം. എന്നാൽ ഒരു പടു വിഡ്ഢിയാണെന്ന് ഞാൻ ഇന്നാണ് മനസ്സിലാക്കുന്നത് സീതിസാഹിബിന്റെ ഈ ആക്ഷേപം നല്ലവനും നിസ്വാർത്ഥനുമായ ഈസ്സാ സാഹിബ് അതിന്റേതായ അർത്ഥത്തിലാണ് സ്വീകരിച്ചത് ചിരിയോടെ.

വരുന്ന അതിഥികളെ സ്വീകരിച്ചിരുത്താൻ എന്നെ ഏൽപ്പിച്ച് സീതിസാഹിബ് ജസ്റ്റിസ് മേനോനെ കാണാൻ കാറിൽ കയറി.

സീതിസാഹിബ് കോപം വരുമ്പോൾ മുഖം ചുവക്കും, സുന്ദരമായ ഭാഷയിലായിരിക്കും പ്രതികരണം. വരികൾക്കിടയിൽ അർത്ഥമുണ്ടായിരക്കും .സീതിസാഹിബ് ആരോടെങ്കിലും ദ്വേഷ്യപ്പെട്ടാൽ അദ്ദേഹത്തിന്റെ അനുയായികൾ പരസ്പ്പരം പറയുക- സീതിസാഹിബ് സംസ്കൃതത്തിൽ സംസാരിച്ചുവെന്നാണ്.

എന്റെ കുട്ടിക്കാലത്ത് സീതിസാഹിബിന് ഡോ. സി.എം.കുട്ടിസാഹിബിനോട് ദ്വേഷ്യം പിടിച്ചത് ഞാനോർക്കുന്നു. 1955 പരപ്പനങ്ങാടിയിലെ മുസ്ലീംലീഗ് സമ്മേളനം .മലബാർ ജില്ലാ.എം..എസ്.എഫിന്റെ ഭാരവാഹികളെന്ന നലക്കും ചന്ദ്രികയുടെ റിപ്പോർട്ടർമാരെന്ന നിലക്കും, പി.എം. അബൂബക്കർ ലക്ഷദ്വീപ് സ്വദേശി കെ ഹംസത്ത്, ഞാൻ, അന്ന് ഞങ്ങളുടെ മുതിർന്ന നേതാവ് സി.എം. കുട്ടിസാഹിബ് .എല്ലാവരും വിലസുന്ന കാലം.ഇസ്മാഈൽ സാഹിബിന്റെ പ്രസംഗം അച്ചടിച്ച കോപ്പികൾ ഒരു പെട്ടിയിലാക്കി ഭദ്രമായി പൂട്ടി താക്കോൽ സീതിസാഹിബ് സി.എം.കുട്ടി സാഹിബിനെ ഏൽപ്പിച്ചു. അവിടെത്തന്നെ നിൽക്കാൻ പറഞ്ഞു. ഞങ്ങൾ പന്തലിന്റെ പല ഭാഗത്തും ചുറ്റയടിക്കുമ്പോൾ ഡോ. കുട്ടി നിസ്സഹായനായി അവിടെ തന്നെ ഉലാത്തും കൂട്ടത്തിൽ സീതിസാഹിബിന് താക്കോൽ ഏൽപ്പിക്കാൻ എന്നെ മാത്രമെ കിട്ടിയുള്ളു എന്ന് പരിഭവം പറയും . കുറച്ചു കഴിഞ്ഞപ്പോൾ പി.എം.അബൂബക്കറിൽ പോകണം.എന്റെ പുന്നാര കുട്ടി ഇവിടെ നിൽക്ക് . സീതിസാഹിബ് വന്നാൽ ഇത് താക്കോൽ കൊടുക്കണം കുഞ്ഞാലിക്കുട്ടിക്കേയിക്ക് കോടുത്തേക്കല്ലേ? ഞാൻ ഉടനെ മടങ്ങി വരും അബു പി.എമ്മിനെ ഞങ്ങളെങ്ങനെയാണ്. വിളിക്കാറുള്ളത് അതേറ്റു. പക്ഷേ രണ്ടു മിനിട്ടു. കഴിഞ്ഞപ്പോൾ അദ്ദേഹവും ഞാനും മറ്റൊരിടത്തു മാറിയിരുന്നു സമ്മേളന നഗരിയുടെ മനോഹാരിതയെക്കുറിച്ച് സംസാരിക്കുകയായിരുന്നു. അതിനിടക്ക് സീതിസാഹിബ് വന്നു. താക്കോൽ ഏൽപ്പിച്ച് സി.എം.കുട്ടിയെ കണ്ടില്ല. സീതിസാഹിബ് വന്നത് പി.എം.കണ്ടില്ല.ഓടിക്കിതച്ചു വന്ന സി.എം. കുട്ടി അബുവുനെ പിരാകി. സീതിസാഹിബിന്റെ മുന്നിൽ താക്കോലുമായി വിഷമിച്ചെത്തിയ കുട്ടിയോടു സീതിസാഹിബ് രോഷത്തോടെ പറഞ്ഞേൽപ്പിക്കുന്ന കാര്യം പഠിക്കാൻ ഇനിയേത്ര കാലം പിടിക്കും ഉത്തരവാദിത്വമില്ലാത്ത ചെറുപ്പക്കാർ.....

സഹൃദനും രസികനുമായിരുന്ന കുട്ടിസാഹിബിന് ഒരാശ്വാസം . ആദ്യത്തെ വാചകം എനിക്ക് രണ്ടാമത്തേത് മുഴുവൻ എം.എസ്.എഫ് പ്രവർത്തന്ങ്ങൾ വല്ലാത്തൊരു ഹര മായിരുന്നു. സംഘടനയിലെ ഓരോ അംഗവും താൻ സ്നേഹിക്കുന്ന, തന്നെ സ്നേഹിക്കുന്ന പ്രസ്ഥനത്തിന് വേണ്ടി ഉറക്കമൊഴിഞ്ഞാലും പട്ടിണി കിടന്നാലും പണിയെടുത്താലും മതിവരാത്ത കാലം ആർക്കും. ആരോടും പരാതിയില്ല. എല്ലാവർക്കും എല്ലാവരെയും വിശ്വാസം. രാഷ്ട്രീയ എതിരാളികളോട് അവർ ആരായാലും സന്ധിയില്ലാത്ത എതിർപ്പ്. പ്രതിബദ്ധത നസ്വാർത്ഥവും, നിർബന്ധിതവും,നിരന്തരവും,സമ്പൂർണ്ണവുമായ പ്രതിബദ്ധത. അതായിരുന്നു അന്നത്തെ സംഘടനാ പ്രവർത്തനത്തന്റെ പ്രത്യേകത.

അനുയായികളുടെ വിഷമതകൾ മനസ്സിലാക്കുന്നതും അവരോടൊന്നും അനുഭാവം പ്രകടിപ്പിക്കുന്നതും സീതിസാഹിബിന്റെ പ്രത്യേകതയായിരുന്നു. തെറ്റു കണ്ടാൽ ശാസിക്കാനും അദ്ദേഹം മടിക്കുകയില്ല. അങ്ങനെ ശാസിക്കപ്പെടുന്നതിൽ ആർക്കും പരഭവമുണ്ടായിരുന്നില്ല.

സീതിസാഹിബ് സ്പീക്കറാവുന്നതിന് കുറച്ചുനാൾ മുമ്പ് ഒരു സംഭവം. ഞാൻ അന്ന് കണ്ണൂരിൽ നിന്നും എറണാകുളത്തെത്തിയത് രാത്രിയായിരുന്നു. അന്ന് ഞാൻ താമസിച്ചിരുന്ന എറണാകുളം നോർത്തിലെ ലോഡ്ജിലെത്തിയപ്പോൾ ഭക്ഷണം കഴിക്കാൻ ലക്കിറസ്റ്റ്റണ്ടിലേക്ക് പോയി. അതിന്റെ ഉടമ ഖാദർ ഹാജി പറഞ്ഞു. സീതിസാഹിബിന്റെ ക്ലാർക്ക് അഹമ്മദ് ഒന്ന് അവിടെ എത്താൻ പറഞ്ഞിരിക്കുന്നു. ഞാൻ ഉടൻ ഭക്ഷണം കഴിച്ചു സീതിസാഹിബന്റെ വീട്ടിലെത്തി. അവിടെ വീട്ടിന് മുമ്പിൽ ഏതാനും കാറുകൾ വാനുകൾ . കുറേയധികമാളുകൾ . ഞാനവിടെ എത്തിയപ്പൊൾ അസംബ്ലിയിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അണ്ടത്തോട് എം.എൽ.എ.ബി.വി. സീതിതങ്ങളും,സീതിസാഹിബിന്റെ ക്ലൾക്ക് അഹമ്മദും ഖദർ ധരിച്ച ഒരു കോൺഗ്രസ് നേതാവും കുറച്ചാളാകളും വളഞ്ഞു. അഹമ്മദ് അവിടെയുണ്ടായ സംഭവങ്ങൾ വിവരിച്ചു. വന്നവർ ത്യശൂർ ജില്ലക്കാർ.കോൺഗ്രസുകാരും ലീഗുകാരുമില്ലാത്ത മുസ്ലീം ചെറുപ്പക്കാർ. മണത്തല പള്ളിയിൽ വീണ്ടും കുഴപ്പം തുടങ്ങിയിരിക്കുന്നു. പിറ്റേന്ന് പള്ളിയുടെ മുമ്പിലൂടെ വാദ്യ മേളങ്ങളുമായി ഹൈന്ദവ ഘോഷയാത്രപോകും. മുസ്ലിം സമുദായക്കാരൻ തടയും. കുഴപ്പമാവും. പലതും സംഭവിക്കും. സീതി സാഹിബ് ആഭ്യന്തര മന്ത്രി പി.ടി.ചാക്കോയെ വിളിച്ച് ഘോഷയാത്ര തടയാൻ 114 വകുപ്പ് പ്രഖ്യാപിക്കണം. സീതിസാഹിബിനെ തലേന്ന് ചെന്ന് കണ്ട ഈ നേതാക്കൾ പ്രശ്നം ഉണർത്തിയതിനെ തുടർന്ന് സീതിസാഹിബ് ചാക്കോവുമായി ഫോണിൽ ബന്ധപ്പെട്ടിരുന്നു. കേരള ഹൈക്കോടതിയുടെ

ഒരുത്തരവും പ്രകാരം 114 പറ്റില്ല. പുതിയ സർക്കാർ പുതിയ പോലീസ് നിയമം കൊണ്ടുവരും. മുസ്ലീംകൾ ഏതു വിധത്തിലും ആത്മസംയമനം പാലിക്കണം. ഇതൊക്കെ കേട്ടു മണത്തലയിൽ പോയ നേതാക്കന്മാർ അവിടെയുള്ള ഗുരുതരാവസ്ഥ കണ്ടു വീണ്ടും സീതിസാഹിബിനെ കാണാൻ വന്നതാണ്. സീതിസാഹിബ് ഉറങ്ങാൻ കിടന്നിരിക്കുകയാണ് വിളിച്ചുണർത്തൽ പറ്റില്ല എന്ന് അഹമ്മദ് ശഠിക്കുന്നു. അപ്പോഴാണ് ഞാനവിടെ എത്തിയത് .

ഞാനും സീതി തങ്ങളും മറ്റുള്ളവരും തമ്മിൽ സംസാരിച്ചു. ഒരു വിധത്തിൽ ഇപ്പോൾ വിളിച്ചുണർത്തുന്ന പ്രശ്നമില്ല. സീതിസാഹിബ് നേരത്തെ നൽകിയ ഉപദേശം സ്വീകരിച്ചു തിരിച്ചുപോകണം.ഞാനും ക്ലാർക്ക് അഹമ്മദും അങ്ങനെ പറഞ്ഞു കൊണ്ടിരിക്കെ സീതിസാഹിബ് അകത്തുനിന്ന് ഇറങ്ങിവന്നു. കുപ്പായം അഴിച്ചു തോർത്ത്മുണ്ട് പുതച്ചു പുറത്തുവന്ന സീതിസാഹിബിനെ കണ്ടപ്പോൾ അവിടെ കൂടിയവർക്കു സന്തോഷമായെങ്കിലും ഞാൻ തികഞ്ഞ പ്രതിഷേധം പ്രകടിപ്പിച്ചു. സീതിസാഹിബ് ഇറങ്ങിവന്നത് ഒട്ടും ശരിയായില്ല എന്നായി ഞാൻ ഇല്ല, ഉറങ്ങുകയല്ല നിങ്ങളെല്ലാം പറയുന്നത് കേട്ടു കൊണ്ടിരിക്കുകയാണെന്ന് പറഞ്ഞ സീതിസാഹിബിനോടു വിഷമത്തോടെ അവിടെ എത്തിയവർ പറഞ്ഞു. സീതിസാഹിബേ നാളെ പലതും സംഭവിക്കും എങ്ങനെയെങ്കിലും നിരോധനാജ്ഞ നടപ്പിലാക്കിപ്പിക്കണം അല്ലെങ്കിൽ അവിടെ കുറെ ആളുകൾ മരിക്കും.....

ഇതുകേട്ട സീതിസാഹിബ് ക്ഷുഭിതനായി അവരോട് പറഞ്ഞു അതെ,അവിടെ കുറേ ആളുകൾ നാളെ മരിക്കണം . എന്നാൽ മാത്രമേ സമുദായം രക്ഷപ്പെടുകയുള്ളൂ അവരുടെ രക്തം കൊണ്ട് സമുദായിത്തിന്റെ കറ കഴുകണം. അതു മാത്രമാണ് ഇതിനുള്ള പോംവഴി

സീതിസാഹിബിന്റെ ശബ്ദം കേട്ട് അവിടെ നിൽക്കുകയായിരുന്ന സകലരും സ്തബ്ധരായി. ആർക്കും നാവു പൊങ്ങിയില്ല. ഉച്ചത്തിലും ഗൗരവത്തിലും ആ നശ്ശബ്ദതെ ഭജ്ഞിച്ചു കൊണ്ടു അദ്ദേഹം തുടർന്നു. ജീവിത കാലം മുഴുവൻ സമുദായത്തന്റെ സുരക്ഷിതത്വത്തിനും മാനം കാക്കാൻ ശ്രമിച്ചവനാണ് ഞാൻ. ഞങ്ങൾ സഹായിക്കുന്ന ഒരു ഗവർമെണ്ട് ഞങ്ങളെ തുണക്കുന്ന ഒരു സർക്കാർ . ഞങ്ങളോടു സഹതാപമുള്ള ഒരു മന്ത്രി. നിയമപരാമായി ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ നിരോധനാജ്ഞ പ്രഖ്യപിക്കാൻ അസാധ്യമായത് കൊണ്ട് സംയമനം പാലിക്കണമെന്ന് കേണപേക്ഷിക്കുന്നു. ഘോഷയാത്ര പ്രകോപനമില്ലാതാക്കാൻ കിണഞ്ഞു. ശ്രമിക്കുന്നു. എന്തു വന്നാലും ഘോഷയാത്ര ആ വഴിയെ കടന്നു പോകാൻ വിടില്ല, അങ്ങനെ പോയാൽ ജീവൻ കളയും എന്ന് ചിലരും. അപ്പോൾ അവരുടെ ജീവൻ കളയുകയല്ലാതെ മറ്റെന്ത് ചെയ്യും . ബുദ്ധിപൂർവ്വം പെരുമാറണം നിയമത്തെ മാനിക്കണം. എന്നാൽ മാത്രമെ എതിർപ്പിനെ നേരിടാൻ കഴിയൂ. ഇത്രയും പറഞ്ഞിട്ടും മനസിലാകുന്നില്ലെങ്കിൽ ആ മസ്തിഷ്ക്കത്തിനെന്തു സംഭവിച്ചിരിക്കും.വീണ്ടും നിശ്ശബ്ദത സ്വൽപ്പനേരം കഴിഞ്ഞപ്പോൾ സീതിസാഹിബ് കുറച്ചു സ്വരം താഴ്ത്തി പറഞ്ഞു അവരോടു എന്റെ സഹോദരൻമാരോടു പറയൂ പ്രകോപനം ഇല്ലാതാക്കാൽ പോലീസ് ശ്രമിക്കും നമ്മുടെ ആൾക്കാർ പ്രകോപനം ഇല്ലാതാക്കാൻ പോലീസ് ശ്രമിക്കും നമ്മുടെ ആൾക്കാർ പ്രകോപനമുണ്ടാക്കാതിരുന്നാൽ മതി മറ്റു പ്രകോപനക്കാരെ പോലീസ് നേരിടും ഞാൻ നാളെയും മന്ത്രിയുമായും ഐ.ജിയുമായും സംസാരിക്കും ..

വിഷമംകൊണ്ടു പറഞ്ഞുപോയതാണെന്നും രാത്രി അദ്ദേഹത്തെ ഉറക്കം കെടുത്തിയതിൽ മാപ്പു ചോദിക്കുന്നുവെന്നും അവർ ഓരോരുത്തരും സീതിസാഹിബിന്റെ കരം ഗ്രഹിച്ചു പറഞ്ഞു സലാം പറഞ്ഞു. സലാം പറഞ്ഞു പിരിഞ്ഞുപോയി. അവരെ പിരിച്ചയച്ചു. സീതിസാഹിബ് അകത്തു കടക്കുമ്പോൾ ഞാൻ പറഞ്ഞു നമ്മുടെ ആൾക്കാരുടെ വികാരവും വിവരക്കേടും...

ഉടൻ സീതിസാഹിബിന്റെ സ്വതസിദ്ധമായ തത്ത്വജ്ഞാനം. അതുകൊണ്ടാല്ലോ മുസ്ലീംലീഗ് സംഘടിപ്പിച്ചു. അവർക്ക് ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകാൻ നിങ്ങളൊക്കെ ശ്രമിക്കുന്നത്.

28 സീതിസാഹിബും മന്നത്ത് പത്മനാഭനും

സംഘടനക്കും സമുദായത്തിനും ഒരിക്കലും ഒരാപത്തും വരാതിരിക്കാൻ എല്ലാ കാര്യങ്ങളും മുൻകൂട്ടി സംവിധാനം ചെയ്യുന്നതിൽ സീതിസാഹിബ് കണിശമായ ശ്രദ്ധ കാണിക്കുമായിരുന്നു. സംഘടനയുടെ നയപരിപാടികളും കാഴിചപ്പാടുകളും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിലും അദ്ദേഹം സത്വര ശ്രദ്ധവെച്ചു. സീതിസാഹിബുമായി വളരെ അടുത്ത ബന്ധം സ്ഥാപിച്ച ഒരു നേതാവായിരുന്നു നായർ സർവ്വീസ് സൊസൈറ്റിയുടെ നായകൻ മന്നത്ത് പത്മനാഭൻ.

മന്നത്തെ സീതിസാഹിബും, സീതിസാഹിബിനെ മന്നവും പരസ്പരം ബഹുമാനിച്ചിരന്നു. സ്വന്തം സമുദായത്തെ ഉയർത്തുകയും വളർത്തുകയും ചെയ്ത മന്നത്തെ സീതിസാഹിബ് എന്നും പ്രശംസിക്കാറുണ്ടായിരുന്നു അഡ്വക്കറ്റ് കളത്തിൽ വേലായുധൻ നായർ മന്നത്ത് പത്മനാഭന്

സീതിസാഹിബുമായി ഇടപെടാനും പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും സൗകര്യപ്പെടുത്താനുള്ള ചുമതല കളത്തിലിന് ആയിരുന്നു .ഇടക്കാല തെരഞ്ഞെടുപ്പിൽ ജനാധപത്യ കക്ഷികളുടെ വിജയം സീതിസാഹിബിന്റെയും മന്നത്തിന്റെയും സംയുക്ത വിജയമായി കരുതിയവരിലൊരാളായ കളത്തിൽ പുതിയ ഗവർമെന്റ് അഭിമുഖീകക്കാനിടയുള്ള സംവരണ പ്രശ്നത്തിൽ എൻ.എസ്.എസിന് സീതിസാഹിബിന്റെ പിന്തുണ ഉറപ്പിക്കാനായി ഒരു ചർച്ച ഏർപ്പെടുത്തിയിരുന്നു. വളരെ സൗഹൃദാന്തരീക്ഷത്തിലുള്ള ചർച്ച മുസ്ലീം സമുദായത്തന്റെ പിന്നോക്കാവസ്ഥയെ അംഗീകരിക്കുന്നതോടൊപ്പം നായർ സമുദായത്തിന്റെ ദുരവസ്ഥയും സീതിസാഹിബിനെ ബോധ്യപ്പെടത്തുകയായിരുന്നു. ഉദ്ദേശ്യം.

മന്നവുമായി നടന്ന ചർച്ചയെപ്പറ്റി സീതിസാഹിബ് ഒരിക്കൽ പരാമർശിച്ചു. മന്നം സീതിസാഹിബിനോട് സംസാരത്തന്റെ തുടക്കത്തിൽ തന്നെ ഇങ്ങനെ പറഞ്ഞുവത്രെ. സീതിസാഹിബ് കണ്ടില്ലേ വിവേചനം. തങ്ങൾകുഞ്ഞു മുസ്ലിയാർ എത്ര വലിയ ഒരാളാണ് . അദ്ദേഹത്തിന്റെ മകൻ കോളജിൽ പഠിക്കാനാഗ്രഹിച്ചാൽ അഡ്മിഷൻ ഉടൻ കിട്ടുന്നു. ഫീസ് സൗജന്യം എന്തെല്ലാം ആനുകൂല്യങ്ങൾ എന്റെ ഡ്രൈവർ വേലായുധന്റെ മകന് കോരളജിൽ ചേരണമെന്നാഗ്രഹിച്ചാലോ? അഡ്മിഷൻ കിട്ടുകയില്ല. അഡ്മിഷൻ കിട്ടിയാൽ ഫീസിളവില്ല.ഒരാനുകൂല്യവുമില്ല. പറയൂ. സീതിസാഹിബേ ആരാണ് പിന്നോക്കക്കാരൻ എന്റെ ഡ്രൈവർ വേലായുധന്റെ മകനോ അതോ തങ്ങൾകുഞ്ഞുമുസ്ല്യാരുടെ മകനോ?

ഈ ചോദ്യം മന്നം ഉന്നയിച്ചപ്പോൾ സീതിസാഹിബ് സംശയലേശമെന്യെ പ്രതകരിച്ചതു. പ്രയപ്പെട്ട ശ്രീ പത്മനാഭൻ- വിദ്യാഭ്യാസത്തന്റെ വിഷയത്തിൽ തങ്ങൾകുഞ്ഞുമുസ്ല്യാരുടെ മകൻ തന്നെയാണ് പിന്നേക്കരൻ വേലായുധന്റെ മകൻ വിദ്യാഭ്യാസത്തിൽ മുന്നോക്കക്കാരനാണ്. ഒരു സംശയവും വേണ്ട.

സീതിസാഹിബിന്റെ മറുപടി കേട്ടപ്പോൾ മന്നം പറഞ്ഞുവത്രെ അതെയതെ സീതിസാഹിബ് അങ്ങനെയേ പറയുകയുള്ളു അതെനിക്കറിയാം ....

തുടർന്നു രണ്ടു നേതാക്കന്മാരും അന്നത്തെ പട്ടം താണുപിള്ള സർക്കാർ നടപ്പാക്കേണ്ട നയപരിപാടികളെപ്പറ്റി ചർച്ച തുടർന്നുവെന്നും കളത്തിൽ വേലായുധൻ നായർ അതിൽ സംത്യപ്തി പ്രകടപ്പിച്ചുവെന്നും സീതിസാഹിബ് പറഞ്ഞു.

ഒരു സംഘടനയുടെ കെട്ടുറപ്പും നിലനിൽപ്പും അതു കൊണ്ടുനടക്കുന്നവരിലാണെന്ന് സീതിസാഹിബ് വിശ്വസിച്ചു. പ്രകോപനത്തിനോ. പ്രലോഭനങ്ങൾക്കോ, വഴങ്ങുന്ന ഒരാൾക്കും സംഘടനയോട് നീതി ചെയ്യാനാവല്ല. ഇന്ത്യ വിഭജനാന്തരം മാറിയ രാഷ്ട്രീയ കാലാവസ്ഥയിൽ പലരും രാഷ്ട്രീയം മാറ്റിച്ചവിട്ടയതുംഅതുകൊണ്ടു അവഗണന സഹിച്ചതുമായ അനുഭവങ്ങൾ സീതിസാഹിബ് ചിലപ്പോൾ അനുസ്മരിക്കാറുണ്ട്. മുസ്ലീംലീഗുകാരുടെ പിറകെ പോലീസ് സംശയത്തോടെ നടക്കുന്ന കാലം. പലരും സീതിസാഹിബനെ കണ്ടിട്ടുപോലും ഉരിയാടാതെ പോയ അനുഭവങ്ങൾ ചിരിച്ചുകൊണ്ടു അദ്ദേഹം പറയാറുണ്ട്.ഒരിക്കൽ താനൂരിൽ തീവണ്ടിയിറങ്ങി നടന്നുപോകുമ്പോൾ തനിക്ക് വളരെ നന്നായി അറിയുന്ന സ്ഥലത്തെ ഒരു ലീഗ് നേതാവിനെ കണ്ടപ്പോൾ അദ്ദേഹം മുഖം തിരിച്ചു നടന്നുകളഞ്ഞു. സെയ്തലവിക്കുട്ടി മാസ്റ്ററെ കണ്ടു സീതിസാഹിബ് തിരിച്ചുവരുമ്പോൾ ഒരു പാട് ചെറുപ്പക്കാർ അദ്ദേഹത്തെ റെയിവേസ്റ്റേഷൻ വരെ പിന്തുടർന്നു,സീതിസാഹിബിന്റെ കൂടെ ആർക്കാരെ കണ്ടപ്പോൾ മുഖം തിരിഞ്ഞു നടന്നയാളും മെല്ലെ അടുത്തുവന്നു സലാം ചൊല്ലി.

സീതിസാഹിബ് എറണാകുളത്ത് താമസം തുടങ്ങിയപ്പോൾ അഭിഭാഷകരായ പലരും അദ്ദേഹവുമായി സമ്പർക്കപ്പെട്ടു. കൂട്ടത്തിൽ ഒരു അഭിഭാഷകനെ ലീഗിന്റെ പ്രവർത്തനത്തിൽ പ്രത്യേകം പങ്കെടുപ്പിച്ചു. ഒരു കമ്മിറ്റിയിൽ സ്ഥാനവും നൽകി കുറച്ചു കഴിഞ്ഞപ്പോൾ ഫഖ്റുദ്ദീൻ അലി അഹമ്മദ് കോൺഗ്രസ്സ് മന്ത്രയായി കേരളം സന്ദർശിച്ചു. ലീഗ്കാരെ കോൺഗ്രസ്സിലേക്ക് വശീകരിക്കുകയായിരുന്നു ഫഖ്റുദ്ദീന്റെ ഉദ്ദേശ്യം ലീഗിൽ ചേർന്ന വക്കീലിന് ഒരു ഗവർമെണ്ട് പ്ലീഡർ സ്ഥാനം ലഭക്കുമെന്നുറപ്പായതോടെ അദ്ദേഹം ലീഗു വിട്ടു. ഈ സംഭവത്തെ തുടർന്ന് പത്രങ്ങളിൽ കുറെ വാർത്തകൾ പ്രത്യക്ഷപ്പെട്ടു. സംഘടനാകാര്യങ്ങൾക്കുവേണ്ടി ആൾക്കാരെ തെരഞ്ഞടുക്കുമ്പോൾ വളരെ കരുതൽ കാണിക്കാൻ ഈ സംഭവം നിമിത്തമായി.

29 എം.എസ്.എഫ് . സംസ്ഥാന കമ്മിറ്റി നിലവിൽ വരുന്നു.

ആലുപ്പുഴ ലജ്നത്ത് നഗറിൽ ചേർന്ന എം.എസ്.എഫ് സമ്മേളനത്തിൽ വെച്ചു ഞാൻ കൺവീനറായി കേരള സംസ്ഥാന മുസ്ലീം വിദ്യാർത്ഥി ഫെഡറേഷന്റെ ഓർഗനൈസേഷൻ കമ്മിറ്റി രൂപവൽക്കരിച്ചു, അതിനു ശേഷം മലബാർ ഭാഗത്തുള്ളതുപോലെ തിരു- കൊച്ചി ഭാഗങ്ങളിലും പല സ്ഥലങ്ങളിലും എം.എസ്.എഫ് ശാഖ കമ്മിറ്റികൾ രൂപീകരിച്ചു, 1958 ഡിസംബർ സംസ്ഥാന എം.എസ്.എഫിന്റെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കാനുള്ള സ്റ്റേറ്റ് കൗൺസിൽ വിളിച്ചുകൂട്ടി. സീതിസാഹിബുമായി ചർച്ച ചെയ്ത ശേഷം

മാത്രമേ കമ്മിറ്റി രൂപീകരിക്കുവാൻ പാടുള്ളവെന്ന് സംസ്ഥാന ലീഗ് നേത്യത്വം സി.എച്ച്.മുഹമ്മദ്കോയ സാഹിബ് മുഖേന എന്നെ അറിയിച്ചു തുടർന്ന് ഞാനും പി.എം. അബൂബക്കർ സാഹിബും,സ.എച്ചും,സെയ്യിദ് ഉമ്മർ തങ്ങളും കൂടിയിരുന്ന് ഭാരവാഹികളാകാൻ അർഹതയുള്ള കുറേ പേരുകൾ കുറിച്ചുവെച്ചു അതിനു ശേഷം സീതിസാഹിബുമായി കുടിയാലോചിച്ച് ഒരോരുത്തകർക്കും ഏത് സ്ഥാനം നൽകണമെന്ന് തീരുമാനിക്കുന്ന പാനൽ തയ്യാറാക്കി അംഗീകരിക്കാൻ തീരുമാനിച്ചു.

എറണാകുളത്ത് ജമാഅത്ത് ഫോഡറേഷന്റെ ഓഫീസിലാണ് കൗൺസിൽ യോഗം വിളിച്ചുചേർത്തത്. അന്ന് അതിന്റെ ഓഫീസ് സെക്രട്ടയിയായിരുന്ന പ്രസിദ്ധ ചരിത്രകാരനും നമ്മുടെ കുണകാംക്ഷിയുമായിരുന്ന മർഹും പി.എ.സെയ്തുമുഹമ്മദ് സാഹിബിന്റെ സഹായം ഞാൻ ഇന്നും ഓർക്കുകയാണ്. കുറേ ആളുകളുടെ ലിസ്റ്റുമായി സീതിസാഹിബിനെ കണ്ടു ചർച്ച ചെയ്തപ്പോഴാണ് സംസ്ഥാന എ.എസ്.എഫ് കമ്മിറ്റി ഏതു രൂപത്തിലുള്ളതായിരിക്കണമെന്ന് സീതിസാഹിബിന് ആദ്യമേ ചില നിശ്ചയങ്ങളുണ്ടായിരുന്നവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് .

സംസ്ഥാന എം.എസ്.എഫ് പ്രസിഡണ്ട് സംസ്ഥത്ത് ഒരു നിയമ വിദ്യാർത്ഥിയായിരിക്കണമെന്നാണ് ആഗ്രഹിക്കുന്നതെന്ന് പറഞ്ഞപ്പോൾ കോളേജ് ഏതായാലും ശരി, ആളെ മനസ്സിലാക്കണം എന്നാണ് സീതിസാഹിബ് പറഞ്ഞത്. മറ്റു പാർട്ടിക്കാരുടെ പ്രലോഭനനങ്ങൾക്ക് വഴങ്ങുന്നവർക്ക് സ്ഥാനം നൽകിയാൽ ഉണ്ടാവുന്ന അപകടം അദ്ദേഹം ഓർമ്മിപ്പിച്ചു.

പ്രസിഡണ്ട് സ്ഥാനത്തേക്ക് കെ.എം.കുഞ്ഞിമായന്റെ പേര് നിർദ്ദേശിച്ചപ്പോൾ വിശദ വിവരങ്ങൾ ചോദിച്ചു. സ്ഥലം കൊയിലാണ്ടി, ലീഗു കുടുംബങ്ങളുമായി ബന്ധം, എം.എഫ്.എഫുമായി.അഭേദ്യം ബന്ധം.ജനറൽ സെക്രട്ടറി സ്ഥാനം ഞാനോറ്റെടുക്കണമെന്നത് മുൻ തീരുമാനം പോലെ അദ്ദേഹം പറഞ്ഞപ്പോൾ ഞാൻ തലശ്ശേരി ബ്രണ്ണൻ കോളജിൽ അണ്ടർ ഗ്രാജ്വേറ്റാണെന്നും ലോകോളജിലും എഞ്ചിനീയറിംഗിനും ഫാറൂഖ് കോളജിൽ പല കോഴ്സുകൾക്കും പഠിക്കുന്നവരുണ്ടെന്ന് പറഞ്ഞുനോക്കി. (കോഴ്സ് അല്ല റോൾ ആണ് പ്രധാനം കോഴ്സ് എന്ന പാഠ്യ പദ്ധതിയല്ല. റോൾ എന്ന പങ്കാളിത്തമാണ് സീതിസാഹിബിന് പ്രധാനം)

ഖജാഞ്ചി സ്ഥാനത്തേക്ക് ഞങ്ങളുടെദ്ദേശിച്ച ആളെയും സീതിസാഹിബിന് പിടിച്ചു. കെ, അബൂബക്കർ-ബി.വി.അബ്ദുള്ളക്കോയ സാഹിബിന്റെ സീമന്തപുത്രൻ. വെസ്റ്റ്ഹിൽ പോളിടെക്നിക്കിലെ മെക്കാനിക്കൽ എഞ്ചീനീയറിംഗ് വിദ്യാർത്ഥി എഴുത്തുകാരൻ

സീതി സാഹിബ് തലകുലുക്കി. എനിക്കറിയാം ഒഴിവ് സമയം ചന്ദ്രകയിൽ ചെന്നിരുന്ന് സ്പോർട്സ് വാർത്ത എഴുതിക്കൊടുക്കുന്ന കുട്ടി സിഎച്ച് പറയാറുണ്ട് അബുബക്കർ എന്ന അബു ഇപ്പോൾ മലയാള മനോരമയുടെ കോഴിക്കോട് എഡിഷൻ രസിഡണ്ട് എഡിറ്റാണ് ഒരു നല്ല ജോയിന്റ് സെക്രട്ടറി വളരെ വിശ്വാസമുള്ള ആളും ഫയൽ സൂക്ഷിക്കുന്നതിന് പറ്റിയ ആളും . സീതിസീഹിബ് അന്നു പറഞ്ഞത് ഞാനിന്നു ഓർക്കുന്ന. ഫയലുകൾ ഇപ്പോൾ അബൂബക്കറുടെ വീട്ടിലാണ് ജോയിന്റ് സെക്രട്ടറി ഒരാൾ താനൂർക്കാരനും ചന്ദ്രികയുമായി ബന്ധമുള്ള ആളും- എ.എം. കുഞ്ഞിബാവ സീതിസീഹിബ് അംഗീകരിച്ചു. രണ്ടു വൈസ് പ്രസിഡണ്ടുമാരുടെ പേരുകൾ ചോദിച്ചറിഞ്ഞു ഒന്ന് പി.എം. കുഞ്ഞിമൊയ്തീൻകുട്ടി. രണ്ടാമത്തെയാൾ എം.ടി.മൊയ്തുട്ടി- രണ്ടുപേരും ലോ വിദ്യാർത്ഥിക്ൾ രണ്ടുപേരും ഡി.ഐ.ജി.മാരായിരിട്ടയർ ചെയ്തു. അതങ്ങനെ നടക്കട്ടെ.

അപ്പോൾ ഒരു പ്രശ്നം കുഞ്ഞിമായൻ എറണാകുളത്തില്ല. പ്രസിഡണ്ടു പദവി കുഞ്ഞിമായൻ ഏറ്റെടുക്കണമെന്ന് ഉറപ്പു വേണമല്ലോ.

കൗൺസിൽ പാനൽ അംഗീകരിക്കട്ടെ. അടുത്ത ദിവസം ആളെ ചെന്നുകണ്ട് അംഗീകാരം വാങ്ങി പ്രസിദ്ധീകരണത്തിന് നൽകുക. സീതിസീഹിബ് നർദ്ദേശിച്ചതുപോലെ തന്നെ കാര്യങ്ങൾ നടത്തി. പിറ്റേന്ന് ഞാനും കെ.വി. ആലിക്കോയസാഹിബും എറണാകുളത്തുനിന്നും കൊയ്ലാണ്ടിയിലെത്തി. അവിടെ ഒരു കടവ് കടന്ന് കുഞ്ഞിമായിന്റെ വീട്ടിൽചെന്നു മടിയോടെയാണെങ്കിലും കുഞ്ഞിമായർ സമ്മതിച്ചു. തിരിച്ചു വൈകുന്നേരം കോഴിക്കോട്ടെത്തി പിതിയ കേരള സംസ്ഥാന എം.എസ്.എഫ് കമ്മിറ്റി ഭാരവാഹികളുടെയും പ്രവർത്തക സമിതിയുടെയും പേരുകൾ പ്രഖ്യാപിച്ചു.

മുസ്ലീംലീഗിന്റെ അന്നത്തെ ഏക യുവജന സംഘടനയായ മുസ്ലീം വിദ്യാർത്ഥി ഫെഡറ്ഷന്റെ സംഘടനാ തെരെഞ്ഞടുപ്പിൽ സീതിസാഹിബ് കാണിച്ച താൽപര്യം എത്രമാത്രമായിരുന്നുവെന്ന് ഇതു വ്യക്തമാക്കുന്നു.

സീതിസാഹിബ് സ്പീക്കർ സ്ഥാനം ഏറ്റെടുക്കാൻ എറണാകുളം വിട്ടുപോകുംമുമ്പ് അദ്ദേഹത്തിന് ഒരു രാജോചിതമായ യാത്രയയപ്പ് നൽകണമെന്ന് എറണാകുളത്തെ രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സാസ്കാരിക സ്ഥാപനങ്ങളും തീരുമാനിച്ചു. മുസ്ലീംലീഗ് കമ്മിറ്റിക്കു. പുറമെ, കോൺഗ്രസ്സ് പി,എസ്.പി കമ്മിറ്റികൾ മത്തായി മാഞ്ഞുരാന്റെ അനുയായികൾ സീതിസാഹിബിന്റെ പ്രിയ സുഹൃത്തുക്കളായിരുന്നു. കെ.സി.എം.മേത്തർസാഹിബ് അയൽപക്കക്കാരനായിരുന്ന പഴയ കോൺഗ്രസ്സ് സ്വാതന്ത്ര്യസമര സേനാനി വി.കെ കുട്ടിസാഹിബ്,അസ്സൻഹാജി,കിക്കിസേട്ടു. അഭിഭാഷകൻ എന്നിവരെല്ലാം ഇതിനായി മുന്നോട്ടുവന്നു അങ്ങനെ അന്ന് സീതിസാഹിബിനെ ഒരു റിക്ഷയിലുരുത്തി. ഘോഷയാത്രയായി നഗരം ചുറ്റി.

പതിനായിരക്കണക്കിനാളുകൾ വഴിയോരത്തുനിന്ന് ആ ബഹുമാന്യനായ ജന നേതാവിന് അഭിവാദ്യമർപ്പിച്ചു. അദ്ദേഹത്തെ ആനയിച്ചുകൊണ്ടുള്ള ജാഥയിൽ പ്രമുഖ രാഷ്ട്രീയ- സാമൂഹ്യ- സാംസാകാരിക നായകൻമാർ പങ്കെടുത്തു. സീതിസാഹിബിന്റെ ആരോഗ്യനില കൂടി കണക്കിലെടുത്തുകൊണ്ട് മറ്റു പൊതുപരിപാടികൾ വേണ്ടെന്നുവെച്ചു .എറണാകുളം സൗത്ത് സ്റ്റഷനിൽ രാത്രി സീതിസാഹിബിനെ യാത്രയയക്കാൻ വന്ന വലിയ ഒരാൾകൂട്ടത്തിൽ സാധാരണക്കാരായ ലീഗ് പ്രവർത്തകരും അനുയായികളും മാത്രമായിരുന്നില്ല. ഉയർന്ന നേതാക്കന്മാരും അഭിഭാഷകരും ഭിഷഗ്വരന്മാരും,സാമൂഹ്യപ്രവർത്തകരമായി ഒട്ടനവധി ആളുകളുണ്ടായിരുന്നു.സീതിസാഹിബിന്റെ യാത്ര പലരെയും പുളകം കൊള്ളിച്ചു പലർക്കും അദ്ദേഹത്തിന്റെ അഭാവത്തിലുണ്ടാകുന്ന വേദനയും അവിടെ പ്രകടമായി.

30 ദീർഘദർശിയായ രാഷ്ട്രീയ ബുദ്ധിജീവി

സീതിസാഹിബ് സ്പീക്കർസ്ഥാനം സ്വീകരിക്കുന്നതിൽ സമുദായമാകെ ആഹ്ലാദംകൊള്ളുന്ന അവസരമായിരുന്നു അത് .അദ്ദേഹം ഒരു ഔദ്യോഗിക സ്ഥാനം ആദ്യമായി ഏറ്റെടുക്കുകയായിരുന്നു സീതിസാഹിബിന്ന് മന്ത്രിസ്ഥാനംതന്നെ കിട്ടുമായിരുന്നു 1952-ൽ മദ്രാസ് സംസ്ഥാത്ത് കോൺഗ്രസ്സിന് ഗവർമെണ്ടു രൂപീകരിക്കാൻ ഭൂരിപക്ഷമിലാലതിരുന്ന ഘട്ടത്തിൽ ഇസ്മാഈൽ സാഹിബിന്റെയും സീതിസാഹിബിന്റെയും നേത്യത്വത്തിൽ നടന്ന രാഷ്ട്രീയ ചർച്ചകളായിരുന്നു. സി.രാജഗോപാലാചാരിയുടെ നേത്യത്വത്തിലുള്ള അന്നത്തെ മന്ത്രിസഭയെ പിടിച്ചുനിർത്തിയത് .അന്നത്തെ മദ്രാസ് ഗവർണ്ണർ ശ്രീപ്രകാശ രാജാജിയെ മദ്രാസ് നിയസഭാ കൗൺസിലിലേക്ക് നോമിനേറ്റു ചെയ്യുകയും, കോൺഗ്രസ്സ് നേതാവായി തെരഞ്ഞെടുക്കുകയു അദ്ദേഹം വീണ്ടും മദ്രാസിൽ മുഖ്യമന്ത്രിയാവുകയും ചെയ്തു. അന്നത്തെ രാഷ്ട്രീയ സന്നിഗ്ദ്ധാവസ്ഥയിൽ നിന്ന് കോൺഗ്രസ്സിനെ രക്ഷിക്കുന്നതിലും രാജാജി മന്ത്രിസഭയെ പിടിച്ചു നിർത്തുന്നതിലും മദ്രാസ് നിയമസഭാംഗം കൂടിയായിരുന്ന സീതിസാഹിബ് വഹിച്ച പങ്ക് മുഖ്യമന്ത്രി രാജാജി തന്നെ, പരസ്യമായി പ്രശംസിച്ചിരുന്നു. മുസ്ലിംലീഗിന്റെ അഞ്ച് അംഗങ്ങളും ലീഗ് സ്വതന്ത്രന്മാരായി ജയിച്ച രണ്ടു ഡസൻ സാമാജികരും നൽകിയ പിന്തുണയിലായിരുന്നു രാജാജി മന്ത്രി സഭ നില നിന്നത്. കോൺഗ്രസ്സ് നിയമസഭാകക്ഷി യോഗത്തിൽ പ്രത്യേകം ക്ഷണിക്കപ്പെട്ടവരെന്ന നിലക്ക് മുസ്ലിംലീഗ് അംഗങ്ങൾ പങ്കെടുത്തു. ലീഗിന്റെ പേരിൽ ആരോപിക്കപ്പെട്ട 'വർഗ്ഗീയ' മുഖം ആദ്യം വലിച്ചുകീറിയ കോൺഗ്രസ്സ് നേതാവ് രാജഗോപാലാചാരിയായിരുന്നു. അന്ന് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു മുഖ്യമന്ത്രി രാജാജിയോടു ചോദിച്ചുവത്രെ. ''മുസ്ലിംലീഗിന്റെ ഈ തീരുമാനത്തിന്ന് എന്തു വില കൊടുക്കേണ്ടിവരും?" രാജാജി ഒറ്റ വാക്കിൽ മറുപടി പറഞ്ഞത്രേ. ''അവരൊന്നു ആവശ്യപ്പെട്ടില്ല"

സീതിസാഹിബ് രാജാജി മന്ത്രിസഭയിൽ ചേരുമെന്ന പത്രവാർത്തകൾ ധാരാളമുണ്ടായിരുന്നു. ഒരു മലയാള പത്രലേഖകൻ രാജാജിയോടു അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ സീതിസാഹിബ് ചേരുന്നതിനെപ്പറ്റി സൂചിപ്പിച്ചപ്പോൾ ''സീതിയെപ്പോലെ ഒരാൾ മന്ത്രിസഭക്ക് എന്തുകൊണ്ടും അനുയോജ്യമായിരിക്കുമെന്നും എന്നാൽ അത് അദ്ദേഹം ആഗ്രഹിക്കുന്നില്ല" എന്നും പറഞ്ഞത് പ്രധാന വാർത്തകളിൽ ഒന്നായിരുന്നു.

1952ൽ മദ്രാസ് നിയമസഭയിൽ കോൺഗ്രസ്സേതര ഗവർമെന്റ് രൂപീകരിക്കാൻ വളരെയേറെ ശ്രമങ്ങൾ നടത്തിയത് പ്രതിപക്ഷത്തെ പ്രധാന നേതാവ് സഖാവ് എ.കെ. ഗോപാലനായിരുന്നു. മുസ്ലിംലീഗിനെ കോൺഗ്രസ്സേതര മുന്നണിയിലേക്ക് അന്നു മദ്രാസ്സിലെ സോഷ്യലിസ്റ്റ് പാർട്ടിക്കാരടക്കം ക്ഷണിച്ചിരുന്നു. അന്ന് എ.കെ. മുസ്ലിംലീഗ് പ്രതിപക്ഷ മുന്നണിയിൽ ചേരാൻ ഒരുപാധി വെച്ചു. മുസ്ലിംലീഗ് അതിന്റെ ഫ്യൂഡലിസം ഉപേക്ഷിച്ചാൽ ലീഗിനേയും തങ്ങളുടെ പക്ഷത്ത് ചേർക്കാൻ സാധിക്കുമെന്നദ്ദേഹം പറഞ്ഞു. അതിന് സീതിസാഹിബ് നൽകിയ തിരിച്ചടി പ്രത്യേകം പ്രസ്താവ്യമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ 'ബാർബറിസം' ഉപേക്ഷിക്കട്ടെ എന്നിട്ടാവാം യോജിപ്പ്.

ഭീതിജനകവും കരാളവുമായ ഒരു രാഷ്ട്രീയ കാലഘട്ടത്തിൽ മുസ്ലിം സമുദായത്തിന് രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ നേതൃത്വം നൽകിയ മഹാനായ നേതാവ് തന്റെ പാർട്ടിക്ക് ലഭിച്ച അത്യുന്നത സ്ഥാന മേറ്റെടുക്കുന്നതിൽ സമുദായത്തിന് അത്യാഹ്ലാദമുണ്ടായിരുന്നു. മുസ്ലിംലീഗ് സംഘടനക്ക് ഇസ്മാഈൽ സാഹിബിനോടും ബാഫഖി തങ്ങളോടുമൊപ്പം ചേർന്ന് സീതിസാഹിബ് ചെയ്ത സേവനം വിലമതിക്കാനാവാത്തതായിരുന്നു. 1948ൽ മുസ്ലിംലീഗ് നിലനിർത്തുവാൻ തീരുമാനമെടുത്തപ്പോൾ അതിനെ എതിർത്തവരിൽ കോൺഗ്രസ്സുകാർ മാത്രമായിരുന്നില്ല. അന്നുവരെ മുസ്ലിംലീഗിന്റെ പദവിയും പ്രതാപവും ആസ്വദിച്ച ധാരാളം പ്രമുഖന്മാരും ഉണ്ടായിരുന്നു. മുസ്ലിംലീഗിന്റെ നിലനിൽപിനെ ചോദ്യം ചെയ്യുക, മുസ്ലിംകളുടെ കൂറ് ചോദ്യം ചെയ്യുക, ഒട്ടനേകം മുസ്ലിം നേതാക്കന്മാരെ പാക്കിസ്താൻ ചാരന്മാരായി മുദ്രകുത്തുക..... അങ്ങനെ പോകുന്നു എതിർപ്പുകൾ. ഈ പരിതസ്ഥിതിയിലായിരുന്നു മുസ്ലിംലീഗ് സംഘടന നിലനിർത്താൻ സീതിസാഹിബ് ധീരനായി മുന്നോട്ടു വന്നത്. ഏറനാട്, വള്ളുവനാട് പ്രദേശങ്ങൾ അദ്ദേഹം

നിരന്തരമായി സന്ദർശിച്ചു കൊണ്ടിരുന്നു. ഹൈദരാബാദ് പോലീസ് നടപടിയുണ്ടായ കാലം മഹാനായ പാണക്കാട് പൂക്കോയ തങ്ങൾ വരെ അറസ്റ്റു ചെയ്യപ്പെട്ടു. മുസ്‌ലിംലീഗിലെ പ്രമുഖ പണ്ഡിതന്മാരിൽ ഒരാളും സമുന്നതനുമായ എൻ.വി.അബ്ദുസ്സലാം മൗലവിയും ഏറനാട്ടിലെ ലീഗ് പ്രസ്ഥാനത്തിന്റെ ഉജ്ജ്വല നേതാവായിരുന്ന ഹസ്സൻകുട്ടി കുരിക്കളും അറസ്റ്റ് ചെയ്യപ്പെട്ടവരിലുണ്ടായിരുന്നു. അറസ്റ്റ് ചെയ്യപ്പെടാതിരുന്ന പ്രമുഖ നേതാക്കളിൽപ്പെട്ട ബാഫഖി തങ്ങളും സീതിസാഹിബും ജയിലിലടക്കപ്പെട്ട സഹപ്രവർത്തകന്മാരേയും ബന്ധുമിത്രാധികളേയും ആശ്വസിപ്പിക്കാൻ സധൈര്യം മുന്നോട്ടു വന്നു. സംഘടനാ പ്രവർത്തനം മന്ദീഭവിച്ച ആ കാലഘട്ടത്തിൽ ഇരുളിൽ തപ്പിത്തടയുന്ന ലീഗുകാർക്ക് വെളിച്ചം പകർന്നത് സീതിസാഹിബായിരുന്നു. ആത്മാർത്ഥതയും നിശ്ചയദാർഢ്യവുമുള്ള ഏതാനും ചെറുപ്പക്കാരെ അണിനിരത്തി സീതിസാഹിബ് ലീഗിന്റെ പ്രവർനങ്ങൾക്ക് ഊർജ്ജം നൽകി. അന്നു മുസ്‌ലിംലീഗിന്റെ യോഗങ്ങൾ വളരെ കുറവായിരുന്നു. ഉള്ള യോഗങ്ങളിലെല്ലാം സീതിസാഹിബ് പ്രധാന പ്രാസംഗികനായിരിക്കും. മദ്രസകൾ, സ്കൂളുകൾ അങ്ങനെ എല്ലാ ചടങ്ങുകളിലും സംബന്ധിച്ച് സീതിസാഹിബ് ചെയ്യുന്ന പ്രസംഗങ്ങൾ ''ചന്ദ്രിക"യിൽ അച്ചടിച്ചു വരും. അതായിരുന്നു മുസ്‌ലിംലീഗിന്റെ അടിത്തറ ശക്തിപ്പെടുത്തിയത്. അന്നത്തെ തലമുറ സീതിസാഹിബന്റെ നേതൃത്വത്തിൽ ചെയ്ത ത്യാഗം ഒന്ന് മാത്രമാണ് മുസ്‌ലിംലീഗിനെ കേരളത്തിൽ നിലനിർത്തിയത്.

മലബാർ ജില്ലാ മുസ്‌ലിംലീഗിന്റെ പ്രസിഡണ്ടായി സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളെ കൊണ്ടു വന്ന സീതിസാഹിബിന്റെ ദീർഘദൃഷ്ടി ആർക്കും ആർക്കും അവഗണിക്കാൻ കഴിയുകയില്ല. ബാഫഖി തങ്ങളെ ഒരു പരിപൂർണ്ണ രാഷ്ട്രീയ നേതാവാക്കി രൂപപ്പെടുത്തുന്നതിൽ സീതിസാഹിബിന്റെ പങ്ക് ചരിത്രത്തിന്റെ ഒരു ഭാഗമാണ്.

അതോപോലെത്തന്നെ 1949ൽ നടന്ന മലബാർ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പിൽ മുസ്‌ലീംലീഗ് ഔദ്യോഗികമായി രംഗത്തിറങ്ങാൻ തീരുമാനിച്ചതും മറ്റൊരു സംഭവബഹുലമായ തീരുമാനമായിരുന്നു. മുസ്‌ലിംലീഗ് സ്ഥാനാർത്ഥികൾ വിജയിച്ചപ്പോൾ ലീഗിന്റെ സ്വാധീന ശക്തി ശത്രക്കൾക്ക് മനസ്സിലായിത്തുടങ്ങി. അതിനിടക്ക് ഏറനാട്- വള്ളുവനാട് ഫർക്കയിൽനിന്ന് നിയമസഭാംഗമായിരുന്ന കൊയപ്പത്തൊടി അഹമ്മദുകുട്ടിഹാജി സാഹിബിന്റെ നിര്യാണത്തെ തുടർന്ന നടന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ ലീഗിന്റെ ഏറനാട്ടിലെ ഊർജ്ജസ്വലനായ നേതാവ് അസ്സൻകുട്ടി കുരിക്കൾ മത്സരിക്കുകയും വിജയിക്കുകയും ചെയ്തതും സീതിസാഹിബിന്റെ തൊപ്പിയിൽ മറ്റൊരു തൂവലായിരുന്നു. ഹരിതപതാകയുമേന്തി ആവേശോജ്ജ്വലരായി ഏറനാട്-വള്ളുവനാട് താലൂക്കുകളുടെ മുക്കുമൂലകളിൽ പ്രചാരണവുമായി ആഞ്ഞടുത്തപ്പോൾ ലീഗു വിരുദ്ധരുടെ മനക്കോട്ടകൾ കർന്നടിഞ്ഞു. കൊണ്ടോട്ടി മുതൽ ഒറ്റപ്പാലം വരെയുള്ള ലീഗ് പ്രവർത്തനം അതോടെ ഉഷാറായി. സീതിസാഹിബ് മുസ്‌ലിംലീഗ് പ്രവർത്തകന്മാർക്ക് ആവേശമായി, ഹരമായി. അദ്ദേഹം പ്രഖ്യാപിച്ചു: മുസ്‌ലിംലീഗ് ഒരു മണൽകോട്ടയാണെന്ന് ചിലർ സ്വപ്നം കണ്ടു. അത് മണൽകോട്ടയല്ല, ആർക്കും ഭേദിക്കാനാവാത്ത ഉരുക്ക്കോട്ടയാണ് എന്ന് ബോദ്ധ്യപ്പെടും"

വിഭജനാനന്തരം മുസ്‌ലിംലീഗ് സംഘടന ശക്തിപ്പെടുത്തുന്നതിലെന്നപോലെ മുസ്‌ലിംലീഗിന്റെ മതേതര സ്വഭാവം അരക്കിട്ടുറപ്പിക്കുന്നതിലും അമൂല്യ സംഭാവന ചെയ്ത നേതാവായിരുന്നു സീതിസാഹിബ്. ആദ്യദ്ദേഹം സംഘടനയെ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു ന്യൂനപക്ഷ സംഘടനക്കുള്ള യഥാർത്ഥ പങ്ക് നിർവ്വഹിക്കുന്നതിന്ന് സജ്ജമാക്കി. വിഭജനത്തിന്റെ പേരിൽ എതിർപ്പു നേരിടേണ്ടിവന്ന മുസ്‌ലിംലീഗ് സംഘടന സ്വതന്ത്ര ഭാരതത്തിൽ ന്യൂനപക്ഷത്തിന്റെ ദേശീയ സംഘടനയാണെന്ന സ്ഥാനം കൈവരുത്താൻ യത്നിച്ചു. വിഭജനാന്തരം കറാച്ചിയിൽവെച്ചു ചേർന്ന അന്നത്തെ സർവ്വേന്ത്യാ മുസ്‌ലിംലീഗ് സമ്മേളനത്തിലും, പിന്നീട് എച്ച്.എസ്.സുഹ്റവർദ്ദി കൽക്കത്തയിൽ വിളിച്ചുകൂട്ടിയ ഇന്ത്യൻ മുസ്‌ലിംല നേതാക്കന്മാരുടെ യോഗങ്ങളിലും ഇസ്മായിൽ സാഹിബിനോടൊപ്പം അദ്ദേഹം സംബന്ധിച്ചു. ഇസ്മാഈൽ സാഹിബ് ലാഗ് നയം തുറന്നു പറഞ്ഞതിന്റെ പിന്നിൽ പ്രവർത്തിച്ച ''ബുദ്ധി"യും സീതിസാഹിബായിരുന്നു. കറാച്ചിയിൽവെച്ചു അന്നത്തെ പാക്കിസ്ഥാൻ പ്രധാനമന്ത്രിയും മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറിയുമായിരുന്ന ലിയാഖത്തലിഖാനെകണ്ട് ഇന്ത്യൻ മുസ്‌ലിംകളുടെ പ്രശ്നങ്ങളിൽ പാക്കിസ്താൻ ഇടപെടരുത് എന്ന് ഇസ്മാഈൽ സാഹിബ് പറഞ്ഞതിലും, സുഹ്റവർദ്ദി വിളിച്ചുകൂട്ടിയ യോഗത്തിൽ മുസ്‌ലിംകൾ ഒരിക്കലും രാഷ്ട്രീയമായി സംഘടിക്കരുതെന്ന പ്രമേയത്തെ എതിർത്തു പരാജയപ്പെടുത്തിയതിലും സീതിസാഹിബിന്റെ ബുദ്ധിയും വാചാലതയും ഇസ്മാഈൽ സാഹിബ് തന്നെ എത്രയോ തവണ പ്രശംസിച്ചതാണ്.

അതേപോലെതന്നെ സീതിസാഹിബ് മുസ്‌ലിം സമുദായത്തിന്റെ നവോത്ഥാനത്തിനായി ചെയ്ത സേവനങ്ങൾ ഒരിക്കലും മറക്കാനാവില്ല. മലബാർ മുസ്‌ലിംകളുടെ വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥ അവസാനിപ്പിക്കാൻ സീതിസാഹിബ് ഏറനാട്-വള്ളുവനാട് താലൂക്കുകളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. മലപ്പുറം ഗവ: ഹൈസ്കൂൾ നേടിയെടുക്കുന്നതിൽ അദ്ദേഹത്തിൻ പങ്ക് വളരെ വലുതായിരുന്നു. ദരിദ്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനായി രൂപീകരിച്ച മലബാർ മുസ്‌ലിം അസോസിയേഷന്റെ ജനറൽ സെക്രട്ടറി സീതിസാഹിബായിരുന്നു. മദ്രസത്തുൽ മുഹമ്മദീയ ഹൈസ്ക്കൂൾ, ഗവ: ഗേൾസ് ഹൈസ്കൂൾ, ഹിമാ

യത്തുൽ ഇസ്‌ലാം ഹൈസ്കൂൾ എന്നാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പിറകിൽ സീതിസാഹിബിന്റെ പ്രവർത്തനം എന്നും ഓർമ്മിക്കപ്പെടും. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ സീതിസാഹിബിന്റെ പ്രധാന സഹായിയും അനുയായിയും മർഹൂം ബി.വി.അബ്ദുല്ലക്കോയ സാഹിബായിരുന്നു. വെട്ടത്തു പുതിയങ്ങാടിയിൽ ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കുന്നതിൽ സീതിസാഹിബ് ഗവൺമെന്റിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു, വടക്കെ മലബാറിൽ പാവപ്പെട്ട മുസ്‌ലിം വിദ്യാർത്ഥികളെ സഹായിക്കാനായി ഹുസ്സൻ കാസംദാദ ട്രസ്റ്റ് രൂപീകരണത്തിൽ മുന്നിട്ട് പ്രവർത്തിച്ച സീതിസാഹിബ് അതിന്റെ സിക്രട്ടറിയും കൂടിയായിരുന്നു. തലശ്ശേരി മുബാറക ഹൈസ്കൂളിന്റെ സ്ഥാപനത്തിലും നിർണ്ണായക പങ്ക് വഹിച്ചു. തലശ്ശേരിയിലെ ഗവ; ബ്രണ്ണൽ കോളേജിൽ ആദ്യം ഇന്റർമീഡിയറ്റുവരെ ഉണ്ടായിരുന്നുള്ളൂ. അവിടെ ഡിഗ്രി കോഴ്സ് കൊണ്ടുവന്നു. അത് ഫസ്റ്റ് ഗ്രേഡ് കോളേജാക്കി ഉയർത്തുന്നതിൽ സീതിസാഹിബായിരുന്നു നുൻപന്തിയിൽ. ബ്രണ്ണൽ കോളേജിൽ ഉർദു ഭാഷക്ക് ഡിഗ്രി ക്ലാസിൽ അംഗീകാരം വാങ്ങിക്കുന്നതിൽ സീതിസാഹിബ് വഹിച്ച പങ്ക് നേരിട്ടറിയാവുന്ന ഒരാളാണ് ഞാൻ. ഞാനന്ന് ബ്രണ്ണനിൽ ഉർദു രണ്ടാം ഭാഷയായി എടുത്ത വിദ്യാർത്ഥിയായിരുന്നു. സ്പീക്കർ പദം ഏറ്റെടുത്ത ശേഷവും അദ്ദേഹം വിദ്യാഭ്യാസ രംഗത്ത് നിരവധി സേവനങ്ങളിൽ, തിരൂരിൽ പോളിടെക്നിക് ആരംഭിക്കുന്നതിലും, തളിപ്പറമ്പിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിലും ശ്രദ്ധവെച്ചിരുന്നുവെന്ന് പ്രത്യേകം പ്രസ്താവ്യമാണ്.

1943ൽ കോളറമൂലം മരണമടഞ്ഞവരുടെ അനാഥകുട്ടികളെ രക്ഷിക്കാനായി തിരൂരങ്ങാടിയിൽ യതീംഖാന ഉയർന്നില്ലായിരുന്നുവെങ്കിൽ ഇന്നത്തെ മലപ്പുറം ജില്ല ഉൾപ്പെടെയുള്ള മലബാർ പ്രദേശത്ത് മുസ്‌ലിം സാമൂഹ്യ ജീവിതം ശിതിലമാകുമായിരുന്നു. അന്ന് ഉൾനാടൻ പ്രദേശങ്ങളിൽ കോളറ ഉണ്ടാക്കി തീർത്ത നാശം സീമാതീതമായിരുന്നു. ഉറ്റവർ നഷ്ടപ്പെട്ട അനാഥരെ സഹായിക്കുക എന്നത് അന്നത്തെ ഏറ്റവും വലിയ ഒരു മാനുഷിക പ്രശ്നമായിരുന്നു. പണ്ഡിതനും സമുദായ സ്നേഹിയുമായിരുന്ന കെ.എം. മൗലവി സാഹിബ് മുൻകയ്യെടുത്തു സീതിസാഹിബ്, എ.കെ.കുഞ്ഞിമായിൻ ഹാജി, എം.കെ.ഹാജി സാഹിബ് തുടങ്ങിയവരുടെ ഒരു യോഗം വിളിച്ചുകൂട്ടുകയും 1943 ഡിസംബർ 11-ാം തിയ്യതി തിരൂരങ്ങാടി നൂറുൽ ഇസ്‌ലാം മദ്രസ അങ്കണത്തിൽ ഹാജി അബ്ദുസത്താർ ഹാജി, ഇസ്ഹാഖ് സേട്ടുസാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ചു സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ തിരൂരങ്ങാടി യതീംഖാന ഉൽഘാടനം ചെയ്യുകയുണ്ടായി. കെ.എം. മൗലവി സാഹിബ് പ്രസിഡണ്ടും എം.കെ. ഹാജിസാഹിബ് ജനറൽ സെക്രട്ടറിയുമായ ഈ സ്ഥാപനത്തിന്റെ കമ്മറ്റിയിൽ കെ.എം. സീതിസാഹിബ് വൈസ്പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചു. മരിക്കുന്നതു വരെ തിരൂരങ്ങാടി യതീഖാനയുടെ നടത്തിപ്പിൽ അദ്ദേഹം അതീവ താൽപര്യം കാണിച്ചു.

സീതി സാഹിബിന്റെ സേവനരംഗം വിശാലമായിരുന്നു. കേരളത്തിലെ മുസ്‌ലിം സമുദായത്തിന് സീതിസാഹിബ് വിദ്യാഭ്യാസ സാംസ്കാരിക സാമൂഹ്യ രംഗങ്ങളിൽ ചെയ്ത സേവനങ്ങൽ അമൂല്യമായിരുന്നു. എന്നാൽ ചന്ദ്രിക പത്രവും ഫാറൂഖ് കോളും സീതിസാഹിബിന്റെ നിത്യ സ്മാരകങ്ങളാണെന്ന വസ്തുത ഒരിക്കലും മറക്കാനാവില്ല.

കേരള മുസ്‌ലിംകളുടെ പുരോഗതിയുടെ പാത വെട്ടിത്തെളിയിച്ച ''ചന്ദ്രിക" ആറു പതിറ്റാണ്ടുകളുടെ മമ്പ് മലയാള പത്രപ്രവർത്തന മേഖലയിലേക്ക് കടത്തി വിട്ട സീതി സാഹിബിന്റെ ദീർഘ വീക്ഷണം ഇനിയുള്ള തലമുറകൾക്ക് കൂടി അദ്ദേഹത്തോടു കടപ്പാടും ആദരവും നിലനിർത്തുന്നതാണ്. ചന്ദ്രികയുടെ തുടക്കവും വളർച്ചയും, ഫാറൂഖ് കോളേജിന്റെ ആവിഭാവവും ഉയർച്ചയും നേടിയെടുക്കാൻ സീതിസാഹിബിന്റെ നിഷ്കാമ സേവനം തലമുറകൽ താണ്ടി നിലനിൽക്കും.

31

ചന്ദ്രികയും ഫാറൂഖ് കോളേജും

''ചന്ദ്രിക" പത്രം കഴിഞ്ഞ നിരവധി വർഷങ്ങളായി സമുദായത്തിന് ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ അളവറ്റതാണ്. സാഹിത്യ രംഗത്തു ഒട്ടനേകം എഴുത്തുകാരേയും സാഹിത്യകാരേയും പത്രപ്രവർത്തകന്മാരേയും സംഭവന ചെയ്താന്ഡ ചന്ദ്രികക്ക് കഴിഞ്ഞു. പിന്നീട് മലയാള സാഹിത്യ രംഗത്ത് ഉയർന്നുവന്ന നായകന്മാരിൽ പലരും ചന്ദ്രികയിലുടെ വളർന്നുവന്നവരായിരുന്നു. ചന്ദ്രിക ആഴ്പ്പതിപ്പിലൂടെയാണ് കണ്ണർ സ്വദേശിയും പ്രസിദ്ധ കഥാകൃത്തുമായ ടി.പത്മനാഭന്റെ കഥകൾ ഞാനാദ്യം വായിച്ചത്. അതുപോലെ പരാമർശിക്കപ്പെടേണ്ട ഒട്ടോറെ പേരുകളുണ്ട്. മഹാകവി ജി. മഹാകവി പി, എസ്.കെ. പൊറ്റക്കാട്, വൈക്കം മുഹമ്മദ് ബഷീർ, ഉറൂബ്, എം.ടി.വാസുദേവൻ നായർ, എൻ.പി.മുഹമ്മദ്, പി.എ.മുഹമ്മദ്കോയ, ശ്രീകുമാരൻ തമ്പി, ഐ.വി.ശശി, പുനത്തിൽ കുഞ്ഞബ്ദുല്ല, പുവ്വച്ചൽ ഖാദർ, യു.എ.ഖാദർ പലരും ചന്ദ്രികയിലൂടെയാണ് ആദ്യകാലങ്ങളിൽ ശ്രദ്ധേയരായത്.

ചന്ദ്രിക ദിനപത്രം മുസ്‌ലിം സമുദായത്തിന്റെ ഖഡ്ഗവും പരിചയവുമാണ്. സമുദായത്തിനെതി

രായി വരുന്ന ദുശ്ശക്തികളെ തടുത്തുനിർത്താനും, സമുദായ താൽപര്യത്തെ ഹനിക്കുന്ന ശക്തി കൾക്കെതിരായി അച്ചുനിരത്തി പടവെട്ടാനും കഴിഞ്ഞ ഓരേയൊരു മലയാള പത്രം, മുസ്‌ലിം സമുദാ യത്തെ സംബന്ധിച്ചിടത്തോളം ചന്ദ്രിക മാത്രമാണ്.

1934ൽ കേന്ദ്ര നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഒരു ഭാഗത്ത് അഹ്ദുറഹിമാൻ സാഹിബും മറുപക്,ത്ത് ലീഗിന്റെ അന്നത്തെ നേതാവ് സത്താർ സേട്ടുസാഹിബുമായിരുന്നു. അബ്ദുറഹിമാൻ സാഹി ബിന്റെ ''അൽഅമീൻ" പത്രത്തിലെ പല വാർത്തകളും സത്താർ സേട്ടുസാഹിബിനും സഹപ്രവർത്തകർക്കും ഖണ്ഡിക്കേണ്ടിവന്നു. അതിനൊരു പത്രം വേണം. ആശയം സീതിസാഹിബിനുണ്ടായിരുന്നു. അങ്ങനെ അന്നത്തെ ലീഗുനേതാക്കന്മാരും സമുദായാഭിമാനികളുമായ വ്യക്തികളാണ് വ്യക്തികളാണ് ചന്ദ്രിക പത്ര ത്തിന് തുടക്കം കറിച്ചത്. തലശ്ശേരിയിൽ ചെയർമാൻ മമ്മുക്കേയി എന്നറിയപ്പെട്ടിരുന്ന അന്നത്തെ ഉഗ്രപ്ര താപനായ ഒരു നേതാവായിരുന്നു. സി.പി.മ്മുക്കേയി, സീതിസാഹിബിന്റെ ആത്മമിത്രമായിരുന്നു. തല ശ്ശേരി മുനിസിപ്പൽ കൗൺസിലിൽ വളരെ കാലം ചെയർമാനായിരുന്ന സി.പി. മമ്മുക്കേയി, കിടാരൻ അബ്ദു റഹ്മാൻ ഹാജി, മുക്കാട്ടിൽ മൂസ സാഹിബ്, കുഞ്ഞിമായൻ ഹാജി സാഹിബ് എന്നിവരടങ്ങിയ ഒരു സമിതി സീതിസാഹിബിന്റെ നേതൃത്വത്തിൽ രൂപം കൊണ്ടു. ഈ സമിതി ചന്ദ്രികയെന്ന പേരിൽ ഒരു പ്രതിവാര പത്രം 1934 മാർച്ച് 26നും ഒരു ഹജ്ജ് പെരുന്നാൾ ദിവസം തുടങ്ങി. തൈലക്കണ്ടി സി.മുഹമ്മദ് പ്രിന്ററും പബ്ലിഷറുമായ ഈ പ്രതിവാര പത്രം തലശ്ശേരിയിലെ പാരീസ് പ്രസിൽ നിന്നാണ് ആദ്യം പുറത്തുവന്നത്.

1941 വരെ ഉന്തിയും നീങ്ങിയും പോയ ''ചന്ദ്രിക" 1941ൽ കെ.കെ. മുഹമ്മദ് ശാഫി സാഹിബ് പത്രാ ധിപരും വി.സി.അബൂബക്കർ സാഹിബ് പ്രിന്ററും പബ്ലിഷറുമായി പുറത്തിറങ്ങി. തലശ്ശേരി മെയിൻ റോഡിലെ ആലിഹാജി പള്ളിയുടെ സമീപത്തുണ്ടായിരുന്ന ഉമ്മർബീഡി ബിൽഡിംഗിൽ അതിന്റെ ഓഫീസുണ്ടായിരു ന്നു. എ.പി.മുഹമ്മദ് സാഹിബ് മാനേജറായിരുന്നു. എല്ലാ വ്യാഴാഴ്ചകളിലും ക്രൗൺ സൈസിൽ പുറത്തിറ ങ്ങുന്ന പത്രത്തിന് പന്ത്രണ്ടോ പതിനാറോ പേജുകളാണുണ്ടായിരുന്നത്. അക്കാലത്താണ് സി.എച്ച് മുഹമ്മ ദ്കോയ സാഹിബ് ചന്ദ്രികയിൽ ലേഖനങ്ങൾ തുടർച്ചയായി എഴുതിക്കൊണ്ടിരുന്നതെന്ന് വി.സി. പറയു ന്നു.

ചന്ദ്രികയുടെ ഓഫീസായി സീതിസാഹിബിന്റെ തിരുവങ്ങാട്ടുള്ള വാടക വീട് കുറെക്കാലം ഉപ യോഗിച്ചിരുന്നു. സീതിസാഹിബിന്റെ സീനിയർ ഗുമസ്തൻ വി.മുഹമ്മദ് സാഹിബിന്റെ വക്കീലാഫീസും ചന്ദ്രിക ഓഫീസ് പോലെയായിരുന്നു. അന്ന് പത്രാധിപ സമിതിയിൽ ഹാരിസ് മായൻ, പയ്യമ്പള്ളി അബ്ദുൽഖാ ദർ, സി.പി.കുഞ്ഞമ്മദ്, സി.പി.കുഞ്ഞാലിക്കുട്ടിക്കേയി, ചെറുവക്കര അബ്ദുല്ല, കരിയാടൻ മൊയ്തു, കോലാ രത്ത് രാഘവൻ എന്നിവരുണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരെല്ലാമുണ്ടായിരുന്നുവെങ്കിലും അവസാന അംഗീകാരം സീതിസാഹിബിന്റേതായിരുന്നു.

അതിനിടക്ക് സി.പി.മമ്മുക്കേയിയുടെ നിര്യാണം സീതിസാഹിബിനെ വല്ലാതെ ഉലച്ചു. അവർ തമ്മിൽ അത്രയേറെ അടുത്ത വലിയ സൗഹൃദമായിരുന്നു. സി.പി.മമ്മുക്കേയി മരിച്ചപ്പോൾ എ.കെ.കുഞ്ഞി മായൻ ഹാജി സാഹിബ് ചന്ദ്രികയുടെ മാനേജിംഗ് ഡയറക്ടറായി.

സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടെ നിരന്തരമായ ശ്രമഫലമായിട്ടാണ് ചന്ദ്രിക കോഴി ക്കോട്ടേക്ക് മാറ്റിയത്. 1945-46 ലായിരുന്നു നടക്കാവിൽ ബാഫഖി തങ്ങളുടെ സുഹൃത്ത് എടമൻകൈയൻ അബ്ദുറഹിമാൻ സാഹിബന്റെ കെട്ടിടത്തിലാണ് ചന്ദ്രിക കോഴിക്കോട്ട് പ്രസിദ്ധീകരണം ആരംഭിച്ചത്. പൊന്നാനി കെ.വി.അബ്ദുറഹ്മാൻ സാഹിബ് പത്രാധിപർ. കരിയാമ്പത്ത് കുഞ്ഞിപക്കി സാഹിബ് മാനേ ജർ. പ്രിന്ററും പബ്ലിഷറും വി.സി.തന്നെ. നാല് വർഷങ്ങൾക്കു ശേഷം കെ.വി.അബ്ദുറഹ്മാൻ സാഹിബ് ഫാറൂഖ് കോളേജിൽ അധ്യാപകനായും കെ.കുഞ്ഞിപ്പക്കി സാഹിബ് തലശ്ശേരി ബ്രണ്ണൻ കോളേജിൽ ലക്ച റായും പോയി. 1950ൽ സി.എച്ച് മുഹമ്മദ് കോയ സാഹിബ് പത്രാധിപരായി ചാർജ്ജെടുത്തു.

കുഞ്ഞിമായൻ ഹാജി സാഹിബ് ചന്ദ്രിക മാനേജിംഗ് ഡയറക്ടർ സ്ഥാനമൊഴിഞ്ഞപ്പോൾ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ അതേറ്റെടുത്തു. ചന്ദ്രികയുടെ പ്രസിദ്ധീകരണം നിൽക്കാൻ ഇടവന്ന പ്പോളെല്ലാം സീതിസാഹിബ് അതിന്റെ രക്ഷക്കെത്തിയിരുന്നു. ചന്ദ്രികയുടെ പ്രസിദ്ധീകരണം നിലക്കുന്നതും സമുദായത്തിന്റെ ജീവൻ പണയപ്പെടുത്തുന്നതും ഒരുപോലെയാണദ്ദേഹം കണ്ടത്.

സീതി സാഹിബ് ജീവിച്ചിരുന്ന കാലമത്രയും ചന്ദ്രികുയുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധവെച്ചിരുന്നു. ചില സ്ഥലങ്ങളിൽ ചന്ദ്രികയുടെ ലേഖകൻമാരെ നിയമിക്കപ്പെടുമ്പോൾ പോലും ബാഫഖി തങ്ങളും സി. എച്ചും അദ്ദേഹത്തിന്റെ അഭിപ്രായം ആരായാറുണ്ടായിരുന്നു. ചന്ദ്രികയുടെ നടത്തിപ്പുമായി അത്രയും അഭേ ദ്യവും അനുസ്യൂതവുമായ ബന്ധമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ഒരിക്കൽ തിരുവനന്തപുരത്തു ണ്ടായ സംഭവം ചന്ദ്രികയുടെ പ്രധാന ലേഖകനും പത്രാധിപ സമിതി അംഗവുമായിരുന്ന എം.ആലിക്കുഞ്ഞി സാഹിബ് വിവരിച്ചപ്പോൾ സീതിസാഹിബിന്റെ നർമ്മബോധമോർത്തു ചിരിവന്നു.

തിരുവനനന്തപുരത്ത് ചന്ദ്രികയുടെ ലേഖകനായി പ്രവർത്തിക്കുന്ന ഒരാളുണ്ടായിരുന്നു. ആൾ നല്ല മനുഷ്യൻ. ചന്ദ്രികക്കുള്ള കത്തുകളും കടലാസുകളും വാങ്ങി പോസ്റ്റ് ചെയ്യും. പത്രസമ്മേളനങ്ങളിൽ പോകാ